പ്രശ്നപ്രജ്ഞാനദീപിക

വടയാററുകോട്ടു

കെ. പരമേശ്വരൻപിള്ള

പ്രശ്നപ്രജ്ഞാനദീപിക

വ്യാഖ്യാതാ,

വടവാറേക്കാട്ട് കെ. പരമേശ്വരൻപിള്ള

കേരളസാഹിത്യ
അക്കാദമി

പ്രകാശകർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്കുഡിപ്പോ,
കൊല്ലം.

—:0:—

പകർപ്പവകാശം പ്രകാശകന്മാർക്ക്

1128

രണ്ടാം പതിപ്പു കാപ്പി—1000.

ശ്രീരാമവിലാസം പ്രസ്സ്,

കൊല്ലം.

അവതാരിക

"പ്രശ്നപ്രജ്ഞാനദീപിക"യെന്ന ജ്യോതിഷഗ്രന്ഥം മലയാളികൾക്കു സുപരിചിതമല്ലെന്നു തോന്നുന്നു. രണ്ടു കൊല്ലത്തിനു മുമ്പു് പ്രസ്തുത ഗ്രന്ഥവുമായി എനിക്കു പരിചയം സിദ്ധിച്ചു. പ്രശ്നചിന്താവിഷയത്തിൽ അമോഘങ്ങളും അതിദുർല്ലഭങ്ങളുമായ അനവധി പാഠങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. കറിക്കൊത്ത ഫലംപറഞ്ഞു് പ്രഷ്ടാക്കളെ അത്ഭുതപരവശരാക്കുന്ന ചില ദ്രാവിഡജ്യൌതിഷികൾ അമൂല്യനിധിപോലെ സൂക്ഷിച്ചുപോരുന്ന "ചിന്നേന്തിരമാല" എന്ന തമിഴ് ഗ്രന്ഥം "പ്രശ്നപ്രജ്ഞാനദീപിക"യുടെ ഒരു ബാഹ്യലേഖ മാത്രമാണെന്നു്, രണ്ടുംവച്ചു് ഒത്തുനോക്കാനിടയായതിൽനിന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചു. ഈ വസ്തുത "ദീപിക"യുടെ പ്രയോജനത്തെ ദീപജ്വാലപോലെ തെളിച്ചുകാട്ടുന്നുണ്ടല്ലോ. ആക്കാരണത്താൽ, മലയാളികളായ ജ്യൌതിഷികളുടെ ദൃഷ്ടിയിൽ "പ്രശ്നപ്രജ്ഞാനദീപിക"യുടെ വെളിച്ചം തട്ടിക്കണമെന്നു ഞാൻ ആഗ്രഹിച്ചു. ജ്യോതിശ്ശാസ്ത്രവിഷയത്തിൽ എന്റെ അന്തേവാസിത്വം സ്വീകരിച്ചിട്ടുള്ള മി. വടയാറ്റുകോട്ടു, കെ. പരമേശ്വരൻപിള്ളയെ ആ അഭിപ്രായം അറിയിക്കുകയും മി. പിള്ള ആ ഭാരം സസന്തോഷം കൈയേല്ക്കുകയും ചെയ്തു. ആ വിധത്തിലാണു് ഈ പുസ്തകത്തിന്റെ പുറപ്പാടെന്നു പറയുമ്പോൾ ഇതി

ന്റെ അവതാരണകാൎയ്യനിൎവ്വഹണം, എന്റെ ചുമതലയായിത്തീൎന്നതു് അസംഗതമല്ലെന്നു മനസ്സിലാകുന്നതാണു്.

മി. പരമേശ്വരൻപിള്ള തന്റെ കൃത്യാന്തരബഹുലതയ്ക്കിടയിൽ ഈ ജോലി ഏതാണ്ടു് ഒന്നരമാസംകൊണ്ടു പൂൎത്തിയാക്കിയതിൽ എനിക്കു ആശ്ചൎയ്യംതോന്നി. കൈയെഴുത്തുകാപ്പി ഞാൻ ആദ്യവസാനം വായിച്ചുനോക്കിയതിൽ സാരാൎത്ഥം മൂലാൎത്ഥത്തെ ശരിക്കു വെളിപ്പെടുത്തുന്നുണ്ടെന്നു കാണുന്നു. സന്ദിഗ്ദ്ധാൎത്ഥങ്ങളായ ചില ശ്ലോകങ്ങൾക്കു ചെയ്തിരിക്കുന്ന അൎത്ഥകല്പന യുക്തിയുക്തമായിരിക്കുന്നു. കൎമ്മവിപാകം, ഭാവഫലം എന്നീ കാണ്ഡങ്ങൾ, വിഷയപൂൎത്തിക്കുവേണ്ടി ഗ്രന്ഥാന്തരങ്ങളിൽനിന്നും സ്വീകരിച്ചു ഗ്രന്ഥാവസാനത്തിൽ അനുബന്ധിച്ചിരിക്കുന്നതു് ഏറ്റവും സമുചിതമായിട്ടുണ്ടെന്നു് അഭിപ്രായപ്പെടാം. അക്ലിഷ്ടവും അവക്രവുമായ ഇതിലെ ഭാഷാരീതിയെപ്പറ്റി ഞാൻ അഭിപ്രായം പറയുന്നതു്, ഞാനും ഗ്രന്ഥകൎത്താവുമായിട്ടുള്ള ഗുരുശിഷ്യബന്ധത്തിനു് അനുഗുണമല്ലെന്നു സംശയിക്കുന്നു. അതുകൊണ്ടു് ഗ്രന്ഥത്തിനും ഗ്രന്ഥകൎത്താവിനും സകല ശ്രേയസ്സുകളും അഭ്യൎത്ഥിച്ചുകൊണ്ടു ഞാൻ ഈ ഗ്രന്ഥത്തെ സജ്ജനസമക്ഷം അവതരിപ്പിക്കുകയെന്ന സാകൃത്യത്തെമാത്രം സാദരം നിൎവ്വഹിച്ചുകൊള്ളുന്നു.

കൊല്ലം,
111 മകരം 1-ാംനു }

എന്നു്, സജ്ജനവിധേയനായ
ജ്യോത്സ്യൻ, ഏ. വേലുപ്പിള്ള.

പ്രശ്നപ്രജ്ഞാനദീപിക

ഉപോദ്ഘാത കാണ്ഡം

മംഗലാചരണം

ശുക്ലാംബരധരം വിഷ്ണും ശശിവർണ്ണം ചതുർഭുജം
പ്രസന്നവദനം ധ്യായേൽ സർവ്വവിഘ്നോപശാന്തയേ. ൧

സാരം—വെളുത്ത നിറത്തോടുകൂടിയ വസ്ത്രത്തെ ധരിച്ചവനായി ചന്ദ്രനു തുല്യമായ നിറത്തോടുകൂടിയവനായി നാലു കൈകളുള്ളവനായി പ്രസന്നമായ മുഖത്തോടുകൂടിയവനായി വിശ്വവ്യാപിയായിരിക്കുന്ന വിഷ്ണുഭഗവാനെ സർവ്വവിഘ്നങ്ങളുടെയും ഉപശാന്തിക്കായിട്ടു ധ്യാനിക്കേണ്ടതാകുന്നു.

ശ്രീമദ്ഗംഗാധരസുതം ചന്ദ്രലേഖാവതംസകം
സിദ്ധിദം സർവ്വവിദ്യാനാം വന്ദേ ദന്താവളാനനം. ൨

സാരം—ശ്രീ ഗംഗാധരന്റെ മകനായി ശിരസ്സിൽ ചന്ദ്രകല ധരിച്ചവനായി സകല വിദ്യകളുടെയും സിദ്ധിയെ നൽകുന്നവനായിരിക്കുന്ന ഗജമുഖനെ ഞാൻ വന്ദിക്കുന്നു.

ജ്ഞാനപ്രദീപകംനാമ ശാസ്ത്രം ലോകോപകാരകം
പ്രശ്നാർത്ഥം പ്രവക്ഷ്യാമി സർവ്വശാസ്ത്രാനുസാരതഃ ൩

സാരം—ലോകത്തിനു ഉപകാരപ്രദവും പ്രശ്നഫലദർശനത്തിങ്കൽ കണ്ണാടിക്കു തുല്യവും ജ്ഞാനപ്രദീപകമെന്ന പേരോടുകൂടിയതുമായ ശാസ്ത്രത്തെ, പ്രശ്നവിഷയകമായുള്ള സർവ്വശാസ്ത്രങ്ങളെയും അനുസരിച്ചു ഞാൻ പറവാൻ പോകുന്നു.

ഭൂതം ഭാവി വൎത്തമാനം ശുഭാശുഭനിരീക്ഷണം
പഞ്ചപ്രകാരമാൎഗ്ഗഞ്ച ചതുഃ കേന്ദ്രബലാബലം. ൪

ആരൂഢഛത്രവൎഗ്ഗഞ്ചാഭ്യുദയാദിബലാബലം
ക്ഷേത്രദൃഷ്ടിം നരം നാരീം യുഗ്മം വംശഞ്ച വൎണ്ണകം ൫

മൃഗാദിനരരൂപാണി കിരണാനി ച യോജനം
ആയൂരസാനമാദ്യാനം പരീക്ഷ്യ കഥയേദ് ബുധഃ. ൬

സാരം—ഭൂതകാലം, ഭാവികാലം, വൎത്തമാനകാലം, ശുഭാശുഭനിരീക്ഷണം, കേന്ദ്രങ്ങൾ നാലിന്റെയും ബലാബലം ഈ അഞ്ചുപ്രകാരത്തിലുള്ള മാൎഗ്ഗങ്ങളെയും ആരൂഢം, ഛത്രം ഇവയുടെ വൎഗ്ഗങ്ങളെയും ഉദയാദികളുടെ ബലാബലത്തെയും ക്ഷേത്രദൃഷ്ടികളെയും പുരുഷൻ, സ്ത്രീ, നപുംസകം, വംശം, വൎണ്ണം ഇവയെയും മൃഗാദികളുടെയും മനുഷ്യരുടെയും രൂപങ്ങളെയും കിരണങ്ങളെയും അവയുടെ യോജനത്തെയും (ദൂരം അല്ലെങ്കിൽ കാതം) ആയുസ്സ്, ഇരിപ്പ്, അള്യാനം ഇവയെയും വഴിപോലെ പരീക്ഷിച്ചിട്ട് ബുദ്ധിമാൻ ഫലം പറയേണ്ടതാകുന്നു.

ചരസ്ഥിരോദയം രാശിം തൽപ്രവേശസ്ഥലാനി ച
നിശാദിവസസന്ധ്യാശ്ച കാലദേശസ്വഭാവകാൻ. ൭

ധാതും മൂലഞ്ച ജീവഞ്ച നഷ്ടം മുഷ്ടിഞ്ച ചിന്തനം
ലാഭാലാഭൌ രോഗം മൃത്യും മുക്തിം സ്വപ്നഞ്ച ശകുനം ൮

ജാതകൎമ്മായുധം ശല്യം കൂപം സേനാഗമം തഥാ
സരിദാഗമനം വൃഷ്ടിമൎഘം നൌസിദ്ധിമാദിതഃ ൯

ക്രമേണ കഥയിഷ്യാമി ശാസ്ത്രേ ജ്ഞാനപ്രദീപകേ
ജ്ഞാനപ്രദീപകേ ശാസ്ത്രേ ഹ്യപോദ്ഘാതഃ പ്രകീൎത്തിതഃ.

സാരം — ചരരാശി, സ്ഥിരരാശി, ഉഭയരാശി, അവയുടെ പ്രവേശസ്ഥലങ്ങൾ, രാത്രി, പകൽ, ദിനരാത്രികളുടെ സന്ധി, കാലം, ദേശം, സ്വഭാവം ഇവയെയും ധാതു, മൂലം, ജീവൻ, ഇതുകളെയും നഷ്ടം, മുഷ്ടി (മടക്കിപ്പിടിച്ച കൈ),

ചിന്താം (മനസ്സിൽ വിചാരിച്ചിരിക്കുന്നതിനെക്കുറിച്ചു ചോദിക്കുന്നതു്) ഇതുകളെയും ലാഭാലാഭങ്ങളെയും വ്യാധിയെയും മരണത്തെയും ആഹാരത്തെയും സ്വപ്നത്തെയും ശകുനത്തെയും ഉണ്ടായ കാൎയ്യത്തെയും ആയുധത്തെയും ശല്യത്തെയും കിണററിനെയും സേനകളുടെ വരവിനെയും നദിയിലെ ജലാഗമനത്തെയും മഴയെയും ധനത്തെയും ജലവാഹനസിദ്ധി മുതലായവയെയും ജ്ഞാനപ്രദീപകമെന്ന ഈ ശാസ്ത്രത്തിൽ യഥാക്രമം പറയുന്നു. ജ്ഞാനപ്രദീപകശാസ്ത്രത്തിലെ ഉപോദ്ഘാതപ്രകരണം ഇപ്രകാരം പറയപ്പെട്ടു.

ധാതുജ്ഞാനകാണ്ഡം.

അഥ വക്ഷ്യേ വിശേഷേണ ഗ്രഹാണാം മിത്രനിർണ്ണയം
ഭൌമസ്യ മിത്രേ ശുക്രജ്ഞൌ ഭൃഗോർജ്ഞാരാർക്കമന്ത്രിണഃ
അംഗാരകം വിനാ സൎവ്വേ ഗ്രഹാഃ മിത്രാണി മന്ത്രിണഃ
ആദിത്യസ്യ ഗുരുർമിത്രം ശനേർവിദ്ഗുരുഭാൎഗ്ഗവാഃ ൧

ഭാസ്കരേണ വിനാ സൎവ്വേ ബുധസ്യ സുഹൃദസ്തഥാ
ചന്ദ്രസ്യ മിത്രേ ജീവജ്ഞൌ മിത്രവൎഗ്ഗ ഉദാഹൃതഃ. ൨

സാ—അനന്തരം ഗ്രഹങ്ങളുടെ മിത്രനിർണ്ണയത്തെ വിശേഷേണ വിവരിക്കുന്നു. ചൊവ്വെക്കു്, ശുക്രനും ബുധനും മിത്രങ്ങളാകുന്നു. ശുക്രനു്, ബുധനും ചൊവ്വയും സൂൎയ്യനും ഇവരും മിത്രങ്ങളാണു്. ഗുരുവിനു്, ചൊവ്വ ഒഴികെ മറ്റുള്ള ഗ്രഹങ്ങൾ (അതായതു് ആദിത്യൻ, ചന്ദ്രൻ, ബുധൻ, ശുക്രൻ, ശനി ഇവർ മിത്രങ്ങൾ.) ആദിത്യനു, ഗുരു മിത്രവും ശനിക്കു് ബുധൻ, ഗുരു, ശുക്രൻ ഇവർ മിത്രങ്ങളും ബുധനു്, സൂൎയ്യൻ ഒഴികെയുള്ള (ചന്ദ്രൻ, ചൊവ്വ, ഗുരു, ശുക്രൻ, ശന

ഈ) ഗ്രഹങ്ങൾ മിത്രങ്ങളും ചന്ദ്രൻ, ബുധൻ ഗുരുവും മിത്രങ്ങളും ആകുന്നു.

രാശ്യധിപന്മാർ.

മേഷവൃശ്ചികയോരാരസ്സുഹ്രാ വൃഷതുലയോസ്സിതഃ
കന്യാമിഥുനയോസ്സൗമ്യസ്സൗരിസ്സ്യാന്മകരകുംഭയോഃ ൰൮
ധിഷണോ മീനധനുഷോസ്സിംഹസ്യ ദിനകൃദ്ഭവേത്
കർക്കടസ്യ നിശാനാഥഃ രാശ്യധിപതയഃ ക്രമാത്. ൰൯

സാരം — മേടം വൃശ്ചികം ഈ രാശികൾക്കു ചൊവ്വയും, ഇടവം തുലാം ഈ രാശികൾക്കു ശുക്രനും, മിഥുനം കന്നി ഇവയ്ക്കു ബുധനും, മകരത്തിന്നും കുംഭത്തിന്നും ശനിയും, ധനുവിന്നും മീനത്തിന്നും ഗുരുവും, ചിങ്ങം രാശിക്കു സൂര്യനും, കർക്കടകത്തിന്നു ചന്ദ്രനും അധിപന്മാരാകുന്നു.

രാശികളുടെ മിത്രഗ്രഹങ്ങൾ.

ധനുർമ്മിഥുനപാഠീനകന്യാകാളാണാം ശനിസ്സുഹൃത്
രവിശ്ചാപാന്ത്യയോരാരസ്തുലായുഗ്മകന്യയോഃ സിതഃ. ൰൧
കോദണ്ഡമീനമിഥുന കന്യകാനാം ശശീ സുഹൃത്
ബുധസ്യ ചാപനക്രാളി കർക്യജോക്ഷതുലാഘടാഃ ൰൨
ക്രിയോ മിഥുനകോദണ്ഡ കുംഭാളി മകരാസ്തുഗോഃ
ഝഷോക്ഷ കർക്കതുലാകുംഭ മിഥുനാഖ്യാ ഭൃഗോശ്ശുഭാഃ. ൰൩
രാശിമൈത്രം ഗ്രഹാണാം ച മൈത്രമേവമുദാഹൃതം.

സാരം — ശനി ധനു, മിഥുനം, മീനം, കന്നി, ഇടവം ഈ രാശികളുടെ മിത്രമാകുന്നു. ആദിത്യൻ ധനു, മീനം ഈ രാശികളുടെ മിത്രമാണ്. ചൊവ്വയാകട്ടെ, തുലാത്തിന്റേയും മിഥുനത്തിന്റേയും ഇടവത്തിന്റേയും കന്നിയുടെയും മിത്രമാണ്. ചന്ദ്രൻ, ധനുവിന്റേയും മീനത്തിന്റേയും മിഥുനത്തിന്റേയും കന്നിയുടെയും മിത്രമാകുന്നു. ബുധനാകട്ടെ, ധനു, മകരം, വൃശ്ചികം, കർക്കടകം, മേടം, ഇടവം, തുലാം, കുംഭം ഈ രാശികളുടെ മിത്രമാണ്. ശുക്രൻ

മേടത്തിന്റെയും മിഥുനത്തിന്റെയും ധനുവിന്റെയും കുംഭത്തിന്റെയും വൃശ്ചികത്തിന്റെയും മകരത്തിന്റെയും മിത്രമാകുന്നു ഗുരു കർക്കടകത്തിന്റെയും തുലാത്തിന്റെയും കുംഭത്തിന്റെയും മിഥുനത്തിന്റെയും ഇടവത്തിന്റെയും സിംഹത്തിന്റെയും മിത്രമാണു്. ഇപ്രകാരം രാശികളുടെ മിത്രങ്ങളും ഗ്രഹങ്ങളുടെ മിത്രങ്ങളും പറയപ്പെട്ടു.

ഗ്രഹങ്ങളുടെ ഉച്ചരാശികൾ.

സൂര്യേന്ദ്വോഃ പരിധേഃ ജീവ ധൂമജ്ഞശനിരാഹൂണാം.
ശക്രചാപ കുജാന്ത്യാനാം ശുക്രസ്യോച്ചാസ്യജാദയഃ

സാരം സൂര്യന്ന മേടവും ചന്ദ്രന്നു് ഇടവവും പരിഘത്തിന്ന മിഥുനവും ഗുരുവിന്ന കർക്കടകവും ധൂമത്തിന്ന ചിങ്ങവും ബുധന്ന കന്നിയും ശനിക്കു തുലാവും രാഹുവിന്ന വൃശ്ചികവും ഇന്ദ്രധനുസ്സിന്ന ധനുവും കുജന്ന മകരവും അണുവിന്ന കുംഭവും ശുക്രന്ന മീനവും ഉച്ചരാശികളാകുന്നു.

അത്യുച്ചഭാഗകൾ

അത്യുച്ചം ദശമം വഹ്നി മനുയുക്തിഥീന്ദ്രിയൈഃ ൧൦
സപ്തവിംശതിവിംശത്യാ ഭാഗാഃ സപ്തഗ്രഹാഃ ക്രമാൽ

സാരം — സൂര്യന്ന പത്താമത്തെ ഭാഗവും ചന്ദ്രന്ന മൂന്നാമത്തെ ഭാഗവും ചൊവ്വായ്ക്കു് ഇരുപത്തിയെട്ടാമത്തെ ഭാഗവും ബുധന്ന പതിനഞ്ചാമത്തെ ഭാഗവും ഗുരുവിന്നു് അഞ്ചാമത്തെ ഭാഗവും ശുക്രന്നു് ഇരുപത്തിയേഴാമത്തെ ഭാഗവും ശനിക്കു് ഇരുപതാമത്തെ ഭാഗവും അത്യുച്ചസ്ഥാനങ്ങളാകുന്നു. സൂര്യന്റെ ഉച്ചരാശി മേടമാണല്ലോ. മേടത്തിൽ പത്താമത്തെ ഭാഗ സൂര്യന്റെ അത്യുച്ചസ്ഥാനമാകുന്നു. ഇങ്ങിനെ മററു ഗ്രഹങ്ങൾക്കും കണ്ടുകൊൾക.

സൂര്യാദിഗ്രഹങ്ങളുടെ ശത്രുക്കൾ.

ബുധസ്യ വൈരീ ദിനകൃച്ചന്ദ്രാവിത്യേവ ഭൃഗോരിപൂ
ബൃഹസ്പതേ രിപൂർഭൗമഃ സിതചന്ദ്രാത്മജൗ വിനാ ൧൧

ഭൗമസ്യരിപവോ ഭാനോർവ്വിനാജീവം പരേ ഽഖിലാഃ
ശനേശ്ചരിപവസ്സർവ്വേ തേഷാം തത്തദ് ഗൃഹാണി ച.

സാരം ബുധന്ന സൂര്യനും, ശുക്രന്ന ചന്ദ്രാദിത്യന്മാരും ഗുരുവിന്ന ചൊവ്വയും കുജന്ന സൂര്യൻ, ചന്ദ്രൻ, ഗുരു, ശനി ഇവരും ആദിത്യന്ന ചന്ദ്രൻ, ചൊവ്വ, ബുധൻ, ശുക്രൻ, ശനി ഇവരും ശനിക്ക മറ്റുള്ളവരും ശത്രുക്കളാകുന്നു. ശത്രുഗ്രഹങ്ങളുടെ ഭവനങ്ങളും ശത്രുഗ്രഹങ്ങളാകുന്നു. ബുധന്ന ആദിത്യൻ ശത്രുവാണെന്നു മേൽ പറഞ്ഞുവല്ലൊ ആദിത്യഗൃഹമായ ചിങ്ങം ബുധന്റെ ശത്രുഗൃഹമായി കരുതണം. ഇങ്ങനെ മറ്റു ഗ്രഹങ്ങൾക്കും കണ്ടുകൊൾക. ചന്ദ്രന്ന ശത്രുക്കളില്ലെന്നു അറിഞ്ഞുകൊള്ളുകയുംവേണം.

ഗ്രഹങ്ങളുടെ നീചരാശികൾ.

ഭാസ്വതസ്തുലാ നീചസ്ത്വളിരിന്ദോഃ കളീരോ ഽങ്ഗാരകസ്യ ച.
ജ്ഞസ്യ മീനോഽജസ്സൗരേഃ കന്യാ ശുക്രസ്യ കഥ്യതേ
സുരാചാര്യസ്യ മകരസ്ത്വേതേ നീചരാശയഃ.

സാരം—ആദിത്യന്ന തുലാവും ചന്ദ്രന്ന വൃശ്ചികവും ചൊവ്വയ്ക്കു കർക്കടകവും ബുധന്ന മീനവും ശനിക്ക മേടവും ശുക്രന്ന കന്നിയും ഗുരുവിന്ന മകരവും നീചരാശികളാകുന്നു.

രാഹ്വാദിഗ്രഹങ്ങളുടെ നീചരാശികളും രാഹുവിന്റെ സ്വക്ഷേത്രാദിരാശികളും.

രാഹോർവൃഷോ യുഗ്മമൈന്ദ്രധനുഷോ ഽണോർ മൃഗേശ്വരഃ
പരിവേഷസ്യ കോദണ്ഡഃ കുംഭോ ധൂമസ്യ നീചഗഃ
മിത്രം തുലാനക്രകന്യാ യുഗ്മചാപോക്ഷരാശയഃ
കർക്കടകസ്തുമകരേസ്ത്രൗ കളിരേഽപി ചതുർവ്വ്യയഃ.

സാരം—രാഹുവിന്ന ഇടവവും ഇന്ദ്രചാപത്തിന്ന മിഥുനവും അണുവിന്ന സിംഹവും പരിവേഷത്തിന്ന ധനുസ്സും ധൂമത്തിന്ന കുംഭവും നീചരാശികളാകുന്നു. രാഹുവിന്ന തുലാം, മകരം, കന്നി, മിഥുനം, ധനു, ഇടവം ഇവ മിത്രരാ

ശികളാണ്. കുംഭം സ്വക്ഷേത്രമാകുന്നു. കർക്കടകം ശത്രുരാശിയും ഇടവം നീചരാശിയുമത്രെ.

കേന്ദ്രജ്ഞാനം.

ഉദയാദിചതുർത്ഥന്തു ജലകേന്ദ്രമുദാഹൃതം
തച്ചതുർത്ഥഞ്ചാസ്തമയം തത്തുര്യം വിയദുച്യതേ. ൧൭
തത്തുര്യമുദയഞ്ചൈവ ചതുഷ്കേന്ദ്രം പ്രകീർത്തിതം.

സാരം — ഉദയ(ലഗ്ന)ത്തിൽനിന്നു നാലാമിടം ജലകേന്ദ്രമെന്നും അതിന്റെ നാലാമിടം (ലഗ്നത്തിൽനിന്ന് ഏഴാമിടം) അസ്തമയകേന്ദ്രമെന്നും അതിന്റെ നാലാമിടം (ലഗ്നത്തിൽനിന്നു പത്താമിടം വിയൽകേന്ദ്രമെന്നും അതിന്റെ നാലാമിടം ഉദയ(ലഗ്ന)കേന്ദ്രമെന്നും നാലു കേന്ദ്രങ്ങൾ പ്രസിദ്ധങ്ങളായിരിക്കുന്നു.

കേന്ദ്രങ്ങളെക്കൊണ്ടും ഛത്രരാശികൊണ്ടും ചിന്തിക്കേണ്ട വിഷയങ്ങൾ.

ചിന്തനീയം ഹിബുകേ ഖേ ച സ്വപ്നചിന്തനം
ഛത്രമുഷ്ടിമയാന്നഷ്ടമസ്തു ചാതുർഭദ്രേഽപി വാ.

സാരം — ഹിബുകം (നാലാമിടം) കൊണ്ടും പത്താമിടംകൊണ്ടും സ്വപ്നത്തെപ്പററി ചിന്തിക്കണം. ഛത്രരാശികൊണ്ടു മുഷ്ടിയെ ചിന്തിക്കണം. (പ്രഷ്ടാവ് കൈമടക്കിപ്പിടിച്ചുകൊണ്ട് ഉള്ളിൽ എന്തൊന്നിരിക്കുന്നു എന്നു ചോദിച്ചാൽ ഛത്രരാശികൊണ്ടു ചിന്തിക്കണം.) ഏഴാമിടംകൊണ്ടു നഷ്ടത്തെ ചിന്തിക്കണം. ചതുർഭദ്രംകൊണ്ടും നഷ്ടചിന്തനം ചെയ്യേണ്ടതാകുന്നു. ഛത്രരാശി അറിവാനുള്ള മാർഗ്ഗം അടിയിൽ പറയുന്നു.

ആദിത്യൻ ഇടവം, മിഥുനം, കർക്കടകം, ചിങ്ങം ഈ രാശികളിൽ നില്ക്കുമ്പോൾ മേടം വീഥി രാശിയാകുന്നു. വൃശ്ചികം, ധനു, മകരം, കുംഭം ഈ രാശികളിൽ ആദിത്യൻ നില്ക്കുമ്പോൾ മിഥുനംരാശിയും കന്നി, തുലാം, മീനം, മേടം

ഈ രാശികളിൽ ആദിത്യൻ നില്ക്കുമ്പോൾ ഇടവംരാശിയും വീഥികളാകുന്നു. (ആരൂഢരാശിമുതൽ ഉദയലഗ്നം എത്രാമത്തെ രാശിയാണോ, മുൻപറഞ്ഞ വീഥി രാശിമുതൽ അത്രാമത്തെ രാശി ഛത്രരാശിയാകുന്നു. ഇപ്രകാരത്തിലു് ആരൂഢം പ്രധാനമായി വിചാരിക്കുന്ന ഘട്ടങ്ങളിലേക്കുള്ളതാണു്. ഉദയലഗ്നം പ്രധാനമായി വിചാരിക്കുന്ന ഘട്ടങ്ങളിൽ ലഗ്നത്തിന്റെ അംശകരാശിതന്നെ ഛത്രരാശിയാകുന്നു. ഈ രണ്ടു രാശികളെയും ആരൂഢലഗ്നങ്ങളുടെ പ്രാമാണ്യമനുസരിച്ചു യോജിപ്പിച്ചു ചിന്തിച്ചുകൊള്ളേണ്ടതാണു്.)

പൃഷ്ഠോദയാദിരാശികൾ

ചാപോക്ഷകർക്കിനക്രാജാദ്യേ പൃഷ്ഠോദയസംജ്ഞകാഃ
തിര്യങ്മീനസ്തഥാ ശേഷാ രാശയോമസ്തകോദയാഃ വൻ
ഉഭയോദയൗ മീനമൃഗാവന്യേ സ്വസ്വസ്വഭാവജാഃ

സാരം — ധനു, ഇടവം, കർക്കടകം, മകരം മേടം, ഇവ പൃഷ്ഠോദയങ്ങളെന്നു പറയപ്പെടുന്ന രാശികളാകുന്നു. മീനം തിര്യക്‌രാശി (തിര്യക്കായി—വിലങ്ങത്തിൽ ഉദിക്കുന്ന രാശി)യാണു്. ശേഷമുള്ള രാശികൾ (മിഥുനം, ചിങ്ങം, കന്നി, തുലാം, വൃശ്ചികം, കുംഭം ഈ രാശികൾ) ശീർഷോദയരാശികളാകുന്നു. മീനം, മകരം ഇവ ഉഭയോദയരാശികൾ (രണ്ടുപ്രകാരത്തിലും ഉദിക്കുന്നവ) മറ്റുള്ള രാശികൾ അതാതിന്റെ സ്വഭാവമനുസരിച്ചു് ഉദിക്കുന്നവയാകുന്നു.

പൃഷ്ഠോദയാദിഗ്രഹങ്ങൾ

അർക്കാംഗാരകമന്ദാസ്തു സന്തി പൃഷ്ഠോദയാ അമീ
രാഹുജീവഭൃഗുജ്ഞാശ്ച ഗ്രഹാഃ സ്യുർമസ്തകോദയാഃ ന്ദ
ഉഭയത്രസ്ഥിതാവേവേന്ദു കേതൂ തത്രപ്രകീർത്തിതൗ

സാരം — സൂര്യൻ, കുജൻ, ശനി ഇവരാകട്ടെ, പൃഷ്ഠോദയഗ്രഹങ്ങളാകുന്നു. രാഹു, ഗുരു, ശുക്രൻ, ബുധൻ ഈ

ഗ്രഹങ്ങൾ ശീർഷോദയങ്ങളാണ്. ചന്ദ്രനും കേതുവും തിര്യ്ക്കുകളുമത്രേ

ഉദയേ ബലിനൌ ജീവബുധൌ ദ്വിപദാഃ പുനഃ
മധ്യേ ചതുഷ്പദാ സൂര്യഭൌമൌ ബലിനൌ തഥാ ൰൫
ചതുര്‍ത്ഥേ ശുക്രശശിനൌ ജലരാശീ ബലോത്തരൌ
കാലേക്കാളിര്‍ബലവാനസ്തേ കീടശ്ച ശനൈശ്ചരഃ ൰൬

സാരം—ഗുരു, ബുധൻ എന്നീ ഗ്രഹങ്ങളും പുരുഷരാശികളും ഉദയത്തിൽ ബലമുള്ളവയുമാകുന്നു. ആദിത്യനും ചൊവ്വയും നാല്ക്കാലിരാശികളും പത്താമിടത്തിൽ ബലിഷ്ഠങ്ങളാണ്. ശുക്രനും ചന്ദ്രനും ജലരാശികളും നാലാമിടത്തിൽ ബലോത്തരങ്ങളുമാണ്. കർക്കടകം, വൃശ്ചികം ഈ രാശികളും ശനിയും ഏഴാമിടത്തിൽ ബലമുള്ളവയാകുന്നു

മാനുഷാദിരാശിഗ്രഹങ്ങൾ

യുഗ്മകന്യാ ധനുഃ കുംഭ തുലാമാനുഷരാശയഃ
ചതുഷ്പദാ മേഷവൃഷസിംഹചാപാ ഭവന്തി ഹി. ൰൭
കര്‍ക്കിരാശിര്‍ബഹുപദൌ പക്ഷിണൌ മൃഗമീനകൌ
ദ്വിപദാഃ കുംഭമിഥുനതുലാകന്യാ ഭവന്തി ഹി ൰൮
ദ്വിപദാഃ ജീവവിച്ഛുക്രാഃ ശന്യര്‍ക്കാരാശ്ചതുഷ്പദാഃ
ശനിസൌമ്യൌ ബഹുപദൌ ദ്രുതം യാതി നിശാകരഃ ൰൯
ശനിസ്സൂര്യൌ ജാനുഗതി പക്ഷ്യാം യാന്തീതരേ ഗ്രഹാഃ

സാരം—മിഥുനം, കന്നി, ധനുവിന്റെ പൂർവ്വാർദ്ധം, കുംഭം, തുലാം ഇവ മാനുഷരാശികളാകുന്നു. മേടം, ഇടവം, ചിങ്ങം, ധനുവിന്റെ ഉത്തരാർദ്ധം ഇവ ചതുഷ്പാത്തു (നാല്ക്കാലി) രാശികളാകുന്നു. കർക്കടകം, വൃശ്ചികം ഇവ ബഹുപദ (അനേകം കാലുകളുള്ള) രാശികളാകുന്നു. മകരം, മീനം ഇവ പക്ഷിരാശികളാണ്. കുംഭം, മിഥുനം, തുലാം, കന്നി ഇവ ദ്വിപദ (രണ്ടുപാദമുള്ള) രാശികളാകുന്നു. ഗുരു,

ബുധൻ, ശുക്രൻ ഇവ ദ്വിപാദഗ്രഹങ്ങളും ശനി, സൂര്യൻ, ചൊവ്വ ഇവ ചതുഷ്പാദഗ്രഹങ്ങളും ചന്ദ്രനും ബുധനും ബഹുപാദഗ്രഹങ്ങളുമാണ്. ചന്ദ്രൻ വേഗത്തിൽ നടക്കുന്നു. ശനിയും സൂര്യനും മുട്ടുകളിൽ ഇഴയുന്നവരാണ്. മററുള്ള ഗ്രഹങ്ങൾ കാൽകൊണ്ടു നടക്കുന്നു.

രാശികളുടെ വീഥികൾ.

ഉദിയന്തേ ഽജവീഥ്യാന്തു ചത്വാരോ വൃഷാദയഃ ൧൭
യുഗ്മവീഥ്യാമുദിയന്തേ ചത്വാരോ വൃശ്ചികാദയഃ
ഉക്ഷവീഥ്യാമുദിയന്തേ മേഷമീനതുലാസ്ത്രിയഃ. ൧൮

സാരം—മേഷവീഥിയെന്നും, വൃഷഭവീഥിയെന്നും മിഥുനവീഥിയെന്നും മൂന്നുതരം വീഥികളുണ്ട്. ഇടവം, മിഥുനം, കർക്കടകം, ചിങ്ങം ഈ നാലുരാശികളും മേഷവീഥിയിൽ ഉദയംചെയ്യുന്നു. വൃശ്ചികം, ധനു, മകരം, കുംഭം ഈനാലുരാശികളും മിഥുനവീഥിയിൽ ഉദിക്കുന്നു. മേടം, മീനം, തുലാം, കന്നി ഈ നാലുരാശികളും വൃഷഭവീഥിയിലത്രേ ഉദിക്കുന്നതു്.

ഛാദരാശ്യുദയവും പ്രതിസൂത്രക്രമപരസ്പരദൃഷ്ടിയും

രാശിചക്രം സമാലിഖ്യ പ്രാഗാദി വൃഷഭാദികം
പ്രദക്ഷിണക്രമേണൈവ ഛാദരാശ്യുദയസംജ്ഞകം ൧൯
വൃഷസ്യ വൃശ്ചികശ്ചൈവ മിഥുനസ്യ ശരാസനം
മകരസ്തു കുളീരസ്യ സിംഹസ്യ ഘട ഉച്യതേ.
മീനസ്തു കന്യകായാശ്ച തുലായാമജ ഉച്യതേ
പ്രതിസൂത്രക്രമാദേതേ പരസ്പരനിരീക്ഷകാഃ. ൨൦

സാരം — രാശിചക്രം വരയ്ക്കണം. അതിൽ കിഴക്ക് ഇടവംരാശിതുടങ്ങി പ്രദക്ഷിണക്രമത്തിൽ തന്നെ ഛാദരാശ്യുദയമെന്നു പറയപ്പെടുന്ന പന്ത്രണ്ടുരാശികൾ ഉദിക്കുന്നു. ഇടവത്തിനു വൃശ്ചികവും മിഥുനത്തിനു ധനുവും കർക്കടകത്തിനു മകരവും ചിങ്ങത്തിനു കുംഭവും കന്നിക്കു മീനവും തുലാത്തിനു മേടവും ഇപ്രകാരം പ്രതിസൂത്രക്രമമായിട്ടു ഛാദരാശികൾ അന്യോന്യം വീക്ഷിക്കപ്പെടുന്നവയാകുന്നു.





നൃകാശാദിഗ്രഹങ്ങൾ

ഗഗനം ഭാസ്കരഃ പ്രോക്തശ്ചന്ദ്രോ ഭൂമിരുദാഹൃതഃ
പുമാൻ ഭാനുർധ്രുവശ്ചന്ദ്രോ ഭൂചക്രപ്രാണവാൻ രവിഃ ൪൧
ഭൂചക്രദേഹശ്ചന്ദ്രസ്സ്യാദിതി ശാസ്ത്രസ്യ നിർണ്ണയഃ

കേരള സാഹിത്യ അക്കാദമി

സാരം — സൂര്യൻ ആകാശമെന്നും ചന്ദ്രൻ ഭൂമിയെന്നും പറയപ്പെടുന്നു; സൂര്യൻ പുരുഷൻ എന്നും ചന്ദ്രൻ വധുവെന്നും പറയപ്പെടുന്നു; സൂര്യൻ ഗ്രഹചക്രത്തിന്റെ പ്രാണനായും ചന്ദ്രൻ ഗ്രഹചക്രദേഹമായും ഭവിക്കുന്നു എന്നും ശാസ്ത്രനിശ്ചയമാകുന്നു.

രവിഃ ശുക്രഃ കുജഃ സൌരിർഗ്ഗുരുരിന്ദുസ്തമോവിദഃ ൪൨
ധ്വജാദിവ്യുൽക്രമേണൈവ തത്തൽ കാലം വിചിന്തയേൽ

സാരം — സൂര്യൻ, ശുക്രൻ, ചൊവ്വ, ശനി, ഗുരു, ചന്ദ്രൻ, രാഹു ബുധൻ ഈ ഗ്രഹങ്ങളെക്കൊണ്ട്, ധ്വജം, ധൂമം, സിംഹം, പട്ടി, കാള, കഴുത, ആന, കാക്ക ഈ ജന്തുക്കളെ വ്യുൽക്രമേണ ചിന്തിക്കേണ്ടതാകുന്നു ബുധനെക്കൊണ്ട് ധ്വജത്തെയും രാഹുവിനെക്കൊണ്ട് ധൂമത്തെയും ചന്ദ്രനെക്കൊണ്ട് സിംഹത്തെയും ഗുരുവിനെക്കൊണ്ട് പട്ടിയെയും ശനിയെക്കൊണ്ട് കാളയെയും കുജനെക്കൊണ്ട് കഴുതയെയും ശുക്രനെക്കൊണ്ട് ആനയെയും ആദിത്യനെക്കൊണ്ട് കാക്കയെയും ചിന്തിക്കേണം.

പ്രശ്നമാർഗ്ഗത്തിലെ പാഠം ഇപ്രകാരമാകുന്നു:—

അർക്കാരജീവവിച്ശുക്രമന്ദചന്ദ്രാഹയഃ ക്രമാൽ. ൪൩
ധ്വജധൂമഹരിശ്വോക്ഷഖരമാതംഗവായസാഃ

സാരം — സൂര്യൻ ധ്വജവും ചൊവ്വ ധൂമവും ഗുരു സിംഹവും ബുധൻ പട്ടിയും ശുക്രൻ എരുമയും ശനി കഴുതയും ചന്ദ്രൻ ആനയും രാഹു കാക്കയുമാകുന്നു.

ഛത്രരാശി അറിവാൻ

പ്രഷ്ടുരാരൂഢഭം ജ്ഞാത്വാ തദ്വീഥീമവലോക്യ ച. ൪൪
ആരൂഢാദ്യാവതീ വീഥീ താവതീ ത്വുദയാദികാ
തദ്രാശിശ്ഛത്രമിത്യുക്തം ശാസ്ത്രേ ജ്ഞാനപ്രദീപകേ. ൪൫
ആരൂഢാദ്ഭാനുഗാം വീഥീം പരിഗണ്യോദയാത്തഥാ
താവത്താരാശിനാമഛത്രമിതി കേചിൽ പ്രചക്ഷതേ. ൪൬

മേഷസ്യ വൃഷഭഃ ഛത്രം മേഷശ്ഛത്രം വൃഷസ്യ ച
യുഗ്മകർക്കടസിംഹാനാം മേഷശ്ഛത്രമുദാഹൃതം. ൪൨

കന്യായാ മകരശ്ഛത്രം തുലായാ വൃഷ ഉച്യതേ
വൃശ്ചികസ്യ വൃഷശ്ഛത്രം ധനുഷോ മിഥുനം തഥാ ൪൩

നക്രസ്യ മിഥുനം ഛത്രം മേഷഃ കുംഭസ്യ കീർത്തിതഃ
മീനസ്യ വൃഷഭശ്ഛത്രം ഛത്രത്രയമുദാഹൃതം. ൪൪

സാരം — പൃഷ്ടാവു വന്നുനിന്ന രാശി അറിഞ്ഞു് ആ രാശിയുടെ വീഥിരാശി കാണണം. അതു് ആരൂഢരാശിയിൽനിന്നു് എത്രാമത്തെ രാശിയായി വരുന്നുവോ, ഉദയരാശി തുടങ്ങി അത്രാമത്തെ രാശി ഛത്രരാശിയാകുന്നു എന്നു ജ്ഞാനപ്രദീപികയെന്ന ശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നു. മകരം ആരൂഢമാണെന്നിരിക്കട്ടെ; മേടം പൃച്ഛാകാലത്തിൽ കിട്ടിയ ഉദയലഗ്നവുമാണു്. ഇവിടെ കന്നി ഛത്രരാശിയാകുന്നു. എങ്ങനെയെന്നാൽ മകരത്തിന്റെ വീഥിരാശി മിഥുനമാണു്. മിഥുനം മകരത്തിൽനിന്നു് ആറാമത്തെ രാശിയാകുന്നു. മേടം ഉദയമാകയാൽ അതിന്റെ ആറാമത്തെ രാശിയായ കന്നി ഛത്രരാശിയാണു്.

മറ്റുചിലർ, ആരൂഢത്തിൽനിന്നു സൂര്യൻ നില്ക്കുന്ന വീഥിവരെ എണ്ണിയാൽ കിട്ടുന്ന സംഖ്യ എത്രയാണെന്നറിഞ്ഞു് ഉദയലഗ്നത്തിൽനിന്നു് അത്രാമത്തെ രാശി ഛത്രരാശിയായി സ്വീകരിക്കണമെന്നു് അഭിപ്രായപ്പെടുന്നു.

മേടത്തിനു ഇടവവും, ഇടവത്തിനു മേടവും, മിഥുനം, കർക്കടകം, ചിങ്ങം ഇവയ്ക്കു മേടവും ഛത്രരാശിയാകുന്നു. കന്നിക്കു മകരവും തുലാത്തിനു് ഇടവവും വൃശ്ചികത്തിനു ഇടവവും ധനുവിനു മിഥുനവും മകരത്തിനു മിഥുനവും കുംഭത്തിനു മേടവും മീനത്തിനു ഇടവവും ഛത്രരാശികളാകുന്നു.

ദ്രാവിഡദൈവജ്ഞന്മാർ പ്രശ്നവിഷയത്തിൽ അമോഘമായ പ്രമാണഗ്രന്ഥമായി സ്വീകരിച്ചിരിക്കുന്ന ജിനേന്ദ്രമാല എന്ന പുസ്തകത്തിൽ ഇപ്രകാരം കാണുന്നു:—

"വന്തകയിമറെറമകിഴ്"ന്തെഴ്മട്ടായെണ്ണി
യുന്തിയുന്തയുമൈന്തയോർന്തമെനെച്ചിന്തിത്തു
നാടിക്കൊണർന്തെണ്ണനണ്ണവേൻറന്നൈ
ക്കൂടിക്കവിക്കേടെ", (൧)

കയിററിനുതയങ്കളുകിൻറ വീതി-
പ്പുയിററിയവെണ്ണേന്നാർ പാതിയാക്കി-ക്കയിററിയ
വോട് ചിന്തൊട്ടെണ്ണ വിളുവുങ്കവിപ്പെൻപർ
മാം"ചിയിൻ മിക്കോർ മതിത്തു. (൨)

മേടത്തിടപമിടപന്തുമേടമേ
നാട്ടമിയാഴലവൻ ചിങ്കത്തിര-കാടാക-
കന്നികോർക്കേറുകവിക്കോതംവിൻമാൻചാൽ
പന്നമിയാഴ്ചീർകൊള്ളപാർ. (൩)

ആടിരണ്ടീരാറുമിയാഴ്പതിനൊന്റെയിമത്തെ-
ണ്ണോടിപെണ്ണാൻപാമനട്ടോർ ഇളൈയതേ-ട്ടേടി
ച്ചിവക്കളിലെയേഴ്താറുകടമെന്നു
കവിക്കമീൻമൂൻറെണ്ണിക്കാൺ. (൪)

സാരം — ആരൂഢരാശി (പ്രഷ്ടാവുവന്നുനിന്ന രാശി) യിൽനിന്നു സൂര്യവീഥിവരെ എണ്ണി ആ സംഖ്യയെത്രയുണ്ടോ, ഉദയരാശിയിൽനിന്നു അത്രാമത്തെ രാശി ഛത്രരാശിയാകുന്നു. (൧) ആരൂഢത്തിൽനിന്നു സൂര്യവീഥിവരെ എണ്ണിയാൽ കിട്ടുന്ന സംഖ്യ രണ്ടുകൊണ്ടു ഹരിച്ചു കിട്ടുന്ന ഫലം എത്രയാണോ ഉദയത്തിൽനിന്നു അത്രാമത്തെ രാശി ഛത്രരാശിയാണെന്നു ചിലർക്കു അഭിപ്രായമുണ്ട്. (൨) മേടത്തിനു ഇടവവും ഇടവം, മിഥുനം, കർക്കടകം, ചിങ്ങം ഇവറ്റിന്നു ഇടവവും വൃശ്ചികം, ധനു, മകരം, കുംഭം ഇവറ്റിന്നു മിഥുനവും മീനത്തിനു ഇടവവും ഛത്രരാശികളാണ്. (൩) മേടത്തിനു രണ്ടാമത്തെ രാശിയും ഇടവത്തിനു പന്ത്രണ്ടാമത്തെ രാശിയും മിഥുനത്തിനു പതിനൊന്നാമത്തെ രാശി

ത്വും കർക്കടകത്തിന്റെ പത്താമത്തെ രാശിയും ചിങ്ങത്തിന്റെ കന്നിക്കും ഒൻപതാമത്തെ രാശിയും തുലാത്തിന്റെ വൃശ്ചികത്തിന്റെ എട്ടാമത്തെ രാശിയും ധനുവിന്റെ ഏഴാമത്തെ രാശിയും മകരത്തിന്റെ ആറാമത്തെ രാശിയും കുംഭത്തിന്റെ അഞ്ചാമത്തെ രാശിയും മീനത്തിന്റെ മൂന്നാമത്തെ രാശിയും ഛത്രരാശികളാകുന്നു എന്നു മറെറാരുപ്രകാരത്തിലും പറയപ്പെട്ടിരിക്കുന്നു. (൪)

പ്രശ്നവിഷയത്തിൽ കേരളീയന്മാരെ പ്രമാണവും പ്രധാനവുമായ പ്രമാണഗ്രന്ഥമാകുന്ന പ്രശ്നമാർഗ്ഗത്തിൽ ഛത്രരാശി നറിവാനുള്ള മാർഗ്ഗം ഈപ്രകാരമാകുന്നു:—

“കാന്ദാരഭ്യ വ്യാഘതോഭിതഭ്യ
ഛത്രരാശിസംതാനൃാശൃഗാ
പ്രാഗ്ദൃശ്യാ മിഥുനം ക്രമേണ ച
വ്യമോ വിത്യാദ്രാവാനൻ ഭവേൽ

തുലാരൂഢോദയ മാസിഖിത ഛനാൽ
താവൽ ഭവേൽ ഛത്രകം
ഗ്രാഹ്യം സ്യാൽ സ്ഥിരചക്രഗ്രഹമദൂഡേ
ലഗ്നാംശകശ്ചാദകൈ”

(ഈ ശ്ലോകത്തിന്റെ അർത്ഥം മുൻപ് ഇരുപത്തെട്ടാമത്തെ ശ്ലോകസാരത്തിന്റെ അടിയിൽ ചേർത്തിട്ടുണ്ട്.)

ദൃഷ്ടിക്രമം

ഉദയേ സപ്തമേ പൂർണ്ണമർദ്ധം പശ്യേൽ ത്രികോണകേ
ചതുരശ്രേ ത്രിപാദഞ്ച ദശമേ പാദമേവ ച. ൩൦
ഏകാദശേ തൃതീയേ ച പാദാർദ്ധം വീക്ഷണം ഭവേൽ.

സാരം ലഗ്നത്തിലും ഏഴാമിടത്തിലും പൂർണ്ണദൃഷ്ടി ചെയ്യുന്നു. ത്രികോണത്തിൽ (അഞ്ചിലും ഒൻപതിലും) പകുതി ദൃഷ്ടിയും ചതുരശ്രത്തിൽ (നാലിലും എട്ടിലും) മുക്കാൽ ദൃഷ്ടിയും പത്തിൽ കാൽ ദൃഷ്ടിയും പതിനൊന്നിലും

മൂന്നിലും അരയ്ക്കാൽ ദൃഷ്ടിയും ചെയ്യുന്നു. ജിനേന്ദ്രമാല യിൽ ഇപ്രകാരം കാണുന്നു:

> "ഏഴുവതുമേഴുമുഴനോക്കെന്നൊൻപാൻ
> വഴവാവെന്നാൻ കീഴെന്നു-ഏഴവാത
> മുക്കാൽ പതിനൊന്നേറ മൂൻറുമെ കാനോക്കാ
> മെക്കാലുനോക്കതിനെന്നൻ." (൭)

സാരം—ലഗ്നത്തിലും ഏഴാമിടത്തും പൂൎണ്ണദൃഷ്ടി; അഞ്ചിലും ഒൻപതിലും അരദൃഷ്ടി; നാലിലും പത്തിലും മുക്കാൽദൃഷ്ടി; പതിനൊന്നിലും മൂന്നിലും കാൽദൃഷ്ടി; ദൃഷ്ടി ക്രമം എപ്പോഴും ഇപ്രകാരമാണ്.

രവീന്ദുസിതസൌമ്യാസ്തു ബലിനഃ പൂൎണ്ണവീക്ഷണേ ഇജ്യ
അൎദ്ധേക്ഷണേ സൂൎയ്യപുത്രസ്ത്രിപാദപാദേക്ഷയോഃ കുജഃ
പാദേക്ഷണേ ബലീ സൌരിർവീക്ഷണോദ്ബലമീരിതം. ഉദ
തിൎയ്യക് പശ്യന്തി തിൎയ്യഞ്ചോ മാനുഷാസ്സമദൃഷ്ടയഃ

സാരം—സൂൎയ്യൻ, ചന്ദ്രൻ, ശുക്രൻ, ബുധൻ ഇവർ പൂൎണ്ണദൃഷ്ടിയിൽ ബലവാന്മാരാകുന്നു. ഗുരു അൎദ്ധദൃഷ്ടി യിലും, ചൊവ്വ മുക്കാൽദൃഷ്ടിയിലും അരയ്ക്കാൽദൃഷ്ടിയിലും, ശനി കാൽദൃഷ്ടിയിലും ബലവാന്മാരാകുന്നു നാല്ക്കാലിരാശി കൾ (മേടം, ഇടവം, ചിങ്ങം ഈ രാശികൾ) തിൎയ്യക്കായും മാനുഷരാശികൾ (മിഥുനം, കന്നി, തുലാം, ധനു, കുംഭം ഈ രാശികൾ) സമമായും ദൃഷ്ടിചെയ്യുന്നു.

ഊൎദ്ധ്വേക്ഷണേന പക്ഷ്യാദ്യാ നേത്രാന്ത്യാസ്സരീസൃപാഃ ഭേ
അന്യോന്യാലോകിനൌ ജീവചന്ദ്രാവൂൎദ്ധ്വേക്ഷണോ രവിഃ
പശ്യന്ത്യാൎക്ഷിഃ കടാക്ഷേണ പശ്യതോ ∫ധഃ കവീന്ദുജൌ ഇര്
ഏകദൃഷ്ട്യാ ഹി മന്ദേന ച ഗ്രഹാണാമവലോകനം.

സാരം—പക്ഷിരാശികൾ (മകരം മീനം) ഊൎദ്ധ്വദൃഷ്ടി കളാകുന്നു. സൎപ്പരാശികൾ (കർക്കടം വൃശ്ചികം) അധോദൃഷ്ടി കളാണ്. വ്യാഴവും ചന്ദ്രനും അന്യോന്യം അവലോകനം

ചെയ്യുന്നു. സൂര്യൻ മേല്പോട്ടുനോക്കുന്നു. ചൊവ്വാ കടക്കണ്ണു കൊണ്ടു നോക്കുന്നു. ശുക്രനും ബുധനും കീഴ്പോട്ടുനോക്കുന്നു. രാഹുവും ശനിയും ഏകദൃഷ്ടിയോടുകൂടിയവരാണ്. ഗ്രഹങ്ങളുടെ ദൃഷ്ടികൾ ഈവിധത്തിലാകുന്നു.

ജിനേന്ദ്രമാല:—

മതിപാർന്നെതിർമുഖനോക്കുമേ നോക്കു
കതിർചെയ്യുടെ കണ്ണാലെനോക്കു—മതിരാത
പാകൻ പുകർകവിഴ്ന്നുനോക്കുമാം പാമ്പു ചനി
യേകവിഴിനോക്കുമെൻ. (൩)

സാരം — ചന്ദ്രനും ഗുരുവും പരസ്പരദൃഷ്ടിയോടുകൂടിയവരാണ്. സൂര്യൻ മേല്പോട്ടുനോക്കുന്നു. ചൊവ്വ കടക്കണ്ണുകൊണ്ടു നോക്കുന്നു. ശുക്രനും ബുധനും നേർദൃഷ്ടിയോടുകൂടിയവരാകുന്നു. ശനിയും രാഹുവും ഏകദൃഷ്ടികളുമത്രെ.

വിലങ്കുവിലങ്കനേർനോക്കുമാമവകൾ
ചലങ്കാതു ചെവ്വുനോക്കാണെൻ - കലങ്കാതു
കാട്ടിടമേനോക്കും പറവൈ വതവഴ്വനവാ
നീട്ടിലൈ പകണോക്കനിലൈ. (൪)

സാരം — മനുഷ്യരാശികൾ മനുഷ്യരെപ്പോലെതന്നെ നേർക്കുനേർ പരസ്പരദൃഷ്ടിയുള്ളവയാണ്. നാല്ക്കാലിരാശികൾ മൃഗങ്ങളെപ്പോലെ ഇരുവശങ്ങളിലും നോക്കുന്നു. പത്രരാശികൾ പക്ഷികൾനോക്കുന്നതുപോലെ ഊർദ്ധ്വദൃഷ്ടിയോടുകൂടിയവയാണ്. അനേകപാദങ്ങളോടുകൂടിയ രാശികൾ സർപ്പങ്ങളെപ്പോലെ അധോദൃഷ്ടിചെയ്യുന്നു.

നഷ്ടപ്രശ്നത്തിൽ ദിക്കുകളെക്കുറിക്കുന്ന രാശികൾ

മേഷഃ പ്രാച്യാം ധനുസ്സിംഹാവാഗ്നേയ്യാം വൃഷശ്ച ദക്ഷിണേ
മൃഗകന്യേ ച നൈരൃത്യാം മിഥുനം പശ്ചിമേ തഥാ
വായുഭാഗേ തുലാകുംഭാവുദീച്യാം കർക്ക ഉച്യതേ ൫
ഈശഭാഗേ ശ്രീമീനൌ ച ജ്ഞേയാ നഷ്ടാദിസൂചകാഃ

സാരം—മേടം കിഴക്കും ധനുവും ചിങ്ങവും തെക്കുകിഴക്കും ഇടവം തെക്കും മകരവും കന്നിയും തെക്കുപടിഞ്ഞാറും മിഥുനം പടിഞ്ഞാറും തുലാവും കുംഭവും വടക്കുപടിഞ്ഞാറും കർക്കടകം വടക്കും വൃശ്ചികവും മീനവും വടക്കുകിഴക്കും നഷ്ടാദികളെ സൂചിപ്പിക്കുന്നു.

നഷ്ടപ്രശ്നത്തിൽ ദിക്കുകളെക്കുറിക്കുന്ന ഗ്രഹങ്ങൾ

ഭാസ്വച്ഛുക്രാരരാഹ്വാർക്കിചന്ദ്രജ്ഞഗുരവഃ ക്രമാൽ ൯
പൂർവ്വാദീനാം ദിശാമീശാഃ ക്രമാന്നഷ്ടാദിസൂചകാഃ

സാരം—സൂര്യൻ, ശുക്രൻ, ചൊവ്വ, രാഹു, ശനി, ചന്ദ്രൻ, ബുധൻ, ഗുരു ഇവർ യഥാക്രമം കിഴക്കെ തുടങ്ങിയുള്ള എട്ടു ദിക്കുകളിലും സ്വാമികളെ സൂചിപ്പിക്കുന്നു "പ്രാഗാദ്യാ രവിശുക്രലോഹിതതമോമന്ദേന്ദുവിൽ സൂരയഃ" എന്നു ഹോരാവാക്യവുമുണ്ട്.

സ്ത്രീപുരുഷരാശികളും സ്ത്രീപുരുഷഗ്രഹങ്ങളും

മേഷയുഗ്മധനുഃകുംഭതുലാസിംഹാശ്ച പൂരുഷാഃ ൯൮
രാശയോƒന്യേ സ്ത്രിയഃ പ്രോക്താ ഗ്രഹാണാം ചൈവ ഉച്യതേ
പുമാംസോƒർക്കാരഗുരവഃ ശുക്രേന്ദുതമസാഃ സ്ത്രിയഃ ൯൯
മന്ദജ്ഞകേതവഃ ക്ലീബാ ഗ്രഹഭേദാഃ പ്രകീർത്തിതാഃ

സാരം—മേടം, മിഥുനം, ചിങ്ങം, തുലാം, ധനു, കുംഭം ഇവ ആറും പുരുഷരാശികളാകുന്നു. ബാക്കിയുള്ളവ (ഇടവം, കർക്കടകം, കന്നി, വൃശ്ചികം, മകരം, മീനം ഇവ) സ്ത്രീരാശികളാണ്. രവി, കുജൻ, ഗുരു ഇവർ പുരുഷഗ്രഹങ്ങളും ശുക്രൻ, ചന്ദ്രൻ, രാഹു ഇവർ സ്ത്രീഗ്രഹങ്ങളും ബുധൻ, ശനി, കേതു ഇവ നപുംസകഗ്രഹങ്ങളുമത്രെ.

തനിച്ചും ഒന്നിച്ചുചേർന്നും വസിക്കുന്ന രാശികളും ഗ്രഹങ്ങളും

തുലാകോദണ്ഡമിഥുനഘടകന്യാനരാഃ സ്മൃതാഃ ൨൦
ഏകാകിനോ മേഷസിംഹവൃഷകർക്കാളികന്യകാഃ

ഏകാകിന്യഃസ്ത്രീയഃപ്രോക്താഃ സ്ത്രീയുഗ്മം മകരാന്തിമൌ സൂഫ

ഏകാകിനോ ഽർക്കേന്ദുകുജാഃ ശുക്രജ്ഞാർക്ക്യഹിമന്ത്രിണഃ
ഏതേയുഗ്മഗ്രഹാഃ പ്രോക്താഃ ശാസ്ത്രേ ജ്ഞാനപ്രദീപകേ.

സാരം—തുലാം, ധനു, മിഥുനം, കുംഭം, കന്നി ഇവ പുരുഷരാശികളാകുന്നു. (ഒന്നിച്ചുവസിക്കുന്നതായാണ്.) മേടവും ചിങ്ങവും തനിച്ചുപാർക്കുന്ന പുരുഷരാശികളാണ്. ഇടവം, കർക്കടകം, വൃശ്ചികം, കന്നി ഇവ ഒറ്റയ്ക്കുപാർക്കുന്ന സ്ത്രീരാശികളാണ്. മകരവും മീനവും രണ്ടു സ്ത്രീകളുടെ സംബന്ധമുള്ള രാശികളാകുന്നു. സൂര്യൻ, ചന്ദ്രൻ, ചൊവ്വ ഇവ തനിച്ചുപാർക്കുന്ന ഗ്രഹങ്ങളാകുന്നു. ശുക്രൻ, ബുധൻ, ശനി, രാഹു, ഗുരു ഇവ യുഗ്മങ്ങളായി വസിക്കുന്ന ഗ്രഹങ്ങളുമാണ്. ഇങ്ങനെ ജ്ഞാനപ്രദീപകമെന്ന പ്രസ്തുതഗ്രന്ഥത്തിൽനിർദ്ദേശിക്കുന്നു.

രാശികളുടെയും ഗ്രഹങ്ങളുടെയും ജാതികൾ

വിപ്രാഃ കർക്ക്യളിമീനാശ്ച ധനുഃ സിംഹക്രിയാ നൃപാഃ സൂ.ബ.

തുലായുഗ്മഘടാവൈശ്യാഃ ശൂദ്രാ നക്രോക്ഷകന്യകാഃ
നൃപാവർക്കകുജൌ വിപ്രൌ ബൃഹസ്പതിനിശാകരൌ സൂര്

ബുധോ വൈശ്യോ ശൂദ്രഃ ശുക്രോ നീചാവാർക്കിഭുജംഗമൌ.

സാരം—കർക്കടകം, വൃശ്ചികം, മീനം ഇവ ബ്രാഹ്മണരാശികളും മേടം, ചിങ്ങം, ധനു ഇവ ക്ഷത്രിയരാശികളും മിഥുനം, തുലാം, കുംഭം ഇവ വൈശ്യരാശികളും ഇടവം, കന്നി, മകരം ഇവ ശൂദ്രരാശികളുമാകുന്നു. സൂര്യനും ചൊവ്വയും ക്ഷത്രിയഗ്രഹങ്ങളും ചന്ദ്രനും ഗുരുവും ബ്രാഹ്മണഗ്രഹങ്ങളും ബുധൻ വൈശ്യഗ്രഹവും ശുക്രൻ ശൂദ്രഗ്രഹവും ശനിയും രാഹുവും നീചജാതിഗ്രഹങ്ങളുമാകുന്നു.

“മേഷഃ പ്രാച്യാം,” എന്നുതുടങ്ങിയ പദ്യംമുതൽ “ബുധോ വൈശ്യോ ശൂദ്രഃ ശുക്രോ നീചാവാർക്കിഭുജംഗമൌ” എന്ന

അവസാനിച്ചു. പത്തുവരെയുള്ള വിഷയങ്ങളിൽ ജിനേന്ദ്രമാലയുടെ അഭിപ്രായം അടിയിൽ ചേർത്തുകൊള്ളുന്നു:—

ഒന്നുകീഴ്പോലരിവിലേന്നൽകീഴ്പാരെററൽകിടപ്പ-
ന്തെന്നുകൽാചുറയ്യെന്നെൽമേർകം—നീടിയ
തഞ്ചാമേർപാൽ നാംമേൽകോർകമൂന്നാൻവടക്ക
നാലിലുദയെൻമീൻവടകീഴ്നാട്ടു. (൮)

നാട്ടുകതിർപ്പുകർചെയ്നാകനാളെയിലാ
ന്നൊട്ടുമതിപാലവനൊന്നിൻപൊന്നൻ— കൂട്ടി
ക്കൊടിമുതലായിങ്ങിവറെറക്കൊണ്ടെല്ലുകാളെലെ
ന്നൊടിക്കൊള്ളുന്നകാലിക്കാറാവർ (൯)

കോണിയാഴ്ന്നൻചിലക്കൊചാൽകൈകൊള്ളുയിവൈയാ
ണാകമാലെചുളിൻമകരമായിരിക്കു—കാൽപലവാഴ്
നാമറിയുന്നെളലവനെൻറിവരെറനാനിലത്തോർ
താമറിയപ്പെടുന്നെൻറുചാറു (൧൦)

വെള്ളിമതിരംകപ്പെട്ടുന്നാകത്തെളവോ
ടൊള്ളിയമാൽകാരിയലിയുതവാ— തെള്ളിയ
ചേയതകൻപിരകനാമെൻറിവറെറയാണാക
വായുന്നതോർകണവാഴ്ക്ക (൧൧)

യാഴ്കമുതാചമിതുങ്ങലിലെയുമം ണിരതൈ
യുഴിലരിയാതേലാമാണൊരെറവ്യ—
ന്തൊടിയിടപന്നെളലവൻചൊല്ലുംപൊരുന്നൊരെറ
കൊടിമകരമീനിരൈട്ടുകും (൧൨)

ആരൽകുറിരോനണിമതിയമിംമൂൻറ
മോതാദേവയാകമുണരാകാ—നീർത്ത തളോൻ
പാകൻചാപപ്പൊൻചനിപാമ്പിവെയിരട്ടെ
യാകമെനവുളെതതാരംക (൧൩)

വേന്തനരിയാടാകംവെണ്മതിലെമീൻവേതിയനാം
വായ്ന്തനാർതങ്ങളെടൻററംവാണിപനാ – മെന്നു
ന്നുലെയാഴ്കടമ്മൻറസ്ത്യുതിരൻകീഴ്ച്ചാതി
കലൈയേറുടൻമകളുമാകാൺ. (൧൮)

വെണ്ണുവൻചെയ്വേന്തനാംവെണ്മതിപൊൻവേതിയനാ
മെയ്യുറെയ്യുംപുന്തിവണികനാ—മെയ്യുറെയ്യും
വെള്ളിയസൂദ്രതിരനാമിക്കചാതിപാമ്പിൻറെ
മെള്ളിയകീഴ്ചാതിയാമെൻ. (൧൯)

സാരം—മേടം കിഴക്ക്; ചിങ്ങവും ധനുവും തെക്കുകിഴക്ക്; ഇടവം തെക്ക്; കന്നിയും മകരവും തെക്കുപടിഞ്ഞാറ്; മിഥുനം പടിഞ്ഞാറ്; തുലാവും കുംഭവും വടക്കുപടിഞ്ഞാറ്; കർക്കടകം വടക്ക്; വൃശ്ചികവും മീനവും വടക്കുകിഴക്ക്; സൂര്യന്ന കിഴക്ക്; ശുക്രന്ന തെക്കുകിഴക്ക്; ചൊവ്വയ്ക്കു തെക്ക്; രാഹുവിന്ന തെക്കുപടിഞ്ഞാറ്; ശനിക്ക് പടിഞ്ഞാറ്; ചന്ദ്രന്ന വടക്കുപടിഞ്ഞാറ്; ബുധന്ന വടക്ക്; ഗുരുവിന്ന വടക്കുകിഴക്ക്. മേടം, മിഥുനം, ചിങ്ങം, തുലാം, ധനു, കുംഭം ഇവ പുരുഷരാശികളും ഇടവം, കർക്കടകം, കന്നി, വൃശ്ചികം, മകരം, മീനം ഇവ സ്ത്രീരാശികളുമാകുന്നു. (൨൦) സൂര്യനും ചൊവ്വയും ഗുരുവും പുരുഷഗ്രഹങ്ങൾ; ചന്ദ്രൻ, ശുക്രൻ, രാഹു സ്ത്രീഗ്രഹങ്ങൾ; ബുധൻ ശനി, കേതു നപുംസകഗ്രഹങ്ങൾ. (൨൧) മേടം, ചിങ്ങം ഒറ്റപ്പുരുഷരാശികൾ; മിഥുനം തുലാം ധനു കുംഭം ഇരട്ടപ്പുരുഷരാശികൾ; ഇടവം, കർക്കടകം കന്നി, വൃശ്ചികം ഇവ ഒറ്റ സ്ത്രീരാശികൾ; മകരം, മീനം ഇവ ഇരട്ടസ്ത്രീരാശികൾ. (൨൨) സൂര്യനും ചൊവ്വയും ഒറ്റപ്പുരുഷഗ്രഹങ്ങൾ; വ്യാഴം ഇരട്ടപ്പുരുഷഗ്രഹം; ചന്ദ്രൻ ഒറ്റസ്ത്രീഗ്രഹം; ശുക്രനും രാഹുവും ഇരട്ടസ്ത്രീഗ്രഹം; ബുധനും ശനിയും കേതുവും ഇരട്ട നപുംസകഗ്രഹങ്ങൾ (൨൩) ധനുവും മീനവും ബ്രാഹ്മണരാശികൾ; മേടവും ചിങ്ങവും ക്ഷത്രിയരാശികൾ; കർക്കടകവും വൃശ്ചികവും

വൈശ്യരാശികൾ; മിഥുനവും തുലയും കുംഭവും ശൂദ്രരാശികൾ; ഇടവവും കന്നിയും മകരവും കീഴ്'ജാതിരാശികൾ. (൫൪) ചന്ദ്രനും ഗുരുവും ബ്രാഹ്മണഗ്രഹങ്ങൾ; സൂര്യനും ചൊവ്വയും ക്ഷത്രിയഗ്രഹങ്ങൾ; ബുധൻ വൈശ്യഗ്രഹം; ശുക്രൻ ശൂദ്രഗ്രഹം; ശനിയും രാഹുവും കീഴ്'ജാതിഗ്രഹങ്ങൾ. (൫൫)

രാശികളുടെ വർണ്ണങ്ങൾ

രക്താമേഷധനുസ്സിംഹാഃ കുളീരോക്ഷതുലാസ്സിതാഃ   ഹരിത
കുംഭാളിമീനാഃ ശ്യാമാഃ സ്യുഃ കൃഷ്ണാ യുഗ്മാംഗനാമൃഗാഃ.

സാരം — മേടം, ധനു, ചിങ്ങം ഇവ മൂന്നും ചുവന്നനിറത്തോടുകൂടിയവയും കർക്കടകം, ഇടവം, തുലാം ഇവമൂന്നും വെളുപ്പുനിറത്തോടുകൂടിയവയും കുംഭം, വൃശ്ചികം, മീനം ഇവ മൂന്നും പച്ചനിറത്തോടുകൂടിയവയും മിഥുനം, കന്നി, മകരം ഇവമൂന്നും കറുപ്പുനിറത്തോടുകൂടിയവയും ആകുന്നു.

ഗ്രഹങ്ങളുടെ വർണ്ണങ്ങൾ

ശുക്രഃ ശ്വേതഃ കുജോ രക്തഃ പിംഗലാംഗോ ബൃഹസ്പതിഃ
ബുധഃ ശ്യാമഃ ശശീ ശ്വേതഃ രക്തസ്സൂര്യോഽസിതശ്ശനിഃ
രാഹുശ്ച കൃഷ്ണവർണ്ണസ്സ്യാദേവം വർണ്ണാ ഉദാഹൃതാഃ

സാരം — ശുക്രനു വെളുപ്പും കുജനു ചുവപ്പും ഗുരുവിനു സ്വർണ്ണവർണ്ണവും ബുധനു പച്ചവർണ്ണവും ചന്ദ്രനു വെളുത്തനിറവും സൂര്യനു ചുവപ്പുനിറവും ശനിക്കും രാഹുവിനും കറുപ്പുനിറവുമാകുന്നു എന്നു പറയപ്പെട്ടിരിക്കുന്നു.

ജിനേന്ദ്രമാല: —

വില്ലരിയാടാഞ്ചിവപ്പുവെള്ളരുകോൽകടക–
ഞെണ്ടുപ്പരിയവെളുപ്പമീനൻരാൽകടന്നോൻ - ചൊല്ലുകാ
റിൻപച്ചമൈയാകന്തിറലിയാഴ്'കന്നിചുറാ
വൊൺകരുമൈയെൻറുരൈക്കവോർന്നു.   (൫൬)

പുകർചുനരാഞ്ചെയ്'ചെമ്മൈപൊൻപൊന്നാംപുന്തി
പകർപച്ചമൈപൊൻ മതിയുംവെണ്മൈ — നികരിൽ

വിരികതിക്കമെചൈമ മേടവർകിരാക
ക്രൂരിതരു ചീരൊൺകരുമൈമെയോർ (൧൩)

പതരിക്കഴൽപടികമാമതിക്കരച്ചെപ്പൂ
കരുനിപമ്പും പൊൻകരവു — കരിയതാൻ
പുന്തിക്കു പച്ചൈയാം പാമ്പുകർക്കിരാകവുക്കു
മന്തനാക്കിനി നിറമാമെ. (൧൪)

സാരം — മേടം, ചിങ്ങം, ധനു ഇവ ചുവപ്പുനിറം; ഇടവം, കർക്കടകം, തുലാം ഇവ വെളുപ്പുനിറം; വൃശ്ചികം, കുംഭം, മീനം ഇവ പച്ചനിറം; മിഥുനം, കന്നി, മകരം ഇവ കറുപ്പുനിറം. (൧൩) വ്യാഴം കറുപ്പുകലർന്ന പൊൻനിറം; സൂര്യനും ചൊവ്വയും ചുവപ്പുനിറം; ചന്ദ്രനും ശുക്രനും വെളുത്തനിറം; ബുധൻ പച്ചനിറം; ശനിയും രാഹുവും കറുപ്പുനിറം. (൧൩) ഗുരു പൊൻനിറം; സൂര്യൻ അഗ്നിവർണ്ണം; ചൊവ്വ രക്തവർണ്ണം; ചന്ദ്രൻ സ്ഫടികവർണ്ണം; ശുക്രൻ പാൽനിറം; ബുധൻ പച്ചനിറം; ശനിരാഹുക്കൾ കറുപ്പുനിറം (൧൪)

സൂര്യാദിഗ്രഹങ്ങളുടെ ആകൃതികൾ

ദീർഘവൃത്തം തഥാ ഹ്രസ്വം ചതുരശ്രായതം തഥാ ന്യൂ
ദീർഘശ്ചേതിക്രമാദേതേ സൂര്യാദ്യാകൃതയോ മതാഃ

സാരം — സൂര്യൻ തുടങ്ങി രാഹുവരെയുള്ള ഒൻപതു ഗ്രഹങ്ങളും യഥാക്രമം ദീർഘം, വൃത്തം, ഹ്രസ്വം, (നാലു കോൺ) ചതുരശ്രം, ദീർഘം, ദീർഘം, [illegible] ഈ ആകൃതികളോടു കൂടിയവയാകുന്നു.

ജിനേന്ദ്രമാല: —

കടന്നുലൈയാഴ്കനിരവൻകൊണ്ടുപരിയുമക്ക-
തൊടർന്തചുറാമാൻ പിൻമൂന്നാകു — തൈക്കന്നായ്
മീനിരണ്ടെതെററിൽ വിശ്രതെഴ്മാമിക്കുന്ന-
ന്റാനതാവമേയതാവാണതാറു. (൧൫)

നാർചതുരം വട്ടത്തിൽവടിവുമുക്കോണ
മേപ്പുമെന്തൻറംവട്ടമെൻകോണ — നാർചതുരം
പാതിനെപ്പമൈ പരിതിമുതൻപാമ്പിൻറാ
യോത്തും വടിവെപ്പാമുമൈ. (൨൦)

മാലുകൾ കോട്ടവളൈവുമതിമൊട്ടൈ
മേലെരിക്കക്കോട്ടമികക്കറിയ മേലെ
മുന്തിപ്പുകഴ്ക്കോടെനെടിയമുറിവാ-
യ്യനിയരവിൻകോട്ടകളെന പാറെറു. (൨൧)

സാരം — പത്തൊൻപതാമത്തേതും ഇരുപതാമത്തേതും പാടലുകളുടെ അർത്ഥം ഇരുപത്തേഴാമത്തെ ശ്ലോകത്തിൻെറ സാരം തന്നെയാകുന്നു. ബുധനും സൂര്യനും വളഞ്ഞ കൊമ്പും ചന്ദ്രന് മൊട്ടക്കൊമ്പും ചൊവ്വയ്ക്കു കുറുകിയ കൊമ്പും ഗുരുവിനും ശുക്രനും നീണ്ട കൊമ്പും ശനിക്കു മുറിക്കൊമ്പും രാഹുവിന് അറുത്തകൊമ്പും ആകുന്നു (൨൧)

ഗ്രഹങ്ങളുടെ കിരണങ്ങൾ

പഞ്ചൈകവിംശദ്ഗിരയോ നവാശാഃ ഷോഡശാബ്ധയഃ
ഭാസ്കരാദിഗ്രഹാണാന്തു കിരണാഃ പരികീർത്തിതാഃ

സാരം — സൂര്യന് അഞ്ചു കിരണങ്ങൾ; ചന്ദ്രന് ഇരുപത്തൊന്നു കിരണങ്ങൾ; ചൊവ്വയ്ക്ക് ഏഴു കിരണങ്ങൾ; ബുധന് ഒൻപതു കിരണങ്ങൾ; ഗുരുവിനു പത്തു കിരണങ്ങൾ; ശുക്രനു പതിനാറു കിരണങ്ങൾ; ശനിക്കു നാലു കിരണങ്ങൾ എന്നു പറയപ്പെട്ടിരിക്കുന്നു.

രാശികളുടെ കിരണങ്ങൾ

വസുരുദ്രർത്തുരുദ്രാശ്ച വഹ്നിഷട്കചതുർദ്ദശ ന്യൻ
വിംശാശാഃ ശരവേദാശ്ച ചതുസ്ത്രിംശജ്ജാതിഷു

സാരം - മേടത്തിനു എട്ടു കിരണവും ഇടവത്തിനു പതിനൊന്നു കിരണവും മിഥുനത്തിന് ആറു കിരണവും കർക്കടകത്തിനു പതിനൊന്നു കിരണവും ചിങ്ങത്തിനു മൂന്നു

കിരണവും കന്നിക്ക് ആറു കിരണവും തുലാത്തിനും വൃശ്ചികത്തിനും പതിന്നാലു കിരണംവീതവും ധനുവിനു പത്തു കിരണവും മകരത്തിനു ആറു കിരണവും കുംഭത്തിനു നാലു കിരണവും മീനത്തിനു മുപ്പത്തിനാലു കിരണവുമാകുന്നു.

മറ്റുചിലരുടെ അഭിപ്രായം:—

കുളീരാജതുലാകുംഭകിരണാ വസുസംഖ്യയാ ൧൦
മിഥുനോക്ഷമൃഗാണാംതു കിരണാ ഋതുസംഖ്യയാ
സിംഹസ്യ കിരണാസ്സപ്ത കന്യാകാർമ്മുകയോസ്തഥാ. ഫ
ചതുഃപാദോ വൃശ്ചികസ്യാകതാഃ സപ്തവിംശജ്ഝഷസ്യ ച
സപ്താഷ്ടശരവേദന്യഷ്ടി രുദ്രയുഗ്മ മാങ്ഗിരസധയസ്യ. ൧൧
സപ്തവിംശതി സംഖ്യാശ്ച മേഷാദീനാം പരേ വിദുഃ

സാരം—കർക്കടകം, മേടം, തുലാം, കുംഭം ഇതുകൾക്ക് എട്ടു കിരണംവീതവും മിഥുനം, ഇടവം, മകരം ഇവയ്ക്ക് ആറു കിരണം വീതവും ചിങ്ങത്തിന് ഏഴു കിരണവും കന്നിക്കും തുലാത്തിനും അപ്രകാരംതന്നെ ഏഴു കിരണംവീതവും വൃശ്ചികത്തിന് നാലു കിരണവും മീനത്തിന് ഇരുപത്തേഴു കിരണവുമാണെന്ന് ചിലരും മേടം തുടങ്ങിയുള്ള പന്ത്രണ്ടു രാശികൾക്കും യഥാക്രമം ഏഴ്, എട്ട്, അഞ്ച്, മൂന്ന്, ഏഴ്, പതിനൊന്ന്, രണ്ട്, നാല്, ആറ് എട്ട്, ഏഴ്, ഇരുപതു കിരണങ്ങൾവീതമാണെന്നു മറ്റുചിലരും അഭിപ്രായപ്പെടുന്നു.

ഗ്രഹങ്ങളുടെ ഉയരങ്ങൾ

കുജേന്ദുശനയോ ഹ്രസ്വാ ദീർഘാ ജീവബുധോരഗാഃ ൧൨
രവിശുക്രൗ സമൗ പ്രോക്തൗ ശാസ്ത്രേ ജ്ഞാനപ്രദീപകേ

സാരം—ചൊവ്വ, ചന്ദ്രൻ, ശനി ഇവർ ഹ്രസ്വന്മാരും, ഗുരു, ബുധൻ, രാഹു ഇവർ ദീർഘകായന്മാരും; രവിയും ശുക്രനും ഒത്തകിളരത്തോടുകൂടിയവരുമാണെന്ന് ഈ ജ്ഞാനപ്രദീപകത്തിൽ നിർദ്ദേശിച്ചുകൊള്ളുന്നു.

ഗ്രഹങ്ങളുടെ യോജനങ്ങൾ

ആദിത്യശനിസൌമ്യാനാം യോജനാന്യഷ്ടസംഖ്യയാ ൭൪
ശുക്രസ്യ ഷോഡശോക്താനി ഗുരോശ്ച ദശയോജനം
കുജസ്യ സപ്തവിഖ്യാതാഃ ശശാങ്കസ്യൈകവിംശതി. ൭൫

സാരം — ആദിത്യൻ, ശനി, ബുധൻ ഇവൎക്ക് എട്ടു യോജനാവിസ്താരം ശുക്രന്നു പതിനാറു യോജനയും ഗുരുവിന്നു പത്തു യോജനയും കുജന്നു് ഏഴു യോജനയും ചന്ദ്രന്നു് ഇരുപത്തൊന്നു യോജനയുമാകുന്നു.

ഗ്രഹങ്ങളുടെ വയസ്സുകൾ

ഭൂമിജഃ ഷോഡശാബ്ദശ്ച ശുക്രസ്സപ്തവയാസ്തഥാ
വിംശദ്വയാശ്ചന്ദ്രസുതോ ഗുരുസ്ത്രിംശദ്വയസ്സ്മൃതാഃ ൭൬
ശശാങ്കസ്സപ്തതിവയാഃ പഞ്ചാശദ്ഭാസ്കരോ വയഃ
ശനൈശ്ചരസ്യ രാഹോശ്ച ശതസംഖ്യാവയോ ഭവേൽ. ൭൭

സാരം — ചൊവ്വെക്കു പതിനാറുവയസ്സും ശുക്രന്നു് ഏഴുവയസ്സും ബുധന്നു് ഇരുപതുവയസ്സും ഗുരുവിന്നു മുപ്പതുവയസ്സും ചന്ദ്രന്നു് എഴുപതുവയസ്സും സൂൎയ്യന്നു് അൻപതുവയസ്സും ശനിക്കും രാഹുവിന്നും നൂറുവീതം വയസ്സും ആകുന്നു.

ഗ്രഹങ്ങളുടെ രസകാരകത്വം

തിക്തം ശനേശ്ച രാഹോശ്ച മധുരം തു ബൃഹസ്പതേഃ
അമ്ലം ഭൃഗോർവിധോഃ ക്ഷാരഃ കുജസ്യ കഷായോ രസഃ ൭൮
തുവരഃ സോമപുത്രസ്യ ഭാസ്കരസ്യ കടുർഭവേൽ.

സാരം — ശനിക്കും രാഹുവിന്നും കയ്പുരസവും ഗുരുവിന്നു മധുരരസവും ശുക്രന്നു പുളിരസവും ചന്ദ്രന്നു് ഉപ്പുരസവും കുജന്നു കഷായരസവും ബുധന്നു ചവൎപ്പുരസവും സൂൎയ്യന്നു് എരിവുരസവുമാകുന്നു.

ജിനേന്ദ്രമാല:—

കാരിയ്യംപൊന്നുപുളവെ കൈക്കുമിനുമെവെപൊൻ
മാരിപുളിക്കുമരിതുവർക്കെതിർ
കരിക്കുമെന്നതുപ്പായ് കണക്കാവർ-
മെരിക്കുന്നുമെവിരവിക്കെൻ. (൨൨)

സാരം—ശനിക്കും രാഹുവിനും കയ്പും ഗുരുവിന്ന മധുരവും ശുക്രന്ന പുളിയും ചന്ദ്രന്ന ചവർപ്പും കുജന്ന കഷായവും ബുധന്ന ക്ഷാരവും സൂര്യന്ന് എരിവുമാകുന്നു. (൨൨)

രസകാരകത്വത്തെപ്പററി ഹോരാവചനമിപ്രകാരമാകുന്നു:—"കടുകലവണതിക്തമിശ്രിതാ മധുരാമ്ലൗ ച കഷായഃ" ഇതിന്റെ അർത്ഥം സൂര്യൻ തുടങ്ങിയുള്ള ഗ്രഹങ്ങൾക്ക യഥാക്രമം എരിവ്, ഉപ്പ്, കയ്പ്, മിശ്രിതം, മധുരം, പുളി, കഷായം ഈ രസങ്ങളെ പറയണമെന്നാകുന്നു.

ഗ്രഹങ്ങളെക്കൊണ്ട ശരീരത്തിന്റെ ഇടത്തും വലത്തും ഭാഗങ്ങളിലുള്ള അടയാളങ്ങൾ അറിവാൻ

സൌമ്യാൎക്കകുജജീവാനാം ദക്ഷിണേ ലാഞ്ഛനം ഭവേൽ
ഫണീന്ദുശുക്രമന്ദാനാം വാമേ ഭവതി ലാഞ്ഛനം.

സാരം—ബുധൻ, സൂര്യൻ, കുജൻ, ഗുരു ഇവൎക്ക വലത്തുവശത്ത് അടയാളം ഭവിക്കുന്നു. രാഹു, ചന്ദ്രൻ, ശുക്രൻ, ശനി ഇവൎക്ക് ഇടത്തുവശത്ത് അടയാളം ഭവിക്കുന്നു.

ഗ്രഹങ്ങളെക്കൊണ്ട പ്രത്യേക സ്ഥാനങ്ങളിൽ അടയാളം അറിവാൻ

ശുക്രസ്യ വദനേ പൃഷ്ഠേ കുജസ്യാംസേ ബൃഹസ്പതേഃ ൨൩
കക്ഷേ ബുധസ്യ ചന്ദ്രസ്യ മൂൎദ്ധ്നി ഭാനോഃ കടീതടേ
ഊരൌ ശനേഃ പദേ രാഹോൎല്ലാഞ്ഛനാനി ഭവന്തി ഹി ൨൪

സാരം—ശുക്രന്ന് വദനത്തിലും ചൊവ്വയ്ക്ക് പൃഷ്ഠത്തിലും ഗുരുവിന്ന ചുമലിലും ബുധന്ന കക്ഷത്തിലും ചന്ദ്രന്ന തലയിലും സൂര്യന്ന കടിപ്രദേശത്തും ശനിക്ക തുടയിലും രാഹുവിന്ന കാലിലും അടയാളങ്ങളും ഉണ്ട്.

ജിനേന്ദ്രമാല:—

ഉത്തിമലരർക്കം പൂന്തുവരൈപ്പാഴ്‌വകത്തി
യെത്തിലോണം പുളിയിലൈയാം ഞാതിയുമേ
മത്തൈയാവരൈവെറ്റ്പ്പിൻ വടിവെൻറു
ചിത്തമേവനാവർക്കെച്ചൊല്ലു. (൨൩)

സാരം — സൂര്യന് ഉത്തി(?)പ്പൂപോലെയും ചന്ദ്രന് എരുക്കിൻപൂവുപോലെയും കുജന് തുവരൻപരിപ്പുപോലെയും ബുധന് അകത്തിയിലപോലെയും ഗുരുവിന് ആവണക്കിലപോലെയും ശുക്രന് പുളിയിലപോലെയും ശനിക്ക് ഉമ്മത്തിലപോലെയും രാഹുവിന് ആവാര(?)പ്പൂപോലെയും അടയാളങ്ങൾ പറയുക. (൨൩)

ഗ്രഹങ്ങളെക്കൊണ്ട് ശൃംഗങ്ങളെ അറിവാൻ

ബുധാദിത്യൗ ഭഗ്നശൃംഗൗ ചന്ദ്രഃ ശൃംഗവിവർജ്ജിതഃ
തീക്ഷ്ണശൃംഗഃ കുജോ ദീർഘശൃംഗൗ ജീവകവീ തഥാ. വ്യ.
ശനിരാഹുവക്രശൃംഗൗ ശൃംഗജ്ഞൈ ഉദാഹൃതഃ

സാരം — ബുധനും സൂര്യനും ഒടിഞ്ഞ കൊമ്പുകളോടുകൂടിയവരാകുന്നു; ചന്ദ്രനു കൊമ്പില്ല. കുജൻ കൂർത്തമൂർത്ത കൊമ്പോടുകൂടിയവനാണ്. ഗുരുവും ശുക്രനും നീണ്ട കൊമ്പുള്ളവരാകുന്നു. ശനിയും രാഹുവും വളഞ്ഞ കൊമ്പോടുകൂടിയവരാണ്.

നില്ക്കുന്ന രാശികളും നടക്കുന്ന രാശികളും ഉറങ്ങുന്ന രാശികളും

വൃഷസിംഹാളികുംഭാശ്ച തിഷ്ഠന്തി സ്ഥിരരാശയഃ വൃ.
കർക്കിനക്രതുലാമേഷാശ്ചരന്തി ചരരാശയഃ
യുഗ്മകന്യാധനുർമ്മീനാഃ സ്വപന്ത്യുഭയരാശയഃ വൃ.

സാരം:—ഇടവം, ചിങ്ങം, വൃശ്ചികം, കുംഭം ഈ സ്ഥിരരാശികൾ നില്ക്കുന്നവയാണ്. കർക്കടകം, മകരം, തുലാം, മേടം ഈ ചരരാശികൾ നടക്കുന്നവയാകുന്നു. മിഥുനം, കന്നി, ധനു, മീനം ഈ ഉഭയരാശികൾ ഉറങ്ങുന്നവയാണ്.

നഷ്ടദ്രവ്യനിക്ഷേപസ്ഥാനജ്ഞാനം അറിവാൻ

ധനുർമ്മേഷൗ വനപ്രാന്തേ കന്യകാമിഥുനൌ പുരേ
ഹരിചാപതുലാമീനമകരാഃ സലിലേഷു ച ൨൫
നക്രൗ കളിംഃ കല്യായാം വൃഷഃ കുംഭഃ പയോധരേ
വൃശ്ചികഃ കൂപസലിലേ രാശീനാം സ്ഥിതിരീരിതാ ൨൬
വനകേദാരകോദ്യാനകല്യാദ്രിവനഭൂമയഃ
തുപാനാതീരസമ്പാപി തടാകസരിതസ്തഥാ ൨൭
ജലകുംഭശ്ച കൂപശ്ച നഷ്ടദ്രവ്യാദിസൂചകാഃ

സാരം:—ധനുവും മേടവും വനപ്രാന്തത്തിലും കന്നിയും മിഥുനവും പട്ടണത്തിലും ചിങ്ങം, ധനു, തുലാം, മീനം, മകരം ഇവ ജലത്തിലും കക്കടകം നദിയിലും ഇടവം കൈത്തോട്ടിലും കുംഭം പാൽക്കുടത്തിലും വൃശ്ചികം കിണററുവെള്ളത്തിലും സ്ഥിതിചെയ്യുന്നു. മേടം തുടങ്ങിയുള്ള രാശികൾ യഥാക്രമം വനം, വയൽ, ഉദ്യാനം, കൈത്തോട്, മല, വനഭൂമി, നദീതീരം, ഇറങ്ങിക്കളിക്കാൻ സൗകര്യമുള്ള വലിയ തോട്, കുളം, നദി, ജലകുംഭം, കിണറു് എന്നീ സ്ഥാനങ്ങളിൽ നഷ്ടദ്രവ്യങ്ങളെ സൂചിപ്പിക്കുന്നു.

ഈ വിഷയത്തിൽ ചിലൎക്കുള്ള അഭിപ്രായവ്യത്യാസത്തെ അടിയിൽ കാണിക്കുന്നു.

ഘടകന്യായുഗ്മതുലാ ഗ്രാമേ ജാളിധനുർഹരീ ൨൮
വനേ ചാഥ കളീരോക്ഷനക്രമീനാ ജലേ സ്ഥിതാഃ .

സാരം:—കുംഭം, കന്നി, മിഥുനം, തുലാം ഇവ ഗ്രാമത്തിലും മേടം, വൃശ്ചികം, ധനു, ചിങ്ങം ഇവ വനത്തിലും കക്കടകം, ഇടവം, മകരം, മീനം ഇവ ജലത്തിലും ചരിക്കുന്നു.

ഭൌമോ ഭൂമിർജ്ജലം കാവ്യശശിനൗ ബുധഭോഗിനൗ ൨൯
നിഷ്കൂടകമ്പരന്ധ്രം ച ഗുരുമാന്ദ്യയോർന്നഭഃ
മന്ദസ്യ യുദ്ധഭൂമിശ്ച ബലവത്തിഗ്രഹേസ്ഥിതേ ൩൦
സൂര്യാൎക്യാരബലേ ഭൂമൌ ഗുരുശുക്രബലേ ച ഖേ
ചന്ദ്രസൗമ്യബലേ മദ്ധ്യേ കൈശ്ചിദേവമുദാഹൃതം ൩൧

നിശാദിവസസന്ധ്യാശ്ച ഭാനോര്യുഗ്രാശിമാദിതഃ
ചരരാശിവശാദേവമിതി കേചിത് പ്രചക്ഷതേ ൯൨
ഗ്രഹേഷു ബലവാന്യസ്തു തദ്വശാത് ഫലമീരയേൽ.

സാരം:—കുജൻ ഭൂമിയും ശുക്രചന്ദ്രന്മാർ ജലവും ബുധൻ വൃക്ഷപ്രായമായ നഗരവും രാഹു ദ്വാരവും ഗുരുഭാസ്കരന്മാർ ആകാശവും ശനി ഭൂമിയുമാകുന്നു. ബലവാനായുള്ള ഗ്രഹം സ്ഥിതിചെയ്യുമ്പോഴും ഇപ്രകാരം ചിന്തിക്കണം. സൂര്യൻ, ശനി, ചൊവ്വ ഇവർ ബലവാന്മാരായിരുന്നാൽ ഭൂമിയിലും ഗുരുശുക്രന്മാർ ബലവാന്മാരായിരുന്നാൽ ആകാശത്തിലും ചന്ദ്രനും ബുധനും ബലവാന്മാരായിരുന്നാൽ ഭൂമിയുടെയും ആകാശത്തിന്റേയും മദ്ധ്യഭാഗത്തുമാണെന്നു വേറെ ചിലർ അഭിപ്രായപ്പെടുന്നു. സൂര്യനോടുചേർന്ന രാശിയെ ആദ്യമാക്കിക്കൊണ്ടു രാത്രിയും പകലും സന്ധ്യകളും ചിന്തിക്കണമെന്നു ചിലരും ചരരാശിക്രമങ്ങളെ മുൻനിറുത്തി ചിന്തിക്കണമെന്നു മറ്റു ചിലരും അഭിപ്രായപ്പെടുന്നു. അതായത് ചരരാശിയെക്കൊണ്ടു രാത്രിയും സ്ഥിരരാശിയെക്കൊണ്ടു പകലും ഉഭയരാശിയെക്കൊണ്ടു സന്ധ്യയും ചിന്തിക്കണമെന്നു താല്പര്യം. ഗ്രഹങ്ങളിൽ ബലവാനായിരിക്കുന്ന ഗ്രഹത്തെക്കൊണ്ടു ഫലനിർണ്ണയം ചെയ്യേണ്ടതാകുന്നു.

വർഷാദികളുടെ കാരകത്വം

ശനേർവർഷം തദർദ്ധം സ്യാദ് ഭാനോർജ്ഞമാസദ്വയം വിദഃ ൯൩
ശുക്രസ്യ പക്ഷോ ജീവസ്യ മാസോ ഭൗമസ്യ വാസരാഃ
ഇന്ദോർമ്മുഹൂർത്തമിത്യുക്തം ഗ്രഹാണാംബലതോ ഭവേൽ ൯൪
ഏതേഷാം ഘടികാ പ്രോക്താ ഉച്ചസ്ഥാനാശ്രിതാം ക്രമാൽ

സാരം - ശനിക്ക് ഒരു വർഷവും സൂര്യന് അരവർഷവും ബുധനു രണ്ടുമാസവും ശുക്രന് ഒരു പക്ഷവും (പതിനഞ്ചു ദിവസവും) ഗുരുവിന് ഒരുമാസവും കുജന് ഏഴുദിവസവും ചന്ദ്രന് ഒരു മുഹൂർത്തവുമാകുന്നു. ഗ്രഹങ്ങളുടെ ബലമനുസരിച്ച് ഈപറഞ്ഞ കാലങ്ങളെല്ലാം ഭവിക്കുന്നു. ഉച്ച

സ്ഥാനത്തു സ്ഥിതിചെയ്യുന്ന ഈ ഗ്രഹങ്ങൾക്കു യഥാക്രമം നാഴിക നിശ്ചയിക്കുകയും വേണം. (ശനിക്ക് ഒരു നാഴിക; സൂര്യന് അര നാഴിക; ബുധന് പത്തു വിനാഴിക; ശുക്രന് രണ്ടരവിനാഴിക; ഗുരുവിന് അഞ്ചു വിനാഴിക; കുജന് ഒന്നേകാൽ വിനാഴിക; ചന്ദ്രന് കാൽവിനാഴിക)

സ്വഗൃഹോച്ചദിനം പ്രോക്തം മിത്രാഖ്യ മാസമാശിശേൽ ൻരി
ശത്രുസ്ഥാനാഖ്യ നീചേഷു വത്സരം നാസ്തമത്തമാൻ

സാരം — സ്വഗൃഹത്തിൽ സ്ഥിതിചെയ്യുമ്പോൾ ദിവസത്തെപ്പറയണം. ബന്ധുഗൃഹത്തിൽ സ്ഥിതിചെയ്യുമ്പോൾ മാസത്തെ പറയേണ്ടതാകുന്നു. ശത്രുസ്ഥാനങ്ങളിലും നീചങ്ങളിലും സ്ഥിതിചെയ്യുമ്പോൾ ഉത്തമങ്ങളായിരിക്കുന്ന വത്സരങ്ങളെ പറയുകയും വേണം.

സൂര്യാരജീവബുധശുക്രശനീന്ദുരാഹവഃ ൻനു
പ്രാഗാദിദിക്കു ക്രമശോ ഭ്രമണം സംഖ്യയാ
പ്രാഗാദിശാസ്വപര്യന്തപാദശോദ്യാന്തകാൻ ഗ്രഹാൻ ൻരെ

സാരം — സൂര്യൻ, കുജൻ ഗുരു, ബുധൻ, ശുക്രൻ, ശനി, ചന്ദ്രൻ, രാഹു ഈ ഗ്രഹങ്ങൾ യഥാക്രമം കിഴക്കു തുടങ്ങിയുള്ള ദിക്കുകളിൽ നിന്നു യാമങ്ങളെക്കൊണ്ടു സഞ്ചരിക്കുന്നു

സൂര്യോദയം തുടങ്ങി അടുത്ത സൂര്യോദയംവരെ അറുപതു നാഴികയ്ക്കു എട്ടു യാമങ്ങൾ. ഒരു യാമം ഏഴര നാഴിക. സൂര്യോദയത്തിൽ ആദ്യത്തെ യാമത്തിൽ സൂര്യൻ കിഴക്കുനിന്നും ചൊവ്വാ തെക്കുകിഴക്കുനിന്നും ഗുരു തെക്കുനിന്നും ബുധൻ തെക്കുപടിഞ്ഞാറുനിന്നും ശുക്രൻ പടിഞ്ഞാറുനിന്നും ശനി വടക്കുപടിഞ്ഞാറുനിന്നും ചന്ദ്രൻ വടക്കുനിന്നും രാഹു വടക്കുകിഴക്കുനിന്നും സഞ്ചരിച്ചു തുടങ്ങുന്നു രണ്ടാമത്തെ യാമത്തിൽ ഈ എട്ടുപേരും, ആദ്യത്തെ യാമത്തിൽ സഞ്ചരിച്ചുതുടങ്ങിയ ദിക്കുകളുടെ അടുത്ത ദിക്കിൽനിന്നും

സഞ്ചരിച്ചു തുടങ്ങുന്നു. എങ്ങിനെയെന്നാൽ ഒന്നാമത്തെ യാമത്തിൽ കിഴക്കെ ദിക്കിൽ നിന്നു സഞ്ചരിച്ചുതുടങ്ങിയ സൂര്യൻ രണ്ടാമത്തെ യാമത്തിൽ തെക്കകിഴക്കെ ദിക്കിൽനിന്നും സഞ്ചരിച്ചു തുടങ്ങും. ഇതിൽനിന്നും ഒരു ഗ്രഹം ഒരു ദിക്കു മുഴുവൻ സഞ്ചരിച്ചു തീരാൻ ഒരു യാമം (ഏഴരനാഴിക) വേണ്ടിയിരിക്കുന്നു. അതുകഴിഞ്ഞാൽ അടുത്ത യാമത്തിന്റെ ഉദയത്തിൽ അടുത്ത ദിക്കിന്റെ ആരംഭത്തിൽനിന്നും സഞ്ചാരം തുടങ്ങുമത്രെ. ഈ സഞ്ചാരക്രമത്തെ താഴെയിൽ പട്ടിക വരച്ചു കാണിക്കുന്നു.

ഗ്രഹങ്ങളുടെ ദിനരാത്രിയാമസഞ്ചാരപ്പട്ടിക.

ഗ്രഹങ്ങൾ	ഒന്നാം യാമം	രണ്ടാം യാമം	മൂന്നാം യാമം	നാലാം യാമം	അഞ്ചാം യാമം	ആറാം യാമം	ഏഴാം യാമം	എട്ടാം യാമം
സൂര്യൻ	കിഴക്ക	തെക്ക കിഴക്ക	തെക്ക	തെക്ക പടി.	പടി ഞ്ഞാറ	വടക്ക പടി.	വടക്ക	വടക്ക കിഴക്ക
കുജൻ	തെക്ക കിഴക്ക	തെക്ക	തെക്ക പടി.	പടി ഞ്ഞാറ	വടക്ക പടി.	വടക്ക	വടക്ക കിഴക്ക	കിഴക്ക
ഗുരു	തെക്ക	തെക്ക പടി.	പടി ഞ്ഞാറ	വടക്ക പടി.	വടക്ക	വടക്ക കിഴക്ക	കിഴക്ക	തെക്ക കിഴക്ക
ബുധൻ	തെക്ക പടി.	പടി ഞ്ഞാറ	വടക്ക പടി.	വടക്ക	വടക്ക കിഴക്ക	കിഴക്ക	തെക്ക കിഴക്ക	തെക്ക
ശുക്രൻ	പടി ഞ്ഞാറ	വടക്ക പടി.	വടക്ക	വടക്ക കിഴക്ക	കിഴക്ക	തെക്ക കിഴക്ക	തെക്ക	തെക്ക പടി.
ശനി	വടക്ക പടി.	വടക്ക	വടക്ക കിഴക്ക	കിഴക്ക	തെക്ക കിഴക്ക	തെക്ക	തെക്ക പടി.	പടി ഞ്ഞാറ
ചന്ദ്രൻ	വടക്ക	വടക്ക കിഴക്ക	കിഴക്ക	തെക്ക കിഴക്ക	തെക്ക	തെക്ക പടി.	പടി ഞ്ഞാറ	വടക്ക പടി.
രാഹു	വടക്ക കിഴക്ക	കിഴക്ക	തെക്ക കിഴക്ക	തെക്ക	തെക്ക പടി.	പടി ഞ്ഞാറ	വടക്ക പടി.	വടക്ക

ഒരു രാശിയെ നാലു പാദമായി ഭാഗിക്കുന്നതായാൽ മേഷാദി മീനാന്തം പന്ത്രണ്ടു രാശികൾക്കും കൂടി നാല്പത്തെട്ടു പാദങ്ങൾ കിട്ടുന്നു. ഈ നാല്പത്തെട്ടു പാദങ്ങളെയും കിഴക്കു തുടങ്ങി എട്ടു ദിക്കുകൾക്കുമായി ഭാഗിക്കുന്നതായാൽ ദിക്കൊന്നിന്ന് ആറു പാദങ്ങൾ വീതം കിട്ടുന്നു. അതനുസരിച്ചു മേടം രാശിയിലെ നാലു പാദവും ഇടവത്തിലെ ആദ്യത്തെ രണ്ടു പാദവും കൂടിയ ആറു പാദങ്ങൾ കിഴക്കും, ഇടവം രാശിയിലെ ഒടുവിലത്തെ രണ്ടു പാദങ്ങളും മിഥുനത്തിന്റെ നാലു പാദങ്ങളും കൂടിയ ആറു പാദങ്ങൾ തെക്കു കിഴക്കും, കർക്കടകത്തിന്റെ നാലു പാദങ്ങളും ചിങ്ങത്തിലെ ആദ്യത്തെ രണ്ടു പാദവും കൂടി ആറു പാദങ്ങൾ തെക്കും, ചിങ്ങത്തിലെ ഒടുവിലത്തെ രണ്ടു പാദങ്ങളും കന്നിയുടെ നാലു പാദവും ചേർന്ന ആറു പാദങ്ങൾ തെക്കു പടിഞ്ഞാറും, തുലാത്തിലെ നാലു പാദങ്ങളും വൃശ്ചികത്തിലെ ആദ്യത്തെ രണ്ടു പാദങ്ങളും ഉൾപ്പെട്ട ആറു പാദങ്ങൾ പടിഞ്ഞാറും, വൃശ്ചികത്തിലെ ഒടുവിലത്തെ രണ്ടു പാദങ്ങളും ധനുവിന്റെ നാലു പാദങ്ങളും ഉൾപ്പെട്ട ആറു പാദങ്ങൾ വടക്കു പടിഞ്ഞാറും, മകരത്തിന്റെ നാലു പാദങ്ങളും കുംഭത്തിന്റെ ആദ്യത്തെ രണ്ടു പാദങ്ങളും ഉൾപ്പെട്ട ആറു പാദങ്ങൾ വടക്കും, കുംഭത്തിന്റെ ഒടുവിലത്തെ രണ്ടു പാദങ്ങളും മീനത്തിന്റെ നാലു പാദവും ചേർന്ന ആറു പാദങ്ങൾ വടക്കു കിഴക്കും ഭവിക്കുന്നു. ഈ വിഭാഗമനുസരിച്ചു സൂര്യൻ, കുജൻ, ഗുരു, ബുധൻ, ശുക്രൻ, ശനി, ചന്ദ്രൻ, രാഹു ഈ എട്ടു ഗ്രഹങ്ങളും ഒന്നാമത്തെ യാമത്തിൽ മേടവും ഇടവത്തിൽ അരയും, ഇടവത്തിൽ അരയും മിഥുനവും, കർക്കടകവും ചിങ്ങത്തിൽ അരയും, ചിങ്ങത്തിൽ അരയും കന്നിയും, തുലയും വൃശ്ചികത്തിൽ അരയും, വൃശ്ചികത്തരയും ധനുവും, മകരവും കുംഭത്തരയും കുംഭത്തരയും മീനവും, രാശിഖണ്ഡങ്ങളിൽ സഞ്ചരിക്കുന്നു. ഇപ്രകാരം എട്ടു യാമങ്ങളിലെയും രാശിസഞ്ചാരക്രമം അടങ്ങിയ പട്ടിക അടിയിൽ ചേർത്തുകൊള്ളുന്നു.

സൂര്യാദികളായ ഗ്രഹങ്ങളുടെ മേഷാദിരാശിപാദങ്ങളിലെ സഞ്ചാരക്രമപ്പട്ടിക.

ഗ്രഹങ്ങൾ	൧-ാം യാമം	൨-ാം യാമം	൩-ാം യാമം	൪-ാം യാമം	൫-ാം യാമം	൬-ാം യാമം	൭-ാം യാമം	൮-ാം യാമം
സൂര്യൻ	മേടം 4-ം ഇടവം 2-ം	ഇടവം 2-ം മിഥുനം 4-ം	കർക്കി 4-ം ചിങ്ങം 2-ം	ചിങ്ങം 2-ം കന്നി 4-ം	തുലാം 4-ം വൃശ്ചികം 2-ം	വൃശ്ചികം 2-ം ധനു 4-ം	മകരം 4-ം കുംഭം 2-ം	കുംഭം 2-ം മീനം 4-ം
കുജൻ	ഇടവം 2-ം മിഥുനം 4-ം	കർക്കി 4-ം ചിങ്ങം 2-ം	ചിങ്ങം 2-ം കന്നി 4-ം	തുലാം 4-ം വൃശ്ചികം 2-ം	വൃശ്ചികം 2-ം ധനു 4-ം	മകരം 4-ം കുംഭം 2-ം	കുംഭം 2-ം മീനം 4-ം	മേടം 4-ം ഇടവം 2-ം
ഗുരു	കർക്കി 4-ം ചിങ്ങം 2-ം	ചിങ്ങം 2-ം കന്നി 4-ം	തുലാം 4-ം വൃശ്ചികം 2-ം	വൃശ്ചികം 2-ം ധനു 4-ം	മകരം 4-ം കുംഭം 2-ം	കുംഭം 2-ം മീനം 4-ം	മേടം 4-ം ഇടവം 2-ം	ഇടവം 2-ം മിഥുനം 4-ം
ബുധൻ	ചിങ്ങം 2-ം കന്നി 4-ം	തുലാം 4-ം വൃശ്ചികം 2-ം	വൃശ്ചികം 2-ം ധനു 4-ം	മകരം 4-ം കുംഭം 2-ം	കുംഭം 2-ം മീനം 4-ം	മേടം 4-ം ഇടവം 2-ം	ഇടവം 2-ം മിഥുനം 4-ം	കർക്കി 4-ം ചിങ്ങം 2-ം
ശുക്രൻ	തുലാം 4-ം വൃശ്ചികം 2-ം	വൃശ്ചികം 2-ം ധനു 4-ം	മകരം 4-ം കുംഭം 2-ം	കുംഭം 2-ം മീനം 4-ം	മേടം 4-ം ഇടവം 2-ം	ഇടവം 2-ം മിഥുനം 4-ം	കർക്കി 4-ം ചിങ്ങം 2-ം	ചിങ്ങം 2-ം കന്നി 4-ം
ശനി	വൃശ്ചികം 2-ം ധനു 4-ം	മകരം 4-ം കുംഭം 2-ം	കുംഭം 2-ം മീനം 4-ം	മേടം 4-ം ഇടവം 2-ം	ഇടവം 2-ം മിഥുനം 4-ം	കർക്കി 4-ം ചിങ്ങം 2-ം	ചിങ്ങം 2-ം കന്നി 4-ം	തുലാം 4-ം വൃശ്ചികം 2-ം
ചന്ദ്രൻ	മകരം 4-ം കുംഭം 2-ം	കുംഭം 2-ം മീനം 4-ം	മേടം 4-ം ഇടവം 2-ം	ഇടവം 2-ം മിഥുനം 4-ം	കർക്കി 4-ം ചിങ്ങം 2-ം	ചിങ്ങം 2-ം കന്നി 4-ം	തുലാം 4-ം വൃശ്ചികം 2-ം	വൃശ്ചികം 2-ം ധനു 4-ം
രാഹു	കുംഭം 2-ം മീനം 4-ം	മേടം 4-ം ഇടവം 2-ം	ഇടവം 2-ം മിഥുനം 4-ം	കർക്കി 4-ം ചിങ്ങം 2-ം	ചിങ്ങം 2-ം കന്നി 4-ം	തുലാം 4-ം വൃശ്ചികം 2-ം	വൃശ്ചികം 2-ം ധനു 4-ം	മകരം 4-ം കുംഭം 2-ം

ജിനേന്ദ്രമാല:—

ഇരവിയെഴുത്തും വാളരവമിറ്റു
പരവുമതിന്റെപം പാക്കേനാം—വിരവിയ
വില്ല്യാട്ടമാൻപൊൻചെയ്ചേടമിതൈവയീരാറു
നൽകടിതൈകയഅവെന്തായ്നാട്ടും. ൨൪

സാരം: സൂര്യൻ, ധൂമം, രാഹു, ചന്ദ്രൻ, ശനി, സൂക്ഷ്മം, ശുക്രൻ, ഇന്ദ്രധനസ്സ്, ബുധൻ, ഗുരു, കുജൻ പരിവേഷം ഈ പന്ത്രണ്ടു ഗ്രഹങ്ങളും ഇടവം മുതൽ വ്യൽക്രമേണ പന്ത്രണ്ടു രാശികളിലുമായി അറുപതു നാഴികകൊണ്ടു സഞ്ചരിക്കുന്നു. രാത്രിയും പകലുംകൂടി അറുപതു നാഴികയാണല്ലോ. അറുപതു നാഴികയെ പന്ത്രണ്ടു ഭാഗമായി വിഭജിച്ചാൽ ഒരോ വിഭാഗത്തിനും അഞ്ചു നാഴികവീതം കിട്ടുന്നു. ആദ്യത്തെ അഞ്ചു നാഴിക സൂര്യൻ ഇടവത്തിലും ധൂമം മേടത്തിലും രാഹു മീനത്തിലും ചന്ദ്രൻ കുംഭത്തിലും ശനി മകരത്തിലും സൂക്ഷ്മം ധനുസ്സിലും ശുക്രൻ വൃശ്ചികത്തിലും ഇന്ദ്രധനസ്സ് തുലാത്തിലും ബുധൻ കന്നിയിലും ഗുരു ചിങ്ങത്തിലും ചൊവ്വാ കർക്കടകത്തിലും പരിവേഷം മിഥുനത്തിലും സഞ്ചരിക്കുന്നു. രണ്ടാമത്തെ അഞ്ചു നാഴികയിൽ സൂര്യൻ മേടത്തിലും ധൂമം മീനത്തിലും രാഹു കുംഭത്തിലും ചന്ദ്രൻ മകരത്തിലും ശനി ധനുവിലും സൂക്ഷ്മം വൃശ്ചികത്തിലും ശുക്രൻ തുലാത്തിലും ഇന്ദ്രധനസ്സ് കന്നിയിലും ബുധൻ ചിങ്ങത്തിലും ഗുരു കർക്കടകത്തിലും ചൊവ്വാ മിഥുനത്തിലും പരിവേഷം ഇടവത്തിലും സഞ്ചരിക്കുന്നു. മൂന്നാമത്തെ യാമം മുതല്ക്കും ഇപ്രകാരം കണ്ടുകൊള്ളുക.

ഈ സഞ്ചാരക്രമം അടങ്ങിയ പട്ടിക ചുവടെ ചേർത്തുകൊള്ളുന്നു.

ഗ്രഹ / ഭാവം	1	2	3	4	5	6	7	8	9	10	11	12
രവി	ഇടവം	മേടം	മീനം	കുംഭം	മകരം	ധനു	വൃശ്ചികം	തുലാം	കന്നി	ചിങ്ങം	കർക്കടകം	മിഥുനം
ശുക്രൻ	മേടം	മീനം	കുംഭം	മകരം	ധനു	വൃശ്ചികം	തുലാം	കന്നി	ചിങ്ങം	കർക്കടകം	മിഥുനം	ഇടവം
[illegible]	മീനം	കുംഭം	മകരം	ധനു	വൃശ്ചികം	തുലാം	കന്നി	ചിങ്ങം	കർക്കടകം	മിഥുനം	ഇടവം	മേടം
ചന്ദ്രൻ	കുംഭം	മകരം	ധനു	വൃശ്ചികം	തുലാം	കന്നി	ചിങ്ങം	കർക്കടകം	മിഥുനം	ഇടവം	മേടം	മീനം
ശനി	മകരം	ധനു	വൃശ്ചികം	തുലാം	കന്നി	ചിങ്ങം	കർക്കടകം	മിഥുനം	ഇടവം	മേടം	മീനം	കുംഭം
വ്യാഴം	ധനു	വൃശ്ചികം	തുലാം	കന്നി	ചിങ്ങം	കർക്കടകം	മിഥുനം	ഇടവം	മേടം	മീനം	കുംഭം	മകരം
[illegible]	വൃശ്ചികം	തുലാം	കന്നി	ചിങ്ങം	കർക്കടകം	മിഥുനം	ഇടവം	മേടം	മീനം	കുംഭം	മകരം	ധനു
[illegible]	തുലാം	കന്നി	ചിങ്ങം	കർക്കടകം	മിഥുനം	ഇടവം	മേടം	മീനം	കുംഭം	മകരം	ധനു	വൃശ്ചികം
[illegible]	കന്നി	ചിങ്ങം	കർക്കടകം	മിഥുനം	ഇടവം	മേടം	മീനം	കുംഭം	മകരം	ധനു	വൃശ്ചികം	തുലാം
[illegible]	ചിങ്ങം	കർക്കടകം	മിഥുനം	ഇടവം	മേടം	മീനം	കുംഭം	മകരം	ധനു	വൃശ്ചികം	തുലാം	കന്നി
[illegible]	കർക്കടകം	മിഥുനം	ഇടവം	മേടം	മീനം	കുംഭം	മകരം	ധനു	വൃശ്ചികം	തുലാം	കന്നി	ചിങ്ങം
[illegible]	മിഥുനം	ഇടവം	മേടം	മീനം	കുംഭം	മകരം	ധനു	വൃശ്ചികം	തുലാം	കന്നി	ചിങ്ങം	കർക്കടകം

കതിരമൃന്നർപാമ്പിരാകക്കാട്ടിയവെൺകോട്ക
ട്ടറിന്നുമിചാന്ദ്രമൃതരോൻറിവിതിയേ
യിടമെ വന്നംവാരാ ടിയെപ്ര്രാതംപിന്ന
ദമെയവായൂൻറമുക്കാൽ ൨൫

സാരം:—സൂര്യൻ മുതൽ രാഹുവരെയുള്ള എട്ടു ഗ്രഹങ്ങളും ഉദയമുഹൂർത്തത്തിൽ നിന്നും വാരനാഥൻതുടങ്ങി വടക്കുകിഴക്കുമൂലയിൽനിന്നും വ്യുൽക്രമേണ എട്ടു ദിക്കുകളിലും സഞ്ചരിക്കുന്നു. രണ്ടാമത്തെ മുഹൂർത്തത്തിൽ വാരനാഥൻതുടങ്ങി വടക്കു ദിക്കിൽനിന്നും ആപ്രകാരം സഞ്ചരിക്കുന്നു. ഇങ്ങനെ എട്ടു മുഹൂർത്തങ്ങളിലും വ്യുൽക്രമേണ സഞ്ചരിക്കുന്നതായി ഗ്രഹിച്ചുകൊള്ളേണം.

ഞായർ മുതൽ ശനിവരെ ഏഴു വാരങ്ങൾക്കും സൂര്യൻ മുതൽ ശനിവരെയുള്ള ഏഴു ഗ്രഹങ്ങളും വാരനാഥന്മാരാകുന്നു. ഞായറാഴ്ചയ്ക്കു സൂര്യനും തിങ്കളാഴ്ചയ്ക്കു ചന്ദ്രനും ഇങ്ങനെ ഏഴ് ആഴ്ചയ്ക്കു ഏഴു ഗ്രഹങ്ങളെ കണ്ടുകൊള്ളുക. മേൽപ്പറഞ്ഞ ഒരു മുഹൂർത്തത്തിനു മൂന്നേമുക്കാൽ നാഴികയാണു്. അതനുസരിച്ചു പകലും രാത്രിയുംകൂടെ പതിനാറു മുഹൂർത്തം ഉണ്ടെന്നു ധരിക്കണം.

പ്രാഗാദീശാനപര്യന്തം യാമേശാദ്യന്തകാൻ ഗ്രഹാൻ
പ്രഥമപ്രഹരേ ചൈവമുദ്യാമേപി തഥൈവ / ഗ്ന്യാദികോണേഷു
ഏവം ശാസ്ത്രേ തൃതീയേ ച ക്രമേണ പരികല്പയേൽ.

സാരം—കിഴക്കുതുടങ്ങിയ ദിക്പ്രദേശങ്ങളിൽ വാരനാഥൻ തുടങ്ങി ഏഴു ഗ്രഹങ്ങളെയും പരികല്പിക്കണം. ഒന്നാമത്തെയാമത്തിൽ ഇന്ദ്രദിക്കിലും രണ്ടാമത്തെ യാമത്തിൽ അഗ്നികോണിലും മൂന്നാമത്തെ യാമത്തിൽ തെക്കേദിക്കിലും ഇങ്ങനെ എട്ടു യാമത്തിലും വാരനാഥനെ എട്ടുദിക്കിലുമായി കല്പിക്കേണ്ടതാകുന്നു.

ഒന്നാമത്തെയാമത്തിൽ വാരനാഥനെ കിഴക്കും രണ്ടാമത്തെ യാമത്തിൽ തെക്കുകിഴക്കും മൂന്നാമത്തെയാമത്തിൽ

തെക്കും നാലാമത്തെ യാമത്തിൽ തെക്കുപടിഞ്ഞാറും അഞ്ചാമത്തെ യാമത്തിൽ പടിഞ്ഞാറും ആറാമത്തെ യാമത്തിൽ വടക്കുപടിഞ്ഞാറും ഏഴാമത്തെ യാമത്തിൽ വടക്കും എട്ടാമത്തെ യാമത്തിൽ വടക്കുകിഴക്കും എന്നു കൊള്ളുക. യാമാധിപൻ ഏതു യാമത്തിൽ ഏതു ദിക്കിലിരിക്കുന്നുവോ, ആ യാമത്തിൽ ആ ദിക്കിന്റെ നാലാമത്തെ ദിക്കിൽ അടുത്ത യാമാധിപനും നാലാമത്തെ പിന്നത്തെ ദിക്കിൽ പിന്നത്തെ യാമാധിപനുമെന്ന ക്രമത്തിൽ എട്ടു ദിക്കുകളിലും ഗ്രഹി ച്ചുകൊള്ളണം. യാമനാഥൻ ഒന്നാംയാമത്തിലാണെങ്കിൽ സൂര്യൻ കിഴക്ക്, ചന്ദ്രൻ തെക്കുകിഴക്ക്; ചൊവ്വ തെക്ക്; ബുധൻ തെക്കുപടിഞ്ഞാറ്; ഗുരു പടിഞ്ഞാറ്; ശുക്രൻ വടക്കുപടിഞ്ഞാറ്, ശനി വടക്ക്; ഈ പ്രകാരം മറ്റു യാമങ്ങളിലും ഗ്രഹിച്ചുകൊള്ളണം.

ഗ്രാഹ്യോ യാമാധിനാഥോ യാമേശാദ്യാ ദിശാസ്വിഹ സൻ
തദ്ദിനാദ്യന്തയാമാർക്കാദ്യാ ഗ്രഹാദിക്രമാദികം
താരാശ്ച ദിനേശസ്യ ഗ്രഹകേന്ദ്രാദികാലയാമാദിഷു

യാമം യാമാധിനാഥന്റെ ദിക്കിലേക്കു ഗ്രഹങ്ങളും ഉദിതം ആയി, നക്ഷത്രവും ഈ ക്രമത്തിന ഭവിക്കുന്ന പ്രശ്ന ലഗ്നത്തിൽ ചന്ദ്രൻ നില്ക്കുന്ന രാശിയിൽ നിന്ന് എത്ര രാശികൾ കഴിഞ്ഞിട്ട് ഉദയലഗ്നം സംഭവിക്കുന്നുവോ, അത്ര മാസങ്ങളുടെ ഫലങ്ങൾ അനുഭവിച്ചതിനുശേഷം സംഭവിക്കുമെന്ന് ചിലർ അഭിപ്രായപ്പെടുന്നു. മറ്റു ചിലരാകട്ടെ, നവാംശാധിപനിൽ നിന്ന് ഉദയലഗ്നവാസം എത്രാമത്തെ രാശിയായി ഭവിക്കുന്നുവോ അത്രാമത്തെ ദിവസത്തിൽ ഫലസിദ്ധിയുണ്ടാകുമെന്നു പറയുന്നു.

പ്രശ്നേ നന്ദിശ്ചിത്യ ഘടികാഃ ഖേടാഃ പടികാഃ ക്രമാൽ
സാർദ്ധപടിഘടിപൂർണ്ണമെന്നെന്നും പ്രോക്താസ്തേ
തുല്യം കാലമെന്നും ഇതു പൂർവ്വമിതേന്ദ്രാണാൽ
തദാശാത് പ്രഷ്ടൃരാശ്ചം ലഗ്നാദ്യാചാര്യമതേനാം
അംശാധിപത്യം പ്രോക്തം സൂത്രസിദ്ധം ഫലം

സാരം — സൂര്യോദയംമുതൽ ആദ്യത്തെ രണ്ടരനാഴിക അർക്കലഗ്നം, അതിനുശേഷം രണ്ടരനാഴിക കാലലഗ്നം, അതിനുമേൽ രണ്ടരനാഴിക അർക്കലഗ്നം ഈ ക്രമത്തിന് അർക്കലഗ്നകാലലഗ്നങ്ങളെ ഒന്നിടവിട്ട് രണ്ടരരണ്ടര നാഴികകളിൽ കണ്ടുകൊള്ളണം. ആ അർക്കലഗ്നകാലലഗ്നങ്ങളെ കിഴക്കുതുടങ്ങിയ എട്ടു ദിക്കുകളിലും കല്പിച്ചുകൊള്ളണം. സൂര്യോദയാനന്തരം ആദ്യത്തെ രണ്ടരനാഴികയായ അർക്കലഗ്നം കിഴക്കും, പിന്നത്തെ രണ്ടരനാഴികയിലെ കാലലഗ്നം തെക്കുകിഴക്കും അടുത്ത രണ്ടരനാഴികയിലെ അർക്കലഗ്നം തെക്കും ഇങ്ങനെ മറ്റു ദിക്കുകളിലും കല്പിക്കുക. ഈ ക്രമത്തിൽ പ്രശ്നസമയത്തെ നാഴികയ്ക്കു അർക്കലഗ്നകാലലഗ്നങ്ങളിൽ ഏതൊരു ലഗ്നം വരികുന്നുവോ ആ ലഗ്നത്തിന്റെ ദിക്കിനെ അറിഞ്ഞുകൊള്ളണം. ആ ദിക്കാണു പൃച്ഛാവിന്റെ സ്വരൂപമറികയെന്നത്. ആ ദിക്കിനു മുൻപൊന്ന പ്രകാരം * ഏതു ഗ്രഹത്തിന്റെ ആധിപത്യം ഉണ്ടാകുന്നുവോ ആ ഗ്രഹം പ്രശ്നകാലത്തിൽ സ്ഥിതിചെയ്യുന്ന ദിക്കിൽ മോഷ്ടാവ്, മോഷ്ടദ്രവ്യം മുതലായവയുണ്ടെന്നു നിശ്ചയിക്കാം.

ഉദയാദി പതിനാലുനാഴികയ്ക്കു പ്രശ്നം ആരംഭിച്ചുവെന്നിരിക്കട്ടെ; അപ്പോഴത്തെ ലഗ്നം കാലലഗ്നമാണല്ലോ; അതു ആറാമത്തെ ലഗ്നമാകയാൽ ആറാമത്തെ ദിക്കായ വടക്കുപടിഞ്ഞാറു ദിക്കിനെ സൂചിപ്പിക്കുന്നു. വടക്കുപടിഞ്ഞാറുകോണാകുന്നു പൃച്ഛാവിനാൽ സൂചിതമായിരിക്കുന്നത്. ആ ദിക്കിനു "സൂര്യാദ്യാഃ" ഇത്യാദി പ്രമാണപ്രകാരം ശുക്രൻ അധിപതിയാകുന്നു. ശുക്രൻ ഈ സമയത്തിൽ ഏതൊരു ദിക്കിൽ ഇരിക്കുന്നുവോ, ആ ദിക്കിൽ കള്ളനും നഷ്ടദ്രവ്യങ്ങളുംമറ്റുമുണ്ടെന്നു പറയണം.

---

* 96, 97, 98 ഈ പദ്യങ്ങളിൽ പറഞ്ഞ പ്രകാരം.

ആരൂഢലഗ്നസ്യ ലയാദ്ധഭാഗാ
ചന്ദ്രാദ്യശേഷൈഃ ഗുണിതാസ്തു ഭക്താഃ
വാരാദ്യ... പൃഷ്ഠ ... ക്രമേണ
കാലാദ്യഹോരാ ... ദിശന്തി സൂക്ഷ്മം. (൧൦൪)

ഇവിടെ പ്രശ്നാരൂഢത്തെ ലഗ്നസ്ഫുടമെന്നും, അതിൽനിന്നും സൂര്യസ്ഫുടം കുറച്ച്, ശിഷ്ടത്തെ വിനാഴികയാക്കി വെച്ചേക്കുക. അതിൽനിന്നും ൧൦൦ കഴിച്ചു ബാക്കിയുള്ളതിനെ ഒരുരാശിയിലുള്ള വിനാഴികയിൽ നിന്നും കുറച്ചാൽ ശിഷ്ടത്തെ ൬൦ കൊണ്ടു ഹരിച്ചു ഫലത്തെ ... (ആറാമത്തേതായ ... ഞായറാഴ്ച തുടങ്ങി ഏഴാമത്തേതായ ...) ... സംഖ്യയും കൂട്ടി ൭ കൊണ്ടു ഹരിക്കണം. കിട്ടുന്ന ശിഷ്ടം സൂര്യൻമുതൽ എത്രാമത്തെ ഗ്രഹത്തെക്കുറിക്കുന്നുവോ, ആ ഗ്രഹമത്രേ കാലഹോരയ്ക്ക് അധിപൻ.

ലഗ്നസ്ഫുടത്തിൽനിന്നും സൂര്യസ്ഫുടത്തെ വാങ്ങി യ ശിഷ്ടം ൧൫൦ വിനാഴികയാണെന്നിരിക്കട്ടെ; ഈ സംഖ്യയെ ... എന്നു വിചാരിക്കുക. അതിൽനിന്നും ൧൦൦ കഴിച്ചാൽ ശിഷ്ടം ൫൦ കിട്ടും. ഈ ... ത്തിനെ ഒരുരാശിയിലുള്ള ൨൦൦ വിനാഴിയിൽ കുറച്ചാൽ ശിഷ്ടം ൧൫൦ ... ഈ ... ൬൦ കൊണ്ടു ഹരിച്ചാൽ ൨ ... പ്രശ്നദിവസം ബുധനാഴ്ചയാണെങ്കിൽ, ബുധനാഴ്ച ... ആകയാൽ ൪ കൂടെ മൂന്നു കിട്ടിയ ... കൂട്ടിയാൽ ... ൭ ... ൭ കൊണ്ടു ഹരിച്ചാൽ ശിഷ്ടം ൫ കിട്ടും. സൂര്യൻ തുടങ്ങി അഞ്ചാമത്തെ ഗ്രഹം ഗുരുവാകയാൽ അതു പ്രശ്നത്തെ കാലഹോരയുടെ അധിപൻ ആ ഗുരുവാണെന്നറിയണം.

യാത്രാരാശികളും ഗ്രഹങ്ങളും

മേഷകർക്കിതുലാമകരാ യാത്രാഖ്യാ ഇതരിതാഃ
കർക്കടസിംഹവൃശ്ചികൻ ധനുർമൂലസംജ്ഞകാഃ. ...

ധാതുസ്ഥിരാഖ്യകന്യാരാശയോ ജീവാസ്സംജ്ഞിതകാഃ
കുജേന്ദുമന്ദാഹിജാ ധാതവഃ പരികീർത്തിതാഃ ॥ ൧൭ ॥
മൂലംശുക്രദിനാധിപൌ ജീവൌ ധിഷണസോമജൌ

സാരം:— മേടം, കർക്കടകം, തുലാം, മകരം ഇവ ധാതുരാശികൾ എന്നു പറയപ്പെടുന്നു. കുംഭം, ചിങ്ങം, വൃശ്ചികം, ഇടവം ഇവ മൂലരാശികളും ആം. മീനം, മിഥുനം, കന്നി ഇവ ജീവരാശികളുമാണ്. കുജൻ, ചന്ദ്രൻ, ശനി, രാഹു ഇവർ ധാതുഗ്രഹങ്ങൾ എന്നു പറയപ്പെടുന്നു. ശുക്രൻ, സൂര്യൻ ഇവർ മൂലഗ്രഹങ്ങളാണ്. വ്യാഴം, ബുധൻ ഇവർ ജീവഗ്രഹങ്ങളുമാകുന്നു.

സ്ഥാനഭേദേന ചില ഗ്രഹങ്ങൾക്ക് ഉണ്ടാകുന്ന
ധാത്വാദി സംജ്ഞകൾ.

സ്വക്ഷേത്രേ ഭാനുവച്ചന്ദ്രോ ധാതുരന്യത്ര പൂർവവത് ॥ ൧൮ ॥
സ്വക്ഷേത്രേ മന്ദജോ ജീവി സ്വക്ഷേത്രധാതുരിന്ദുജഃ

സാരം— ചന്ദ്രൻ സ്വക്ഷേത്രത്തിൽ നില്ക്കുമ്പോൾ സൂര്യനെപ്പോലെയാണ്. സൂര്യൻ മൂലഗ്രഹമാണെന്നു മുമ്പു പറഞ്ഞുവല്ലോ; സ്വക്ഷേത്രത്തിൽ നില്ക്കുന്ന ചന്ദ്രൻ സൂര്യനെപ്പോലെ മൂലഗ്രഹമായി ഭവിക്കുമെന്നു ധരിക്കണം. മററുള്ള സ്ഥാനങ്ങളിൽ മുൻപു പറഞ്ഞതുപോലെ ചന്ദ്രൻ ധാതുഗ്രഹംതന്നെയാണ്. സ്വക്ഷേത്രത്തിൽ നില്ക്കുന്ന ശനി ജീവിയായി (വള്ളിയായി) ഭവിക്കും. സ്വക്ഷേത്രത്തിൽ നില്ക്കുന്ന ബുധൻ ധാതുഗ്രഹവുമാണ്.

ജിനേന്ദ്രമാല:—

മറിച്ചുവാണെണ്ണുകൊൾവ ധാതുമൂലമെന്നതാതു
വെറിനെ ജീവരാശിയായ്മൂല നെറിയായ
നണ്ടുചിങ്ങമീനമൊടു തേൾ കർക്കടമാഴ് കുഴലാ
യുതങ്ങൾക്കു ജീവനാമം. (൧൯)
ഉടയോൻതിങ്കൾചൊവ്വാശനിധാതുവാ
മോടിരവിവെള്ളി മൂർമൂലമാം—നീടിയ

പൊൻപുലവൻ ചിവനാമെൻപവരെപ്പൊയ്യാമിർ
നമ്പുലമെയ്യോർകണയത്തു (൨൫)

അജക്കാരത്തുള്ളതന്നിലത്തിലൊന്നു
മുക്കാമ്പിന്നിലത്തിൽ മൂലമതിലൊക്ക
മന്ത്രപൂർവ്വമായിരത്തന്നിലത്തിൽ
പൂതന്തുരാശിയായ് ച്ചൊല്ലൂ. (൨൬)

താരുവിരവിമെയ്ത്തുരുകോണാക്കിന
തെരുകെതന്തുരുകവിരിന നൂറു
മൂലമ്മീനംമെയ്യെറയർകണ്ടു
ചൊലകെന്നെയർമാറായ് ച്ചൊല്ലൂ. (൨൭)

താരുക്കൾ മുറ്റിൽ ചിന്തിയിന
തോമുസ്ഥാനത്തിനകൂ — മറ്റിന
മൂലമെന്നിവന്നുമറ്റുന്നാമിർ
ചൊരാമിതന്തുചാരു (൨൮)

സാര: മേടം, കർക്കടകം, തുലാം, മകരം ഇവ ധാതുരാശികളും ഇടവം, ചിങ്ങം, വൃശ്ചികം, കുംഭം ഇവ മൂലരാശികളും മിഥുനം, കന്നി, ധനു, മീനം ഇവ ജീവരാശികളുമാകുന്നു. (26) ചന്ദ്രൻ, കുജൻ, ശനി, രാഹു ഇവർ ധാതുഗ്രഹങ്ങളും സൂര്യനും ശുക്രനും മൂലഗ്രഹങ്ങളും ബുധനും ഗുരുവും ജീവഗ്രഹങ്ങളാകുന്നു. (27) സൂര്യനും ചന്ദ്രനും സ്വക്ഷേത്രത്തിൽ നിൽക്കുമ്പോൾ ധാതുഗ്രഹങ്ങളും അന്യരാശികളിൽ നിൽക്കുമ്പോൾ മൂലഗ്രഹങ്ങളുമാകുന്നു. സ്വക്ഷേത്രസ്ഥിതനായ ശനി മൂലഗ്രഹവും മറ്റു രാശികളിൽ നിൽക്കുന്ന ശനി ധാതുഗ്രഹവുമാകുന്നു. ബുധൻ സ്വക്ഷേത്രത്തിൽ ധാതുഗ്രഹവും അന്യത്ര ജീവഗ്രഹവുമത്രെ. (28) ആരൂഢരാശിയായ ധാതുരാശിക്ക്, ധാതുരാശി ഛത്രരാശിയായാലും ആ രാശിയെ ധാതുഗ്രഹം നോക്കിയാലും ഇതുകൊണ്ട് നിർദ്ദേശിക്കേണ്ടതു ധാതുചിന്തയാകുന്നു. ആരൂഢരാശി മൂലരാശിയായാൽ അതിന്ന് മൂലരാശി ഛത്രരാശിയായാലും മൂല

ഗ്രഹം നോക്കിയാലും മൂലവസ്തുവിനെത്തന്നെ നിർദ്ദേശിക്കേണ്ടതാകുന്നു. ആരൂഢരാശി ജീവരാശിയായാൽ അതിന്റെ ജീവരാശിഛത്രരാശിയായാലും ജീവഗ്രഹം നോക്കിയാലും ജീവവസ്തുവിനെ നിർദ്ദേശിക്കണം. (29) ആരൂഢരാശി ധാതുരാശിയായാൽ മൂലരാശി ഛത്രരാശിയായാലും മൂലഗ്രഹം നോക്കിയാലും ജീവവസ്തുവിനെ നിർദ്ദേശിക്കണം. അതുപോലെതന്നെ ആരൂഢരാശി മൂലരാശിയായാൽ അതിന്റെ ധാതുരാശി ഛത്രരാശിയായാലും ധാതുഗ്രഹം നോക്കിയാലും ജീവവസ്തുവിനെനിർദ്ദേശിക്കണം. ആരൂഢരാശി ധാതുരാശിയായാൽ അതിന്റെ ജീവരാശിഛത്രരാശിയായാലും ജീവഗ്രഹം നോക്കിയാലും മൂലവസ്തുവിനെ നിർദ്ദേശിക്കണം. അതുപോലെതന്നെ ആരൂഢരാശി ജീവരാശിയായി അതിന്റെ ജീവരാശിഛത്രരാശിയായാലും ധാതുഗ്രഹം നോക്കിയാലും മൂലവസ്തുവിനെ ഗ്രഹിക്കേണ്ടതാകുന്നു. ആരൂഢരാശി മൂലരാശിയായി ആ രാശിക്ക ജീവരാശിഛത്രരാശിയായാലും ജീവഗ്രഹം നോക്കിയാലും ധാതുവസ്തുവിനെ ഗ്രഹിക്കണം. അപ്രകാരംതന്നെ ആരൂഢരാശി മൂലരാശിയായി അതിന്റെ മൂലരാശി ഛത്രരാശിയാവുകയും മൂലഗ്രഹം നോക്കുകയും ചെയ്താൽ ധാതുവസ്തുവിനെത്തന്നെ ഗ്രഹിക്കേണ്ടതാകുന്നു. (30)

ഗ്രഹങ്ങളുടെ ഗ്രഹകാരകത്വങ്ങൾ

താമ്രം ഭൌമസ്യ പുർജ്ഞസ്യ കാഞ്ചനം ധിഷണസ്യ വൈ
രൌപ്യം ശുക്രശ്ശശീകാംസ്യമായസം മന്ദഭോഗിനോഃ.

സാരം:—കുജന്നു താമ്രവും ബുധന്നു പിച്ചളയും ഗുരുവിന്നു സ്വർണ്ണവും ശുക്രന്നു വെള്ളിയും ചന്ദ്രന്നു വെങ്കലവും ശനിക്കും രാഹുവിന്നും ഇരിമ്പുമാകുന്നു.

ഭൌമാർക്കമന്ദശുക്രാസ്തു സ്വാസ്വാലോഹാഃ സ്വശോധിതാഃ
ചന്ദ്രജ്ഞഗുരവസ്ത്വസ്വാലോഹാഃ സ്വക്ഷേത്രമിത്രഗാഃ
മിത്രേമിശ്രഫലം ബ്രൂയാത് ഗ്രഹാണാം വാ ബലക്രമാൽ.

സാരം:- ചൊവ്വ, സൂര്യൻ, ചന്ദ്രൻ, ശുക്രൻ ഇവർ സ്വക്ഷേത്രാദ്യുന്നതന്മാരായിരുന്നാൽ താമ്രാദികളായ ലോഹങ്ങളുടെ കർത്തൃത്വത്തെ വഹിക്കുന്നു. ചന്ദ്രൻ, ബുധൻ, ഗുരു സ്വക്ഷേത്രാദികളിൽ ബലവാന്മാരായിരുന്നാൽ അവരവർക്കു പറയപ്പെട്ട ലോഹങ്ങളുടെ കാരകത്വം വഹിക്കുന്നു. ഒന്നിലധികം ഗ്രഹങ്ങൾ ഒന്നിച്ചുചേർന്നാൽ ആ ഗ്രഹങ്ങൾക്കു പറഞ്ഞ ലോഹങ്ങൾ ചേർന്ന വസ്തുവിനെയോ, അതിൽ വെച്ച് ഏറ്റവും ബലവാനായ ഗ്രഹത്തിന്റെ വസ്തുവിനെയോ പറയേണ്ടതാകുന്നു.

സൂര്യാദിഗ്രഹങ്ങളുടെ ശിലാവർഗ്ഗകാരകത്വപ്രകാരം

ശിലാംഭാനോർബുധസ്യേഷ്ടാ മൃൽപാത്രം ഗുഷാംവിധോഃ
സിതസ്യ മുക്താ സ്ഫടികേ പ്രവാളം ഭൂസുതസ്യ ച
ആയസം ഭാനുപുത്രസ്യ മന്ത്രിണശ്ച മനശ്ശിലാ.

സാരം:- സൂര്യന് പാറക്കല്ലും ബുധന് മൺപാത്രവും ചന്ദ്രന് ക്ഷാരമണ്ണും ശുക്രന് മുത്തുംസ്ഫടികവും ചൊവ്വയ്ക്കു പ്രവാളവും ശനിക്ക് ഇരുമ്പും ഗുരുവിന് മനയോലയുമാകുന്നു.

സ്വോച്ചാദികേ ധാതുധാതുന്ന്യാ ധാതൂൻ നീചഗേ ഗ്രഹേ
ഘടിതാഘടിതം ബ്രൂയാദ്ബുദ്ധ്യാ ജ്ഞാനപ്രദീപികേ.

സാരം:- ഗ്രഹങ്ങൾ ഉച്ചം മുതലായ രാശികളിൽ നിൽക്കുമ്പോൾ പുടപാകങ്ങളാൽ ശുദ്ധിചെയ്യപ്പെട്ട ധാതുക്കളെന്നും ഘടിത മറ്റു ധാതുക്കളോടുചേർന്ന ധാതുക്കളെന്നും നീചത്തിൽ നിൽക്കുമ്പോൾ ശുദ്ധിചെയ്യപ്പെടാത്ത ധാതുക്കളെന്നും അഘടിത മറ്റുധാതുക്കളോടു ചേരാത്ത ധാതുക്കളെന്നും പറയണം.

ഗ്രഹങ്ങളുടെ രത്നകാരകത്വപ്രകാരം

നീലം ശനേശ്ച വൈഡൂര്യം ഗോമേദകം തമോവിദഃ പ്രക്ര
സൂര്യകാന്തം ദിനേശസ്യ ചന്ദ്രകാന്തം നിശാപതേഃ

സാരം:—ശനിക്കു നീലരത്നവും ശുക്രനു വൈഡൂര്യവും ബുധനു മരകതവും സൂര്യനു സൂര്യകാന്തവും ചന്ദ്രനു ചന്ദ്രകാന്തവുമാകുന്നു.

ജിനേന്ദ്രമാല:—

ചെമ്പുചെയ്തുകൻറാകുമപൊൻവെള്ളിപുകർ
നമ്പുചിർ വെൺകലമാനമതിയം വെമ്പു
കതിരോൻറൻ പിത്തളെയങ്കാരിയൊട്ടുപാമ്പു
മുതിരാതിയും പൊൻറാമെ. (൩൧)

അഴ്വാൻചെയ്കാരിയണി പുകളെൻറിനൈത്തും
വാഴ വരൈന്ത വരയർകുമ്പി—താഴ്വില്ലാ
നാടറിവാൻ പൊൻപുരത്തിനധിരായാട്ചികളി
നിട്ടം വടിവെൻറ നൻമൈ. (൩൨)

വെങ്കതിരോൻകർക്കളാമെതെക്ക മങ്ങളകളാ
ന്തിങ്കളവർ നീലൻറികഴിതമ്പാ—ബുധൻ
പളിങ്കോട്ടമുത്തു പവഴങ്ങളൊയ് പാമ്പു
തെളിന്ത മനോചിലൈ പൊൻപൊചൻ (൩൩)

അഞ്ജനാങ്കാരിവൈഡൂര്യം പുകരാം
വജ്രമിൽപുതി മരതകമാ—മെഞ്ചിയ
ചൂരിയകച്ചൂരിയ കാന്തമാത്രയ്മതിക്ക
നീരിലുയർകാന്തനിനൈ (൩൪)

മാണിക്കമുത്തു പവഴമരതകമാ
മാണിക്കപാമ്പൻ വൈട്ടൂരിയ—കോണിറന്ത
കോമേതകം വയിരമിയർ കോളെൻപതിർക്കടെവേ
യാമാകത്തോൻറുമറി. (൩൫)

സാരം:—സൂര്യനു പിച്ചളയും ചന്ദ്രനു വെങ്കലവും ചൊവ്വയ്ക്കു താമ്രവും ബുധനു തകരവും ഗുരുവിനു പൊന്നും ശനിരാഹുകേതുക്കൾക്ക് ഇരിമ്പുമാകുന്നു. വ. ഫ സൂര്യൻ, കുജൻ,

ശുക്രൻ, ശനി ഇവൎക്ക് ഒരു മുഖമുള്ള ആയുധവും ചന്ദ്രൻ, ബുധൻ, ഗുരു ഇവൎക്കു രണ്ടു മുഖമുള്ള ആയുധവുമാകുന്നു. ഗ്രഹങ്ങൾ സ്വക്ഷേത്രത്തിൽ നിന്നാൽ അവരുടെ ആയുധങ്ങൾ അതാതിന്റെ രൂപത്തോടുകൂടിയവയും മറ്റുരാശികളിൽ നിന്നാൽ രാശികളുടെ രൂപത്തോടുകൂടിയവയുമത്രെ. ൨. സൂൎയ്യനു കല്ലും ചന്ദ്രനു കണ്ഠമണിയും കുജനു പവിഴവും ബുധനു പൂഴിക്കല്ലും ഗുരുവിനു സ്വൎണ്ണവും ശുക്രനു സ്ഫടികം മുത്തും ശനിക്ക് ഇരിമ്പിനോടു സംബന്ധമുള്ള മണ്ണും രാഹുവിന് മണ്ണോടു ചേൎന്നമായ പാഷാണങ്ങളുമാകുന്നു. ൨. രവിക്കു സൂൎയ്യകാന്തവും ചന്ദ്രനു ചന്ദ്രകാന്തവും ബുധനു മരകതവും ശുക്രനു വൈഡൂൎയ്യവും ശനിക്കു നീലരത്നവുമാകുന്നു. ൩. സൂൎയ്യനു മാണിക്യവും ചന്ദ്രനു മുത്തും കുജനു പവിഴവും ബുധനു മരകതവും ഗുരുവിനു പുഷ്യരാഗവും ശുക്രനു വൈഡൂൎയ്യവും ശനിക്കു നീലവും രാഹുവിനു വൈഡൂൎയ്യവും കേതുവിനു ഗോമേദകവുമാകുന്നു. ൨൯

ഗ്രഹങ്ങളുടെ ആഭരണഭേദം

നൃരാശൗ നൃഖഗൈർദൃഷ്ടേ യുക്തേ വാ മർത്ത്യഭൂഷണം ഏവം
തത്തദ്രാശിവശാദന്യത്തദ്രൂപം വിചിന്തയേൽ
തത്തദ്ഗ്രഹവശാദ്വൎണ്ണം തത്തദ്രാശിവശാദപി ൩൦
ബലാബലവിശേഷേണ മിശ്രേ മിശ്രഫലം വദേൽ.

സാരം: മനുഷ്യരാശി മനുഷ്യഗ്രഹത്താൽ ദൃഷ്ടിചെയ്യപ്പെടുകയോ മനുഷ്യഗ്രഹത്തോടു ചേൎച്ചയോ ചെയ്താൽ മനുഷ്യർ ധരിക്കുന്ന ആഭരണത്തെ കല്പിക്കണം. മറ്റുള്ള സ്ഥാനങ്ങളിൽ അതതുരാശിയെ അനുസരിച്ച് അവയുടെ രൂപത്തെ ചിന്തിക്കണം. ആഭരണത്തിന്റെ നിറത്തെ ഗ്രഹം, രാശി ഇവയുടെ ബലാബലത്തെ അറിഞ്ഞു ചിന്തിക്കേണ്ടതാകുന്നു. രണ്ടും തുല്യബലത്തോടുകൂടിയവയാണെങ്കിൽ രാശിയുടെയും ഗ്രഹത്തിന്റെയും നിറങ്ങളെ പറയണം.

ജിനേന്ദ്രമാല:—

മക്കളിരാശിയുതൊളുമതിന്നുടനേ
യൊക്കെവെഴുതതുംപോഴ്തുത്തതാമമാ — മക്ക
ളുനികലമായ്ത്തോൻറുമേയക്കൊണ്ടിറത്ത
വണികലമാമെൻപതറി. (൩൫)

വെള്ളിതലെപ്പൂണിയാമെന്നതയുമിന്നുകാതി-
ലുള്ളപണിയരവുമൊൺചനിയു - മൊള്ളിമ്മെയായ്
നീണ്ടകാൽകൈകയിർപണിയാനീറംപൊൻമതിചേയേൻ
മാണ്ടക്കവാക്കുമേൽവെ (൩൬)

പൊൻമാമണിമാലെപോൽവന്നചെങ്കല്ല്
മന്നകാപൊൺചാരെണമാമതിയ — മിന്ന
കർണ്ണമാൻവന്നകാർകന്നകൻ മയിരെൻ
പുരിയകനകമെന്നവോർ (൩൭)

പൊന്നവുന്താൺകാരെ പോററുമണികളുള
പൊന്നെറിയേററം മാൻവുപൊന്നനടൻ — പൊന്ന
നെറിപ്പിൻെറപൂൺ പനവാവുൻ പുകർപൊൻമുത്തു
ച്ചേറിപള്ളിക്കൊടീയ മതി ചെമ്പു (൩൮)

സാരം:—മനുഷ്യരാശി ഉദയത്തിൽ രണ്ടുകാലുള്ള ഗ്രഹം നിന്നാൽ മനുഷ്യർ ധരിക്കുന്ന ആഭരണത്തെയും ആ ആഭരണത്തിന് ആ ഗ്രഹത്തിൻെറനിറത്തെയുംപറയണം. (36) രവി, കുജൻ ഗുരു ഇവക്കു കഴുത്തിൽ ധരിക്കുന്ന ആഭരണമാകുന്നു. ചന്ദ്രനും ബുധനും കാതിൽ അണിയുന്ന ആഭരണവും ശുക്രനു തലയിൽ ധരിക്കുന്ന ആഭരണവും ശനിക്കും രാഹുവിനും കൈയിലും കാലിലും ധരിക്കുന്ന ആഭരണവുമാണ്. (37) ഗുരുവിനു പൊൻമണിമാല മുതലായതും ചന്ദ്രനു കാതുമാലയും പട്ടംതീർത്ത രത്നങ്ങൾ പതിച്ച മാലയും ശനിക്ക് നീലരത്നം പതിച്ചമാലയും കസ്തൂരിമാൻ രോമം, വ്യാഘ്രനഖം, അസ്ഥി ഇവസംബന്ധപ്പെട്ട ആഭര

ണ്ണറും ഇരുമ്പുകൊണ്ടു ചെയ്യപ്പെട്ട ആഭരണവുമാകുന്നു. (38) ഗുരുവിനോടു രാഹു സംബന്ധപ്പെട്ടിരുന്നാൽ പൊന്നിൻനൂൽ കാറാ, കണ്ഠിക (ഇതുരണ്ടും തമിഴരുടെ ഇടയിൽ നടപ്പുള്ള ആഭരണവിശേഷങ്ങളാകുന്നു.) മുതലായവയും ശുക്രൻ സംബന്ധിച്ചിരുന്നാൽ സ്ഫടികം, തൽസംബന്ധമായ ആഭരണംമുതലായവയും ചന്ദ്രൻ ചേർന്നിനാൽ ഈയ്യംകൊണ്ടുള്ള ആഭരണവും ഗുരുനില്ക്കുന്നരാശി ഏതൊരംഗത്തെ സൂചിപ്പിക്കുന്നുവോ ആ അംഗത്തിൽ ധരിക്കുന്ന ആഭരണവും ഗുരുവൊഴികെയുള്ള ഗ്രഹങ്ങൾക്ക അംഗമധ്യത്തിൽ എവിടെയെങ്കിലും ധരിക്കുന്ന ആഭരണവും കുജൻ സംബന്ധപ്പെട്ടിരുന്നാൽ ഇരവൽവാങ്ങിയ ആഭരണവും ചൊവ്വ ഒഴികെ മറ്റു ഗ്രഹങ്ങൾ ചേർന്നിരുന്നാൽ സ്വന്തപ്പെട്ട ആഭരണവുമാകുന്നു. (39)

മൂലജ്ഞാനകാണ്ഡം

ഗ്രഹങ്ങളുടെ കാരകത്വങ്ങൾ

മൂലചിന്താവിധൌമൂലാന്യുച്യന്തേ പൂർവ്വശാസ്ത്രതഃ ॥ ൪൦
ക്ഷുദ്രസസ്യാനി ഭൌമസ്യ സസ്യാനി ബുധജീവയോഃ
കക്ഷാണിമഞ്ചസ്യ, ഭാനോശ്ച വൃക്ഷാശ്ചന്ദ്രസ്യവല്ലരീ ॥ ൪൧
ഗുരോരിക്ഷു ഭോഗാശ്ചിഞ്ചാദ്രുമാഹാം, പരികീർത്തിതാഃ
ശനിഭൌമയോരാഗാണാം ച തിക്തകണ്ടകദ്രുമാഃ ॥ ൪൨

സാരം: —മൂലങ്ങളെപ്പററിച്ചിന്തിക്കുന്നതായ ഈ പ്രകരണത്തിൽ പൂർവ്വശാസ്ത്രങ്ങളെ അപേക്ഷിച്ച് മൂലങ്ങളെ പ്രതിപാദിക്കുന്നു. കുജനു ക്ഷുദ്രസസ്യങ്ങളും ബുധനും ഗുരുവിനും തളിരുകളുമായ സസ്യങ്ങളും ബുധനു കക്ഷങ്ങ (പുല്ലു

കം വല്ലികം മുതലായതുകളും സൂൎയ്യന്നു വൃക്ഷങ്ങളും ചന്ദ്രന്നു വള്ളിയും ഗുരുവിന്നു കരിമ്പും ശുക്രന്നു പുളിയും ശനി, ചൊവ്വ, രാഹു ഇവൎക്കു കയ്പും മുള്ളുള്ള മരങ്ങളും പറയപ്പെട്ടിരിക്കുന്നു.

രാശികളുടെ സസ്യകാരകത്വങ്ങൾ

അജാളീ ക്ഷുദ്രസസ്യാനി വൃഷകൎക്കതുലാലതാഃ
കന്യകാമിഥുനേ വൃക്ഷാഃ കണ്ടകദ്രുൎഘടോ മൃഗഃ ൧൯
ഇക്ഷുൎമ്മീനഃ ക്രമാദ്ദ്വൈവം കേചിദാഹുൎമ്മനീഷിണഃ

സാരം:——മേടം, വൃശ്ചികം ഇവറ്റിന്നു ക്ഷുദ്രസസ്യങ്ങളും ഇടവം, കൎക്കടകം, തുലാം ഇവറ്റിന്നു വള്ളികളും കന്നിക്കും മിഥുനത്തിന്നും വൃക്ഷങ്ങളും കുംഭത്തിന്നും മകരത്തിന്നും മുൾച്ചെടികളും മീനത്തിന്നു കരിമ്പുമാണെന്നു ചില വിദ്വാന്മാർ അഭിപ്രായപ്പെടുന്നു.

രാശികളുടെ സസ്യകാരകത്വത്തിലുള്ള അഭിപ്രായാന്തരം.

അകണ്ടകദ്രുമാസ്സൗമ്യാഃ ക്രൂരാഃ കണ്ടകഭൂരുഹാഃ ൨൦
യുഗ്മകണ്ടക ഇതിത്യാ ഭൗമിജോ ഹ്രസ്വകണ്ടകഃ
സവക്രകണ്ടകൗ പ്രോക്തൗ ശനൈശ്ചരഭുജംഗമൗ ൨൧
പാപഗ്രഹാണാം ക്ഷേത്രാണി തഥാ കണ്ടകിനോ ദ്രുമാഃ
ശ്ലിഷ്ടകക്ഷാണി സൗമ്യസ്യ ഭൃഗോൎന്നിഷ്കണ്ടകദ്രുമാഃ ൨൨
കദളീ ചൌഷധീശസ്യ ഗിരിവക്ഷാ വിവസ്വതഃ
ബൃഹൽപത്രയുതാ വൃക്ഷാ നാരികേളാദയോ ഗുരോഃ ൨൩
താലസ്തിന്ദുൎഭുജംഗാനാം സാരിസാരൗ തരുവരേൽ
സാരഹീനാഃ ശനീന്ദ്വൎക്കാ അന്തസ്സാരൗ കവീജ്യകൗ ൨൪
ബഹിസ്സാരാസ്സ്വരാശിസ്ഥാശ്ശനീജ്യകുജപന്നഗാഃ
അന്തസ്സാരാസ്സ്വരാശിസ്ഥാ ബഹിസ്സാരാസ്ത്വന്യകേ ൨൫

സാരം:——സൌമ്യഗ്രഹങ്ങൾക്കു മുള്ളില്ലാത്ത മരങ്ങളും പാപഗ്രഹങ്ങൾക്കു മുള്ളുള്ള മരങ്ങളുമാണു്. അതിൽത

ന്നെ ആദിത്യന് ഉരുട്ടമുള്ളുകളെപ്പറയണം. ചൊവ്വയ്ക്കു നീളംകൂറഞ്ഞ മുള്ളുകളാണു്. ശനിക്കും രാഹുവിനും വളഞ്ഞ മുള്ളുകളുമത്രേ. പാപഗ്രഹങ്ങളുടെ രാശികൾക്ക മുള്ളുള്ള മരങ്ങളും ശുഭഗ്രഹങ്ങളുടെ രാശിക്ക മുള്ളില്ലാത്ത മരങ്ങളുമാണ്. ബുധന തൈരുങ്ങിയ പുല്ലുകളും വള്ളികളുമാകുന്നു. ശുക്രന മുള്ളില്ലാത്ത മരങ്ങളാണു്. ചന്ദ്രന വാഴയും സൂര്യന ഗിരിവൃക്ഷങ്ങളും ഗുരുവിന വലിയ ഇലകളോടുകൂടിയ തെങ്ങു മുതലായ വൃക്ഷങ്ങളും ശനിക്കും രാഹുവിനും പനയും സാരമുള്ളതും ഇല്ലാത്തതുമായ തരുക്കളും പറയണം. ശനി, ചന്ദ്രൻ, സൂര്യൻ ഇവർക്ക് സാരഹീനങ്ങളായ വൃക്ഷങ്ങളും ശുക്രനും ഗുരുവിനും അന്തസ്സാരങ്ങളായ വൃക്ഷങ്ങളും ചിന്തിക്കണം. ശനി, ഗുരു, ചൊവ്വ, രാഹു ഇവർ സ്വക്ഷേത്രസ്ഥിതന്മാരാണെങ്കിൽ ബഹിസ്സാരങ്ങളായ വൃക്ഷങ്ങളെപ്പറയേണ്ടതാണ്. മററുള്ള സൂര്യൻ, ചന്ദ്രൻ, ബുധൻ, ശുക്രൻ ഈ ഗ്രഹങ്ങൾ സ്വരാശിസ്ഥിതന്മാരായിരുന്നാൽ അന്തസ്സാരങ്ങളായ വൃക്ഷങ്ങളെയും അന്യരാശികളിൽനിന്നാൽ ബഹിസ്സാരങ്ങളായ വൃക്ഷങ്ങളെയും പറയേണ്ടതാകുന്നു.

ജിനേന്ദ്രമാല:—

മൂളണർന്നോർ ആലിൻമുതലെ തെരിഞ്ഞുമുലക
ളേതകവേയാന്നകെട്ടുതൂക്കെപ്പ——നോതിയ
ചെവ്വായ്ച്ചിറുപയിരാണ്ടീർചാൽ പുതൻവെള്ളി
വറ്റുൾവിളൈ വയലതാം (൪൦)

ശുരാകരമതെ മുടരോൻ പെരുമരമാ
മൊറാമതികൊടിയാം വാഴ് പൊന്നേൻ — മാറാത
തീങ്കനിവാംവെള്ളി തികഴ്കാരിപ്പാറപിരണ്ടു
മോങ്കിന്റെ മുൻമൂലമാതു (൪൧)

ആട്ടരതം പുൻപയിരാമായ്ന്തകോലേറലവ
ന്റെകൊടിയാനെടുംവള്ളി — നീടും

തിങ്കടന്തെയാഴ്പുതരാന്തിൻ ചിലൈനർചീയം
പൊരുമരങ്കളാമെൻറപേച്ചു (൪൨)

മുഴിമരമിവൈ മുള്ളുടൈയമൂലമാം
വാഴികരുമ്പാകം വാങ്കലയേറാഴി
കടുമൊട്ക മുള്ളോട്ടു നഞ്ചാകനർകോട്ട്
കൊട്ടകാത്തു മുള്ളിലാനേർറാതു (൪൩)

പുകൈകെത്തുവപൂന്തി പുകർമരങ്കളാകം
വരൈകയാനതിവെഴുന്തവാമൈഴ--തൊരൈകയാൻ
മലൈമരങ്കൾ വെള്ളോൻ മതിത്തുണരിർചെമ്പൊ
നിലൈനെരുങ്കന്തേങ്കെൻറിയമ്പു (൪൪)

ചിനങ്ങുവം വാളരവന്തിൻ ചനികട്കാകിൻ
പനങ്കാടാമെൻറുചകർക--മന്നുരു
മുട്കായ്പ്പടൻപുറക്കായ്പ്പുറവുണന്തിരാചികട്ക
ന്തിട്കാതുകോട്കളപോർചെപ്പു. (൪൫)

സാരം:--സൂര്യന്ന മരങ്ങളും ചന്ദ്രന്ന വള്ളികളും കുജന്ന പുഷ്പനെൽച്ചെടികളും ബുധന്നും ശുക്രന്നും നല്ലനെൽച്ചെടികളും ഗുരുവിന്ന കരിമ്പും ശനിക്കും രാഹുവിന്നും നെൽച്ചെടികളുമാകുന്നു (40-41) മേടത്തിന്നും വൃശ്ചികത്തിന്നും പുഷ്പനെൽച്ചെടികളും ഇടവം, കർക്കടകം, തുലാം ഇവയ്ക്കു വള്ളികളും മിഥുനത്തിന്നും കന്നിക്കും മുള്ളില്ലാത്ത ചെടികളും ചിങ്ങത്തിന്നും ധനുവിന്നും മരങ്ങളും മകരത്തിന്നും കുംഭത്തിന്നും മുൾച്ചെടികളും മീനത്തിന്ന കരിമ്പുമുതലായവയും ശുഭഗ്രഹങ്ങൾക്കു മുള്ളില്ലാത്ത മരവുമാകുന്നു. (42-43) സൂര്യന്ന പവ്ത്വൃക്ഷവും ചന്ദ്രന്ന വാഴയും ഗുരുവിന്നതെങ്ങും ശനിക്കും രാഹുവിന്നും പനയും ബുധന്നും ശുക്രന്നും വാഴ മുതലായ കുടിമരങ്ങളും കുജന്ന ചെടികളുമാണ്. ഗ്രഹങ്ങൾക്കു പറഞ്ഞ സസ്യങ്ങളെത്തന്നെയാണു അതതു ഗ്രഹങ്ങൾ ആധിപത്യം വഹിക്കുന്ന രാശികൾക്കും നിർദ്ദേശിക്കേണ്ടതു്. (൪൪– ൪൫)

ഗ്രഹങ്ങളുടെ പുഷ്പമൂലപത്രാദികാരകത്വങ്ങൾ

ത്വക്കന്ദപുഷ്പമജ്ജാ ഫലപത്രകപത്രഫലാനി ച
മൂലം ലതാ ച സൂര്യാദ്യാസ്സ്വാംശകേന്ദ്രസ്ഥിതേ ബുധഃ ക്രമാൽ

സാ: - സൂൎയ്യന്റെ തൊലി (പട്ട)യും ചന്ദ്രന്റെ കിഴങ്ങും ചൊവ്വയ്ക്കു പൂവും ബുധന്റെ ഇലയും ഗുരുവിന്റെ കായും ശുക്രന്റെ പഴവും ശനിക്കു വേരും രാഹുവിന്റെ ലതയുമാണു്. രാശികൾക്കൊക്കെ, അധിപന്മാരുടെ കാരകത്വത്തെ അനുസരിച്ചുകൊള്ളണം.

ജിനേന്ദ്രമാല: —

തോൽകിഴങ്ങു പൂവിലയെന്നുരുത്തു് പഴവുംകായുമോടുംവേ
രോൽകൊടികളെന്നു വിനിർത്തുമെന്ന — ച്ചുല
വിലങ്ങാലിവെച്ചുവനാതിപാമ്പിര
നിലങ്ങളുമിന്നിലെയിനേർ. (൫൨)

കാരിയരവങ്കവിഴ്ന്നമൂട്ടുകായ് കതിരോ
ന്റെരവിൽ വിലങ്കമൂട് ചേരു് ചിവുമുട്ടേ— രിര്
ചൊരിചാർ ചുറാമരിതെട്ടുന്നതും പാർചീയ
ന്നെരിവാകമിറ്റുകെയിൽ ചെപ്പു (൫൩)

ചന്തിരനാം വെള്ളോൻ ചനിക്കുമെൻറകാട്ടിലെ
മന്തിരിയും വെള്ളി കൊമ്പൂടു് കായ് പ്പുറനു — നര
നിറത്തിൽ്ഡിയനുചായ് ന്നിണാകം പുന്തി
ചാരായ്പ്പാമോട് ചികറ്കു് പൂട്ടി. (൫൪)

സാരം: — സൂൎയ്യന്റെ മരത്തിന്റെ തൊലിയും ചന്ദ്രന്റെ കിഴങ്ങും കുജന്റെ പൂവും ബുധന്റെ ഇലയും ഗുരുവിന്റെ പഴവും ശുക്രന്റെ കായും ശനിക്കു വേരും രാഹുവിന്റെ വള്ളിയും ഓരോ രാശികൾക്കും അതതുരാശ്യധിപന്മാർ പറഞ്ഞ അവയവങ്ങളുമാകുന്നു. ശനിക്കും രാഹുവിന്നും വളഞ്ഞ മുള്ളുകളും സൂൎയ്യന്റെ വളവില്ലാത്ത വലിയമുള്ളും കുജന്റെ വളവില്ലാത്ത

ചെറിയമുള്ളുമാണ്. രാശികൾക്ക് അധിപന്മാരുടെ കാരകത്വത്തെ സ്വീകരിച്ചുകൊള്ളണം. ശനിക്കു വളവുള്ള മുള്ളാണെന്നു പറഞ്ഞുവല്ലോ; ശനിക്ക് ആധിപത്യമുള്ള മകരം, കുംഭം ഈ രാശികൾക്കും ശനിക്കു പറഞ്ഞ വളവുള്ള മുള്ളിനെ സ്വീകരിക്കേണ്ടതാണ്. ൪൭ സൂര്യനും ചന്ദ്രനും ശനിക്കും കായ്ക്കാത്ത മരവും മറ്റുള്ള ഗ്രഹങ്ങൾക്കു കായ്ക്കുന്ന മരങ്ങളുമാകുന്നു. അവയിൽതന്നെ ഗുരുവിനും ശുക്രനും ഉള്ളിൽ കായുള്ള മരവും ചൊവ്വ, ബുധൻ, രാഹു ഇവക്കു വെളിയിൽ കായുള്ള മരവുമാകുന്നു. പഴങ്ങളുടെ നിറം അതതു ഗ്രഹങ്ങളുടെ നിറത്തിനു തുല്യമായിരിക്കും. ൪൮

ഗ്രഹങ്ങളുടെ ധാന്യകാരകത്വങ്ങൾ.

മുദ്ഗോ ജ്ഞസ്യാഢകീ ശുക്രതോ ദ്വൗ ഗോധൂമ ചണകം കുജഃ
തിലസ്സൗരാംശകോ നിഷ്പാവാ രവിർജീവോ തുണ്ഡാഢകീ ൫൦
മാഷം ശനിഭുജംഗൌ ച തഥാന്യധാന്യമുച്യതേ.

സാരം ബുധനു പയറും ശുക്രനു വെള്ളത്തുവരയും കുജനു കടലയും ചന്ദ്രനു വെളുത്ത എള്ളും സൂര്യന് അവരയും ഗുരുവിനു ചുവന്നതുവരയും ശനിക്കും രാഹുവിനും ഉഴുന്നുമാണ്. അപ്രകാരം തന്നെ അന്യധാന്യങ്ങളെയും പറയുന്നു

പ്രിയങ്ഗുർഭൂമിപുത്രസ്യ ബുധസ്യ വ്രീഹയഃ സ്മൃതാഃ ൫൧
സ്വസ്വപത്രാകാരസാമ്യേന തേഷാം ധാന്യാനി നിർദ്ദിശേൽ

സാരം:—കുജനു തിനയും ബുധനു നെല്ലുമുതലായതും അറിയേണ്ടതാകുന്നു. അവരവരുടെ ആകൃതിയനുസരിച്ചുള്ള ധാന്യങ്ങളെയും നിർദ്ദേശിച്ചുകൊള്ളണം.

ജിനേന്ദ്രമാല:—

ചെയ്യുതിരെന്നെ വരകാന്തിൻമതിക്കു വെണ്ണെല്ലാം
വായ്ത്തചനിപൊൻപുകർകവൻ മുതിരൈ—പൂത്ത

പുകർത്തന്നിറത്തൊപുകൽവർകട്ടതോ-
ടികഴനിറത്തമെൻമുതിരൈയാം (൪൯)

ചിറുപയറും തിപ്പികിവേണ്ടുവരൈ
മരുകടലൈ ചെയ്മതിയം വെള്ളെട്—കരൈലി
ലവരൈകതിർപൊന്നാവൻറാൻവരൈ
തവിർചനിപാംവെള്ളതാമ്പോറു (൫൦)

സാരം:—ചെറുപയറ്, തിന, വരക മുതലായ ധാന്യങ്ങളും ചന്ദ്രന്റെ വെളുത്തതെല്ലാം ശനിക്കും ഗുരുവിനും ബുധനും മുതിരയും അവര, തുവര മുതലായവയെല്ലാം തമിഴർക്ക് മുതിരവർഗ്ഗത്തിൽ പെട്ടവയാണ്. സൂര്യനും കുജനും രാഹുവിനും ശനിക്കും അശുഭഗ്രഹങ്ങൾക്ക് അവയുടെ തുല്യമായ നിറത്തോടുകൂടിയ മുതിരയും ചന്ദ്രൻ, ബുധൻ, ഗുരു, ശുക്രൻ ഇവക്ക് അവയുടെ തുല്യമായ നിറത്തോടുകൂടിയ ധാന്യങ്ങളും കണ്ടുകൊള്ളണം. ൪൯ ബുധന് ചെറുപയറും ശുക്രന് വെള്ളത്തുവരയും ചെറുപയറ് കടലയും ചന്ദ്രന് വെളുത്ത എള്ളും സൂര്യന് അവരയും ശനിക്കും രാഹുവിനും എള്ളുമാകുന്നു. ൫൦

ഉന്നതേ ഭാനുകുജയോർവ്വല്മീകേ ബുധരാഹ്വോഃ ശിനോഃ ഫലൻ

സലിലേ ചന്ദ്രസിതയോർഗ്ഗുരോർഗ്ഗ്ലേശതലേ തഥാ
ശനേഃ കൃഷ്ണശിലാസ്ഥാനേ മൂലാന്യേതാനി ഭൂമിഷു ൫൧

വല്ലീനം ത്വചം കലം തനമായുധം ചോരകമൂലികാഃ
പത്രം പുഷ്പം പക്വഫലം ത്വങ്മൂലം പൂർവ്വഭാഷിതം
ഗ്രഹോക്തമൂലികാം ജ്ഞാത്വാ കഥയേദ്ദൈവമാദിഷു

സാരം:—മുൻചൊന്ന ധാന്യങ്ങളും സസ്യങ്ങളും വിളയുന്നസ്ഥാനങ്ങൾ അറിയാനുള്ള മാർഗ്ഗമാണ് ഇവിടെ വെളിപ്പെടുത്തുന്നത്. കുജനും സൂര്യനും ഉന്നതസ്ഥലവും ബുധനും രാഹുവിനും ചിതൽപുറ്റും ചന്ദ്രനും ശുക്രനും

ജലവും ഗുരുവിനു മലയടിവാരവും ശനിക്കു കൃഷ്ണശിലാസ്ഥാനവും മൂലവസ്തുക്കളുടെ ഭൂമികളാകുന്നു. അതതു ഗ്രഹങ്ങളുടെ നിറം, രസം, കലം, രത്നം, ആയുധം ഇവയെയും മുൻചൊന്ന മൂലങ്ങളെയും, ഇല, കായ്, പഴം, പട്ട, വേരുതുടങ്ങിയുള്ള വൃക്ഷാവയവങ്ങളെയും ശ്രദ്ധിച്ചറിഞ്ഞ് ഉദയാരൂഢഛത്രങ്ങളെ ആസ്പദമാക്കി സൂക്ഷിച്ചു ഫലം പറയണം.

ജിനേന്ദ്രമാല:

ചെങ്കതിർമാൻ മേടാകുന്നിതാകംപുറമാകു
ന്നുങ്കരിപുകരേറ്റുമായ് നീരാകുന്നുമുള്ള
കൂരിരിലേയ്കല്ലാമ്മുനിവർകളരൈന്നെ
നന്നതിലാനാറിന്തു പാറു (൫൦)

വണ്ണത്തുവൈകലങ്കൾ വായ്ന്തമണികളൈവി
യെണ്ണറിയ മൂലമിയംകുവനാ—നണ്ണ
മിലൈലകായ്പഴന്തോൽവേർപൂവുമറ്റു
മലൈയാതവൈയുമൈവയയാം. (൫൧)

സാരം: സൂര്യനു മേടം രാഹുവിനു പുറവുള്ളയിടവും ചന്ദ്രനും ശുക്രനും ജലസംബന്ധപ്പെട്ട ഭൂമിയും ഗുരുവിനും കുജനും കൽപ്രദേശവും ശനിക്കു കരിങ്കല്ലുള്ള പ്രദേശവുമാണെന്നറിഞ്ഞു ഫലം പറയണം. (51) നിറം, രസം, കലം, മണി, ആയുധം മുതലായവയും ഇല, കായ്, പഴം, തോലി, വേര്, പുഷ്പം മുതലായവയും മുൻപാഠങ്ങൾ അനുസരിച്ചു വഴിപോലെ ഗ്രഹിച്ചു ഫലം പറയേണ്ടതാകുന്നു.

ജീവജ്ഞാനകാണ്ഡം

ചന്ദ്രോമാതാ പിതാദിത്യഃ സർവ്വേഷാം ജഗതാമപി ഗുരു-
ശുക്രകുജജ്ഞാർക്കാഃ ഖാദിമരുതാഃ പഞ്ചഭൂതസ്വരൂപിണഃ

സാരം:— സർവ്വജഗത്തിനും ചന്ദ്രൻ മാതാവും, സൂര്യൻ പിതാവുമാകുന്നു. ഗുരു, ശുക്രൻ, കുജൻ, ബുധൻ, ശനി ഇവർ ആകാശാദിക്രമത്തിന് പഞ്ചഭൂതസ്വരൂപികളുമാണ്.

ശ്രോത്രത്വങ്നേത്രരസനാഘ്രാണാഃ പഞ്ചേന്ദ്രിയാണി ച
ശബ്ദസ്പർശരൂപരസഗന്ധാ വിഷയാ അമീ

സാരം:— ഗുരു, ശുക്രൻ, കുജൻ, ബുധൻ, ശനി ഇവർ യഥാക്രമം ശ്രോത്രം, ത്വക്ക്, നേത്രം, രസന, നാസിക ഈ പഞ്ചേന്ദ്രിയങ്ങളുടെയും അവയുടെ വിഷയങ്ങളായ ശബ്ദസ്പർശരൂപരസഗന്ധങ്ങളുടെയും കാരകത്വം വഹിക്കുന്നു.

ജ്ഞാനം ഗുർവ്വാദിപഞ്ചാനാം ഗ്രഹാണാം കഥയേൽ ക്രമാൽ
ഗുരോ പഞ്ചഭൃഗോരബ്ധിർവൈന്യ വഹ്നിഃ കുജസ്യ ച
ദ്വിർജ്ഞാനം ശനേരേകപ്രോക്തം ശാസ്ത്രജ്ഞാനപ്രദീപകേ.

സാരം:— മുൻപറഞ്ഞ ക്രമത്തിൽ ഗുരു ആദിയായ അഞ്ചുഗ്രഹങ്ങൾക്കും ജ്ഞാനത്തെ പറയണം. എങ്ങിനെ എന്നാൽ ഗുരുവിന് അഞ്ചുജ്ഞാനങ്ങളും ശുക്രന് നാലു ജ്ഞാനങ്ങളും ചൊവ്വയ്ക്കു മൂന്നുജ്ഞാനങ്ങളും ബുധന് രണ്ടു ജ്ഞാനങ്ങളും ശനിക്ക് ഒരു ജ്ഞാനവുമാകുന്നു.

ഗുരുവിന് ശ്രോത്രത്വങ്നേത്രരസനാഘ്രാണങ്ങളാകുന്ന അഞ്ച് ഇന്ദ്രിയങ്ങളും ശബ്ദസ്പർശരൂപരസഗന്ധങ്ങളാകുന്ന അതിന്റെ അഞ്ചുജ്ഞാനങ്ങളുമുണ്ട്. ശുക്രന്, ത്വങ്നേത്രരസനാഘ്രാണങ്ങളാകുന്ന നാല് ഇന്ദ്രിയങ്ങളും സ്പർശരൂ

പരസഗന്ധങ്ങളാകുന്ന അവയുടെ നാലു ജ്ഞാനങ്ങളുമുണ്ട്. കുജന്, നേത്രരസനാഘ്രാണങ്ങളാകുന്ന മൂന്നു ഇന്ദ്രിയങ്ങളും രൂപരസഗന്ധങ്ങളാകുന്ന അവയുടെ മൂന്നു ജ്ഞാനങ്ങളുമുണ്ട്. ബുധന്, രസനാഘ്രാണങ്ങളാകുന്ന രണ്ടു ഇന്ദ്രിയങ്ങളും രസഗന്ധങ്ങളാകുന്ന അവയുടെ രണ്ടു ജ്ഞാനങ്ങളുമുണ്ട്. ശനിക്കു ഘ്രാണമാകുന്ന ഇന്ദ്രിയവും അതിന്റെ ജ്ഞാനമാകുന്ന ഗന്ധവുമുണ്ട്.

ജിനേന്ദ്രമാല: —

ചന്തിരനേതായാകത്താഴ്ച്ചിൽ കതിർതന്തെയായ്
വന്നുതിത്ത പൊൻപെണ്ണിചെയ്മാല്യ — മന്തന
മെയ്മുറൈയെമണ്ണീർ തീക്കാലിവറ്റോടാകായ
മെയ്വായ്കൺമൂക്കച്ചെവി (൩൩)

ആകാരിചൊന്നറിവാമീരറിവുമാൽചെയ്മ്മൂ-
ന്റാകുപുകർന്നാകറിവാമെന്റെപൊന്ന — നീകെഴു
മീക്കചെവിമൂക്കകൺവായ്മെയ്യാമിവററി-
നൊക്കമുറൈയെയുരൈ. (൩൪)

സാരം — ചന്ദ്രൻ മാതാവും സൂര്യൻ പിതാവുമാകുന്നു. ഇവരുടെ കാരണത്താൽ ആവിർഭവിച്ചവരായ ഗുരു, ശുക്രൻ, കുജൻ, ബുധൻ, ശനി ഇവർ യഥാക്രമം ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്ന അഞ്ചു ഭൂതങ്ങളോടും ത്വക്, ജിഹ്വാ, ചക്ഷുസ്സ്, ഘ്രാണം, ശ്രോത്രമെന്ന അഞ്ചു ഇന്ദ്രിയങ്ങളോടും ഭവിക്കുന്നു. [പൂജ്ഞാനദീപികയിൽ ഗുരുവിനു ശ്രോത്രവും ശുക്രനു ത്വക്കും കുജനു നേത്രവും ബുധനു രസനയും ശനിക്കു ഘ്രാണവും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ജിനേന്ദ്രമാലയിലേതുകളോട്, വ്യത്യസ്തമായി കാണപ്പെടുന്നു. ഇതിനു രണ്ടിനും വ്യത്യസ്തമായിട്ടാണ് 'ഹോര'യിലെപ്പാഠം. "ശിഖിഭൂഖപായോമരുതഃ" എന്ന ആ പാഠമനുസരിച്ച് കുജന് അഗ്നിയും, ബുധനു ഭൂമിയും, ഗുരുവിന് ആകാശവും

ശുക്രന്ന ജലവും ശനിക്കു വായുവുമാകുന്നു.] ൫൨. ശനിക്കു ഘ്രാണേന്ദ്രിയത്താൽ ഉണ്ടാകുന്ന ഗന്ധജ്ഞാനവും ഇപ്രകാരം തന്നെ. ബുധൻ, ചൊവ്വ, ശുക്രൻ, ഗുരു ഇവൎക്കു യഥാക്രമം രണ്ടും, മൂന്നും, നാലും, ആറും ജ്ഞാനങ്ങളുമുണ്ട്. (൫൪)

ബുധവൎഗ്ഗാ ഇമേ പ്രോക്താഃ ശംഖഃ ശുക്തിവരാടികാഃ
മക്കുണാദ്യുളിലീവികാ മക്ഷികാശ്ചപിപീലികാഃ ൫൫

ഭൗമവൎഗ്ഗാ ഇമേ പ്രോക്താഃ ഷട്പദാ യേ ഭൃംഗാദയഃ
ദേവാമനുഷ്യാഃ പശവോ ഭുജഗാ വിഹഗാ ഗുരോഃ ൫൬
തദ്വൈകജ്ഞാനിനോ വൃക്ഷാഃ ശനിവൎഗ്ഗാഃ പ്രകീൎത്തിതാഃ

സാമാന്യശംഖം, മുത്തുച്ചിപ്പി, കവിടി ഇവ ബുധന്റെ വൎഗ്ഗങ്ങളാകുന്നു. മൂട്ട ശിഥിലി (ഒരുതരം പിപീലിക) ഈച്ച, ഉറുമ്പ്, പുഴു ഇവ ചൊവ്വയുടെ വൎഗ്ഗങ്ങളാകുന്നു. എല്ലാതരം വണ്ടുകളും ശുക്രന്റെ വൎഗ്ഗങ്ങളാകുന്നു. ദേവന്മാർ, മനുഷ്യർ, പശു, പാമ്പ്, പക്ഷി ഇവ ഗുരുവിന്റെ വൎഗ്ഗങ്ങളാണ്. ഒററിവുമാത്രമുള്ള വൃക്ഷങ്ങൾ ശനിയുടെ വൎഗ്ഗങ്ങളുമത്രെ.

ജിനേന്ദ്രമാല:

ചങ്കലകൊടിപ്പിമുതററാൻപുഴിനതീററിവാ
മിതകരുമ്പുലേൻമുമൂട്ടിച്ചിതലുമത്തിയ
മൂൻററിവാമെച്ചാറാമ്പ് മുതൽവണ്ടുതുമ്പിമുത
നാലറിവു ചൊങ്കനെന്നാട്ട.

തേവർകൺമക്കൾ വിലങ്കു കടേർ പുട്ക-
ളേവിയ ഫിവൻകളിയാറു — മേവിയ
വൈയറിവതാങ്കുക്കൾമങ്കിച്ചമാക
മെയ്യറിവുകൊണ്ടു വിളമ്പു

മ്ന്നമകരം പറപ്പനവാമീങ്കിവരെറെ
യ്യൂനമിലാമ്പ്ളിയ് ചനിയുകാണുറുമേ ലൂനമിലായ്

> ക്കാങ്കോഴിയാകം പൂകരന്നമാൽകിളിയാം
> വാനെൻറാക്കെയാകമതി
>
> അങ്കട്കണ്ടകങ്ങൾക്കാംപൊന്നവക്ക്
> ച്ചെങ്കട്കങ്കാകഞ്ചീറവം പൊങ്ങ
> മൂങ്ങവാകങ്ങാക്കെയത്തുളന്നമറ്റെല്ലാ
> മൂങ്ങവാകമപ്പ്രവററാനോർ.

സാരം—ശംഖ്, കവിട ഇവ ബുധനെസ്സംബന്ധിച്ച ഈരറിവുള്ള പ്രാണികളും എറുമ്പ്, പേൻ, മൂട്ട, ചിതൽ ഇവ കുജനെസ്സംബന്ധിച്ച മൂന്നറിവുള്ള പ്രാണികളും മൂരൽ (മത്സ്യവിശേഷം, വണ്ടെന്നും) ഇവ ശുക്രനെസ്സംബന്ധിച്ച നാലറിവുള്ളവയാകുന്നു. (൬൭) ദേവന്മാർ, മനുഷ്യർ, പശുക്കൾ ഇവ അഞ്ചറിവുള്ളവയും ഗുരുവിനെ സംബന്ധിച്ചവയുമാകുന്നു. (൬൮) മീനം, മകരം ഈ രാശികളെ ബലവാനായ ശനി, ചൊവ്വ ഇവർ വീക്ഷിക്കുമെങ്കിൽ യാതൊരു ന്യൂനതയുമില്ലാത്ത വാങ്കോഴിയെപ്പറയണം. ശുക്രൻ നോക്കുന്നുവെങ്കിൽ അരയന്നത്തെയും ബുധൻ നോക്കുന്നുവെങ്കിൽ കിളിയെയും ചന്ദ്രൻ നോക്കുന്നുവെങ്കിൽ മയിലിനെയും പറയേണ്ടതാകുന്നു. (൬൯) മീനം മകരം ഇവയെ സൂര്യൻ നോക്കിയാൽ ഗരുഡനെ ഉദ്ദേശിക്കണം. ഗുരു നോക്കിയാൽ കോഴി, നീർപ്പക്ഷി, മാടപ്രാവ്, ഇവയെ പ്പറയണം. രാഹു നോക്കിയാൽ കാക്കയെപ്പറയേണ്ടതാണ്. (൭൦)

> ഏകദ്വിത്രിചതുഃപഞ്ചേന്ദ്രിയാഃ സ്യുഃ ക്രമാൽ
> ഭൗമോ ജീവശ്ശനി ശുക്രോ ബുധോ നാസേക്ഷണേ കുജഃ
> ശ്രോത്രം ശനൈശ്ചരശ്ചൈവ ഗ്രഹാവയവ ഇതീരിതഃ ക്രമാൽ
>
> ചിപാച്ചുള്ളിന്ദ്രോസ്ത്രവാഹാപാദിഹരാഃ ജാതാഃ ക്രമാൽ
> ശംഖശംബൂകസംഘാംശ്ച പാദഹീനാന്വിനിർദ്ദിശേൽ

ശുകാമുഖേണമുഖ്യാശ്ച ബഹുപാദാ ഉദാഹൃതാഃ
ഗോധാകമഠമുഖ്യാസ്തു തഥാ ചംക്രമണാചിതാഃ ൧൩

സാരം ആകാശത്തിന്ന ശബ്ദമെന്ന ഒരു ഗുണവും വായുവിന്ന ശബ്ദം സ്പർശമെന്ന രണ്ടു ഗുണങ്ങളും അഗ്നിക്കു ശബ്ദം സ്പർശം രൂപമെന്ന മൂന്ന ഗുണങ്ങളും ജലത്തിന്ന ശബ്ദം സ്പർശം രൂപം രസമെന്ന നാലുഗുണവും ഭൂമിക്കു ശബ്ദം സ്പർശം രൂപം രസം ഗന്ധമെന്ന അഞ്ചു ഗുണങ്ങളു മുണ്ടെന്ന പറയപ്പെട്ടിരിക്കുന്നു. ഗുരു ദേഹവും ശുക്രൻ രസനയും ബുധൻ നാസികയും കുജൻ ചക്ഷുസ്സും ശനി ശ്രോത്രവുമാണെന്ന നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഗുരു രണ്ടു കാലുള്ള പ്രാണിയെന്നും ശുക്രൻ നാലുകാലുള്ള പ്രാണിയെന്നും ബുധൻ അനേകം കാലുള്ള പ്രാണിയെന്നും കുജൻ പക്ഷിയെന്നും ശനി മുട്ടകൊണ്ട് ഇഴയുന്ന പ്രാണിയെന്നും ധരിക്കേണ്ടതാകുന്നു. ശംഖം ശംബൂകം (ചെവിത്തി ശംബൂകാജലശുക്തയഃ എന്ന് അമരം) ഇവ പാദരഹിതങ്ങളാണെന്ന പറയണം. പേൻ മൂട്ട മുതലായവ അനേകപാദങ്ങളാണെന്നും ഉടുമ്പ് ആമ മുതലായവ ചംക്രമണചരങ്ങളെന്നും പറയേണ്ടതാകുന്നു

ഉദ്ദേശിച്ച വസ്തു ഇന്നതെന്ന് അറിവാൻ.

മൃഗമീനൌ ദ്വിചരൌ തുലാധര മന്ദഭൂമിജൌ
വനാകൎക്കടകൌ ച ചിന്തിതാവിതി കീൎത്തയേൽ

തദ്രാശിസ്ഥേ സിതേ ഹംസഃ ശുകഃ സൌമ്യേ ശിഖീ
വീക്ഷിതേ ച തഥാ ബ്രൂയാൽ ഗ്രഹൈരാശൈ വിചക്ഷണഃ

തദ്രാശിസ്ഥ രവൌ തേന ദൃഷ്ടേ ബ്രൂയാൽ ഖഗേശ്വരം
ബൃഹസ്പതൌ സിതബകൌ ഭരദ്വാജസ്തു മോഹിനി

കുക്കുടോജ്ഞസ്യ ശുക്രസ്യ ഭിവാന്ധഃ പരികീൎത്തിതഃ
അന്യരാശിസ്ഥിതേ ഖേടേ തത്തദ്രാശിഫലം വദേൽ

സൌമ്യേ ഖേടൈപിജാസ്തു സൌമ്യാഃ ക്രൂരാക്രൂരഗ്രഹേ സ്ഥിതാഃ

സാരം — മകരവും മീനവും ആകാശസഞ്ചാരികളാകുന്നു. ആ രാശികളിൽ ശനിയും ചൊവ്വയും സ്ഥിതിചെയ്താൽ യഥാക്രമം കാട്ടുകോഴിയേയും കാക്കയേയും ചിന്തിക്കണം. ആ രാശികളിൽ ശുക്രൻ നിന്നാൽ ഹംസത്തെ ചിന്തിക്കേണ്ടതാണ്. ബുധൻ നിന്നാൽ കിളിയെയും ചന്ദ്രൻനിന്നാൽ മയിലിനെയും ചിന്തിക്കേണ്ടതാകുന്നു. ആ രാശികളെ മേൽപറഞ്ഞ ഗ്രഹങ്ങൾ വീക്ഷിച്ചാലും മേൽപ്രകാരമുള്ള പക്ഷികളെ ചിന്തിച്ചുകൊള്ളണം. മകരത്തിലും മീനത്തിലും സൂര്യൻ നില്ക്കുകയോ നോക്കുകയോചെയ്താൽ ഗരുഡനെയും ഗുരു നോക്കുകയോ നില്ക്കുകയോ ചെയ്താൽ വെള്ളക്കൊക്കിനെയും രാഹു നില്ക്കുകയോ നോക്കുകയോ ചെയ്താൽ വാൽനീണ്ട കരിങ്കുരുവിയെയും ബുധൻനില്ക്കുകയോ നോക്കുകയോ ചെയ്താൽ കോഴിയെയും ശുക്രൻ നില്ക്കുകയോ നോക്കുകയോ ചെയ്താൽ പകൽ കണ്ണുകാണാൻ പാടില്ലാത്ത പക്ഷിയെയും പറയേണ്ടതാകുന്നു. ഗ്രഹങ്ങൾ മകരവും മീനവും ഒഴിച്ചുള്ള രാശികളിൽ നില്ക്കുകയോ നോക്കുകയോ ചെയ്താൽ അതതു രാശിക്കു യോജിച്ച ഫലത്തെ പറഞ്ഞുകൊള്ളണം. ശുഭഗ്രഹങ്ങൾ നില്ക്കുകയോ നോക്കുകയോ ചെയ്താൽ ശുഭപക്ഷികളെയും ക്രൂരഗ്രഹങ്ങൾ നില്ക്കുകയോ നോക്കുകയോചെയ്താൽ ക്രൂരപക്ഷികളെയും പറയേണ്ടതുമാണ്.

ഉച്ചരാശ്യുദയേ സൂര്യേ ദൃഷ്ടേ ഭൂപസ്സമാശ്രിതഃ
ഉച്ചസ്ഥാനേക്ഷിതേ രാജാ നേതാ സ്വക്ഷേത്രഗേക്ഷിതേ
രാജാശ്രിതസ്സുമിത്രസ്ഥ വീക്ഷിതേ സമഗേ ഭടാഃ
അന്യരാശിഷു യുക്തേഷു ദൃഷ്ടേ വാ സങ്കരാന്വദേൽ
കാംസ്യകാരഃ കപാലഭൃത് കാംസ്യവിക്രയിണസ്തഥാ
ശംഖച്ഛേദിധാതുചൂർണ്ണാന്വേഷിണഃ സ്വർണ്ണകാരിണഃ

സാരം — ഉച്ചരാശി ഉദയത്തിൽ സൂര്യൻ നില്ക്കുകയോ നോക്കുകയോ ചെയ്താൽ രാജാവിനെയോ രാജാവിന്റെ ആ

ശ്രിതനേയോ വിചാരിക്കണം. ഉദയലഗ്നത്തിൽ ഉച്ചരാശി സ്ഥിതനായ സൂൎയ്യൻ വീക്ഷിച്ചാൽ രാജാവിനെയും സ്വക്ഷേത്രസ്ഥിതനായ സൂൎയ്യൻ ഉദയലഗ്നത്തെ വീക്ഷിച്ചാൽ ഭടനായകനേയും മിത്രരാശിസ്ഥിതനായ സൂൎയ്യൻ ഉദയലഗ്നത്തെ വീക്ഷിച്ചാൽ രാജാവിന്റെ ആശ്രിതനെയും സമരാശി (സമന്റെ രാശി)സ്ഥിതനായ സൂൎയ്യൻ ഉദയത്തെ നോക്കിയാൽ ഭടനേയും ചിന്തിക്കേണ്ടതാകുന്നു. അന്യരാശികൾ(മേടവും തുലയുമൊഴിച്ചുള്ള രാശികൾ) ഉദയമായി അവയിൽ സൂൎയ്യൻ നില്ക്കുകയോ നോക്കുകയോ ചെയ്താൽ സങ്കരത്വത്തെ കല്പിക്കണം. (അടിയിലത്തെ ശ്ലോകംകൊണ്ടു സങ്കരത്വത്തെ വെളിപ്പെടുത്തുന്നു) മൂശാരി, കുശവൻ, വെങ്കലപ്പാത്രങ്ങൾ വ്യാപാരംചെയ്യുന്നവൻ, ശംഖ് ഉടയ്ക്കുന്നവൻ (മുത്തു് എടുക്കുന്നവനുമാകാം) ധാതുചൂൎണ്ണങ്ങളെ അന്വേഷിക്കുന്നവൻ (ധാതുക്കളും ഉപധാതുക്കളും മറവം നീററി ഭസ്മമാക്കുന്നവൻ) തട്ടാൻ ഇവരാകുന്നു.

നൃരാശൗ ജീവദൃഷ്ടേ വാ മനുജേ ബ്രാഹ്മണാദയഃ ഏവൻ
ബുധയുക്തേഽഥവാ ദൃഷ്ടേ തദാ ജ്ഞേയാസ്തപസ്വിനഃ

തദാ ചോഷ്ണകേ തു വൃഷളാഃ സങ്കരാസ്ത്വശിതോഗിനൈ
കിമ്പുരുഷവിശേഷോഽസ്തി മീനേ മാന്ത്രികകാഃ

ചന്ദ്രസ്യ ദിനജാതിത്വാ വൈശ്യാദ്യോരഗണാഃ സ്മൃതാഃ
രാഹോർഗ്ഗോമേ ചണ്ഡാദ്യനൃസ്തുതാഃ പരികീർത്തിതാഃ

ശനേസ്തു മ്ലേച്ഛാഃ പ്രോക്താ രാഹോർധീവരമാലിനഃ
ശേഷച്ഛത്രിനഃ കാമാന്ത്രികശില്പിനസ്ത്വഥാ

ചൂൎണ്ണകാരോരകതികഗ്രാഹീ ശുക്രസ്യ പരികീർത്തിതഃ
തത്തദ്രാശിവശാജ്ജാതി തത്തദ്രാശി സ്ഥിതൈൎഗ്രഹൈഃ

തത്തദ്രാശിസ്ഥചേടാനാം ബലതോ നശ്യന്തിത്വഃ ഏന്നർ

സാരം — മനുഷ്യരാശി ഉദയത്തെ ഗുരു നോക്കിയാൽ മുമ്പു സൂൎയ്യന്റെ നോട്ടത്തിൽ ചിന്തിക്കണമെന്നു പറഞ്ഞ

പ്രകാരം ബ്രാഹ്മണാദികളെയും മനുഷ്യരാശി ഉദയത്തിൽ ബുധൻ നിൽക്കുകയോ നോക്കുകയോ ചെയ്താൽ തപസ്വിയെയും മനുഷ്യരാശി ഉദയത്തിൽ ശുക്രൻ വീക്ഷിച്ചാൽ ശൂദ്രനെയും മനുഷ്യരാശി ഉദയത്തിൽ ചന്ദ്രനോ രാഹുവോ നോക്കിയാൽ സങ്കരജാതിയെയും ചിന്തിക്കണം. എന്നാൽ ഇവിടെ ഒരു വിശേഷമുള്ളതുകൂടി പറയാം. മീനരാശി ഉദയത്തിൽ സൂര്യൻ നോക്കിയാൽ വേലക്കാരനെയും, ചന്ദ്രൻ നോക്കിയാൽ വൈദ്യനെയും, ബുധൻ നോക്കിയാൽ വൈശ്യനെയും മോഷണസംഘത്തെയും, രാഹു നോക്കിയാൽ വിഷം കൊടുക്കുന്നവൻ ചണ്ഡാളൻ തസ്കരൻ ഇവരെയും പറയേണ്ടതാകുന്നു. ശനി നോക്കിയാൽ മരംവെട്ടിയെയും, രാഹു നോക്കിയാൽ മുക്കുവൻ മാല കെട്ടുന്നവൻ ശംഖുചെത്തുന്നവൻ നടൻ തൊഴിലാളി (അലക്കുകാരൻ തച്ചൻ മുതലായവർ), നർത്തകൻ ശില്പവേല ചെയ്യുന്നവൻ ഇവരെയും പറയേണ്ടതാകുന്നു. ശുക്രൻ നോക്കിയാൽ പൊടിചെയ്യുന്നവൻ, ഭേരി ഏറ്റുകുന്നവൻ ഇവരെ പറയേണ്ടതാണ്. അതതു രാശിയെക്കൊണ്ടും അതതു രാശിയിൽ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങളെക്കൊണ്ടും ജാതിയെ നിശ്ചയിക്കണം. അതതുരാശികളിൽ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങളുടെ ബലത്തെക്കൊണ്ടു നഷ്ടവസ്തുവിനെ അറിയേണ്ടതാകുന്നു.

ധാതുമൂലജീവകാണ്ഡം.

മേഷരാശിയിൽ സൂര്യാദിഗ്രഹങ്ങൾ സ്ഥിതിചെയ്താൽ അറിയപ്പെടേണ്ടവ.

മേഷരാശിസ്ഥിതേ ഭൗമേ മേഷമാഹുർമ്മനീഷിണഃ
തസ്മിന്നർക്കസ്ഥിതേ വ്യാഘ്രം ഗോലാംഗൂലംബുധേസ്ഥിതേ

ശുക്രേ ഗൌർവൃഷഭശ്ചന്ദ്രേ ഗുരാവശ്വശ്ശനൗ പരം
മഹിഷസ്സൂര്യ്യതനയേ രാഹൌ ഗവയ ഉച്യതേ. ൧൩൩

സാരം — മേടത്തിൽ ചൊവ്വാ നിന്നാൽ ആടിനെയും സൂര്യൻ നിന്നാൽ വ്യാഘ്രത്തെയും ബുധൻ നിന്നാൽ ഗോലാങ്ഗുലത്തെ (മർക്കടവിശേഷത്തെ)യും ശുക്രൻ നിന്നാൽ പശുവിനെയും ചന്ദ്രൻ നിന്നാൽ കാളയെയും ഗുരു നിന്നാൽ കുതിരയെയും ശനി നിന്നാൽ എരുമയെയും രാഹു നിന്നാൽ കൃഷ്ണമൃഗത്തെയും അറിയേണ്ടതാകുന്നു.

ഇടവം രാശികൊണ്ട് അറിയപ്പെടേണ്ടവ

വൃഷഭേ ഽഥ ഭൃഗൗ ഛാഗഃ കുജേ മൃഗ ഉദാഹൃതഃ
ബുധേ കപിർഗ്ഗുരാവശ്വഃ ശശാങ്കേ ധേനുരുച്യതേ ൧൩൪
ആദിത്യേ ശരഭഃ പ്രോക്തോ മഹിഷീ ശനിസർപ്പയോഃ

സാരം — ഇടവത്തിൽ ശുക്രൻ നിന്നാൽ [illegible] പ്രസവിച്ച പശുവിനെയും കുജൻ നിന്നാൽ മാനിനെയും ബുധൻ നിന്നാൽ കുരങ്ങിനെയും ഗുരു നിന്നാൽ കുതിരയെയും ചന്ദ്രൻ നിന്നാൽ പുതുതായി പ്രസവിച്ച പശുവിനെയും സൂര്യൻ നിന്നാൽ ശരഭത്തെയും (സിംഹത്തിനു തുല്യമായ ഒരു മൃഗം; സിംഹത്തെ സംഹരിപ്പാനും ശക്തി അതിനുണ്ട്) ശനിയോ രാഹുവോ നിന്നാൽ എരുമയെയും പറയണം.

കർക്കടേഽഥ ഖരോ ഭൗമേ മഹിഷീ നക്രഗേ കുജേ ൧൩൫
വൃഷഭേഽഥ ഹരിർയുഗ്മേ [illegible] കന്യായാം [illegible]

സാരം — കർക്കടകത്തിൽ കുജൻ നിന്നാൽ കഴുതയെയും മകരത്തിൽ കുജൻ നിന്നാൽ എരുമയെയും ഇടവത്തിൽ കുജൻ നിന്നാൽ സിംഹത്തെയും മിഥുനത്തിൽ കുജൻ നിന്നാൽ ശ്വാവിനെയും കന്നിയിൽ നിന്നാൽ കുറുക്കനെയും അറിയേണ്ടതാകുന്നു.

ഹരിസ്ഥേ ഭൂമിജേ വ്യാഘ്രോ രവീന്ദ്വോസ്തത്ര കേസരി ഗ്രസൻ
ശുക്രേ ശ്വാ വാനരഃ സൌമ്യേ ത്വന്യൈഃ ശ്വാകൃതയോ മതാഃ

സാരം — ചിങ്ങത്തിൽ ചൊവ്വ നിന്നാൽ വ്യാഘ്രത്തെയും സൂൎയ്യനോ ചന്ദ്രനോ നിന്നാൽ സിംഹത്തെയും ശുക്രൻ നിന്നാൽ ശ്വാവിനെയും ബുധൻ നിന്നാൽ കുരങ്ങിനെയും അന്യഗ്രഹങ്ങൾ (ഗുരു ശനി രാഹു ഇവ) നിന്നാൽ ശ്വാവിന്റെ ആകൃതിയോടുകൂടിയ മൃഗങ്ങളെയും ചിന്തിക്കണം.

തുലാഗതേ ഭൃഗൌ ഗൌ വാ ശശാങ്കേ ഗാവഃ പ്രകീൎത്തിതാഃ
ധനുഃസ്ഥിതേഷു ജീവാദ്യ കുജേഷു തുരഗോ ഭവേൽ
സപുത്രേഽൎക്കേ സ്ഥിതേ കുംഭേ മത്തമാതംഗ ഉദാഹൃതഃ
സൎപ്പശ്ച തത്ര രാഹൌ സ്യാദ്വാനരോ ബുധജീവയോഃ

സാരം — തുലാത്തിൽ ശുക്രൻ നില്ക്കുമ്പോൾ പശുക്കിടാവിനെയും ചന്ദ്രൻ നിന്നാൽ പശുവിനെയും ധനുവിൽ ഗുരുവോ ചന്ദ്രനോ കുജനോ നിന്നാൽ കുതിരയെയും കുംഭത്തിൽ ശനിയോടുകൂടി സൂൎയ്യൻ നിന്നാൽ മദഗജത്തെയും അവിടെ രാഹു നിന്നാൽ സൎപ്പത്തെയും ബുധനോ ഗുരുവോ നിന്നാൽ കുരങ്ങിനെയും പറയണം.

ശുക്രാമൃതാംശ്വൎക്കേഷു സ്ഥിതേഷു പത്രമുച്യതേ
ജീവസൂൎയ്യേക്ഷിതേ ഗൎഭം വന്ധ്യാ രവിജവീക്ഷിതേ
അങ്ഗാരകേക്ഷിതേ ശുഷ്കമിതി ജ്ഞാത്വാ വദേൽസുധീഃ

സാരം കുംഭത്തിൽ ശുക്രനോ ചന്ദ്രനോ സൂൎയ്യനോ നിന്നാൽ പത്രവെന്നും കുംഭത്തിൽ ഗുരുവോ സൂൎയ്യനോ നോക്കിയാൽ ഗൎഭമുള്ള പത്രവെന്നും ശനിനോക്കിയാൽ മച്ചി പത്രുവെന്നും ചൊവ്വ നോക്കിയാൽ ചടച്ച പത്രുവെന്നും അറിഞ്ഞു ബുദ്ധിമാന്മാർ ഫലം പറയേണ്ടതാകുന്നു.

വക്ഷ്യേഽഹം ചിന്തനാം സൂക്ഷ്മാം ജൈനസ്യ പരിചിന്തി-
ധിഷണേ കുംഭരാശിസ്ഥേ ത്രികോണേ വാഽഥ പശ്യതി (താം
സൃതോ ഗജസ്ഥോഽഥാ മീനധനുഷി വീക്ഷിതേ ഗുരൌ

സാരം — ഞാൻ, ജനങ്ങളാൽ ചിന്തിക്കപ്പെട്ട സൂക്ഷ്മമായ ചിന്തനത്തെ പറയുന്നു. (മനസ്സിൽ വിചാരിച്ചിരിക്കുന്നതിനെ പറയുന്നതിനുള്ള മാർഗ്ഗത്തെ വെളിപ്പെടുത്തുന്നുവെന്ന് താല്പര്യം.) പ്രശ്നലഗ്നത്തിലും അതിന്റെ ത്രികോണങ്ങളിലും [illegible] ഈ രാശികളിലും നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ട് മനസ്സിൽ വിചാരിക്കപ്പെട്ടത് എന്താണെന്ന് പറയേണം. ശുക്രചന്ദ്രന്മാർ [illegible] ഈ രാശികളെ വീക്ഷിച്ചാലും ഇങ്ങനെതന്നെ പറയേണ്ടതാകുന്നു.

ദ്യൂനേ കപി [illegible] ശനൌ [illegible]
കന്യേ [illegible] ബുധേ [illegible]
ഗുരുശുക്രേന്ദ്വോ [illegible] ഏവം
[illegible] നിധനേ [illegible]
[illegible] ചക്രിണം വൃശ്ചികേ [illegible]
മേഷേ [illegible]
[illegible] പുരോഹിതം

സാരം — കേന്ദ്രത്തിൽ ശനി നിന്നാൽ [illegible]യും ധനത്തെയും വിചാരിച്ചുവെന്ന് പറയേണം. കുജൻ നിന്നാൽ [illegible]നെയും ബുധൻ നിന്നാൽ നർത്തകൻ ഗായകൻ ഇവരെയും പറയേണ്ടതാകുന്നു. ഗുരുവോ ശുക്രനോ സൂര്യനോ നിന്നാൽ പണ്യംകൊണ്ട് ജീവിതം നടത്തുന്ന വ്യാപാരിയെയും ചന്ദ്രൻ നിന്നാൽ [illegible] കച്ചവടക്കാരനെയും പറയേണ്ടതാകുന്നു. [illegible]ത്തിൽ ശനി നിന്നാൽ ശത്രുചിന്തയാണെന്ന് പറയേണം. [illegible]ത്തിൽ ശനി നിന്നാൽ എന്തെങ്കിലും [illegible] ശനി തുലാത്തിൽ നിന്നാൽ ചിന്താവിഷയം [illegible]. 'ചക്രി' എന്ന പദത്തിന്ന് ചക്രമുള്ളവൻ എന്നർത്ഥം. ചക്രത്തിന്ന് രാജ്യമെന്നും സൈന്യമെന്നും [illegible] അർത്ഥങ്ങളുണ്ട്. വെള്ളത്തിലെ നീർച്ചുഴിക്കും ചക്രമെന്ന് പറയും. [illegible] മുത

ലായവയും ചക്രമാണ്. ചക്രമെന്ന് ഒരായുധവിശേഷവുമുണ്ട്. ഇതിലേതെങ്കിലും ഒരു അർത്ഥത്തെ സ്വീകരിച്ചുകൊള്ളണം. ഗുരുവിനും ചക്രിയെന്നു പറയും) ശനി വൃശ്ചികത്തിൽ നിന്നാൽ രോഗചിന്തയാണ്. മേടത്തിൽ ശനി നിന്നാൽ ക്ലേശം, മരണം മുതലായവയെപ്പററിയുള്ള പ്രശ്നമാണെന്നു പറയണം. അതോടുകൂടി മിത്രാദിപഞ്ചവർഗ്ഗങ്ങളെയും (മിത്രം, ശത്രു, സമൻ, ഉച്ചം, സ്വക്ഷേത്രം) അറിഞ്ഞിട്ട് മുമ്പ് 157-158 ഈ ശ്ലോകങ്ങളിൽ പറഞ്ഞതുപോലെ ഫലം പറയേണ്ടതാകുന്നു.

ധാത്വംശേ ധാതുഖേടൈർ ദൃഷ്ടേ തദ്യുക്തസംയുതേ
ധാതുചിന്താ ഭവേത്തദ്വൽ മൂലജീവേ തഥാ വദേൽ ൧൬൦

ധാതുഭേ സ്ഥമൂലഖേടൈഃ ജീവമാഹുർവിപശ്ചിതഃ

സാരം—ധാതുരാശിയെ ധാതുഗ്രഹങ്ങൾ വീക്ഷിച്ചാലും ധാതുരാശി മാത്രരാശിയായിത്തീർന്നാലും ധാതുവെ സംബന്ധിച്ച പ്രശ്നമാകുന്നു. മൂലജീവരാശികൾ മൂലജീവഗ്രഹങ്ങളാൽ വീക്ഷിക്കപ്പെട്ടാലും മൂലജീവരാശികൾ മാത്രരാശിയായി ഭവിച്ചാലും മുൻപറഞ്ഞതുപോലെ തന്നെ പറയേണ്ടതാകുന്നു. എന്നുവച്ചാൽ യഥാക്രമം മൂലജീവപ്രശ്നങ്ങളാണെന്നു പറയണം. മൂലഗ്രഹം ധാതുരാശിയിൽ നിന്നാലും വിദ്വാന്മാർ ജീവനെത്തന്നെ പറയുന്നു.

ജീവാംശേ മൂലഖേടൈർ ദൃഷ്ടേ വാ യുതിമൂലകാഃ ൧൬൧

മൂലാംശേ ജീവഖേടൈർ ധാതുചിന്താ പ്രകീർത്തിതാ.

സാരം—ജീവരാശിയിൽ മൂലഗ്രഹങ്ങൾ നോക്കിയാലും സ്ഥിതിചെയ്താലും മൂലവർഗ്ഗങ്ങൾ ചിന്ത്യങ്ങളായിരിക്കും. മൂലരാശി ജീവഗ്രഹങ്ങളാൽ വീക്ഷിക്കപ്പെട്ടാലും അവയിൽ ജീവഗ്രഹങ്ങൾ സ്ഥിതിചെയ്താലും ധാതുപദാർത്ഥങ്ങളെ സംബന്ധിച്ച പ്രശ്നമാണെന്നു പറയണം.

ത്രിസ്ഥോദയൈർക്കദ്രേഷ്കാണയുക്താ വൈശേഷികാദയേ പ്രവൃ
ത്തിശ്ചന്ദ്രേണാശ്രുത്യ മേഷത്തകാദ്ഗ്രഹാകൃതിം.

സാരം.—മൂന്നാന ധാതുമൂലജീവരാശികളിൽ ധാതുമൂലജീവഗ്രഹങ്ങൾ തന്നിൽ നോക്കുകയോ ഒന്നിച്ചു നില്ക്കുകയോ ചെയ്താൽ ഗ്രഹങ്ങളുടെ സ്വഭാവമനുസരിച്ചു ഉണ്ടാവുമെന്നു പറയണം. ചന്ദ്രനെ മറ്റു ഗ്രഹങ്ങൾ നോക്കിയാൽ അതതു ഗ്രഹങ്ങളുടെ ആകൃതിയോടുകൂടിയ വസ്തുക്കളെ നിർദ്ദേശിക്കേണ്ടതാകുന്നു.

ധാതും മൂലഞ്ച ജീവഞ്ച വംശം വസ്ത്രം സ്മൃതം വദേൽ പ്രവൃ
ഉദയാരൂഢയോർമ്മദ്ധ്യേ ഗ്രഹയോഗേക്ഷണാത്തഥാ.

സാരം—ഉദയം ആരൂഢം ഇവയിലും മറ്റുരാശിയിലും നില്ക്കുന്ന ഗ്രഹങ്ങളേയും നോക്കുന്ന ഗ്രഹങ്ങളേയുംകൊണ്ടു ധാതു, മൂലം, ജീവൻ, വംശം, വസ്ത്രം ഇവയെ ചിന്തിച്ചു പറയേണ്ടതാകുന്നു.

അഥാപി നഷ്ടമുഷ്ടിചിന്താക്രമശോഭനൽ

കണ്ടകാദിചതുഷ്കേഷു സ്വോച്ചമിത്രഗ്രഹൈർയുതേ
ദൃഷ്ടേ വാ സർവ്വകാര്യാണാം സിദ്ധിം ബ്രൂയാച്ച ചിന്തിതാം

ഉദയേ ധാതുചിന്താ സ്യാദ്ദ്വിതീയേ മൂലചിന്തനം
മദ്ധ്യേ തു ജീവചിന്താ സ്യാൽ ത്രിഭിരേകൈശ്ചിദ്വദന്തി പ്രവൃ

കേന്ദ്രം പണപരം പ്രോക്തമാപോക്ലിമമിതി ക്രമാൽ
ചിന്താമുഷ്ടിനഷ്ടാദി കഥയേൽ കാര്യസിദ്ധയേ ॥ പ്രവൃ

സാരം—നഷ്ടം മുഷ്ടി ചിന്തനം ഇവയെ പറയുന്ന ക്രമം ഇപ്രകാരം അറിഞ്ഞു പറയേണ്ടതാകുന്നു:—'കേന്ദ്രങ്ങളിൽ (ഒന്ന്, നാല്, ഏഴ്, പത്ത്) നാലിലും സ്വക്ഷേത്രം, ഉച്ചക്ഷേത്രം, മിത്രക്ഷേത്രം ഇവയിൽ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങൾ നില്ക്കുകയോ നോക്കുകയോ ചെയ്താൽ സർവ്വകാര്യസിദ്ധി

ച്ചെപ്പറയേണ്ടതാകുന്നു. ഉദയലഗ്നത്തെക്കൊണ്ടു ധാതുസംബന്ധമായ ചിന്തകളേയും ആരൂഢലഗ്നത്തെക്കൊണ്ട് മൂലസംബന്ധമായ ചിന്തനകളേയും ഛത്രരാശിയെക്കൊണ്ട് ജീവസംബന്ധമായ ചിന്തയേയും ചെയ്യേണ്ടതാകുന്നു എന്നു ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. കേന്ദ്രം, പണപരം ആപോക്ലിമമെന്നു മൂന്നു സ്ഥാനങ്ങളും യഥാക്രമം ചിന്തനം, മുഷ്ടി, നഷ്ടം ഇവയെപ്പററി ചിന്തിക്കാനുള്ളവയാകുന്നു. ചിന്തനം മുഷ്ടി, നഷ്ടം ഇവയുടെ സിദ്ധി മുതലായവയെക്കുറിച്ച് മേൽപറഞ്ഞ മൂന്നു സ്ഥാനങ്ങളേയുംകൊണ്ട് ചിന്തിക്കണമത്രെ.

ആരൂഢകാണ്ഡം

നത ആരൂഢഗേ ചന്ദ്രേ ന നഷ്ടം ബഹുശോപതി
ആരൂഢാദ്ദശമേ വൃദ്ധിശ്ചതുർത്ഥേ പൂർവ്വവദേൽ ക്രിയ
നഷ്ടദ്രവ്യസ്യ ലാഭശ്ച സർവ്വഹാനിശ്ച സപ്തമേ.

സാരം — ചന്ദ്രൻ ആരൂഢരാശിയിൽ നിന്നാൽ നഷ്ടവസ്തു നശിച്ചിട്ടില്ലെന്നും മറയ്ക്കപ്പെട്ടോ അഴിവില്ലാത്തനിലയിലോ ഇരിക്കുകയാണെന്നും പറയണം. ആരൂഢരാശിയുടെ പത്താംഭാവത്തിൽ ചന്ദ്രൻ നിന്നാൽ വൃദ്ധിയേയും നാലാംഭാവത്തിൽ ചന്ദ്രൻ നിന്നാൽ കാര്യസിദ്ധിയേയും നഷ്ടദ്രവ്യത്തിന്റെ ലാഭത്തേയും ഏഴാംഭാവത്തിൽ ചന്ദ്രൻ നിന്നാൽ സർവ്വഹാനിയേയും പറയണം.

ഉദയാൽ ഭാദശേ ഷഷ്ഠേ/ഷ്ടമേ ആരൂഢകേ സതി ദ്രവ്യ
ചിന്തിതാർത്ഥോ ന ഭവതി ധനഹാനിർവിഷബലം

സാരം — ഉദയലഗ്നത്തിന്റെ പന്ത്രണ്ടിലോ ആറിലോ എട്ടിലോ ആരൂഢലഗ്നം സംഭവിച്ചാൽ ചിന്തിക്കപ്പെട്ട വ

ന്നു ലഭിക്കുകയില്ല. അതോടൊന്നിച്ചു ധനനാശവും ശത്രുക്കൾക്കു ബലവും സംഭവിക്കുകയും ചെയ്യും.

തനും കുടുംബം സഹജം ജനനീം തനയം രിപും
കളത്രം നിധനം ചൈവ പുണ്യം കർമ്മഫലം വ്യയം
ഉദയാദിക്രമാദ് ഭാവം തസ്യ തസ്യ ഫലം വദേൽ

സാരം—(1) ശരീരം (2) കുടുംബം (3) സഹോദരം (4) മാതാ (5) സന്താനം (6) ശത്രു (7) കളത്രം (8) മരണം (9) ഗുരു (10) കർമ്മം (11) ലാഭം (12) വ്യയം ഇങ്ങനെ ലഗ്നംമുതൽ പന്ത്രണ്ടു ഭാവങ്ങളേയും സങ്കല്പിച്ച് അതതു ഭാവങ്ങളുടെ ഫലം പറയേണ്ടതാകുന്നു.

രവീന്ദുശുക്രജീവജ്ഞാ നൃരാശിസ്ഥാ യദാസ്ഥിതാഃ
മർത്ത്യചിന്താ തദാ സൌരിശ്ചാർക്കേ നാസ്തികജേ തഥാ
കുജസ്യ കലഹാഃ സൌരേസ്സൂര്യസംഗതമം വദേൽ
രവിദൃഷ്ടേ തഥാ യുക്തേ ചിന്താ രാജഭയോദ്ഭവാ
ശുഭചിന്താ ഗുരൌ ജ്ഞേയാ വിവാഹോ ബുധശുക്രയോഃ

സാരം—മനുഷ്യരാശി ഉദയമാകയും അതിൽ സൂര്യൻ, ചന്ദ്രൻ, ശുക്രൻ, ഗുരു, ബുധൻ ഇവർ നില്ക്കുകയും ചെയ്താൽ മനുഷ്യനെ സംബന്ധിച്ചു ചിന്തയാകുന്നു. ഉദയരാശിയിലൊന്നായാലും ശനിയും ചൊവ്വയും നോക്കുന്നതായാൽ നാസ്തികത്വത്തെ സംബന്ധിച്ചു ചിന്തയാകുന്നു എന്നും പറയണം. ഉദയരാശിക്ക് ചൊവ്വയുടെ സംബന്ധം മാത്രമായിരുന്നാൽ കലഹചിന്തയാണെന്നു വരാം. ശനിമാത്രം സംബന്ധപ്പെട്ടിരുന്നാൽ കള്ളനേയോ വിവാദത്തെയോ സംബന്ധിച്ചു ചിന്തയായിരിക്കും. സൂര്യൻ നോക്കുകയോ നില്ക്കുകയോ ചെയ്താൽ മോഷ്ടാവിനേയോ രാജാവിനേയോ സംബന്ധിച്ചു ചിന്തയാണ്. ഗുരു നോക്കിയാലും സ്ഥിതിചെയ്താലും ശുഭവിഷയത്തെ സംബന്ധിച്ചു ചിന്തയായിരിക്കും. ബുധശുക്രന്മാർ സംബന്ധപ്പെട്ടാൽ വിവാഹചിന്തയാണെന്നു പറയണം.

ഛത്രകാണ്ഡം

ദ്വിതീയേ ദ്വാദശേ ഛത്രേ സർവ്വം കാര്യം വിനശ്യതി ।
ഉത്തരേ പശ്യതി യുക്തേ വാ തത്ര കാര്യം ശുഭം വദേൽ
തൃതീയൈകാദശേ ഛത്രേ സർവ്വം കാര്യം ശുഭം വദേൽ ൮൪

തസ്മിൻ പാപയുതേ ദൃഷ്ടേ വിഷമം ഭവതി ധ്രുവം
തസ്മിൻ സൌമ്യയുതേ ദൃഷ്ടേ സർവ്വം കാര്യം ശുഭം വദേൽ

മിശ്രേ മിശ്രഫലം ബ്രൂയാദ്ബുധാസ്സ്യുർജ്ഞാനപ്രദീപകേ
പഞ്ചമേ നവമേ ഛത്രേ സർവ്വസിദ്ധിർഭവിഷ്യതി ൮൫

തത്ര ച ശുഭാശുഭൈർദൃഷ്ടേ മിശ്രേ മിശ്രഫലം ഭവേൽ
ദ്വിതീയേ ചാഷ്ടമേ ഷഷ്ഠേ ദ്വാദശേ ഛത്രസംയുതേ ൮൬

നഷ്ടദ്രവ്യാഗമോ നാസ്തി നവ്യാധിശ്ശമനം ഭവേൽ
ന കാര്യസിദ്ധിന്നാപ്നോതി ഗൃഹവാസോ ഭവേൽ

സാരം — ആരൂഢരാശിയുടെയോ ലഗ്നരാശിയുടെയോ രണ്ടാംഭാവമോ പന്ത്രണ്ടാംഭാവമോ ഛത്രരാശിയായി ഭവിച്ചാൽ സർവ്വകാര്യങ്ങൾക്കും നാശം സംഭവിക്കും. ആ ഛത്രരാശിയിൽ ശുഭ നില്ക്കുകയോ നോക്കുകയോ ചെയ്താൽ സർവ്വകാര്യങ്ങളും ശുഭമായി ഭവിക്കും. ഛത്രരാശി മൂന്നാം ഭാവമോ പതിനൊന്നാംഭാവമോ ആയി ഭവിച്ചാൽ സർവ്വ കാര്യങ്ങളും ശുഭമായിരിക്കും. അതിൽ പാപന്മാരുടെ ദൃഷ്ടിയോ, യോഗമോ നേരിട്ടാൽ നിശ്ചയമായി വിപരീതഫലം സംഭവിക്കുന്നതാണ്. ഛത്രരാശിക്കു ശുഭൻ്റെ ദൃഷ്ടിയോ യോഗമോ സംഭവിച്ചാൽ സർവ്വകാര്യങ്ങൾക്കും ശുഭത്വത്തെ പറയേണ്ടതാണ്. ശുഭന്മാരുടെയും അശുഭന്മാരുടെയും സംബന്ധമുണ്ടായിരുന്നാൽ ശുഭഫലത്തെയും അശുഭഫലത്തെയും പറയണമെന്ന ജ്ഞാനപ്രദീപകമെന്ന ഈ

ശാസ്ത്രത്തിൽ ഉപദേശിക്കുന്ന ആയാംഭാവമോ ഒൻപതാംഭാവമോ ഛത്രരാശിയായി ഭവിച്ചാൽ സർവ്വകാര്യസിദ്ധിയെന്നു പറയുന്നു. ആ രാശിയിൽ ശുഭന്മാർ സംബന്ധപ്പെട്ടാൽ ശുഭഫലവും അശുഭന്മാർ സംബന്ധപ്പെട്ടാൽ അശുഭഫലവും ശുഭന്മാരുടെയും അശുഭന്മാരുടെയും സംബന്ധമുണ്ടായാൽ മിശ്രഫലവും പറയേണ്ടതാകുന്നു. രണ്ട്, എട്ട്, ആറ്, പന്ത്രണ്ട് ഇവയിൽ ഏതെങ്കിലും ഒരു ഭാവം ഛത്രരാശിയായാൽ നഷ്ടവസ്തുവിന്റെ പുനർപ്രാപ്തിയുണ്ടാകുകയില്ല; രോഗം ശമിക്കുകയുമില്ല; കാര്യസിദ്ധിയുണ്ടാകുകയുമില്ല; ശത്രുക്കളുടെ അഭാവം നേരിടുകയുമില്ല.

ഉദയകാണ്ഡം

ബൃഹസ്പതാവുദയേ ശുക്രേ വാപി വിലഗ്നഗേ
ഭേഷാരാതിസ്സർവ്വകാര്യസിദ്ധിരേവ ന സംശയഃ ൧൯൯

സൌമ്യേക്ഷിതേ ലഗ്നേ ദ്യൂനേ ജീവേ തദ്വദനാഗമേ
പുനരേഷ്യതി സിദ്ധിസ്സ്യാല്ലബ്ധം നഷ്ടദർശനേ തഥാ ൨൦൦

വ്യയാഷ്ടമേ വിലഗ്നസ്ഥേ പാപൈര്യുക്തേക്ഷിതേഽപി വാ
ഛത്രോദയേ ത്വശുഭം ഭയം ഗമനാഗമനേ ൨൦൧

ഷഷ്ഠേ ഛത്രേ ... ഗുരുഃ
ശുക്രോദയേ ത്വതിസിദ്ധിസ്സ്യാച്ഛത്രുനാശോ വ്യാധിമോചനം

ജയോ യാത്രായാം സന്ധ്യാനം ഛത്രേ ശുഭമുദാഹൃതം
ഉദയാത്ര്യഷ്ടമേഷു ശനിക്ഷിതാംഗാരകാ യദി ൨൦൨

അർത്ഥനാശം മനസ്താപം മരണം വ്യാധിമാദിശേത്
വ്യയേഷു ഫണിയുക്തേഷു ബന്ധം ചോരഭയം ഗദം ൨൦൩

മരണം ചൈവ ദൈവജ്ഞോ ന സന്ദിശേച്ച വദേൽ സുധീഃ
നിധാദിയാനസിദ്ധ്യൎത്ഥം പാപപാപഗ്രഹമാദിശേൽ ൨൫

ഏഷ്വഭാവേ പി കേന്ദ്രേഷു ശ്രേയസ്സ്പൃശോ ലാഭമിഷ്ടം വദേൽ
തന്വാദിഭാവഭാവൈസ്തു യുക്തൈൎദ്വാദശ വിനിശ്ചിതി വന്ദ്യേ
ശുഭൈൎദ്ദൃഷ്ടൈശ്ച ദുഷ്ടൈശ്ച ഫലം തൽ തൽ ഭാവജമാദിശേൽ.

സാരം—ഗുരു ഉദയരാശിയിൽ നിന്നാൽ ശ്രേയസ്സും ധനവും വിജയവും അഭിവൃദ്ധിയും ദോഷശാന്തിയും സൎവ്വകാൎയ്യസിദ്ധിയും ഉണ്ടാകും; സംശയമില്ല. ബുധൻ ഉദയരാശിയിൽ നിന്നാൽ രണത്തിൽ ഉദ്യുക്തനായിരിക്കുന്നവൻ വിജയം പ്രാപിച്ചു് തന്റെ ധനത്തെ കൈക്കൊള്ളുന്നതാണു്. ഉദയരാശിയിൽ ചന്ദ്രൻ നോക്കിയാൽ ഉദ്ദിഷ്ടകാൎയ്യത്തെ നടത്താൻ പോയവൻ കാൎയ്യസിദ്ധിയോടുകൂടി മടങ്ങിവരുന്നതാണു്; വ്യവഹാരത്തിൽ വിജയിയാവുകയും ചെയ്യും. ഛത്രരാശിയിൽ മേൽപറഞ്ഞ ഗുരുവും ബുധനും ചന്ദ്രനും മേൽപ്രകാരം സംബന്ധപ്പെട്ടാലും ഈ ഫലങ്ങൾതന്നെയാണു് ഉപദേശിക്കപ്പെട്ടിരിക്കുന്നതു്. ഉദയരാശിയിൽ ചന്ദ്രൻനിന്നാൽ പല ഉപായങ്ങളാൽ അൎത്ഥലാഭവും പ്രത്യാഗമനവും അഭീഷ്ടസിദ്ധിയുമുണ്ടാകും. ചന്ദ്രൻ ഛത്രരാശിയിലൊ ആരൂഢരാശിയിലൊ സ്ഥിതിചെയ്താലും ഈഫലംതന്നെയാണു പറയേണ്ടതു്. ഉദയരാശിയിൽ ശുക്രൻനിന്നാൽ ധനലാഭം, സ്ത്രീലാഭം, രോഗശാന്തി, ജയം, ശത്രുക്കളുടെ സ്നേഹം ഇവയുണ്ടാകും. ശുക്രൻ ഛത്രരാശിയിൽ നിന്നാലും ഈ ഫലംതന്നെയാണു്. ശനി, സൂൎയ്യൻ, ചൊവ്വാ ഇവ ഉദയം, ആരൂഢം, ഛത്രം ഈ രാശികളിൽനിന്നാൽ അൎത്ഥനാശം, മനസ്താപം, മരണം, വ്യാധി ഇവഫലങ്ങളാകുന്നു. ഉദയാരൂഢഛത്രരാശികളിൽ രാഹു നിന്നാൽ ബന്ധനവും ചോരഭയവും വിഷവും മരണവും നിശ്ചയമായി സംഭവിക്കുമെന്നു വിദ്വാനായ ദൈവജ്ഞൻ ഉപദേശിക്കേണ്ടതാകുന്നു. എട്ടു്, ആറു്, രണ്ടു് ഈ ഭാവങ്ങളിൽ നില്ക്കുന്ന പാപന്മാ

ളെക്കൊണ്ടു് അത്ഭുതത്തെ പറയുക. ഈ സ്ഥാനങ്ങളിലും കേന്ദ്രങ്ങളിലും ശുഭന്മാർ സംഭവിക്കുന്നെങ്കിൽ ശുഭഫലത്തെ പറയേണ്ടതാകുന്നു. ലഗ്നം തുടങ്ങിയുള്ള പന്ത്രണ്ടു ഭാവങ്ങളും പാപന്മാരാൽ യുക്തമോ ദൃഷ്ടമോ ആയി ഭവിച്ചാൽ ആ ഭാവം നശിക്കുന്നു. ശുഭന്മാരാൽ യുക്തമാകുകയോ ദൃഷ്ടിചെയ്യപ്പെടുകയോ ചെയ്താൽ അതതുഭാവങ്ങൾ അഭിപുഷ്ടങ്ങളാകയും ചെയ്യും.

നഷ്ടകാണ്ഡം.

തുലോദയേ ക്രിയാരൂഢേ നഷ്ടസിദ്ധിർന്നസംശയഃ ൨൦൩
വിപരീതേന നഷ്ടാപ്തിർ വൃഷാരൂഢേഽളിരോദയേ
നഷ്ടസിദ്ധിർമ്മഹാലാഭോ വിപരീതേ വിപര്യയഃ ൨൦൪

ചാപാരൂഢേ നഷ്ടസിദ്ധിർവ്വിത്തം മിഥുനോദയേ
വിപരീതേ ന സിദ്ധിസ്സ്യാൽ കർക്കാരൂഢേ മൃഗോദയേ

സിദ്ധിശ്ച വിപരീതേ തു ന സിദ്ധ്യതി ന സംശയഃ
സിംഹോദയേ ഘടാരൂഢേ നഷ്ടസിദ്ധിർന്നസംശയഃ ൨൦൫

വിപരീതേ ന സിദ്ധിസ്സ്യാജ്ഝഷാരൂഢേഽങ്ഗനോദയേ
നഷ്ടസിദ്ധിർവ്വിപര്യാസേ ദൃഷ്ടാദൃഷ്ടനിരൂപണേ ൨൦൬

സാരം—തുലാംരാശി ഉദയമാകുകയും മേടംരാശി ആരൂഢമാകുകയും ചെയ്താൽ നഷ്ടവസ്തുവിന്റെ ലാഭമുണ്ടാകും; സംശയമില്ല ഇതിനു വിപരീതമായാൽ (തുലാംരാശി ആരൂഢവും മേടംരാശി ഉദയവുമായാൽ) നഷ്ടവസ്തു തിരികെ കിട്ടുകയില്ല. ഇടവം രാശി ആരൂഢവും വൃശ്ചികം ഉദയവുമായാൽ നഷ്ടവസ്തു സിദ്ധിക്കുകയും മഹാലാഭങ്ങളും ഉണ്ടാവു

കയും ചെയ്യും. നേരെമറിച്ച് ഇടവംരാശി ആരൂഢമാവുകയും ചെയ്താൽ ഫലവും വിപരീതമായിരിക്കും. ധനു ആരൂഢമാവുകയും മിഥുനം ഉദയമാവുകയും ചെയ്താൽ നഷ്ടവസ്തു തിരികെ കിട്ടും. നേരെമറിച്ച് ധനു ഉദയമാവുകയും മിഥുനം ആരൂഢമാവുകയും ചെയ്താൽ ഫലം വിപരീതമായിരിക്കും. കർക്കടകം ആരൂഢമാവുകയും മകരം ഉദയമാകുകയും ചെയ്താൽ നഷ്ടവസ്തു സിദ്ധിക്കും. വിപരീതമായാൽ ഫലവും വിപരീതമായിരിക്കും, സംശയമില്ല. സിംഹം ഉദയമാവുകയും കുംഭം ആരൂഢമാവുകയും ചെയ്താൽ നഷ്ടപ്പെട്ടവസ്തു സംശയംകൂടാതെ തിരികെ കിട്ടും. ഉദയാരൂഢങ്ങൾക്കു വൈപരീത്യം സംഭവിച്ചാൽ തിരികെ കിട്ടുകയില്ല. മീനം ആരൂഢവും കന്നി ഉദയവുമായാൽ നഷ്ടവസ്തു സിദ്ധിക്കും. പ്രത്യുത, മീനം ഉദയവും കന്നി ആരൂഢവുമായാൽ ഫലം വിപരീതമായിരിക്കും. ഇവിടെ ഗ്രഹങ്ങളുടെ ദൃഷ്ടിയെക്കൂടി വിചാരിക്കേണ്ടതാണ്.

സ്ഥിരോദയേ സ്ഥിരാരൂഢേ സ്ഥിരച്ഛത്രം ഭവേദ്യദി
ന മൃതിർന്ന ച നഷ്ടഞ്ച ന രോഗശമനം തഥാ ൨൫

ഉഭയോദയാരൂഢേ ഛത്രേ നഷ്ടം ന സിദ്ധ്യതി
വ്യാധിശമനം ശത്രോസ്സന്ധിർവിദ്യാന്നചസ്ഥിരാം ൨൬

ചരോർദ്ധ്വോദയാരൂഢ ഛത്രേഷു സ്ത്രീപ്രാപ്തിസിദ്ധയഃ
നഷ്ടസിദ്ധിശ്ച ഭവതി വ്യാധിശാന്തിശ്ച ജായതേ ൨൭

സർവ്വാഗമനകാര്യാണി ഭവന്ത്യേവ ന സംശയഃ
ഗ്രഹസ്ഥിതിബലേനൈവ സർവ്വം ബ്രൂയാത് ശുഭാശുഭം

ചരോദയേ സ്ഥിരാസ്സ്വന്ത്യാ സ്സർവ്വകാര്യാർത്ഥസാധകാഃ

സാരം:—സ്ഥിരരാശി ഉദയവും സ്ഥിരരാശി ആരൂഢവും സ്ഥിരരാശി ഛത്രവുമായി ഭവിക്കുന്നുവെങ്കിൽ, മരണപ്രശ്നമാണെങ്കിൽ മരണം സംഭവിക്കുകയില്ലെന്നും നഷ്ടപ്രശ്ന

മാണെങ്കിൽ നഷ്ടം സംഭവിച്ചിട്ടില്ലെന്നും, രോഗപ്രശ്ന മാണെങ്കിൽ രോഗശമനമുണ്ടാകയില്ലെന്നും പറയേണ്ടതാകുന്നു. ഉഭയരാശി ഉദയവും ആരൂഢവും ഛത്രവുമായി ഭവിച്ചാൽ നഷ്ടപ്രശ്നത്തിൽ നഷ്ടവസ്തു തിരികെ കിട്ടുകയില്ലെന്നും രോഗപ്രശ്നത്തിൽ വ്യാധിശമനം നേരിടുകയില്ലെന്നും സന്ധിപ്രശ്നത്തിൽ ശത്രുവുമായി നടത്തിയ സന്ധി സ്ഥിരമായിരിക്കുകയില്ലെന്നും ഫലം പറയണം. ചരരാശി ഉദയവും ആരൂഢവും ഛത്രവുമായി ഭവിച്ചാൽ സ്ത്രീപ്രശ്നമായാൽ സ്ത്രീഇഷ്ടസിദ്ധിയുള്ളവയുടെ സിദ്ധിയെ പറയണം. നഷ്ടപ്രശ്നമായാൽ നഷ്ടവസ്തുവിന്റെ സിദ്ധിയേയും രോഗപ്രശ്നമായാൽ രോഗശമനത്തെയും പറയേണ്ടതാകുന്നു. ഈ പ്രകാരംതന്നെ സർവ്വകാര്യങ്ങളിലും നിശ്ചയമായും ഉണ്ടാകുമെന്നും പറയണം. ആയതിൽ നില്ക്കുന്ന ഗ്രഹങ്ങളുടെ ബലാബലങ്ങളെ [illegible] ഫലങ്ങളെ പറയണമെന്ന്. ചരരാശി [illegible] നില്ക്കുന്ന ഗ്രഹന്മാർ സർവ്വകാര്യസിദ്ധിയെ [illegible].

ആരൂഢഛത്രലഗ്നേഷു ക്രൂരാ മൂഢാശ്ച ഖേചരാഃ [illegible] ൨൨

പൃച്ഛകാനാം [illegible] സിദ്ധ്യതി [illegible]

നഷ്ടം [illegible] ൨൩

ഏവം പാപേന [illegible] തിഷ്ഠേദ്യദി

ഭാഗ്യസ്ഥാനയുതേ പാപേ [illegible]

നഷ്ടദ്രവ്യാണി കേനാപി [illegible]

പ്രശ്നകാലേ [illegible] പാപേ [illegible]

നഷ്ടം നഷ്ടേന ഭവതി [illegible]

[illegible] നഷ്ടദ്രവ്യം ന ഗച്ഛതി ൨൪

[illegible] പ്രശ്നകജ്ഞാ [illegible].

സാരം:—ആരൂഢം ഛത്രം ലഗ്നം ഈ രാശികളിൽ ക്രൂരഗ്രഹമോ മൂഢഗ്രഹമോ (മൌഢ്യംപിടിച്ചഗ്രഹം) സ്ഥിതി

ചെയ്താൽ, നഷ്ടപ്രശ്നത്തിൽ അന്യന്മാരാൽ അപഹരിക്കപ്പെട്ടുവെന്നു പറയേണ്ടതാകുന്നു. അവിടെ ശുഭന്മാരുമുണ്ടെങ്കിൽ തിരികെ കിട്ടുമെന്നു പറയണം. ഉഭയോദയരാശികളിലും അവയുടെ ഒൻപതു് അഞ്ചു് ഏഴു് ഈ ഭാവങ്ങളിലും ശുഭന്മാർ നിന്നാൽ നഷ്ടവസ്തു തിരിയെ കിട്ടും. ഈ ഭാവങ്ങളിൽ പാപന്മാർ സ്ഥിതിചെയ്താൽ തിരിയെ കിട്ടുകയുമില്ല. മൂന്നാംഭാവം പാപന്മാരാൽ യുതമായിരിക്കുകയോ അഞ്ചാംഭാവം ശുഭന്മാരാൽ നോക്കപ്പെടുകയോ ചെയ്താൽ അവരൊരുവൻ നഷ്ടദ്രവ്യത്തെ വലിയെകൊണ്ടുവന്നു തരുന്നതാണു്. ശുഭനോ പാപനോ പ്രശ്നകാലത്തിൽ ധൂമമെന്ന ഉപഗ്രഹത്താൽ പരിവേഷ്ടിതമായിരുന്നാൽ നഷ്ടപ്പെട്ടതായി വിചാരിക്കപ്പെടുന്ന വസ്തു നഷ്ടമായിട്ടില്ലെന്നും വീട്ടിൽതന്നെ അതതു ഗ്രഹത്തിന്റെ ദിക്കുകളിൽ ഉണ്ടെന്നും പറയേണ്ടതാകുന്നു. പൃഷ്ടരാശി ഉദയമാവുകയും ചന്ദ്രൻ അവിടെ നില്ക്കുകയുംചെയ്താൽ നഷ്ടവസ്തു വെളിയിൽ പോയിട്ടില്ലെന്നും ഉദയരാശി ശനിദൃഷ്ടമായിരുന്നാൽ നഷ്ടവസ്തു ഉയരത്തിൽ ഒരു സ്ഥലത്തു് ഇരിപ്പുണ്ടെന്നും കുജനാൽ വീക്ഷിക്കപ്പെട്ടാൽ ഉയർന്ന സ്ഥാനത്തില്ലെന്നും പറയേണ്ടതാകുന്നു.

ബൃഹസ്പത്യുദയേ സംപ്രാപ്തം നഷ്ടം നാസ്തീതി നിർദ്ദിശേൽ
ശുക്രേ ചതുർത്ഥഗേ ദ്രവ്യം നഷ്ടം ന ഭവതി ധ്രുവം

അസ്തേ കുജേ ശനൗ കൃഷ്ണലോഹം നഷ്ടം ന ജായതേ
ബുധോദയേ ത്രപുപ്രാപ്തം നഷ്ടം നാസ്തി ചതുർത്ഥഗേ

കാംസ്യം നഷ്ടം ന ഭവതി പഞ്ചമസ്ഥേ ച സപ്തമേ
ആരൂഢം പശ്യമാനേ ഭാനൗ നഷ്ടം ന ജായതേ.

സാരം:—ഗുരു ഉദയരാശിയിൽ നിന്നാൽ നഷ്ടപ്പെട്ടതായി കരുതപ്പെടുന്ന വസ്തു സംപ്രാപ്തമാണെന്നും എന്നാൽ പരമാർത്ഥത്തിൽ അതു നഷ്ടപ്പെട്ടിട്ടില്ലെന്നും പറയണം.

ശുക്രൻ നാലാമിടത്തു നിന്നാൽ നഷ്ടപ്പെട്ടതായി കരുതപ്പെടുന്ന വസ്തു വെള്ളിയാണെന്നും എന്നാൽ അതു നഷ്ടപ്പെട്ടിട്ടില്ലെന്നും പറയണം. ഏഴാംഭാവത്തിൽ കുജനോ ശനിയോ നിന്നാൽ നഷ്ടപ്പെട്ടതായി വിചാരിക്കുന്ന വസ്തു ഇരിമ്പാണെന്നും അതു നഷ്ടമായിട്ടില്ലെന്നും പറയേണ്ടതാണ്. ബുധൻ ഉദയത്തിലോ നാലിലോ നിന്നാൽ നഷ്ടവസ്തു ഈയമോ നാകമോ ആണെന്നും അതു നഷ്ടമായിട്ടില്ലെന്നും ചന്ദ്രൻ സപ്തമത്തിൽ നിന്നാൽ നഷ്ടപ്പെട്ടതായി വിചാരിക്കപ്പെടുന്ന വസ്തു ഓട്ടുകലമാണെന്നും പരമാർത്ഥത്തിൽ അതു നഷ്ടമായിട്ടില്ലെന്നും പറയേണ്ടതാകുന്നു. സൂര്യൻ അഞ്ചാമിടത്തു നിന്നാൽ നഷ്ടപ്പെട്ടതായി കരുതപ്പെടുന്ന വസ്തു പിച്ചളയാണെന്നും എന്നാൽ അതു പരമാർത്ഥത്തിൽ നഷ്ടമായിട്ടില്ലെന്നും പറയേണ്ടതാണ്.

ദശമേ പാപഖേടേഷു ദൃഷ്ടേ ന നഷ്ടാശ്ചതുഷ്പദാഃ ൨൮

ചതുഷ്പാദുദയേ രാഹൗ സ്ഥിതേ നഷ്ടാശ്ചതുഷ്പദാഃ
ബന്ധനാന്ധദ്വിരോദയസ്തു ദ്വിപാദ്വിപാദരാശയഃ ൨൯

ബഹുപാദുദയേ രാഹൗ ബഹുപാന്നഷ്ടമാദിശേൽ
പക്ഷിരാശൗ യദാ നഷ്ടമേതേഷാം ബന്ധനം ഭവേൽ ൩൦

സാരം—പത്താമിടത്തിൽ പാപന്മാർ നിന്നാൽ നഷ്ടപ്പെട്ടതായി കരുതപ്പെട്ട നാല്ക്കാലികൾ പരമാർത്ഥത്തിൽ നഷ്ടമായിട്ടില്ലെന്നും ചതുഷ്പാദ്രാശിലഗ്നത്തിൽ രാഹു നിന്നാൽ നാല്ക്കാലികൾ നഷ്ടമായി ഭവിക്കുമെന്നും പറയണം. ദ്വിപാദ്രാശി ഉദയമായി അതിൽ രാഹു നിന്നാൽ രണ്ടുകാലുള്ള പ്രാണികൾ ബന്ധനത്തിൽ കിടക്കുന്നുവെന്നും ബഹുപാദ്രാശി ഉദയത്തിൽ അനേകകാലുള്ള പ്രാണികൾ നഷ്ടമായിയെന്നും പറയണം. പക്ഷിരാശി ഉദയമാവുകയും അതിൽ രാഹു നിൽക്കുകയും ചെയ്താൽ നഷ്ടപ്പെട്ട ജന്തുക്കൾ ബന്ധനത്തിൽ കിടക്കുന്നുവെന്നു പറയണം.

കർക്കിവൃശ്ചികയോർല്ലഗ്നേ നഷ്ടം സദ്മനി കീർത്തയേൽ
മൃഗമീനോദയേ നഷ്ടം കപോതാന്താലയോർവ്വദേൽ ൨൨൮

കലശേ ഭൂമിജസ്സൗമ്യോ ഘടേ രക്താഘടേ ഗുരുഃ
ശുക്രശ്ച കരകേ ലഗ്നേ ഘടേ ഭാസ്കരനന്ദനഃ ൨൨൯

ലവണോദ്ഭവഭാണ്ഡേ ചന്ദ്രോ ലവണഭാണ്ഡകേ
നഷ്ടദ്രവ്യസ്ഥിതം സ്ഥാനം സദ്മനീതി വിനിർദ്ദിശേൽ.

സാരം:— കർക്കടകം, വൃശ്ചികം ഇവ ഉദയലഗ്നമായാൽ നഷ്ടവസ്തു വീട്ടിൽ ഇരിപ്പുണ്ടെന്നും, മകരം മീനം ഇവ ഉദയമായാൽ പ്രാവു മുതലായവയുടെ കൂട്ടിനകത്തോ, അല്ലെങ്കിൽ വീട്ടിന്റെ മദ്ധ്യഭാഗത്തോ ഇരിപ്പുണ്ടെന്നും പറയണം. ചൊവ്വയോ ബുധനോ കുംഭലഗ്നത്തിൽ നിന്നാൽ നഷ്ടവസ്തു കലശത്തിൽ ഇരിപ്പുണ്ടെന്നും ഗുരു നിന്നാൽ ചുവന്ന കുടത്തിലിരിക്കുന്നുവെന്നും പറയണം. ശുക്രൻ നിന്നാൽ ജലപാത്രത്തിലുണ്ടെന്നും ശനി നിന്നാൽ കാടിക്കുടത്തിൽ ഉണ്ടെന്നും, ചന്ദ്രൻ നിന്നാൽ ഉപ്പുകലത്തിൽ ഇരിപ്പുണ്ടെന്നും പറയണം. ഇപ്രകാരമാണു വീട്ടിൽ നഷ്ടദ്രവ്യങ്ങളുടെ സ്ഥാനത്തെ നിർദ്ദേശിക്കേണ്ടതു്.

പുംരാശിഃ പുംഗ്രഹൈർദ്ദൃഷ്ടഃ പുരുഷസ്തസ്കരോ ഭവേൽ
സ്ത്രീരാശിഃ സ്ത്രീഗ്രഹൈർദ്ദൃഷ്ടസ്തസ്കരീ ച വധൂർഭവേൽ ൨൩൦

ഉദയാദോജരാശിസ്ഥേ പുംഗ്രഹേ പുരുഷോ ഭവേൽ
സമരാശ്യുദയേ ചോരീ സമസ്ഥേ സ്ത്രീഗ്രഹേ വധൂഃ ൨൩൧

ഉദയാരൂഢയോരേവം ബലാബലവശാദ്വദേൽ.

സാരം—പുരുഷരാശി പുരുഷഗ്രഹത്താൽ വീക്ഷിക്കപ്പെട്ടാൽ മോഷ്ടാവു പുരുഷനായിരിക്കും. സ്ത്രീരാശി സ്ത്രീഗ്രഹത്താൽ വീക്ഷിക്കപ്പെട്ടാൽ തസ്കരിയാണെന്നു പറയണം. ഉദയരാശിയിങ്കൽനിന്നു ഓജരാശികളിൽ പുരുഷഗ്രഹം നിന്നാൽ മോഷ്ടാവു പുരുഷനായിരിക്കും. സമരാശിലഗ്നത്തിൽ

നിന്നു് ഇരട്ടരാശികളിൽ സ്ത്രീഗ്രഹങ്ങൾ നിന്നാൽ തസ്കരിയെ പറയണം. ഉദയത്തിന്റെയും ആരൂഢത്തിന്റെയും ബലാബലങ്ങൾ അറിഞ്ഞുവേണം ഇതിനുമുമ്പു പറഞ്ഞിട്ടുള്ള സകല ഫലങ്ങളും പറയേണ്ടതു്. ഉദയാരൂഢങ്ങളിൽ ബലാധിക്യം ഏതിനാണെന്നറിഞ്ഞു് അതിനെ അനുസരിച്ചുവേണം ഫലനിർണ്ണയം ചെയ്യേണ്ടതെന്നും താല്പര്യം.

കർക്കിനക്രപുരന്ധ്രീഷു നഷ്ടദ്രവ്യം ന സിദ്ധ്യതി ൨൨
തുലാവൃഷാളികുംഭേഷു നഷ്ടദ്രവ്യം ച സിദ്ധ്യതി
ജീവം വിനാ സർവ്വഖഗേ സ്വപരാരിഗതേ ന സിദ്ധ്യതി ൨൩
പശ്യന്തി യേ ഗ്രഹാശ്ചന്ദ്രം തേഷാമന്യതമസ്യ രൂപിണഃ
ദ്രവ്യാണി ച തദൈവസ്യുരിതിജ്ഞാനം വദേൽ സുധീഃ

സാരം — കർക്കടകം, മകരം, കന്നി ഇവ ഉദയമായാൽ നഷ്ടദ്രവ്യം കിട്ടുകയില്ല. തുലാം, വൃശ്ചികം, ഇടവം, കുംഭം ഇവ ഉദയമായാൽ നഷ്ടദ്രവ്യം തിരികെ കിട്ടും. ഗുരുവൊഴികെ മറ്റുള്ള സകലഗ്രഹങ്ങളും ശത്രുരാശിയിൽ നിന്നാൽ നഷ്ടവസ്തു തിരികെ കിട്ടുകയില്ല. ചന്ദ്രനെ ഏതൊരു ഗ്രഹം നോക്കുന്നുവോ, മോഷ്ടാവു് ആ ഗ്രഹത്തിന്റെ സമാനസ്വരൂപത്തോടുകൂടിയവനാകുന്നു. നഷ്ടദ്രവ്യവും ചന്ദ്രനെ നോക്കുന്ന ഗ്രഹത്തിന്റെ തുല്യത വഹിക്കുന്നതാണെന്നറിഞ്ഞു വിദ്വാൻ ഫലം പറയേണ്ടതാണു്.

യസ്യാമാരൂഢഭം യാതി തസ്യാം ദിശി ഗതം വദേൽ
ഗതൈർഗ്രഹാഃ ശ്രുസംഖ്യാന്തി തത്തൽസംഖ്യാദിനാദികം
സ്വഭാവകവശാദേവമന്യദ്രഷ്ടിവശാദപി
ചന്ദ്രസ്ഥർക്ഷോദയവശം യാവത്താവൽ ഫലം വദേൽ ൨൫
ചരസ്ഥിരോഭയവശാദേകദ്വിത്രിഗുണോ ഭവേൽ.

സാരം — ആരൂഢരാശി ഏതു ദിക്കിനെക്കുറിക്കുന്നുവോ, ആ ദിക്കിൽ നഷ്ടദ്രവ്യം എത്തിയിരിക്കുന്നുവെന്നു പറയണം. അതതുഗ്രഹങ്ങളുടെ രശ്മിസംഖ്യ അറിഞ്ഞു് അത്രയും

ദിവസങ്ങളൊ മാസം മുതലായവയൊ തികയുന്നതിനുള്ളിൽ നഷ്ടദ്രവ്യം തിരിയെ കിട്ടുമെന്നു പറയണം. എങ്ങിനെയെന്നാൽ പുനൎല്ലാഭത്തെ തെളിയിക്കുന്ന ഗ്രഹം, "അയനക്ഷണവാസരൎത്തവൊ മാസൊപ്യംശ ച സമാ ച ഭാസ്കരാൽ" എന്ന പ്രമാണവശാൽ ഏതൊരു കാലവിഭാഗത്തിന്റെ കാരകത്വം വഹിക്കുന്നുവൊ, രശ്മിസംഖ്യപ്രകാരം അത്രയുംകാലം കഴിയുന്നതിനുള്ളിൽ പുനൎല്ലാഭമുണ്ടാകുമെന്നു താല്പൎയ്യം. ഇതിനെ ഉദാഹരണത്താൽ ഒന്നുകൂടി വെളിപ്പെടുത്താം. നഷ്ടദ്രവ്യത്തിന്റെ പുനൎല്ലാഭത്തെ സൂചിപ്പിക്കുന്ന ഗ്രഹം കുജനാണെന്നിരിക്കട്ടെ. "അയനക്ഷ" ണേത്യാദി പ്രമാണപ്രകാരം കുജൻ വാസരത്തെ കുറിക്കുന്നു. കുജന് ഏഴു കിരണങ്ങളാണല്ലൊ. അത്രയും ദിവസത്തിനുള്ളിൽ നഷ്ടവസ്തു തിരിയെ കിട്ടുമെന്നു പറയണം. ഇപ്രകാരം അതാതു ഗ്രഹങ്ങളുടെ സ്വഭാവത്തെയും അന്യഗ്രഹങ്ങളുടെ ദൃഷ്ടികളെയും ആസ്പദീകരിച്ചു ഫലഭേദം ഊഹിച്ചു പറയേണ്ടതാകുന്നു. ചന്ദ്രസ്ഥിതരാശി തുടങ്ങി ഉദയരാശിവരെ എത്ര രാശികളുണ്ടൊ അത്രയും ദിവസത്തിനുള്ളിൽ ഫലപ്രാപ്തിയുണ്ടാകുമെന്നു പറയുകയുംചെയ്യാം. ഇവിടെ ഒരു സംഗതി പ്രത്യേകം ഓൎക്കേണ്ടതായിട്ടുണ്ടു്. നഷ്ടവസ്തുവിന്റെ പുനൎല്ലാഭത്തെ സൂചിപ്പിക്കുന്ന ഗ്രഹത്തെക്കാൾ ചന്ദ്രനു ബലാധിക്യമുണ്ടെങ്കിൽ മാത്രമെ മെൽ പറഞ്ഞപ്രകാരം കാലനിൎണ്ണയം ചെയ്യാൻ പാടുള്ളുവെന്നു യുക്തിയനുസരിച്ചു പറയേണ്ടിയിരിക്കുന്നു. ഉദയാരൂഢരാശികളിൽ, ബലാധിക്യമനുസരിച്ചു് ഏതു രാശിയെക്കൊണ്ടു ഫലംപറയുന്നുവൊ, ആ രാശി ചരരാശിയായാൽ മുൻചൊന്ന കാലസംഖ്യയെ ഒന്നുകൊണ്ടു ഗുണിച്ചും സ്ഥിരരാശിയായാൽ രണ്ടുകൊണ്ടു ഗുണിച്ചും ഉഭയരാശിയായാൽ മൂന്നുകൊണ്ടു ഗുണിച്ചും കിട്ടുന്ന സംഖ്യ എത്രയാണൊ അത്രയും ദിവസങ്ങൾക്കുള്ളിൽ നഷ്ടദ്രവ്യത്തിന്റെ ലാഭത്തെ പറയേണ്ടതാകുന്നു.

ലാഭാലാഭകാണ്ഡം

ധനാപ്തിലാഭം രാജ്യാപ്തി രാഷ്ട്രലാഭം സ്ത്രിയഃ പതിം വ.ദ.ദ
ഉദയാദീനാം സ്വകാര്യാണാം ലാഭാലാഭൌ വദേൽ സുധീഃ
ഉദയാദിത്രികോണ് ചേൽ ഖേടാഃ പശ്യന്ത്യുച്ചശുഭാ യദി വ.ദ.വ്യ
ലാഭസ്ത്വിഷ്ടാർത്ഥലാഭശ്ച സ്ത്രീലാഭോ രാജ്യസിദ്ധയഃ
നീചശത്രുഗ്രഹാഃ ഖേടാഃ പശ്യന്തി യദി നാശയേൽ
ഏവം വിവാഹകാര്യേ ച ഗുണദോഷനിരൂപണം

സാരം — ഉദയം, അരൂഢം, ഛത്രം ഇവയെ ഉച്ചത്തിൽ നിൽക്കുന്ന ഗ്രഹങ്ങളും നല്ല വസ്തുക്കളുടെ ലാഭത്തെയും രാജ്യപ്രാപ്തിയെയും രാഷ്ട്രലാഭത്തെയും (പല സാമന്തരാജ്യങ്ങളും ചേർന്നുള്ള ഒരു രാഷ്ട്രം) സ്ത്രീകൾക്ക ഭർത്തൃലാഭത്തെയും കീർത്തിയെയും സ്വന്തം കാര്യങ്ങളുടെ ലാഭത്തെയും വിധാൻ അഭിപ്രായപ്പെടേണ്ടതാകുന്നു. മാത്രമല്ല ഉദ്ദിഷ്ടകാര്യസിദ്ധിയും സ്ത്രീലാഭവും ഉദ്യോഗലാഭവും ഉണ്ടാകുമെന്നും പറയണം. ഉദയാരൂഢഛത്രരാശികളെ നീചഗ്രഹങ്ങളോ ശത്രുഗ്രഹങ്ങളോ നോക്കുന്നുവെങ്കിൽ നാശത്തെ പറയണം. ഇപ്രകാരംതന്നെ വിവാഹകാര്യങ്ങളുടെയും ഗുണദോഷങ്ങളെ നിരൂപണം ചെയ്യേണ്ടതാകുന്നു.

ഉദയാരൂഢഛത്രാണി പശ്യതി സ്വഗൃഹോ യദി വ.ർം
ശത്രുർമിത്രത്വമായാതി രിപുഃ പശ്യതി ചേദ്രിപുഃ .
ഉദയഞ്ചാരൂഢലഗ്നഞ്ച രിപുഃ പശ്യതി വാ യുതഃ വ.ർ.ദ
ആയുർഹാനി രിപുസ്ഥാനം ഗതശ്ചേദ് ബന്ധനം ഭവേൽ
ഗതോ ന യദി നഷ്ടശ്ചേദ് ബഹിരേവ ഗതം വദേൽ വ.ർവ.
ബലവച്ഛുദ്ധിവാക്യാം കേന്ദ്രേഷു സഹിതേഷു ച
നഷ്ടപ്രശ്നേന നഷ്ടം സ്യാൽ മൃത്യുപ്രശ്നേന നശ്യതി

പാപദൃഷ്ടേ യുതേ കേന്ദ്രേ ബ്രൂയാത്തസ്യ വിപര്യയം
ശത്രോരാഗമനം നാസ്തി ചതുർത്ഥേ പാപസംയുതേ ൨൪
ദശമൈകാദശേ സൗമ്യഗ്രഹാഢ്യേൽ സർവ്വസിദ്ധയഃ

സാരം—ഉദയാരൂഢഛത്രരാശികളെ അവയുടെ അധിപന്മാർ മിത്രഗ്രഹം നോക്കുന്നതായാൽ ശത്രു മിത്രമായി ഭവിക്കും; ശത്രുഗ്രഹം നോക്കുന്നതായാൽ മിത്രം ശത്രുവായി ഭവിക്കുകയും ചെയ്യും. ഉദയത്തെയും ചന്ദ്രലഗ്നത്തെയും ശത്രുഗ്രഹം നോക്കുകയോ അവയിൽ സ്ഥിതിചെയ്യുകയോ ചെയ്യുന്നതായാൽ ആയുർഹാനി സംഭവിക്കും. മേൽപറഞ്ഞ രാശ്യധിപന്മാർ ശത്രുസ്ഥാനത്തു സ്ഥിതിചെയ്യുന്നതായാൽ ബന്ധനം ഭവിക്കും. ശത്രുസ്ഥാനത്തെ പ്രാപിക്കാതിരുന്നാൽ നഷ്ടവസ്തു ഗൃഹത്തിനു വെളിയിൽ പൊയ്പോയതായിപ്പറയണം. (ഇവിടെ ശത്രുഭാവത്തിൽ സ്ഥിതിചെയ്യുകയും ചെയ്യാതിരുന്നതുമായ യോഗകർത്താക്കളെ ചന്ദ്രനെ യോഗകർത്താവാക്കി ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. ചന്ദ്രനെ യോഗകർത്താവാക്കുവാൻ യുക്തിലക്ഷ്യങ്ങളില്ലാത്തതുകൊണ്ടും ഉദയാരൂഢഛത്രരാശികളുടെ അധിപന്മാർക്കു നഷ്ടപ്രശ്നത്തിൽ ചന്ദ്രനെക്കാൾ പ്രാധാന്യമുള്ളതുകൊണ്ടും ചന്ദ്രനെ യോഗകർത്താവാക്കിയതു യുക്തിഭംഗമാണെന്നു തോന്നുകയാൽ രാശ്യധിപന്നു പ്രാധാന്യം നൽകി ഇവിടെ വ്യാഖ്യാനം ചെയ്തതാണ്.) ബലവാനായ ചന്ദ്രനോ ഗുരുവോ കേന്ദ്രങ്ങളിൽനിന്നാൽ നഷ്ടപ്രശ്നത്തിൽ നഷ്ടം സംഭവിച്ചിട്ടില്ലെന്നു പറയണം; മൃത്യുപ്രശ്നത്തിൽ മരണമില്ലെന്നു പറയണം. കേന്ദ്രത്തിൽ പാപദൃഷ്ടിയോ പാപയോഗമോ സംഭവിച്ചാൽ നഷ്ടപ്രശ്നത്തിലും മൃത്യുപ്രശ്നത്തിലും വിപരീതഫലത്തെ പറയേണ്ടതാകുന്നു. നാലാമിടം പാപസംയുതമായിരുന്നാൽ ശത്രുവിന്റെ ആഗമനം സംഭവിക്കുകയില്ല. പത്താമിടത്തും പതിനൊന്നാമിടത്തും ശുഭഗ്രഹങ്ങൾ ഉണ്ടായിരുന്നാൽ സർവ്വകാര്യസിദ്ധിയെ ഉപദേശിക്കേണ്ടതാകുന്നു.

ഉദയാസ്തദശമസ്ഥേഷു കേന്ദ്രേഷു ശുഭഗോ യദി ൨൭

ശുഭസ്ഥിതേ ന പാപ്യാതി തത്ര നാശോ ഭവിഷ്യതി
വിഷാദിപീഡാപ്രശ്നേ തു രോഗിണോ മരണം ഭവേൽ

ഗമനം ചിന്ത്യതേ പൃഷ്ടുർന്നാസ്തീതി കഥയേദ് ബുധഃ
പ്രാരബ്ധകാര്യ്യദാനാദ്യു പ്രാപ്തനഷ്ടാദി പൃച്ഛിതം ൨൮

ചന്ദ്രാദ്വ്യോമസ്ഥിതേ ശുക്രേ ജീവാദ്വ്യോമസ്ഥിതേഽഥവാ
തസ്മിന്നേ കാര്യസിദ്ധിസ്സ്യാൽ പൃച്ഛകാനാം ന സംശയഃ

ഉദയാൽ സപ്തമേ വ്യോമ്നി ശുക്രശ്ചേൽ സ്ത്രീസമാഗമഃ
ധനാഗമശ്ച സൗഖ്യഞ്ച ചന്ദ്രേഽപ്യേവം പ്രകീർത്തിതം

മിത്രസ്വോച്ചമായാന്തി യദാ ഖേടാസ്തദോച്യതേ
നീചാരിബലയോഗാദ്യം സർവ്വകാര്യവിനാശനം. ൨൯

സാരം. ഉദയാസ്തദശമങ്ങളിലും കേന്ദ്രങ്ങളിലും ശുഭൻ നിന്നാൽ അന്യസ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്നവൻ പാപികയില്ല; അവിടെ നാശനം ഭവിച്ചീടും. വിഷപീഡാപ്രശ്നത്തിങ്കൽ മേൽപ്പറഞ്ഞ യോഗം കണ്ടാൽ മരണം സംഭവിക്കും. ഗമനപ്രശ്നത്തിൽ മേൽപ്പറഞ്ഞ യോഗം കണ്ടാൽ പൃച്ഛകന്റെ യാത്ര സാധിക്കയില്ലെന്ന് വിദ്വാനായ ജ്യോതിഷികൻ പറയേണ്ടതാകുന്നു. പ്രശ്നാരംഭത്തിൽ പ്രാരബ്ധകാര്യത്തിനും ധനത്തിന് ആഗമത്തിനും ചോദ്യമെങ്കിൽ — ചന്ദ്രന്റെ പത്താമിടത്തിൽ ശുക്രനോ ഗുരുവിന്റെ പത്താമിടത്തു ശുക്രനോ നിന്നാൽ പൃച്ഛകന്റെ കാര്യസിദ്ധിയില്ലെന്ന് നിശ്ചയമായി പറയേണ്ടതാകുന്നു. ലഗ്നത്തിൽനിന്ന് ഏഴിലും പത്തിലും ശുക്രൻ നിന്നാൽ സ്ത്രീസമാഗമവും ധനാഗമവും സൗഖ്യവുമുണ്ടാകും. ഈ യോഗത്തിൽ ശുക്രനെപ്പോലെ ചന്ദ്രൻ നിന്നാലും ഇതേ ഫലം തന്നെ പറയേണ്ടതാകുന്നു. ഗ്രഹങ്ങൾ മിത്രരാശിയെയും സ്വക്ഷേത്രത്തെയും ഉച്ചത്തെ

യും എപ്പോഴും പ്രാപിക്കുന്നവൻ അപ്പോഴും ഇഷ്ടഫലത്തെ ചെയ്യുന്നതാണു്. നീചരാശിയിലും ശത്രുരാശിയിലും എത്തുന്നവൻ സർവ്വകാര്യനാശത്തെ ചെയ്യുന്നതുമാണു്.

രോഗകാണ്ഡം.

പൂർവ്വശാസ്ത്രാനുസാരേണ വ്യാധിമൃത്യുവിനിർണ്ണയഃ
ഷഷ്ഠായ ഉദയാദ്വ്യാധിരഷ്ടമോ മൃത്യുസംജ്ഞകഃ ൨൪൦

തത്ര ഷഷ്ഠേ വ്യാധിചിന്താ നിധനേ മൃത്യുചിന്തനാ
തത്തദ്ഗ്രഹയുതേ ദൃഷ്ടേ വ്യാധിം മൃത്യും വദേൽ ക്രമാൽ

പാപനീചാരയഃ ഖേടാഃ പശ്യന്തി യദി സംയുതാഃ
ന വ്യാധിശമനം മൃത്യും പ്രവിചാര്യ വദേൽ സുധീഃ ൨൪൧

ഏതയോശ്ചന്ദ്രജഗുരൂ തിഷ്ഠതോ യദി ചോദയേ
ഗരാദിനാ ഭവേദ്വ്യാധിർന്നാമൃതിർന്ന സംശയഃ ൨൪൨

പൃഷ്ഠോദയർക്ഷേ തല്ലഗ്നേ വ്യാധിമോക്ഷോ ന ജായതേ.

സാരം—പൂർവ്വശാസ്ത്രങ്ങളെ അനുസരിച്ചു വ്യാധി, മരണം ഇവയെ ഇവിടെ നിർണ്ണയം ചെയ്യുന്നു. ഉദയലഗ്നത്തിന്റെ ആറാംഭാവത്തിനു വ്യാധിയെന്നും എട്ടാംഭാവത്തിനു മൃത്യുവെന്നും പേരുകളുണ്ടു്. അവയിൽ ആറാംഭാവത്തെക്കൊണ്ടു വ്യാധിയേയും എട്ടാംഭാവത്തെക്കൊണ്ടു മൃത്യുവിനേയും ചിന്തിക്കേണ്ടതാകുന്നു. അതു രാശികളിൽനില്ക്കുന്ന ഗ്രഹങ്ങളെയും നോക്കുന്ന ഗ്രഹങ്ങളേയും ചിന്തിച്ചിട്ടു് അടിയിൽ പറയും പ്രകാരം വ്യാധിയെയും മൃത്യുവിനെയും പറയേണ്ടതാകുന്നു. പാപന്മാരോ നീചസ്ഥിതന്മാരോ ശത്രുഗ്രഹങ്ങളോ നില്ക്കുകയൊ നോക്കുകയോ ചെയ്താൽ വ്യാധി ശമിക്കുകയില്ലെന്നും മരണം ഭവിക്കുമെന്നും വിചാരിച്ചു ഫലം പറയണം. ടി ഭാ

വങ്ങളിലും ഉദയലഗ്നത്തിലും ചന്ദ്രരാഹുക്കൾ നിന്നാൽ വിഷം മുതലായവയാൽ രോഗം ബാധിക്കുമെന്നും ശമനമുണ്ടാവുകയില്ലെന്നും സംശയംകൂടാതെ പറയണം. അതിന്റെ ഛത്രരാശി പൃഷ്ഠോദയരാശിയായി ഭവിച്ചാലും രോഗശമനം നേരിടുകയില്ലെന്നു പറയേണ്ടതാകുന്നു.

വ്യാധിസ്ഥാനമിദം പ്രാഹുർമൂർദ്ധ്നി വക്ത്രേ ഭുജേ കരേ
വക്ഷസി സ്തനയോഃ കുക്ഷൌ കക്ഷേ മൂലേ ച മേഹനേ വസ്തൗ
ഊരൌ പാദേ ച മേഷാദ്യാരാശയഃ പരികീർത്തിതാഃ

സാരം — മേടം തുടങ്ങി പന്ത്രണ്ടുരാശികൾ യഥാക്രമം ശിരസ്സ്, മുഖം, ഭുജം, കൈ, വക്ഷസ്സ്, മുലകൾ, വയറ്, കക്ഷം, മലദ്വാരം, ഗുഹ്യം, തുടകൾ, പാദങ്ങൾ ഇങ്ങിനെ പന്ത്രണ്ട് അവയവങ്ങളായി കല്പിക്കപ്പെട്ടിരിക്കുന്നു. ഇതനുസരിച്ചു വ്യാധിസ്ഥാനങ്ങളെ നിശ്ചയിച്ചുകൊള്ളണം.

കുജോ മൂർദ്ധ്നി മുഖേ ശുക്രഃ കണ്ഠേ രാഹുർഭുജേ ബുധഃ വദേൽ
ചന്ദ്രോവക്ഷസി കുക്ഷൌ ച ഭാനുർന്നാഭേരധോ ഗുരുഃ
ഊരൌ ശനിരഹിഃ പാദേ ഗ്രഹാണാം സ്ഥാനമീദൃശം വദേൽ

സാരം – കുജൻ മൂർദ്ധാവിലും ശുക്രൻ മുഖത്തും രാഹു കണ്ഠത്തിലും ബുധൻ ഭുജത്തിലും ചന്ദ്രൻ വക്ഷസ്സിലും ഭാനു വയററിലും ഗുരു നാഭിക്കുതാഴെയും ശനി തുടകളിലും കേതു പാദത്തിലും ഭവിക്കുന്നുവെന്നു ഗ്രഹസ്ഥാനങ്ങളെ നിർണ്ണയിച്ചിരിക്കുന്നു. ("അഹിഃപാദേ" എന്നതിനു രാഹുപാദത്തിൽ എന്നു ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു, 'രാഹുർഭുജേ' എന്നതിന് രാഹു 'ഭുജ'ത്തിൽ എന്നു വ്യാഖ്യാനിച്ചതിനുശേഷം രാഹുപാദത്തിൽ എന്നു വ്യാഖ്യാനിച്ചതിന് എന്താണു സമാധാനമെന്നറിയുന്നില്ല. അഹിശബ്ദത്തിനു ഇവിടെ കേതുവെന്നു അർത്ഥം കല്പിച്ചു "കേതുപാദത്തിൽ" എന്നു വ്യാഖ്യാനിക്കുന്നതാണ് സമുചിതമെന്നു തോന്നുന്നു. ഒൻപതു സ്ഥാനങ്ങളിൽ ഒൻപതു ഗ്രഹങ്ങളെ കല്പിച്ചിരിക്കുന്നുതു

ന്നെ സൂര്യാദികേതുപര്യന്തം ഒൻപതു ഗ്രഹങ്ങളെയും ഉദ്ദേശിച്ചിട്ടായിരിക്കണമെന്നു വിചാരിക്കുന്നതും ആക്ഷേപാർഹമല്ലെന്നു പറയേണ്ടിയിരിക്കുന്നു).

ഏതേഷു ഭാവസ്ഥാനേഷു ന്യൂനാഷ്ടമേതേഷു രാശിഷു
പാപയുതേഷു ദൃഷ്ടേഷു നീചാരിസ്ഥേഷു ഗദവേൽകൃതൻ

സാരം — നഷ്ടപ്രശ്നത്തിൽ നഷ്ടവസ്തു യോഗസ്ഥിതിയനുസരിച്ചു് അതതു രാശികൾക്കു നിർദ്ദേശിക്കപ്പെട്ട സ്ഥലത്തു് ഉണ്ടായിരിക്കുമെന്നു പറഞ്ഞതുപോലെ രോഗപ്രശ്നത്തിലും പാപന്മാരുടെ യോഗവും ദൃഷ്ടിയും നീചശത്രുക്ഷേത്രസ്ഥിതിയും ഭവിച്ചാൽ അതതു രാശികൾക്കും ഗ്രഹങ്ങൾക്കും നിർണ്ണയിക്കപ്പെട്ട അവയവങ്ങളിൽ രോഗമുണ്ടാകുമെന്നു പറയണം

പശ്യന്തി യേ ഗ്രഹാശ്ചന്ദ്രം വ്യാധിസ്ഥാനാവലോകിനം
പൂർവ്വോക്തമാസവർഷാണി ദിനാനി ച വദേദ്ബുധഃ ൩൬

ഷഷ്ഠാഷ്ടമേ പാപയുതേ രോഗശാന്തിർന്നജായതേ
ഷഷ്ഠാഷ്ടമേ ശുഭയുതേ തദാ വ്യാധിവിമോചനഃ ൩൭

കിഞ്ചിദത്ര വിശേഷോƒസ്തി രോഗമൃത്യുസ്ഥിതേ ശുഭാഃ
യാവദ്ധർമ്മിവൈപരീത്യാന്തി താവദ്ധിവ്യാധിമോചനം

സാരം — വ്യാധിസ്ഥാനമായ ആറാംഭാവത്തെ നോക്കുന്ന ചന്ദ്രനെ ഏതൊരു ഗ്രഹം വീക്ഷിക്കുന്നുവോ, ആ ഗ്രഹത്തെക്കൊണ്ടു രോഗശമനത്തിനു മുൻചൊന്നപ്രകാരം കാലനിർണ്ണയം ചെയ്യണം. (ഗ്രഹങ്ങളുടെ കാലനിർണ്ണയവിധി മുമ്പു നഷ്ടപ്രശ്നത്തിൽ ഉപദേശിച്ചിട്ടുണ്ടല്ലോ) ആറിലും എട്ടിലും പാപന്മാർ നിന്നാൽ രോഗശാന്തിയുണ്ടാകുന്നതല്ല. ആ ഭാവങ്ങളിൽ ശുഭന്മാർ നിന്നാൽ രോഗശമനം നേരിടുന്നതാണു്. ഇവിടെ അല്പം വിശേഷമുണ്ടു; രോഗമൃത്യുസ്ഥാനങ്ങളിൽ ശുഭന്മാർ നിന്നാൽ ആ ഗ്രഹങ്ങൾ അടുത്ത പരിവൃത്തി ആ രാശികളിൽ പ്രവേശിക്കുമ്പോൾ വ്യാധി ശമിക്കുമെന്നു പറയണം.

രോഗസ്ഥാനാദ്ദ്വാദശേ വാ പാപഖേടയുതേ തഥാ
ഷഷ്ഠാഷ്ടമേ ചന്ദ്രയുതേ മരണം രോഗിണാം ഭവേൽ ॥ ൧൧൩ ॥
രോഗസ്ഥാനം കുജഃ പശ്യേച്ഛസ്ത്രഭീതിർജ്വരോ ഭവേൽ
ശുക്രദൃഷ്ടേ വിഷം ജ്ഞേ ച ദൃഷ്ടേ നേത്രവിപത്തിരി
ത്യാഹുഃ ജീവേ വാതപിത്തോദരവ്യാധിഃ ശനേർ ദൃഷ്ടൌ
വാതാദിരാഹോർവിഷം ശശിപശ്യേന്നേത്രരോഗോ ഭവിഷ്യതി. ൧൧൪
മൂത്രവ്യാധിർഗുരോഃ പശ്യേച്ഛുക്രേ ചന്ദ്രോക്തരോഗതഃ
പരിവേഷഃ ചിത്രകോദണ്ഡയുക്തഃ പ്രശ്നേ യദി ൧൧൫
കാര്യവ്യാധിരിതി ബ്രൂയാൽ പൂർവ്വേ ദ്രേഷ്കാണം വദേൽ
സർവ്വേ സ്വസ്ഥാ രോഗിണശ്ചിത്രാ പരിവേഷപരിധിയുതം ൧൧൬
കാലം രോഗം ച ബ്രൂയാൽ ച ശൈത്യശീതജ്വരാദി കഫേ
ശ്ലേഷ്മ കോദണ്ഡപരിധി ദൃഷ്ടേ പ്രശ്നേ തു രോഗിണാം
ന വ്യാധിശമനം കിഞ്ചിത്പ്രതിനേ ഷഷ്ഠി ചൈവ ദൃഷ്ടോ
രോഗശാന്തിർഭവേദ്ദൃഷ്ടിരപ്രിയ ചിത്രസാദൃശ്യം ദൃശ്യതേ.

സാരം — രോഗസ്ഥാനത്തിന്റെ പന്ത്രണ്ടാമിടത്തിലോ ആറാമിടത്തിലോ പാപഗ്രഹം നിന്നാലും ആറിലോ എട്ടിലോ ചന്ദ്രൻ നിന്നാലും രോഗികൾക്കു മരണം ഭവിക്കും. രോഗസ്ഥാനത്തെ കുജൻ നോക്കുന്നുവെങ്കിൽ ശസ്ത്രഭയവും ജ്വരവും ഭവിക്കും. ശുക്രൻ നോക്കുന്നുവെങ്കിൽ വിഷബാധയും ബുധൻ നോക്കുന്നുവെങ്കിൽ കണ്ണിന്നു ദീനവും ഭവിക്കും. വ്യാഴൻ നോക്കുന്നുവെങ്കിൽ വാതപിത്താദി മൂലമായ ഉദരവ്യാധികളും ശനി നോക്കുന്നുവെങ്കിൽ വാതാദി മുതലായതുകളും രാഹു നോക്കിയാൽ വിഷബാധയാൽ രോഗവും ചന്ദ്രൻ നോക്കിയാൽ നേത്രവ്യാധിയും ഭവിക്കും. ഗുരു നോക്കിയാൽ മൂത്രവ്യാധിയും ഉണ്ടാകും. ശുക്രൻ നോക്കിയാൽ ചന്ദ്രൻ പറഞ്ഞ രോഗം ഉണ്ടാകുമെന്നാണ് ചിലരുടെ അഭിപ്രായം. പരിവേഷമെന്ന ഉപഗ്രഹം പ്രശ്നകാലത്തിൽ ഇന്ദ്രധനുസ്സിനെ നോക്കുകയോ അതിനോടു ചേരുക

യോ ചെയ്താൽ കണ്ഠരോഗം ശമിക്കുന്നു. ധൂമഗ്രഹത്തെ ഇന്ദ്രധനസ്സു നോക്കുകയോ അതിനോടു ചേരുകയോ ചെയ്താൽ ഭൂതാവേശത്താൽ രോഗമുണ്ടായതാണെന്നു പറയണം. സർവ്വഗ്രഹങ്ങളും ഇന്ദ്രധനസ്സിൻെറ യോഗത്തിനോ ദൃഷ്ടിക്കോ പാത്രമായാൽ അപസ്മാരരോഗത്തെ വിധിക്കണം. ആദിത്യന് ഇന്ദ്രധനസ്സിൻെറ ദൃഷ്ടിയോ യോഗമോ സംഭവിച്ചാൽ പിശാചിൻെറ പരിപീഡനത്തെപ്പറയണം. ശനിക്ക് ഇന്ദ്രധനസ്സിൻെറ ദൃഷ്ടിയോ യോഗമോ സംഭവിച്ചാൽ കാസശ്വാസരോഗത്തെയും ശൂലരോഗത്തെയും വിധിക്കണം. ചൊവ്വാ ഇന്ദ്രധനസ്സിൻെറ ദൃഷ്ടിയിലോ യോഗത്തിലോ ഭവിച്ചാൽ ശീതജ്വരത്തെപ്പറയണം. ശുക്രൻ ഇന്ദ്രധനസ്സിൻെറയോ പരിവേഷത്തിൻെറയോ ദൃഷ്ടിയിൽ പെട്ടാൽ, ശുഭന്മാരുടെ ദൃഷ്ടി സംഭവിക്കാതെയുമിരുന്നാൽ, ഒട്ടുമിലും രോഗശമനമുണ്ടാകുകയുമില്ല. എന്നാൽ ശുഭഗ്രഹങ്ങൾ മിത്രക്ഷേത്രത്തിലോ സ്വക്ഷേത്രത്തിലോ ഉച്ചത്തിലോ നിന്നാൽ വളരെ എളുപ്പത്തിൽ രോഗം ശമിക്കുന്നതാണ്.

ശിരോലലാടഭ്രൂനേത്രനാസികാശ്രോത്രയോ ഽധഃ
ചിബുകശ്ചാംഗുളിശ്ചൈവ കൃത്തികാദ്യാനവോഡവഃ ക്രമാൽ
കണ്ഠാംസബാഹുഫലകക്രോഡമദ്ധ്യനിതംബകാഃ
ശിശ്നമണ്ഡാ ഽധഃപ്രകൃതയശ്ചോത്തരാദ്യാനവോഡവഃ
ജാനുജംഘാപാദതലപൃഷ്ഠാന്തസ്ഫിചഗുല്ഫകാഃ
പാദാംഗുലികാശ്ചൈവ വിശാഖാദ്യാനവോഡവഃ ക്രമാൽ
ഉദയർക്ഷാദിതാരേശം ജ്ഞാനാംഗാനാം ത്രിഗുണം വദേൽ
അശ്വിനീക്ഷത്രകം ജ്ഞാനാംഗാനാം ദൃഷ്ടിദൃശ്യം തഥാ വദേൽ ക്രമാൽ

സാരം—കാർത്തിക മുതൽ പൂരം വരെ ഒൻപതു നക്ഷത്രങ്ങൾ യഥാക്രമം ശിരസ്സ്, നെറ്റി, പുരികം, കണ്ണ്, മൂക്ക്, ചെവി, ചുണ്ട്, താടി, വിരൽ എന്നീ അവയവങ്ങളാകുന്നു. ഉത്രം മുതൽ പൂരാടം വരെ ഒൻപതു നക്ഷത്രങ്ങൾ യഥാക്ര

ഗം കഴുത്തു്, വക്ഷസ്സു്, കുചം, ഉദരം, അരക്കെട്ടു്, നിതംബം, ഗുഹ്യം, അണ്ഡം, അണ്ഡത്തിന്റെ കീഴ്ഭാഗം എന്നീ അവയവങ്ങളാകുന്നു. ഉത്രാടം മുതൽ ഭരണിവരെ ഒൻപതു നക്ഷത്രങ്ങളും യഥാക്രമം കാൽമുട്ടു്, മുഴങ്കാൽ പാദസന്ധി പൃഷ്ഠാന്തം (പൃഷ്ഠത്തിന്റെ അവസാനഭാഗം) പിൻതുട, ഉപ്പൂറ്റി പാദാഗ്രം, കണങ്കാൽ, കാൽവിരൽ എന്നീ ഒൻപതു് അവയവങ്ങളാകുന്നു. ഉദയനക്ഷത്രത്തെ അറിഞ്ഞു് (ഉദയസ്ഫുടത്തിൽ നാളു കണ്ടാൽ കിട്ടുന്ന നക്ഷത്രം) ഇപ്രകാരം രോഗസ്ഥാനം നിശ്ചയിക്കണം. സൂര്യസ്ഫുടത്തിലെ നക്ഷത്രം അറിഞ്ഞു നഷ്ടദ്രവ്യത്തെ നിശ്ചയിക്കയും വേണം. സൂര്യസ്ഫുടനക്ഷത്രം ഏതൊരു അവയവത്തെ കുറിക്കുന്നുവോ ആ അവയവത്തെ സംബന്ധിച്ച ആഭരണം നഷ്ടപ്പെട്ടതായി നിശ്ചയിക്കണമെന്നു താല്പര്യം. നഷ്ടദ്രവ്യം ആഭരണമാണെന്നു് അറിഞ്ഞാൽ മാത്രമേ ഇപ്രകാരം ചിന്തിക്കേണ്ട ആവശ്യമുള്ളൂ.

ത്രികോണലഗ്നദശമേ ശുഭാശ്ചേദ്വ്യാധയോ നഹി
തേഷു നീചാരിയുക്തേഷു ദേഹപീഡാ ഭവിഷ്യതി ൨൪

സാരം—ത്രികോണങ്ങളിലും ലഗ്നത്തിലും ദശമത്തിലും ശുഭന്മാർ നിന്നാൽ വ്യാധിയില്ലെന്നു പറയണം. മേൽപറഞ്ഞ സ്ഥാനങ്ങളിൽ നീചഗ്രഹമോ ശത്രുഗ്രഹമോ നിന്നാൽ ദേഹപീഡയുണ്ടായിരിക്കയും ചെയ്യും.

മരണകാണ്ഡം.

മരണസ്യ വിധാനാനി ജ്ഞാതവ്യാനി മനീഷിഭിഃ
വൃഷസ്യ വൃഷഭച്ഛത്രം സിംഹച്ഛത്രം ഹരേർഭവേൽ ൨൫
അളിനോ വൃശ്ചികശ്ഛത്രം കുംഭശ്ഛത്രംഘടസ്യ ച
ഉച്ചസ്ഥാനാമിതിജ്ഞാതാ / ശുഭേശ സ്യാത്മദേയ ഷഡിവന്ദ്യ

മരണം ന ഭവേത്തസ്യ രോഗിണോ നാത്ര സംശയഃ

സാരം—മരണത്തെ സംബന്ധിച്ച സംഗതികൾ ബുദ്ധിമാന്മാരാൽ ഇപ്രകാരം അറിയപ്പെടുന്നു. ഇടവം അശ്വധമോ ഭരണിയോ ആവുകയും അതു തന്നെ ഛത്രരാശിയാവുകയും ചെയ്താൽ അതിനെ ഉച്ചസ്ഥാനമെന്നറിയണം. മിഥുനം അനുഷമോ ഉത്രമോ ആവുകയും അതുതന്നെ ഛത്രരാശിയാവുകയുംചെയ്താൽ അതും ഉച്ചസ്ഥാനമാകുന്നു. വൃശ്ചികത്തിനും കർക്കിടത്തിനും ഇങ്ങിനെ കണ്ടുകൊള്ളുകയും വേണം. ഇങ്ങിനെ ഉച്ചസ്ഥാനയോഗം കണ്ടാൽ രോഗിക്കു മരണമില്ലെന്നു പറയാം. അതിൽ സംശയമില്ല.

തുലായാ കാർമ്മുകം ഛത്രം നീചം മൃത്യുവിപര്യയേ ൨൬

മേഷസ്യ മിഥുനം ഛത്രം നീചം മൃത്യുവിപര്യയേ
കന്യാച്ഛത്രം കളീരസ്യ നീചം മൃത്യുവിപര്യയേ ൨൭

നക്രസ്യ മീനച്ഛത്രം ന നീചം മൃത്യുവിപര്യയേ
നീചേന ശാമ്യതി വ്യാധിർമൃത്യൗ മരണമാദിശേൽ. ൨൮

സാരം—തുലാത്തിനു ധനുസ്സു ഛത്രമായാൽ നീചവും വിപരീതമായാൽ (ധനുവിനു തുലാംഛത്രമായാൽ) മൃത്യുവുമാകുന്നു. മേടത്തിനു മിഥുനം ഛത്രമായാൽ നീചവും വിപരീതമായാൽ മൃത്യുവുമാണു്. കർക്കടകത്തിനു കന്നി ഛത്രമായാൽ നീചവും വിപരീതമായാൽ മൃത്യുവുമത്രെ. മകരത്തിനു മീനം ഛത്രമായാൽ നീചവും വിപരീതമായാൽ മൃത്യുവുമാകുന്നു. നീചയോഗം കണ്ടാൽ വ്യാധി ശമിക്കുകയില്ല; മൃത്യുയോഗംകണ്ടാൽ മരണത്തെ പറയണം.

ഗ്രഹേഷു ബലവാൻ സൂര്യശ്ച യദി മൃത്യുസ്ഥഭാഗിനാം
മന്ദഃ കുജതമശ്ചലതനോദ്ഭഃ ശീതേന കവിരമൃതേ ൨൯

ബുധസ്തുഷാരവാതാഭ്യാം ശത്രൂണാരോബലീ യദി
ഗുരുർവീക്ഷണ ജീവസ്ഥ കഫപിത്താദിരോഗേണ നശ്യതി ൩൦

സാരം — പ്രശ്നകാലത്തിൽ ഗ്രഹങ്ങളിൽ സൂര്യൻ ബലവാനാണെങ്കിൽ അഗ്നിനിമിത്തം മരണം സംഭവിക്കും. ശനി ബലവാനാണെങ്കിൽ വിശപ്പു നിമിത്തവും ചന്ദ്രൻ ബലവാനായാൽ വെള്ളം നിമിത്തവും ശുക്രൻ ബലവാനായാൽ ശൈത്യംകൊണ്ടും ബുധൻ ബലവാനായാൽ മന്ത്രവും കാററു നിമിത്തവും കുജൻ ബലവാനായാൽ ആയുധം നിമിത്തവും രാഹു ബലവാനായാൽ വിഷംകൊണ്ടും ഗുരു ബലവാനായാൽ ഉദരവ്യാധി നിമിത്തവും മൃത്യു സംഭവിക്കും.

വിധോഃ ഷഡ്വാഷ്ടമേ പാപാസ്സപ്തമേ വാ യദി സ്ഥിതാഃ
രോഗമൃത്യുസ്ഥലാത്ത്വാം വാ രോഗിണാം മരണം ധ്രുവം. വൃ.

ആരൂഢം മരണസ്ഥാനം തസ്മാദഷ്ടമഗഃ ശശി
പാപാഃ പശ്യന്തി ചേന്മൃത്യും രോഗിണാം കഥയേൽസുധിഃ

സാരം — ചന്ദ്രന്റെ ആറിലോ എട്ടിലോ ഏഴിലോ മുമ്പൊന്ന നിധനമൃത്യുസ്ഥാനങ്ങളിലോ (നിധനത്തിലോ മൃത്യുസ്ഥാനത്തോ) പാപന്മാർ സ്ഥിതിചെയ്യുന്നതായാൽ മരണം നിശ്ചയമാണു". മുമ്പൊന്നപ്രകാരം ആരൂഢം മരണസ്ഥാനമായി വരികയും അതിന്റെ എട്ടിൽ ചന്ദ്രൻ നില്ക്കുകയും ആ ചന്ദ്രനെ പാപന്മാർ നോക്കുകയും ചെയ്താൽ ബുദ്ധിമാൻ രോഗിക്കു മൃത്യുവിനെപ്പറയണം.

ഇന്ദൌ ഭാനുസംയുക്തേ ദശമേ പാപസംയുതേ
ദശാഹാന്മരണം ബ്രൂയാദ്ബുധജീവൌ തൃതീയഗൌ വൃ.

സപ്താഹാന്മരണം ബ്രൂയാദ്രോഗിണാമതിബുദ്ധിമാൻ
ഉദയേ ചതുരസ്രേ വാ പാപാഢ്യേ പൃച്ഛതിനാൻ മൃതിഃ വൃ.

ലഗ്നാദ്വിതീയഗാഃ പാപാശ്ചതുർദ്ദശദിനാൻ മൃതിഃ
ത്രിദിനാന്മരണം കിന്തു ദശമേ പാപസംയുതേ വൃ.

തസ്മാൽ സപ്തമഗേ പാപേ ദശാഹാന്മരണം ഭവേൽ
നിധനാരൂഢഗേ പാപേ ദൃഷ്ടേ വാ മരണം ഭവേൽ വൃ.

ത്തെദ് ഗ്രഹവശേനൈവ ദിനമാസാദിനിൎണ്ണയഃ

സാരം—മൂന്നിൽ സൂൎയ്യനും പത്തിൽ പാപനും നിന്നാൽ (ഇതുരണ്ടു യോഗമായി ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു.) പത്തു ദിവസത്തിനുള്ളിൽ മരിക്കുമെന്നു പറയണം. ശുക്രനും ഗുരുവും മൂന്നിൽ നിന്നാൽ ഏഴു ദിവസത്തിനുള്ളിൽ മരണം പറയാം. ഉദയത്തിലോ ചതുരശ്രത്തിലോ (നാലിലും എട്ടിലും) പാപന്മാർ നിന്നാൽ എട്ടുദിവസത്തിനുള്ളിൽ മരിക്കും. ലഗ്നത്തിന്റെ രണ്ടിൽ പാപൻ നിന്നാൽ പതിനാലുദിവസത്തിനുള്ളിൽ മരിക്കും. ലഗ്നത്തിന്റെ പത്തിൽ പാപൻ നിന്നാൽ മൂന്നുദിവസത്തിനുള്ളിൽ മരിക്കും. ലഗ്നത്തിന്റെ ഏഴിൽ പാപൻ ഭവിച്ചാൽ പത്തുദിവസത്തിനുള്ളിൽ മരിക്കും. എട്ടിലും ആയുൎഭവത്തിലും പാപൻ നില്ക്കുകയോ നോക്കുകയോ ചെയ്താൽ മരണം ഭവിക്കും. അതേപ്രകാരം മൃത്യുയോഗം വഹിക്കുന്ന ഗ്രഹത്തിന്റെ ദിനമാസാദികളെയും നിൎണ്ണയിച്ചുകൊള്ളണം (മരണത്തെ സൂചിപ്പിക്കുന്ന രാശി സ്ഥിരരാശിയായാൽ മരണം സ്വദേശത്തും ചരരാശിയായാൽ വിദേശത്തും ഉഭയരാശിയായാൽ സ്വദേശത്തിന്റെ സമീപത്തും മരണം ഭവിക്കുന്നു.)

സ്വൎഗ്ഗകാണ്ഡം

ഗ്രഹോച്ചേ സ്വൎഗ്ഗമായാതി രിപൌ മൃഗകലേ ഭവഃ ഹവ്യ
നീചേ നരകമായാതി മിത്രേ മിത്രകലേ ഭവഃ

സ്വക്ഷേത്രേ സ്വജനേ ജന്മമൃതാനാം കഥയേദ് ബുധഃ

സാരം—ലഗ്നാധിപന്ന് പ്രശ്നകാലത്തിൽ ഉച്ചസ്ഥിതി സംഭവിച്ചാൽ മരിച്ചവൻ സ്വൎഗ്ഗത്തെ പ്രാപിക്കുന്നതാണ്. ലഗ്നാധിപൻ ശത്രുക്ഷേത്രത്തിൽ നിന്നാൽ മരിച്ച

വൻ മൃഗകുലത്തിൽ ജനിക്കുന്നതാണു്. ലഗ്നാധിപനു് നീചസ്ഥിതി ഭവിച്ചാൽ മരിച്ചവൻ നരകത്തെ പ്രാപിക്കുന്നതാണു്. ലഗ്നാധിപൻ മിത്രക്ഷേത്രത്തിൽ സ്ഥിതിചെയ്താൽ മരിച്ചവൻ ബന്ധുകുലത്തിൽ ജനിക്കുന്നതാണു്. ലഗ്നാധിപനു് സ്വക്ഷേത്രസ്ഥിതി ഭവിച്ചാൽ മരിച്ചവൻ സ്വജനങ്ങളുടെ ഇടയിൽ തന്നെ ജനിക്കുന്നതാണു്. മരണാനന്തരഗതിയെപ്പററി ബുദ്ധിമാൻ ഇപ്രകാരം ഫലം പറയേണ്ടതാകുന്നു.

ഭോജനകാണ്ഡം

കേരളസാഹിത്യ അക്കാദമി

കഥയാമി വിശേഷേണ ഭുക്തദ്രവ്യസ്യ നിൎണ്ണയം
പാകഭാണ്ഡാനി ഭുക്താനി വ്യഞ്ജനാനി രസാംസ്തഥാ ॥ ൨൱൦
സഹഭോക്തൄൻ ഭാജനാനി തദ്രൂപസ്യോഹിനോരിപൂൻ

സാരം—ഭുജിക്കപ്പെട്ട ദ്രവ്യത്തെ നിൎണ്ണയിക്കാൻ തക്ക ശരിയായ മാൎഗ്ഗം പറയാം. പാകപാത്രങ്ങളും, ഭക്ഷ്യസാധനങ്ങളും, വ്യഞ്ജനങ്ങളും, അവയുടെ സ്വാദുകളും, ഒന്നിച്ചിരുന്നു ഭക്ഷിച്ചവർ, ഭക്ഷണപാത്രങ്ങൾ, വിളമ്പിയവന്റെ ശത്രുക്കളും മിത്രങ്ങളും ഇവയെ അറിവാനുള്ള മാൎഗ്ഗത്തെ ഉപദേശിക്കുന്നു.

മേഷരാശൌ ഭവേച്ഛാഗം വൃഷഭേ ഗവ്യമുച്യതേ ൨൱൧
ധനുൎമ്മിഥുനസിംഹേഷു മത്സ്യമാംസാദിഭോജനം
നക്രാളികൎക്കിമീനേഷു പരിപക്വഫലാദികം ൨൱൨
തുലാകന്യാഘടേഷ്വേവ ശുദ്ധാന്നമിതി കീൎത്തയേൽ.

സാരം പ്രശ്നകാലത്തിൽ മേഷരാശി ഉദയമായാൽ ആട്ടിന്റെ (ആട്ടിൻമാംസം) ഭക്ഷിച്ചുവെന്നും ഇടവമായാൽ പ

ശുക്രമാംസം ഭക്ഷിച്ചുവെന്നും ധനു, മിഥുനം, സിംഹം ഇവ ഉദയമായാൽ മത്സ്യമാംസം ഭക്ഷിച്ചുവെന്നും മകരം, വൃശ്ചികം കർക്കടകം, മീനം ഇവ ഉദയമായാൽ നല്ലപോലെ പഴുത്ത പഴം മുതലായതു് ഭക്ഷിച്ചുവെന്നും തുലാം, കന്നി, കുംഭം ഇവ ഉദയമായാൽ ശുദ്ധാന്നം ഭക്ഷിച്ചുവെന്നും പറയേണ്ടതാകുന്നു.

ഭാനോഃ തിക്തകടുക്ഷാരമിശ്രം ഭോജനമുച്യതേ ൨൯൨

കൃഷ്ണാന്നം ക്ഷീരതക്രസംയുക്തം ഭൂമിപുത്രസ്യ ഭോജനം
വർജിതാന്യപദാംശാനി സൗമ്യസ്യാഹുർമനീഷിണഃ ൨൯൩

പായസാന്നം ഘൃതയുതം ഗുരോർഭോജനമീരിതം
സതൈലകോദ്രവാന്നം ച ഭോജനം മന്ദസ്യ ഭോജനം ൨൯൪

ചണകം രാഹുകേതോശ്ച രസവർഗ്ഗ ഉദാഹൃതഃ

സാരം—പ്രശ്നകാലത്തിൽ ഉദയലഗ്നത്തിൽ സൂര്യൻ നിന്നാൽ കൈപ്പും എരിവും ഉപ്പുമുള്ള ഭക്ഷണത്തെയും ചൊവ്വാ നിന്നാൽ തേൻ കലർന്ന കറുപ്പുനിറമുള്ള ഭക്ഷണത്തെയും ബുധൻ നിന്നാൽ കട്ടവറുത്ത കൂട്ടുവാൻ ഉപ്പിലിട്ടതു മുതലായവയേയും ഗുരു നിന്നാൽ നെയ്യ് ചേർന്ന പായസാന്നത്തെയും ശനി നിന്നാൽ എണ്ണ കലർന്ന കൂവരക് മുതലായവയുടെ അന്നത്തെയും രാഹുവോ കേതുവോ നിന്നാൽ കടല മുതലായവ പുഴുങ്ങിയ ഭക്ഷണത്തേയും നിശ്ചയിക്കണം.

ജീവസ്യ മാഷവടകം സൂപമിശ്രം തു ഭോജനം. ൨൯൫

ചന്ദ്രസ്യ കന്ദപ്രസവമത്സ്യാദ്യൈർഭോജനം ഭവേൽ
ക്ഷൌദ്രാപൂപപായസായുഗ്വിവ്യഞ്ജനൈർഭോജനം ഭൃഗോ

സാരം—ഗുരുവിനെക്കൊണ്ടു് ഉഴുന്നുവട, പരിപ്പുചേർന്ന ആഹാരം ഇവയെയും ചന്ദ്രനെക്കൊണ്ടു് കിഴങ്ങു്, പൂ

വു്, മത്സ്യം മുതലായവ ചേൎന്ന ആഹാരത്തെയും ശുക്രനെക്കൊണ്ടു തേൻ, വട (ജിലേബി), പാൽ ഇവയോടുകൂടിയ വ്യഞ്ജനഭോജനത്തെയും കണ്ടുകൊള്ളണം.

രാജരാശൌ ശുഭൈൎദൃഷ്ടേ സ്വാദ്വന്നം ഭോജനം ഭവേൽ
സമരാശൌ മന്ദരുച്യാ ഉംകേതല്പാ പാപവീക്ഷിതേ

കേചിൽ പശ്യന്തി പാപാഖ്യേൽ പുരാണാന്നം ക്ഷുധാൎത്തിതഃ
അൎക്കാരെ മാംസഭോക്താരാവുശനശ്ചന്ദ്രഭോഗിനഃ വൻൻ

നവീനതൈലതക്രക്ഷീരദധിമിൽഭോജനം ഭവേൽ
ജലരാശിഷു പാപേഷു സസൌമ്യേഷ്വീക്ഷിതേഷു ച ൧൦൦

സതൈലഭോജനം ബ്രൂയാദിതി ജ്ഞാതാ വിചക്ഷണഃ
പൂൎവ്വോക്തധാതുവൎഗ്ഗേണ ഭജനാനി വിനിൎദ്ദിശേൽ

മൂലവൎഗ്ഗേണ ശാകാദിന്യപഠംശാന്യഭേൽ ബുധഃ
ജീവവൎഗ്ഗേണ ഭോക്താംശ്ച മത്സ്യമാംസാദികാന്യപി ൧൦൧

സൎവ്വമാലോക്യ നിശ്ചിത്യ പ്രശ്നാംശ്ചണാം ബുധോ വദേൽ

സാരം—രാജരാശി ഉദയത്തിൽ ശുഭദൃഷ്ടി സംഭവിച്ചാൽ നല്ലസ്വാദുള്ള ഭക്ഷണത്തെയും സമരാശ്യുദയത്തിൽ അശുഭദൃഷ്ടി സംഭവിച്ചാൽ സ്വല്പരുചിയോടുകൂടിയ അല്പാഹാരത്തെയും പറയണം. പാപന്മാരുടെ ദൃഷ്ടി ഉദയത്തിൽ സംഭവിച്ചാൽ പഴയ ഭക്ഷണത്തെ വിശപ്പുകൊണ്ടു പീഡിക്കപ്പെട്ടതിന്റെ ശേഷം ഭുജിച്ചതായി പറയണമെന്നു ചിലർ അഭിപ്രായപ്പെടുന്നു. സൂൎയ്യൻ, കുജൻ ഇവരെക്കൊണ്ടു മാംസഭോജനത്തെയും ശുക്രൻ, ചന്ദ്രൻ. രാഹു ഇവരെക്കൊണ്ടു് എണ്ണ, നെയ്യ്, പാൽ, തൈർ മുതലായവയോടുകൂടിയ ഭക്ഷണത്തെയും പറയണം. ജലരാശിയിൽ ശുഭനോടുകൂടിയ പാപൻ നില്ക്കുകയോ നോക്കുകയോ ചെയ്താൽ എണ്ണയോടുകൂടിയ ആഹാരത്തെ ഉപദേശിക്കേണ്ടതാകുന്നു. ബുദ്ധിമാൻ ഇപ്രകാരം ചിന്തിച്ചു്, മുമ്പു ഗ്രഹങ്ങൾക്കു രാ

ശികാംശം പറഞ്ഞ ധാതുവസ്തുക്കളെക്കൊണ്ട് പാകപാത്രം ഭോജനപാത്രം മുതലായവയേയും മൂലവസ്തുക്കളെക്കൊണ്ട് കായ്, കനി മുതലായ ഉപദംശങ്ങളേയും ജീവവസ്തുക്കളെക്കൊണ്ട ഭക്ഷിച്ചവരെയും മത്സ്യം, ഉഴുന്ന് ഇവകൊണ്ടുണ്ടാക്കിയ ആഹാരങ്ങൾ മുതലായവയേയും പറയേണ്ടതാകുന്നു. പ്രശ്നത്തിൽ ഇപ്രകാരം സകലത്തും ആലോചിച്ചു നിശ്ചയിച്ചതിന്റെ ശേഷം ബുദ്ധിമാൻ ഫലം പറയേണ്ടതാണ്.

സ്വപ്നകാണ്ഡം.

സ്വപ്നേ യാൻ പരിപശ്യന്തി സർവ്വാൻ വക്ഷ്യാമി സർവ്വഥാ

മേഷോദയേ ദേവഗൃഹം പ്രാസാദാഃ സംഭവന്തി ച
വൃഷോദയേ ദിനാധീശേ ജ്ഞാതനഷ്ടസ്യ ദർശനം ൩൪

വൃശ്ചികസ്യോദയേ ശുക്രേ വ്യാകുലം മൃതദർശനം
മിഥുനസ്യോദയേ വിപ്രം തപസ്വിവചനാനി ച ൩൫

കർക്കിടസ്യോദയേ ക്ഷേത്ര സസ്യം ദൃഷ്ട്വാ പുനർഗ്ഗൃഹം
തൃണാന്ന്യാദായ ഹസ്താഭ്യാം ഗച്ഛതീതി വിനിർദ്ദിശേൽ

സിംഹോദയേ കിരാതാംശ്ച മഹിഷാൻ ഗിരിപർവ്വതം
കന്യോദയേ ശ്രീപിചാത്രദൈവ മുണ്ഡസ്ത്രീഭ്യഃ പിബന്ത്യപഃ

സാരം—സ്വപ്നത്തിൽ എന്തെല്ലാം കാണപ്പെടുന്നുവോ അവ എല്ലാററിനേയും ഞാൻ പറയുന്നു. മേടം ഉദയരാശിയായാൽ കോവിൽ, മാളിക ഇവയുടെ ദർശനം സ്വപ്നത്തിനുണ്ടാകും. ഇടവം ഉദയമായി അതിൽ സൂര്യൻ നിന്നാൽ മുമ്പൊന്നവയുടെ പുനർദ്ദർശനമുണ്ടാകും. വൃശ്ചികോദയത്തിൽ സൂര്യനൊ ചൊവ്വയൊ നിന്നാൽ സ്വപ്ന

ത്തിൽ ദുഃഖവും മരിച്ചുപോയ മനുഷ്യന്റെ ദർശനവുമുണ്ടാകും. മിഥുനോദയത്തിൽ ബ്രാഹ്മണനെക്കാണുകയും താപസന്റെ ഉപദേശത്തെ കേൾക്കുകയും ചെയ്യും. കർക്കടകം രാശി ഉദയത്തിൽ വയലിൽ ചെന്നു കൃഷികളെ നോക്കിയുംവെച്ചു കൈയിൽ പുല്ലുംകൊണ്ടു വീട്ടിലേക്ക മടങ്ങിവന്നതായി സ്വപ്നം കാണും. സിംഹംരാശി ഉദയത്തിൽ വേടനേയും ഏറുമാടത്തെയും പർവ്വതശൃംഗങ്ങളെയും സ്വപ്നം കാണും. കന്നിരാശി ഉദയത്തിൽ (കന്നിരാശി ആരൂഢത്തിൽ) മുണ്ഡനംചെയ്ത സ്ത്രീയാൽ നല്കപ്പെട്ട ജലത്തെ പാനംചെയ്തതായി സ്വപ്നം കാണും.

തുലോദയേ നൃപം സ്വപ്നേ വണിജം ച സ പശ്യതി
വൃശ്ചികസ്യോദയേ സ്വപ്നേ പശ്യന്തി മൃഗാദികം ൬൭

വൃഷാംശ്ചൈവ തഥാ ദൃഷ്ട്വാ സ്വപ്നേ ദൂരാശതോദയേ
ഉദയേ ധന്വിനഃ പശ്യേൽ പുഷ്പം പക്വഫലം ലഭേൽ ൬൮

മൃഗോദയേ നദീം നാരീം പുമാൻ സ്വപ്നേഷു പശ്യതി
കുംഭോദയേ ച മുകുരം മീനേ സ്വപ്നം ജലാശയം. ൬൯

സാരം — തുലാംരാശി ഉദയമായാൽ സ്വപ്നത്തിൽ രാജാവിനേയും സ്വപ്നത്തെയും വ്യാപാരിയേയും ദർശിക്കും. വൃശ്ചികരാശി ഉദിച്ചാൽ വണ്ട്, മൃഗം മുതലായവയെ സ്വപ്നത്തിൽ കാണും. കാളകളെക്കണ്ട് ഏറ്റവും നിർദ്ദയം വിരട്ടിക്കൊടിച്ചുവെന്നും സ്വപ്നംകാണുകയും ചെയ്യും. ധനുരാശി ഉദിച്ചാൽ പുഷ്പത്തെ സ്വപ്നം കാണും. പഴുത്ത പഴം സ്വപ്നത്തിൽ ലഭിക്കുകയും ചെയ്യും. മകരം ഉദിച്ചാൽ നദിയേയും സ്ത്രീയെയും സ്വപ്നം കാണും. കുംഭരാശി ഉദിക്കുന്നതായാൽ കണ്ണാടിയും മീനംരാശി ഉദിച്ചാൽ സ്വപ്നം ജലാശയം മുതലായവയും കാണപ്പെടുന്നതാണ്.

തുര്യേ തിഷ്ഠതി ശുക്രേ ച രാജതം വസ്തു പശ്യതി
അളിത്യംശേൻദുതാൻ പുംസഃ പതനം ശുഭ്രശോഭിനാം

ചന്ദ്രേ ജ്ഞേ പ്ലവനം സിന്ധൗ രാഹൗ മത്സ്യം വിഷം ഭവേൽ
അത്ര കിഞ്ചിദ്വിശേഷോƒസ്തി ക്ഷേത്രാദ്യേഷൂദയേഷു ച
ശുക്രസ്ഥിതേ ജ്ഞേ സുശ്വേതസൗധം സൗമ്യേ,ƒമരനാരികൾ
ചതുർത്ഥസ്ഥവശാൽ സ്വപ്നം ബ്രൂയാദ് ഗ്രഹനിരീക്ഷണൈഃ
അത്രാനുക്തം തു സകലം ബ്രൂയാൽ പൂൎവ്വോക്തവൎത്മനാ.

നാലാം നാലിൽ ശുക്രൻനിന്നാൽ വെള്ളികൊണ്ടു നിൎമ്മിക്കപ്പെട്ട സൗധങ്ങളെ സ്വപ്നം കാണും. സൂൎയ്യൻ നിന്നാൽ മരിച്ചു പുരുഷന്മാരെയും ഉണങ്ങിയ മരത്തിൽ നിന്നുമുള്ള പതനത്തെയും സ്വപ്നത്തിൽ കാണും. ചന്ദ്രൻ നിന്നാൽ സമുദ്രത്തിൽ നീന്തിയതായി സ്വപ്നംകാണുകയും രാഹു നിന്നാൽ മത്സ്യം വിഷം ഇവയെകാണുകയും ചെയ്യും. ഇവിടെ ഒരു വിശേഷം ഭവിക്കുന്നു. ക്ഷേത്രംദ്രേക്കാണം ഉദയം ഇവയിൽ ശുക്രൻ നിന്നാൽ വെണ്മാടത്തെയും ബുധൻ നിന്നാൽ ദേവന്മാരെയും സ്വപ്നം കാണുമെന്നു പറയണം. നാലാമിടത്തു നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ടും അവിടെ നോക്കുന്ന ഗ്രഹങ്ങളെക്കൊണ്ടും സ്വപ്നഫലത്തെ പറയേണ്ടതാകുന്നു. ഇവിടെ പറഞ്ഞിട്ടില്ലാത്ത വിഷയങ്ങളെല്ലാം പൂൎവ്വോക്തശാസ്ത്രങ്ങളെ അനുസരിച്ചു ചിന്തിച്ചുകൊള്ളുന്നു.

നിമിത്തകാണ്ഡം

അഥാതഃ സൎവ്വലോകേ പഠിതാ യന്നിമിത്താ നിവൎത്തതേ
ചരാചരനിമിത്താനിർത്ഥാനായോഗാദിതീരയേൽ
സ്ഥിരാണിയേ നിമിത്താനാം വിരോധേന ച ശക്തിതഃ

സാരം — യാത്രാപ്രശ്നത്തിൽ ഉഭയരാശി ഉദയമായാൽ ദുർന്നിമിത്തം കണ്ടു തിരികെപ്പോരുമെന്നും ചരരാശി ഉദയമായാൽ സന്നിമിത്തം കണ്ടു യാത്രചെയ്യുമെന്നും സ്ഥിരരാശി ഉദയമായാൽ ശകുനതടസ്സത്താൽ യാത്രചെയ്യാനിടയാകയില്ലെന്നും പറയണം.

ചന്ദ്രോദയേ മിവാമീനചാഷപാരാവതാദയഃ
ശകുനാ ഭവേദ് ദൃഷ്ടാ ഇതി ബ്രൂയാദ്വിചക്ഷണഃ ൭൯

ഗുരൂദയേ തഥാ കാകഭാരദ്വാജാദിപക്ഷിണഃ
മന്ദോദയേ കലിങ്ഗസ്യാജ്ജ്ഞോദയേ പിംഗലോ ഭവേൽ
സൂര്യോദയേ ച ഗരുഡഃ സവ്യം സവ്യവശാദ് ഭവേൽ.

സാരം — ഉദയലഗ്നത്തിൽ ചന്ദ്രൻ നിന്നാൽ മൃഗം, കാട്ടുകാക്ക, പ്രാവ് ഇത്യാദികളായ ശകുനങ്ങൾ കാണാനിടയാകുമെന്ന ബുദ്ധിമാൻ ഫലംപറയേണ്ടതാകുന്നു. ഗുരു ലഗ്നത്തിൽ നിന്നാൽ കാക്ക, ഭാരദ്വാജം (വാൽ നീണ്ട ഒരുതരം പക്ഷി) മുതലായവയും ശനി ഉദയത്തിൽ നിന്നാൽ കലിംഗമെന്ന പക്ഷിയും ബുധൻ ലഗ്നത്തിൽനിന്നാൽ പിംഗളമെന്ന പക്ഷിയും കാണപ്പെട്ടുവെന്നു പറയണം. ഉദയലഗ്നത്തിൽ സൂര്യൻ പൂർവാർദ്ധത്തിൽ നിന്നാൽ ഗരുഡനെ വലതുവശം കണ്ടുവെന്നും ഉത്തരാർദ്ധത്തിൽ നിന്നാൽ ഇടതുവശം കണ്ടുവെന്നും പറയേണ്ടതാകുന്നു.

സ്ഥിരരാശൗ സ്ഥിരാൻ പശ്യേച്ചരേ തിര്യഗ്ഗതാനിതി ൮൦

ഉഭയേ ധാന്യവൃത്തിഃ സ്യാദ് ഗ്രഹസ്ഥിതിവശാദമീ
രാഹോർഗോധാവിധോശ്ചാഹേർഭൗമാദ്വൃശ്ചികമീരയേൽ

ധോർഭൃഗുശുക്രസ്യ ജീവസ്യ ക്ഷീരം സർപ്പിർഗവാമൃതം
മനോജ്ഞം ശോഭനഗരുഡഃ ശിവാ ഭൗമസ്യ കീർത്തിതാ

ശനേസ്സർപ്പസൂരവഹ്നീ ച നിമിത്തം ദൃഷ്ടമാദിശേൽ
ഭൗമസ്യ ശ്വാനമല്ലൂകഭാരദ്വാജശകാ ഇതി ൮൧

ഉലൂകസ്ഥിരരാശൌ ച കപോതശ്ച ഗൃഹോദരി
ശുക്രസ്യ പക്ഷിണോ ബ്രൂയാൽ ഗഗനേ സരടസ്ഥിതാ ൩൨.

ജീവകാണ്ഡപ്രകാരേണ പക്ഷിണോഽന്യാനപി ചാരയേൽ.

സാരം — സ്ഥിരരാശി ഉദയത്തിൽ സ്ഥിരമായ ശകുനങ്ങളും ചരരാശി ഉദയത്തിൽ കടന്നു പോകുന്ന ശകുനങ്ങളും ഉഭയരാശി ഉദയത്തിൽ വഴിയിൽ ശകുനങ്ങളും കാണാനിടയാകും. ഉദയലഗ്നത്തിൽ രാഹു നിന്നാൽ ഉടുമ്പിനെയും ചന്ദ്രൻ നിന്നാൽ കാട്ടുകാക്കയെയും ബുധൻ നിന്നാൽ മൂങ്ങ എന്ന പക്ഷിയെയും ശുക്രൻ നിന്നാൽ തൈരും, വ്യാഴം നിന്നാൽ പാൽ നെയ്യ് ഇവയും സൂര്യൻ നിന്നാൽ വെളുത്ത ഗരുഡനും ചൊവ്വ നിന്നാൽ കഴുകനും ശനി നിന്നാൽ തസ്കരൻ അഗ്നി ഇവയും ശകുനം കണ്ടുവെന്നു പറയേണ്ടതാണ്. കുജനു പട്ടി, കരടി, മാൎജ്ജാരം, മുയൽ ഇവയും ഗുരുവിനു മൂങ്ങ, ചിച്ചിലിയെന്ന പക്ഷി, പ്രാവ് ഇവയും ശുക്രന് ആകാശത്തിൽ ചരിക്കുന്ന എല്ലാ പക്ഷികളും മറ്റും വക്തവ്യങ്ങളാകുന്നു. ജീവകാണ്ഡമനുസരിച്ചുള്ള പക്ഷികളെക്കൂടി വിചാരിക്കേണ്ടതാണ്.

വിവാഹകാണ്ഡം.

പ്രശ്നേ വൈവാഹികേ ലഗ്നേ കുജസൂൎയ്യബുധാം യദി ൩൩.

വൈധവ്യം ശീഘ്രമായാതി സാ നാരീ നാത്ര സംശയഃ
ഉദയേ മന്ദഗേ നാരീ രിക്തം മൃതസുതാ ഭവേൽ ൩൪

ചന്ദ്രോദയേ തു മരണം ദമ്പത്യോശ്ശീഘ്രമേവ ച
സിതജീവബുധാ ലഗ്നേ യദി ഭൎത്തൃ ദീൎഘജീവിനൌ ൩൫

സാരം—വിവാഹപ്രശ്നത്തിൽ, ലഗ്നത്തിൽ ചൊവ്വ, സൂര്യൻ, ബുധൻ ഈ ഗ്രഹങ്ങൾ നിന്നാൽ വിവാഹം ചെയ്യപ്പെടുന്ന സ്ത്രീ വൈധവ്യമനുഭവിക്കും. ലഗ്നത്തിൽ ശനി നിന്നാൽ വിവാഹം ചെയ്യപ്പെടുന്ന സ്ത്രീ നിർദ്ധനയായും മൃതസുതന്മാരോടുകൂടിയവളായും ഭവിക്കും. ചന്ദ്രൻ ഉദയലഗ്നത്തിൽ നിന്നാൽ ദമ്പതികൾ പെട്ടെന്നു മരിക്കാനിടയാകും. ലഗ്നത്തിൽ ശുക്രൻ, ഗുരു, ബുധൻ ഈ ഗ്രഹങ്ങൾ നിന്നാൽ ദമ്പതികൾ ദീർഘകാലം ജീവിക്കാനിടയാകും.

ദ്വിതീയസ്ഥേ നിശാനാഥേ ബഹുപുത്രവതീ ഭവേൽ
സ്ഥിതാ യദ്യർക്കമന്ദാരാ മനഃക്ലേശോ ദരിദ്രതാ ॥ ൨൩൬

ദ്വിതീയേ രാഹുസംയുക്തേ സാ ഭാര്യാ വ്യഭിചാരിണീ
ശുഭഗ്രഹാ ദ്വിതീയസ്ഥാ മാംഗല്യം ബഹുപുത്രതാ ॥ ൨൩൭

തൃതീയേ ജീവരാഹുഭ്യാം വന്ധ്യാ ഭവതി ധ്രുവം
അന്യേ തൃതീയരാശിസ്ഥാ ധനസൗഭാഗ്യവൃദ്ധിദാഃ ॥ ൨൩൮

ചതുർത്ഥേഽർക്കനിശാധീശൗ തിഷ്ഠതോ യദി പാപിനൗ
ശനൗ സ്തന്യേന ഹീനാ സ്യാൽ ഭൗമേ സാപത്ന്യവത്യസൗ

ബുധശുക്രാർജീവയോഗേഽല്പജീവനാവത്യസൗ.

സാരം—ലഗ്നത്തിന്റെ രണ്ടാമിടത്തു ചന്ദ്രൻ നിന്നാൽ വിവാഹംചെയ്യപ്പെട്ട സ്ത്രീ ബഹുപുത്രന്മാരോടുകൂടിയവളായി ഭവിക്കും. രണ്ടിൽ സൂര്യനോ ശനിയോ കുജനോ നിന്നാൽ മനഃക്ലേശവും ദാരിദ്ര്യവുമനുഭവിക്കും. രണ്ടിൽ രാഹു നിന്നാൽ ഭാര്യ വ്യഭിചാരിണിയായിത്തീരും. രണ്ടിൽ ശുഭഗ്രഹങ്ങൾ നിന്നാൽ മംഗല്യവും ബഹുപുത്രതയും ഉണ്ടാകും. മൂന്നിൽ ഗുരുവോ രാഹുവോ നിന്നാൽ ആ ഭാര്യ നിശ്ചയമായും വന്ധ്യയായിത്തീരും. മറ്റുള്ളവർ മൂന്നിൽ നിന്നാൽ ധനത്തിനും സൌഭാഗ്യത്തിനും അഭിവൃദ്ധിയുണ്ടാകുന്നതാണു*. നാലിൽ സൂര്യനും പാപിയായ ചന്ദ്രനും ശ

നിയും നിന്നാൽ ഭാൎയ്യ മുലപ്പാൽ ഇല്ലാത്തവളായിത്തീരും. നാലിൽ രാഹു നിന്നാൽ സപത്നിയോടു കൂടിയവളായി ഭവിക്കും. നാലിൽ ബുധൻ, ശുക്രൻ, ചൊവ്വ, ഗുരു ഇവർ നിന്നാൽ ഭാൎയ്യ അല്പായുസ്സോടു കൂടിയവളായിത്തീരും.

പഞ്ചമേ യദി സൌരിസ്സ്യാദ്വ്യാധിനാ സാ പ്രപീഡിതാ
ശുക്രജീവബുധാഃ സ്യുശ്ചേദ് ബഹുപുത്രവതീ വധൂഃ
ചന്ദ്രാദിത്യൌ ച വന്ധ്യാ സ്യാദാഹിശ്ചേന്മരണം ഭവേൽ

ആരശ്ചേത് പുത്രനാശസ്സ്യാൽ പ്രശ്നേ പാണിഗ്രഹോ-
ഷഷ്ഠേ ശശീ ചേദ്വിധവാ ബുധഃ കലഹകാരിണീ (ചിത്തേ

ഷഷ്ഠേ തിഷ്ഠതി ശുക്രേ ചേദ്ദീർഘമംഗല്യകാരിണീ
അന്യേ തിഷ്ഠന്തി ചേന്നാരീ സ്വൈരിണീ ബുദ്ധിമത്യപി സന്തതം

സപ്തമസ്ഥേ ശനൌ നാരീ ത്വരിതാ വിധവാ ഭവേൽ
വ്യാധിഗ്രസ്താ ഭവേന്നാരീ സപ്തമസ്ഥേ രവൌ യദി സന്തതം

സപ്തമസ്ഥേ നിശാനാഥേ ജലപീഡാവതീ ഭവേൽ
പരേണാപഹൃതാ യാതി കുജേ തിഷ്ഠതി സപ്തമേ. സന്തതം

ബുധജീവൌ സുരാചിസ്സ്യാദ്രാഹുശ്ചേദ്വിധവാ ഭവേൽ
ശുക്രശ്ചേൽ സപ്തമേ രാശൌ വധൂർമൃത്യും പ്രയാസ്യതി.

സാരം — വിവാഹപ്രശ്നത്തിൽ ശനി അഞ്ചിൽ നിന്നാൽ വിവാഹം ചെയ്യപ്പെടുന്ന സ്ത്രീ വ്യാധിപീഡിതയായി ഭവിക്കും. ശുക്രൻ, ഗുരു, ബുധൻ ഇവർ അഞ്ചിൽ നിന്നാൽ ബഹുപുത്രയായിത്തീരും. ചന്ദ്രനും സൂൎയ്യനും അഞ്ചിൽ നിന്നാൽ വന്ധ്യയായി ഭവിക്കും. രാഹു അഞ്ചിൽ നിന്നാൽ മരണം നേരിടും. കുജൻ അഞ്ചിൽ നിന്നാൽ പുത്രനാശം അനുഭവിക്കും. ആറിൽ ചന്ദ്രൻ നിന്നാൽ വിധവയായിത്തീരും. ബുധൻ ആറിൽ നിന്നാൽ കലഹകാരിണിയാകും. ശുക്രൻ ആറിൽ നിന്നാൽ ദീർഘമംഗല്യത്തോടുകൂടിയവളായി ഭവിക്കും. സൂൎയ്യൻ, ചൊവ്വ, ഗുരു, ശനി,

രാഹു ഇവർ ആറിൽ നിന്നാൽ സുഖവും ശ്രേയോഭിവൃദ്ധിയും ഉള്ളവളായിത്തീരും. ഏഴിൽ ശനി നിന്നാൽ എളുപ്പത്തിൽ വിധവയായി ഭവിക്കും. ഏഴിൽ സൂര്യൻ നിന്നാൽ രോഗപീഡിതയാകും. ഏഴിൽ ചന്ദ്രൻ നിന്നാൽ ജ്വരപീഡയായിത്തീരും. ഏഴിൽ കുജൻ നിന്നാൽ അന്യനാൽ അപഹരിക്കപ്പെട്ടവളായും ഏഴിൽ ബുധനും ഗുരുവും നിന്നാൽ ഐശ്വര്യവതിയായും ഭവിക്കും. രാഹു നിന്നാൽ വിധവയായിത്തീരും. ശുക്രൻ നിന്നാൽ മരണത്തെ പ്രാപിക്കും.

അഷ്ടമസ്ഥാ ശുക്രഗുരുഭുജംഗാ നാശയന്തി ച
ശനിജ്ഞൌ വൃദ്ധിദൌ ചന്ദ്രോ മാരയത്യേവ ഭാമിനീം
ആദിത്യാരൌ പുനർഭൂസ്സ്യാൽ പ്രശ്നേ വൈവാഹികേ
വധ്വാഃ
നവമേ യദി സൌമ്യസ്സ്യാൽ പാപാധിഹീനാ ഭവേദ്വധൂഃ നവ
ജീവചന്ദ്രൌ യദി സ്യാതാം ബഹുപുത്രാവതീ ഭവേൽ
അന്യേ തിഷ്ഠന്തി നവമേ യദി വന്ധ്യാ ന സംശയഃ. ന്ദൻ
ദശമേ യദി ചന്ദ്രസ്സ്യാൽ പാപസന്ധ്യാ ഭവതി ഭാമിനീ
ഭാർഗ്ഗവോ യദി വേശ്യാ സ്യാൽ പാപിധവാക്കികജാദയഃ സ്ഥം
രിക്താ ഗുരുശ്ചേജ്ജ്ഞാദിത്യൌ യദി തസ്യാസ്സുഖം ഭവേൽ
ലാഭസ്ഥാനഗതാസ്സർവ്വേ പുത്രസൌഭാഗ്യവൃദ്ധിദാഃ സ്വർഗ്ഗ
ലഗ്നാദ്ദ്വാദശഗശ്ചന്ദ്രോ യദി സ്യാന്നാശമാദിശേൽ
ശനിഭൌമൌ യദി സ്യാതാം സുരാപാനവതീ ഭവേൽ സ്വർവ
ബുധേ പുത്രവതീ ജീവേ ധനധാന്യാവതീ വധൂഃ
സപ്താദിത്യൌ സ്ഥിതൌ വന്ധ്യാ ശുക്രേ സുഖവതീ ഭവേൽ.

സാരം—ശുക്രൻ, ഗുരു, രാഹു ഇവർ പ്രശ്നലഗ്നത്തിന്റെ എട്ടിൽ നിന്നാൽ നാശത്തെ ചെയ്യുന്നതാണ്. ശനി, ബുധൻ ഇവർ എട്ടിൽ നിന്നാൽ അഭിവൃദ്ധി ഉണ്ടാ

കും. ചന്ദ്രൻ എട്ടിൽ നിന്നാൽ സ്ത്രീക്കു നാശം സംഭവിക്കും. സൂൎയ്യനും ചൊവ്വയും എട്ടിൽ നിന്നാൽ സ്ത്രീ രണ്ടു പ്രാവശ്യം വേൾക്കപ്പെടും. ഒൻപതിൽ ബുധൻ നിന്നാൽ സ്ത്രീ അരോഗയായിത്തീരും. ഗുരുവും ചന്ദ്രനും ഒൻപതിൽ നിന്നാൽ സ്ത്രീ അനേക പുത്രന്മാരോടുകൂടിയവളായി ഭവിക്കും. അന്യഗ്രഹങ്ങൾ (സൂൎയ്യൻ. കുജൻ, ശുക്രൻ, ശനി ഇവർ) ഒൻപതിൽനിന്നാൽ സ്ത്രീ വന്ധ്യയായിത്തീരും; ഇതിൽ സംശയിക്കാനില്ല. പത്താമിടത്തു ചന്ദ്രൻ നിന്നാൽ സ്ത്രീ വന്ധ്യയായിത്തീരും. പത്താമിടത്തു ശുക്രൻ നിന്നാൽ അവൾ വേശ്യയായി ഭവിക്കും. ശനിയും ചൊവ്വയും നിന്നാൽ വൈധവ്യം അനുഭവിക്കും. ഗുരു പത്തിൽ നിന്നാൽ സ്ത്രീ അഗതിയായിത്തീരും. ബുധനും സൂൎയ്യനും നിന്നാൽ സ്ത്രീക്കു ശുഭത്തെ പറയണം. പതിനൊന്നാം ഭാവത്തിൽ നില്ക്കുന്ന എല്ലാ ഗ്രഹങ്ങളും സന്താനവൃദ്ധിയും സൌഭാഗ്യവൃദ്ധിയും നല്കുന്നതാണു്. പന്ത്രണ്ടിൽ ചന്ദ്രൻ നിന്നാൽ നാശത്തെ പറയേണ്ടതാകുന്നു. ശനിയും ചൊവ്വയും പന്ത്രണ്ടിൽനിന്നാൽ മദ്യപാനം ചെയ്യുന്നവളായി ഭവിക്കും. പന്ത്രണ്ടിൽ ബുധൻ നിന്നാൽ പുത്രവതിയായും ഗുരു നിന്നാൽ ധനധാന്യവതിയായും ഭവിക്കും. പ്രശ്നലഗ്നത്തിന്റെ പന്ത്രണ്ടിൽ രാഹുവും സൂൎയ്യനും നിന്നാൽ വന്ധ്യയായും ശുക്രൻ നിന്നാൽ ശുഭവതിയായും തീരും.

....

കാമകാണ്ഡം

സ്ത്രീപുംസോ രതിഭോഗാംശ്ച സ്നേഹാസ്നേഹൌ പതിവ്രതം
ശുഭാശുഭൌ ക്രമാൽ പ്രോക്താശ്ശാസ്ത്രേ ജ്ഞാനപ്രദീപകേ

പൃച്ഛോദയാരൂഢകേന്ദ്രേഷു ശുഭഗോ യദി
തേഷാം പുംസ്ത്രിയസ്സാകം ഭദ്രേ ഭവനാമപ്യസംശയഃ ൩൮

ലഗ്നാദേകാദശേ സ്ഥേ ച തൃതീയേ ദശമേ ശശീ
ജീവദൃഷ്ടിയുതസ്ത്വേവം ഭാര്യാ പതിവ്രതാ. ൩൪൩

ചന്ദ്രം പശ്യന്തി പുംഖേടാസ്തേന യുക്താ ഭവന്തി ചേൽ
തദ്ഭാര്യാ ഭുഞ്ജതി ഭ്രൂയാദിതി ശാസ്ത്രവിദോ വിദുഃ ൩൪൪

സാരം—സ്ത്രീപുരുഷന്മാരുടെ അതിയായ ഭോഗാനുഭൂതി, പാരസ്പര്യസ്നേഹം, സ്നേഹരാഹിത്യം, പാതിവ്രത്യം, ശുദ്ധി, അശുദ്ധി, ഇവയെ ഈ ജ്ഞാനപ്രദീപശാസ്ത്രത്തിൽ യഥാക്രമം വിവരണം ചെയ്യുന്നു. പ്രശ്നലഗ്നത്തിന്റെയും ആരൂഢത്തിന്റെയും കേന്ദ്രങ്ങളിൽ ബുധൻ നിന്നാൽ പ്രഷ്ടാക്കൾ ദേവന്മാരായിരുന്നാലും ഭാര്യ ദുഷ്ടയായിരിക്കുമെന്നതിൽ സംശയമില്ല. പതിനൊന്ന്, ഒന്ന്, മൂന്ന്, പത്ത് ഈ ഭാവങ്ങളിൽ നില്ക്കുന്ന ചന്ദ്രൻ ഗുരുവിനാൽ വീക്ഷിക്കപ്പെട്ടാൽ ഭാര്യ പതിവ്രതയായിരിക്കും. പുരുഷഗ്രഹങ്ങൾ ചന്ദ്രനെ നോക്കിയാലും ചന്ദ്രനോടു പുരുഷഗ്രഹങ്ങൾ ചേർന്നിരുന്നാലും അവന്റെ ഭാര്യ അന്യപുരുഷനോടു കൂടിയവളായിരിക്കുമെന്ന ശാസ്ത്രജ്ഞന്മാർ അറിയുന്നു.

സപ്തമസ്ഥൈ രവിക്ഷൽഖേടൈർദൃഷ്ടൈ നിശാധിനാഥേ ശശീ
ബന്ധുവിശേഷിണീ ലോകേ ഭാര്യാ സ്യാച്ഛുക്രശുക്രയോ

ഭാനുഭീമയുതേ നിശാധീശേ പശ്യതോ വായുതേ യദി
പതിവ്രതാ ഭവേന്നാരീ ശുഭാദിനീതി വദേദ് ബുധഃ ൩൪൫

ശുക്രേണ യുക്തോഽർക്കോ വാ ഭൗമശ്ചേൽ പരാംഗമിനീ
ബൃഹസ്പതിർബുധാഭ്യാം യുക്തശ്ചേൽ കന്യകാ രതിഃ ൩൪൬

ശുക്രരാശ്യുതേ ഭൗമേ ഭൗമരാശ്യുതേ ഭൃഗൗ
പ്രഷ്ടുസ്സൂക്ഷ്മചിയാ വാ ഭാര്യാ തസ്യാ ദോഷോ ഭവിഷ്യതി

ഭാനുവർഗ്ഗയുതേ ശുക്രേ രാജസ്ത്രീ രതിഭാഗിനീ
ജീവവർഗ്ഗയുതേ ചന്ദ്രേ സ്നേഹേന രതിഭാഗിനീ ൩൪൭

ചന്ദ്രഃ സ്ത്രീവർഗ്ഗയുക്തശ്ചേൽ സ്ത്രീ സ്വാതന്ത്ര്യവതീ ഭവേൽ
ശനൈശ്ചരേണ യുക്തശ്ചേൽ ഭവീ വ്യഭിചാരിണീ ൩൯൨

പാപവർഗ്ഗയുതേ ദൃഷ്ടേ ശുക്രേ ചൈവ വ്യഭിചാരിണീ
ഭൗമവർഗ്ഗയുതശ്ചന്ദ്രോ യദ്യമിത്രവധൂരതിഃ. ൩൪൪

സാരം — ശത്രുക്ഷേത്രത്തെയോ മിത്രസ്ഥാനത്തെയോ പ്രാപിച്ചിരിക്കുന്ന ചന്ദ്രൻ ഏഴിൽ നില്ക്കുന്ന ശത്രുഗ്രഹങ്ങളാൽ വീക്ഷിക്കപ്പെട്ടാൽ സ്ത്രീ ബന്ധുക്കളെ ദ്വേഷിക്കപ്പെട്ടവളായും ലോകാചാരങ്ങളിൽനിന്നും തെറ്റിയവളായും ഭവിക്കും. ആ ചന്ദ്രനെ ഗുരു നോക്കുകയൊ ചേർന്നില്ക്കുകയോ ചെയ്താൽ അവരു സദാചാരമായിരിക്കും. സൂര്യൻ, ഗുരു ഇവർ ചന്ദ്രനെ നോക്കിയാലും ചന്ദ്രനോട് ചേർന്നാലും ഭാര്യ പതിവ്രതയും രൂപലാവണ്യത്തോടുകൂടിയവളുമായിരിക്കുമെന്നു പറയണം. കുജന് ശുക്രന്റെ ദൃഷ്ടിയോ യോഗമോ സംഭവിച്ചാൽ സ്ത്രീ പരപുരുഷഗമനയായിരിക്കും. ഗുരു, ബുധകുജന്മാരോട് ചേർന്നാൽ കന്യകയുമായി രതി സംഭവിക്കും. ശുക്രന്റെ വർഗ്ഗത്തോടുകൂടിയ കുജനും കുജന്റെ വർഗ്ഗത്തോടുകൂടിയ ശുക്രനും സംഭവിച്ചാൽ പ്രഷ്ടാവിന്റെ ഭാര്യ വിധവയായി ഭവിക്കും. അനേകം ദോഷവും സംഭവിക്കും. പ്രശ്നസമയത്തിൽ ശുക്രൻ സൂര്യന്റെ വർഗ്ഗത്തിൽ നിന്നാൽ രാജസ്ത്രീക്കു തുല്യമായ സുഖഭോഗങ്ങളെ അനുഭവിക്കും. ചന്ദ്രൻ ഗുരുവിന്റെ വർഗ്ഗത്തിൽ നിന്നാൽ സ്നേഹത്തോടുകൂടിയ രതിസുഖങ്ങളോടുകൂടിയവളായി ഭവിക്കും. ചന്ദ്രൻ സ്ത്രീഗ്രഹങ്ങളുടെ വർഗ്ഗത്തിൽ നിന്നാൽ സ്ത്രീ സ്വാതന്ത്ര്യയായിത്തീരും. ചന്ദ്രൻ ശനിയോട് ചേർന്നുനിന്നാൽ വലിയ വ്യഭിചാരിണിയായി ഭവിക്കും. ശുക്രൻ പാപന്റെ വർഗ്ഗത്തിലൊ പാപനാൽ വീക്ഷിക്കപ്പെട്ടോ നിന്നാൽ സ്ത്രീ വ്യഭിചാരിണിയായിത്തീരും. ചന്ദ്രൻ പാപന്റെ വർഗ്ഗത്തിലോ പാപനാൽ വീക്ഷിക്കപ്പെട്ടോ നിന്നാൽ ശത്രുഭാര്യയുമായി രതി സംഭവിക്കും.

നീചവർഗ്ഗയുതശ്ചന്ദ്രോ നീചസ്ത്രീഭോഗകാമുകഃ
മിത്രവർഗ്ഗയുതശ്ചന്ദ്രോ മിത്രവർഗ്ഗവധൂരതിഃ ൩൭൬

സ്വക്ഷേത്രേ യദി ശീതാംശുഃ സ്വഭാര്യായാം രതിർഭവേൽ
സ്വവർഗ്ഗയുക്തശ്ചന്ദ്രശ്ചേൽ സ്വോച്ചവംശസ്ത്രീയാരതിഃ

ഉദാസീനഗ്രഹയുതോ ദൃഷ്ടോ വാ യദി ചന്ദ്രമാഃ
ഉദാസീനവധൂഭോഗ ഇതി പ്രാഹുർമ്മനീഷിണഃ ൩൭൭

ലഗ്നേ ച ദശമേ/സ്തേ ച പാതാളേ ശനിയുക് ശശീ
ചോരരൂപേണ കഥയേദ്രാത്രൗ സ്വപ്നവധൂരതിം. ൩൭൮

സാരം — പ്രശ്നസമയത്തിൽ ചന്ദ്രൻ നീചവർഗ്ഗസ്ഥിതിയെ പ്രാപിച്ചാൽ നീചസ്ത്രീഭോഗത്തിൽ ആഗ്രഹത്തോടുകൂടിയവനായിത്തീരും. ചന്ദ്രൻ മിത്രവർഗ്ഗത്തിൽ സ്ഥിതിചെയ്താൽ മിത്രവർഗ്ഗത്തെ ചേർന്ന സ്ത്രീയിൽ രതിയോടുകൂടിയവനായി ഭവിക്കും. ചന്ദ്രൻ സ്വഗൃഹത്തിൽ നിന്നാൽ സ്വഭാര്യയിൽ രതി ഭവിക്കും. ചന്ദ്രൻ സ്വവർഗ്ഗത്തിൽ നിന്നാൽ തന്റെ വംശത്തേക്കാൾ ഉയർന്ന വംശത്തെ സ്സംബന്ധിച്ച സ്ത്രീയുടെ രതി ഭവിക്കും. ചന്ദ്രൻ സമനോടുകൂടിയോ സമനാൽ വീക്ഷിക്കപ്പെട്ടോ നിന്നാൽ ശത്രുവും മിത്രവുമല്ലാത്ത ഉദാസീനയായ സ്ത്രീയുടെ രതി സംഭവിക്കുമെന്ന വിദ്വാന്മാർ പറയുന്നു. ലഗ്നത്തിലോ പത്തിലോ ഏഴിലോ നാലിലോ ചന്ദ്രൻ ശനിയോടുകൂടി നിന്നാൽ രാത്രിയിൽ വ്യാജവേഷത്തോടുകൂടിച്ചെന്ന്, ഉറങ്ങിക്കിടക്കുന്ന സ്ത്രീയുമായി സംഭോഗം നടത്താനിടയാകും.

ഭോജ്യോദയേ തദധിപേ ഭോഗകമൈഥുനമുച്യതേ
സമോദയേ തദധിപേ സമസ്ഥേ ഭോഗരതിസ്തഥാ ൩൭൯

ലഗ്നേശപാപബലം ജ്ഞാത്വാ തേഷാം കീർത്തനസംഖ്യയാ
അഥവാ കഥയേദ്വിദ്വാംസ്സന്ദൃഷ്ടഗ്രഹസംഖ്യയാ ൩൮൦

ചന്ദ്രേ ഭൗമയുതേ ദൃഷ്ടേ കലഹേന പൃഥക് ശയഃ
ഭൃഗൗ ശനൈശ്ചരയുതേ ദൃഷ്ടേ സ്വസ്ത്രീകലഹ ഉച്യതേ. ൩൮൧

ചതുൎത്ഥേ ച തൃതീയേ ച പഞ്ചമേ സപ്തമേഽപി വാ
ചന്ദ്രശുക്രയുതേദൃഷ്ടേ സപത്നീയാകലഹോഭവേൽ ॥ ൯൬ ॥
തദീയവസനശ്ലിഷ്ടം രചിതം പരികീൎത്തയേൽ
സപ്തമേ പാപസംയുക്തേ ദശമേ പാപസംയുതേ ॥ ൯൭ ॥
തൃതീയേ ബുധസംയുക്തേ സ്ത്രീവിവാദാൽ സ്ഥലച്യുതഃ
ലഗ്നേ ചന്ദ്രയുതേ ഭൗമേ ചിതിം ബ്രൂയാത്തദാ നിശി ॥ ൯൮ ॥

സാരം—പ്രശ്നസമയത്തിൽ മേഷരാശി ഉദിക്കുകയും അതിന്റെ അധിപൻ മേഷരാശിയിൽ നില്ക്കുകയും ചെയ്താൽ ഒരുപ്രാവശ്യം രതി സംഭവിച്ചതായി പറയണം. യുഗ്മരാശി ഉദയമാവുകയും തദധിപൻ യുഗ്മരാശിയിൽതന്നെ നില്ക്കുകയും ചെയ്താൽ രണ്ടുപ്രാവശ്യം സുരതം സംഭവിച്ചതായി പറയേണ്ടതാകുന്നു. ലഗ്നാധിപന്റെ ബലത്തെ അറിഞ്ഞു തൽകിരണസംഖ്യയോ അഥവാ ദൃഷ്ടിചെയ്യുന്ന ഗ്രഹങ്ങളുടെ സംഖ്യയോ അനുസരിച്ചു വിടന്മാർ സുരതത്തിന്റെ എണ്ണം പറയേണ്ടതാകുന്നു. ചന്ദ്രൻ ചൊവ്വയോടു ചേൎന്നാലും കുജനാൽ വീക്ഷിക്കപ്പെട്ടാലും കലഹംനിമിത്തം വേറെ കിടക്കാനിടയാകും. ശുക്രൻ ശനിയോടു ചേൎന്നാലും ശനിയാൽ വീക്ഷിക്കപ്പെട്ടാലും തന്റെ സ്ത്രീയുമായി കലഹമുണ്ടാകും. മൂന്നു്, നാലു്, അഞ്ചു്, ഏഴു് ഇവയിൽ ഏതെങ്കിലും ഒരു ഭാവത്തിൽ ശുക്രനോടുകൂടിയ ചന്ദ്രനോ ശുക്രനാൽ വീക്ഷിക്കപ്പെട്ട ചന്ദ്രനോ നിന്നാൽ സപത്നീയുമായി കലഹം നേരിടും. ഏഴാംഭാവത്തിലും പത്താംഭാവത്തിലും പാപയോഗം സംഭവിച്ചാൽ അവളുടെ വസ്ത്രം വലിച്ചുകീറിയതായി പറയേണ്ടതാകുന്നു. മൂന്നാംഭാവത്തിൽ ബുധൻ നിന്നാൽ സ്ത്രീയുമായി കലഹിച്ചു നിലത്തുകിടക്കാനിടയാകും. ലഗ്നത്തിൽ ചന്ദ്രനും രണ്ടിൽ ചൊവ്വയും നിന്നാലും ഈ ഫലംതന്നെ രാത്രിയിൽ സംഭവിച്ചിരിക്കും.

ജാഗരം ചോരഭീത്യൎത്ഥം രാശിനക്ഷത്രസന്ധിഷു
ദൃഷ്ടയോഷിദ്ധവാഭോഗമകരോദിതി കീൎത്തയേൽ ॥ ൯൯ ॥

തത്സന്ധൗ ശുക്രസൗമ്യൗ ചേത്തദാ ദാസ്യഃ പതിം വദേൽ
യത്രകുത്രാപി ശശിനം പാപാഃ പശ്യന്തി ചേത്തദാ ബന്ധ്യ

പുംസി ചാസക്ത്യതി വധൂഃ ശുദ്ധാംശേ ഭവേൽ പുരുഷപ്രിയം
സാത്വികാശ്ചന്ദ്രജീവാർക്കാ രാജസൗ ശുക്രസോമജൗ

താമസൗ ശനിഭൂപുത്രൗ ചൈവം സ്ത്രീപുംഗുണാസ്മൃതാഃ

സാരം — രാശിസന്ധി, നക്ഷത്രസന്ധിഇവയിൽ പ്രശ്നം സംഭവിച്ചാൽ ചോരഭയത്താൽ ഉണ്ടായിപ്പോയി എന്നും മേല്പറഞ്ഞ സന്ധികളിൽ ഗ്രഹവീക്ഷണം സംഭവിച്ചാൽ വിധവാസംഭോഗം നടത്തിയെന്നും പറയേണ്ടതാകുന്നു മേല്പറഞ്ഞ സന്ധികളിൽ ശുക്രനും ബുധനും നിന്നാൽ വേശ്യാഭോഗം നടത്തിയെന്നു പറയണം. പ്രശ്നസമയത്തിൽ ചന്ദ്രൻ ഏതുതരഭാവത്തിൽ നിന്നാലും പാപഗ്രഹങ്ങളാൽ വീക്ഷിക്കപ്പെട്ടാൽ സ്ത്രീ പരപുരുഷനിൽ അനുരക്തയായിട്ടുള്ളവളാണെന്നു പറയേണ്ടതാകുന്നു. ചന്ദ്രനെ ശുക്രൻ നോക്കിയാൽ സ്വഭർത്താവിൽ സ്നേഹമുള്ളവളാണെന്നു പറയാം. ചന്ദ്രൻ, ഗുരു, സൂര്യൻ ഇവർ സാത്വികഗ്രഹങ്ങളും ശുക്രൻ, ബുധൻ ഇവർ രാജസഗ്രഹങ്ങളും ശനി, കുജൻ ഇവർ താമസഗ്രഹങ്ങളുമാകുന്നു ഗ്രഹങ്ങളുടെ ഗുണമനുസരിച്ച് സ്ത്രീപുരുഷന്മാരുടെ ഗുണങ്ങളും വിചാരിക്കപ്പെടേണ്ടതാകുന്നു.

പുത്രകാണ്ഡം

പുത്രോല്പത്തിനിമിത്തം യൽ പ്രശ്നേ സ്ത്രീഭിഃ കൃതേ സതി

ഉദയാരൂഢഭാത്രേപി രാഹുർഭൗമശ്ച ഗർഭമാദിശേൽ
ലഗ്നാദ്വാ ചന്ദ്രലഗ്നാദ്വാ ത്രികോണേ സപ്തമേപി വാ ബുധൻ

ബൃഹസ്പതൌ സ്ഥിതേ വാപി യദി പശ്യതി ഗർഭിണീ
ശുഭവർഗ്ഗേണ യുക്തശ്ചേൽ സുഖപ്രസവമാദിശേൽ ൩൭

അരിനീചഗ്രഹസ്ഥശ്ചേത്സുതാരിഷ്ടം ഭവിഷ്യതി
പ്രശ്നകാലേ തു പരിവേഷേ വൃഷേ ഗർഭവതീ ഭവേൽ.

തദന്തസ്ഥഗ്രഹവശാൽ പുംസ്ത്രീഭേദം വദേദ് ബുധഃ
യത്ര തത്ര സ്ഥിതശ്ചന്ദ്രഃ ശുഭൈര്യുക്തസ്തു ഗർഭിണീ.

ലഗ്നാത്ത്രിനവപഞ്ചേഷു ശുക്രാദിത്യേന്ദവഃ ക്രമാൽ
തിഷ്ഠന്തി ചേന്ന ഗർഭസ്സ്യാദേകത്രൈതേ സ്ഥിതാ ന ച.

സാരം — പുത്രോല്പത്തിയെ വിഷയമാക്കി സ്ത്രീകളാൽ നടത്തപ്പെടുന്ന പ്രശ്നത്തിൽ പുത്രോല്പത്തിയുടെ നിമിത്തങ്ങളെ പറയേണ്ടതാകുന്നു. ഉദയലഗ്നം ആരൂഢലഗ്നം ചന്ദ്രലഗ്നം ഇവയിൽ രാഹുനിന്നാൽ ഗർഭമുണ്ടാകുമെന്നു പറയണം. ഉദയലഗ്നത്തിന്റെയോ ചന്ദ്രലഗ്നത്തിന്റെയൊ അഞ്ചാംഭാവത്തിലൊ ഒൻപതാംഭാവത്തിലൊ ഏഴാംഭാവത്തിലൊ ഗുരു നിന്നാലും ഇപ്പറഞ്ഞഭാവങ്ങളിൽ ഗുരു നോക്കിയാലും ഗർഭിണിയാണെന്നു പറയണം. ഗുരു ശുഭവർഗ്ഗത്തെ പ്രാപിച്ചിരുന്നാൽ സുഖപ്രസവത്തെയും ശത്രുക്ഷേത്രത്തിലൊ നീചക്ഷേത്രത്തിലൊ നിന്നാൽ സന്താനത്തിന്ന് അരിഷ്ടത്തെയും പറയണം. പരിവേഷമെന്ന ഉപഗ്രഹം ഈ വർഗ്ഗത്തിൽ നിന്നാൽ സ്ത്രീ ഗർഭിണിയായിരിക്കും. പരിവേഷത്തോടുചേൎന്നു നില്ക്കുന്ന ഗ്രഹത്തെക്കൊണ്ടു സന്താനത്തിന്റെ സ്ത്രീപുരുഷഭേദത്തെ പറയണം. ചന്ദ്രൻ ഏതൊരു ഭാവത്തിലെങ്കിലും ശുഭനോടുചേൎന്നു നിന്നാൽ സ്ത്രീ ഗർഭിണിയാണെന്നു പറയേണ്ടതാകുന്നു. ലഗ്നത്തിന്റെ മൂന്നാംഭാവത്തിലും ഒൻപതാംഭാവത്തിലും അഞ്ചാംഭാവത്തിലും യഥാക്രമം ശുക്രൻ സൂര്യൻ ചന്ദ്രൻ ഇവർ നില്ക്കുകയൊ ഇപ്പറഞ്ഞഭാവങ്ങളിൽ ഈ മൂന്നുഗ്രഹങ്ങളും ഒന്നിച്ചു സ്ഥിതിചെയ്യുകയൊ ചെയ്താൽ ഗർഭമുണ്ടാകുകയില്ല.

സ്ത്രീപുംവിവേകേ ഗർഭിണ്യാഃ പൃഷ്ടേ വാ തത്ര കാലകേ
പരിവേഷാദികൈക്രൂരൈർദൃഷ്ടേ തസ്യാ ഗർഭോ വിനശ്യതി. യുഗ്
ലഗ്നാദോജസ്ഥിതേ ചന്ദ്രേ പുത്രാ സ്മൃതേ സമേ സുതാം
വദേന്നക്ഷത്രരാശീനാം യഥായോഗം സുതം സുതാം. യുഗ്മ
ലഗ്നാത്തൃതീയനവമൈകാദശേഷ്വപി
ഭാനഃ സ്ഥിതശ്ചേൽപുത്രസ്സ്യാൽ തഥൈവ ച ശശിനന്ദനഃ
ഓജസ്ഥാനഗതാസ്സർവേ ഗ്രഹാശ്ചേൽ പുത്രസംഭവഃ
സമസ്ഥാനഗതാസ്സർവേ യദി പുത്രീ ന സംശയഃ യുഗ്മ
ആരൂഢാൽ സപ്തമം രാശിം യാവല്പ്രാപ്നോതി ചന്ദ്രമാഃ
താവന്നക്ഷത്രസംഖ്യാകൈസ്സ്മൃതേ സാ ദിവസൈഃ പ്രസൂതാം.

സാരം — ഗർഭത്തിൽ വസിക്കുന്ന ശിശു ആണോ പെണ്ണോ എന്നറിവാൻ പ്രശ്നം നടന്നാൽ ഇപ്രകാരം ചിന്തിക്കേണ്ടതാകുന്നു. പ്രശ്നസമയത്തിൽ പരിവേഷം മുതലായവയാൽ ലഗ്നം വീക്ഷിക്കപ്പെട്ടാൽ ഗർഭം നശിച്ചുപോകും. ചന്ദ്രൻ പ്രശ്നലഗ്നാൽ ഓജരാശിയിൽ സ്ഥിതിചെയ്താൽ ആൺകുട്ടിയെ പ്രസവിക്കുന്നതാണ്. ചന്ദ്രൻ യുഗ്മരാശിയിൽ നിന്നാൽ സ്ത്രീസന്താനത്തെ പ്രസവിക്കും. പ്രശ്നസമയത്തെ നക്ഷത്രം രാശി ഇവയുടെ സ്ത്രീപുരുഷഭേദമനുസരിച്ചും ശിശുവിന്റെ സ്ത്രീപുരുഷഭേദത്തെ ചിന്തിക്കേണ്ടതാകുന്നു. പ്രശ്നലഗ്നത്തിൽനിന്നു മൂന്ന്, ഒൻപത്, പതിനൊന്ന് ഈ ഭാവങ്ങളിൽ സൂര്യൻനിന്നാലും ശനി നിന്നാലും പുത്രസന്താനത്തെ പ്രസവിക്കും. പ്രശ്നസമയത്തിൽ സകല ഗ്രഹങ്ങളും ഓജരാശിസ്ഥിതി ഭവിച്ചാൽ ആൺകുട്ടിയെ പ്രസവിക്കും. എല്ലാ ഗ്രഹങ്ങളും യുഗ്മരാശിയിൽനിന്നാൽ പ്രസവിക്കുന്നതു പെൺകുട്ടിയെ ആണെന്നു സംശയംകൂടാതെ പറയണം. ആരൂഢരാശിയിൽനിന്ന് ഏഴാംഭാവത്തിൽ ചന്ദ്രൻ കടക്കാൻ എത്ര നക്ഷത്രങ്ങൾ വേണ്ടിവരുമൊ അത്രയും ദിവസത്തിനുള്ളിൽ പ്രസവം നടക്കുമെന്നു പറയണം.

****

പുത്രാരിഷ്ടകാണ്ഡം

സുതാരിഷ്ടമതോ വക്ഷ്യേ സദ്യഃ പ്രത്യയകാരകം
ലഗ്നാൽ ഷഷ്ഠാഷ്ടമഗതേ ചന്ദ്രേ തദ്വച്ച പാപസംയുതേ.

മാതുസ്സുതസ്യ മരണം കിന്ദ്ര പാപഷഷ്ഠമയോഃ
പാപാസ്ത്രിഷ്വപി കേന്ദ്രസ്ഥാഃ മരണം ഭവതി ധ്രുവം. ബൃഹ

ഉദയേ ചന്ദ്രസംയുക്തേ പുത്രാദാമാംശകേ നാശനം
വ്യയസ്ഥ ഭാനുഃ സംദൃശ്യ പുത്രക്ഷയിണമാലോചനം.

പാപൈഃ പശ്യതി ഭാനൗ ചേത് പിതുർമരണമാദിശേത്
ചന്ദ്രേണ യുക്തേ ദൃഷ്ടേ വാ മാതൃമരണമാദിശേത്. ബൃഹ

സാരം—ഉദയാദി വിശേഷമായിരിക്കുന്ന സന്താനാരിഷ്ടത്തെ ഇനിപ്പറയുന്നു. പ്രസവലഗ്നത്തിന്റെ ആറാംഭാവത്തിൽ ചന്ദ്രൻ നില്ക്കുകയും അതിന്റെ ഏഴാംഭാവത്തിൽ പാപൻ നില്ക്കുകയും ചെയ്താൽ കുട്ടിക്കു ശീഘ്രം മരണം സംഭവിക്കും. എന്നാൽ നാലിലും ഏഴിലും പാപന്മാർ നിന്നാൽ നിശ്ചയമായി മാതാവു മരിക്കും. ചന്ദ്രനോടുചേർന്നു ചന്ദ്രൻ നിന്നാൽ കുട്ടിയുടെ ഇടത്തെ കണ്ണും സൂര്യൻ നിന്നാൽ വലത്തെ കണ്ണും നശിക്കുന്നതാണ്. സൂര്യനെ പാപന്മാർ വീക്ഷിച്ചാൽ പിതാവിന്റെ മരണത്തെയും സൂര്യൻ ചന്ദ്രനോടുചേർന്നോ ചന്ദ്രന്റെ നോട്ടത്തോടുകൂടിയോ നിന്നാൽ മാതാവിന്റെ മരണത്തെയും പറയേണ്ടതാകുന്നു.

ചന്ദ്രാദിത്യൗ ഗ്രഹൗ പശ്യേന്മാതാ പിത്രോർഗതോ ഭവേൽ
യദി ലഗ്നഗതോ രാഹുർജീവദൃഷ്ടിവിവർജിതഃ ബൃഹ

ജാതസ്യ മരണം ശീഘ്രം ഭവേദത്ര ന സംശയഃ
ചോദശേ ഭാവക്കചന്ദ്രേ നേത്രയുഗ്മം വിനശ്യതി ബൃഹ്

ഷഷ്ഠേ വാ പഞ്ചമേ പാപാഃ പശ്യന്തീന്ദുദിവാകരൌ
മാതാപിത്രോസ്തു മരണം തയോർമ്മദ്ധ്യേ സ്ഥിതോ യദി

ഭ്രാതൃനാശം തഥാ ദൈത്യേ മാതുലസ്യമൃതിം വദേൽ
ഉദയാദിത്രികാനാം തു കണ്ടകേഷു ശുഭാ യദി   സൎവ്വാ

മിത്രസ്വോച്ചവൎഗ്ഗസ്ഥാ സൎവ്വാരിഷ്ടം വിനശ്യതി
ലഗ്നം ച ചന്ദ്രലഗ്നം ച ജീവോ യദി ന പശ്യതി   സൎവ്വേ

പാപാഃ പശ്യന്തി ചേൽ പുത്രോ വ്യഭിചാരേണ ജായതേ

സാരം—പ്രശ്നസമയത്തിൽ ചന്ദ്രാദിത്യന്മാരെ ദുഷ്ടനോക്കിയാൽ മാതാവിന്നും പിതാവിന്നും രോഗത്തെപ്പറയണം. രാഹു ലഗ്നത്തിൽനില്ക്കുകയും ഗുരുവിനാൽ വീക്ഷിക്കപ്പെടാതിരിക്കുകയും ചെയ്താൽ ജനിച്ചശിശുവിന്ന വേഗത്തിൽമരണം സംഭവിക്കും; സംശയമില്ല. സൂര്യനും ചന്ദ്രനും പ്രശ്നലഗ്നത്തിന്റെ പന്ത്രണ്ടാമിടത്തുനിന്നാൽ കുട്ടിയുടെ രണ്ടുകണ്ണും നശിക്കും. പ്രശ്നലഗ്നത്തിന്റെ ആറിലൊ അഞ്ചിലൊ നില്ക്കുന്ന ചന്ദ്രൻ, സൂര്യൻ ഇവരെ പാപഗ്രഹങ്ങൾ വീക്ഷിച്ചാൽ മാതാവും പിതാവും മരിക്കും. ആറാംഭാവത്തിലൊ അഞ്ചാംഭാവത്തിലൊ ശനി നിന്നാൽ സഹോദരനാശത്തെയും ഈ ഭാവങ്ങളിൽ ചൊവ്വാ നിന്നാൽ മാതുലമരണത്തെയും പറയേണ്ടതാകുന്നു. ഉദയം, ആരൂഢം ചന്ദ്രലഗ്നം ഇവയുടെ കേന്ദ്രങ്ങളിൽ ശുഭന്മാർ നില്ക്കുകയോ ശുഭഗ്രഹങ്ങൾ മിത്രക്ഷേത്രം, സ്വക്ഷേത്രം, ഉച്ചക്ഷേത്രം ഈ സ്ഥാനങ്ങളിൽ നില്ക്കുകയോ ചെയ്താൽ സകല അരിഷ്ടതകളും നശിക്കുന്നതാണു". ലഗ്നം ചന്ദ്രലഗ്നം ഇവയെ വ്യാഴം നോക്കാതിരിക്കുകയും പാപന്മാർ നോക്കുകയും ചെയ്താൽ പുത്രൻ അന്യനാൽ ജനിപ്പിക്കപ്പെട്ടവനാണെന്നു പറയണം.

ഛുരികാ കാണ്ഡം

ഛുരികാലക്ഷണം സമ്യക് പ്രവക്ഷ്യാമി യഥാ തഥാ ബൃ.വൃ.

രാഹുണാ സംയുതേ ചന്ദ്രേ ശസ്ത്രഭഞ്ജോ ഭവിഷ്യതി
നീചാരിസ്ഥാഃ പ്രപശ്യന്തി യദി ശസ്ത്രസ്യ ഭഞ്ജനം ബൃ.വൃൻ.

ക്രൂരഗ്രഹയുതേ ചന്ദ്രേ ദൃഷ്ടേ വാസ്തേ ക്രൂരഭം ഭവേൽ
പാപഗ്രഹസമേതേഷു ഷഷ്ഠാഷ്ടവ്യോദയേഷു ച. ബൃ.ൻം

പ്രഷ്ടാ പ്രശ്നാശ്രിതഃ കിന്തു തദസ്ത്രേണ ഹതോ ഭവേൽ
അഥവാ കലഹാൻ ഖഡ്ഗം ചഷേണാപഹൃതം ഭവേൽ

തേഷു സ്ഥാനേഷു സൌമ്യേഷു ഖഡ്ഗസ്യ ക്രൂരതാ ഭവേൻ
പ്രശ്നിതസ്യ ഖഡ്ഗസ്യ ലഗ്നേ/സ്തേ പാപസംയുതേ
ഖഡ്ഗസ്യാഗ്രേ വ്രണം ബ്രൂയാത് ത്രികോണേ
(പാപസംയുതേ

ശസ്ത്രഖഡ്ഗസ്ഥതോ വ്യോക്തി ചതുർത്ഥേ പാപസംയുതേ

ഖഡ്ഗസ്യ ഭംഗാ മദ്ധ്യേ സ്യാദിതി ജ്ഞാതാ വദേത്
സുധീഃ

ഏകാദശേ തൃതീയേ ച പാപേ ശസ്ത്രാഗ്രഭഞ്ജനം. ബൃ.ൻ.

സാരം—ഛുരികയുടെ ലക്ഷണം യാതൊന്നോ അതിനെ ഞാൻ വഴിപോലെ പറയുന്നു. ചന്ദ്രൻ രാഹുവിനോടു ചേർന്നിരുന്നാൽ ഛുരിക ഒടിഞ്ഞുപോകും. നീചരാശിയിലും ശത്രുരാശിയിലും നില്ക്കുന്ന ഗ്രഹങ്ങൾ ചന്ദ്രനെനോക്കിയാലും ഫലം അതുതന്നെയാണ്. ചന്ദ്രൻ ക്രൂരനോടുചേർന്നോ ക്രൂരനാൽ വീക്ഷിക്കപ്പെട്ടോ ഏഴാമിടത്തു നിന്നാൽ ഛുരികയ്ക്കു ക്രൂരത്വം പറയണം. ചന്ദ്രലഗ്നം അഷ്ടമം ഉദയം ഈ സ്ഥാനങ്ങൾ പാപഗ്രഹയുതമായിരുന്നാൽ പ്രഷ്ടാവ് അതേ ശസ്ത്രത്താൽ കൊല്ലപ്പെടുന്നതാണ്.

അല്ലെങ്കിൽ കലഹനിമിത്തം ശസ്ത്രം ശത്രുവിനാൽ അപഹരിക്കപ്പെടും. ഇപ്രകാരം സ്ഥാനങ്ങളിൽ ശുഭന്മാർ നിന്നാൽ ശസ്ത്രം നന്മയെച്ചെയ്യുന്നതാണ്. പൃച്ഛാവ് ഏതൊരു രാശിയിൽ സ്ഥിതിചെയ്തുകൊണ്ട് ശസ്ത്രം ദൈവജ്ഞനെ കാണിച്ചുവോ ആ ഖഡ്ഗലഗ്നത്തിലോ അതിന്റെ ഏഴാംഭാവത്തിലോ പാപൻ നിന്നാൽ ഖഡ്ഗം ചുവട്ടിൽവച്ചു മുറിയാനിടയാകും. അഞ്ചാംഭാവത്തിലും ഒൻപതാംഭാവത്തിലും പാപന്മാർ നിന്നാൽ ഖഡ്ഗത്തിനു ഭംഗം നേരിടും. പത്തിലും നാലിലും പാപന്മാർ നിന്നാൽ ഖഡ്ഗം മദ്ധ്യത്തിൽ വച്ച് ഒടിയുന്നതാണ്. പതിനൊന്നാംഭാവത്തിലോ മൂന്നാംഭാവത്തിലോ പാപന്മാർനിന്നാൽ ഖഡ്ഗത്തിന്റെ അഗ്രഭാഗം ഒടിയാനിടയുണ്ട്.

മിത്രസ്വാന്ത്യോച്ചനീചാരിവർഗ്ഗാന്വിഗതാ ഗ്രഹാഃ.
തത്തൽസ്ഥലായതം ശസ്ത്രമിത്യൂഹിധീമതേ ൯൮

* സമ്മുഖോ യദി ഖേടസ്സ്യാത്തദീയം ഖഡ്ഗമുച്യതേ
തിര്യങ്മുഖശ്ചേത്തല്ലഗ്നസ്യമന്യദീയമിതീരയേൽ ൯൯

---

* "സമ്മുഖോ യദി ഖഡ്ഗീ സ്യാൽ" എന്നു പാഠഭേദം കാണുന്നു. ഈ പാഠത്തിനു അർത്ഥവൈകല്യം സംഭവിക്കുന്നതിനാൽ "സമ്മുഖോ യദി ഖേടസ്സ്യാൽ" എന്ന പാഠത്തെ സ്വീകരിക്കുകയും സമ്മുഖശബ്ദത്തെ പ്രകൃതത്തിനനുസരിച്ചു പരസ്പരദൃഷ്ടിയെന്നു വ്യാഖ്യാനിക്കുകയും ചെയ്തിരിക്കുന്നു. ജിതേന്ദ്രമാല ൩൩൬-ാം പാദൽ, സ്വീകൃതപാഠത്തേയും ഈ വ്യാഖ്യാനത്തെയും അനുകൂലിക്കുന്നുമുണ്ട്. ആ പാഠം അടിയിൽ കുറിക്കുന്നു.

തന്നേർമുഖനോക്കിനനാൽതന്നതർപിടിച്ചു
പിടിനെന്ന മുകനോക്കിൽ പിറരതാം — മിന്നേ
കവിഴ്ന്നു നിലനോക്കിൽ കൈയുടയോൻചാക
മലിഴ്ന്നു നിലൻ്റെ ചേർവതല്ലൈ.

അധോമുഖേ തു സങ്ഗ്രാമേ ച്യുതമാഹൃതമുച്യതേ
തത്തച്ചേഷ്ടാനുരൂപേണ സ്വാന്യാപഹരണവിസ്മൃതിഃ

സാരം ഉദയം, ആരൂഢം, ഛത്രം ഈ രാശികളെ മിത്രവർഗ്ഗം സ്വവർഗ്ഗം, അത്യുച്ചവർഗ്ഗം ശത്രുവർഗ്ഗം, നീചവർഗ്ഗം ഇവയിൽ ഏതു വർഗ്ഗത്തെ പ്രാപിച്ച ഗ്രഹം നോക്കുന്നുവോ ഖഡ്ഗം ആ വർഗ്ഗത്താൽ സൂചിപ്പിക്കപ്പെടുന്ന ആളിന്റെതാണെന്നു പറയണം. എങ്ങനെയെന്നാൽ ഉദയാരൂഢഛത്രരാശികളെ മിത്രവർഗ്ഗത്തെ പ്രാപിച്ചഗ്രഹം വീക്ഷിക്കുന്നുവെങ്കിൽഖഡ്ഗം ബന്ധുവിന്റേതാണെന്നും സ്വവർഗ്ഗത്തെ പ്രാപിച്ച ഗ്രഹം വീക്ഷിക്കുന്നുവെങ്കിൽ ഖഡ്ഗം സ്വന്തമാണെന്നും അത്യുച്ചവർഗ്ഗത്തെ പ്രാപിച്ച ഗ്രഹം വീക്ഷിച്ചാൽ ഖഡ്ഗം തന്നേക്കാൾ ഉയർന്ന നിലയിലുള്ള ആളിന്റേതാണെന്നും നീചവർഗ്ഗത്തെ പ്രാപിച്ച ഗ്രഹം ദൃഷ്ടിചെയ്താൽ ഖഡ്ഗം തന്നിൽ താണ ഒരുവന്റേതാണെന്നും ശത്രുവർഗ്ഗത്തെ പ്രാപിച്ച ഗ്രഹം വീക്ഷിക്കുന്നുവെങ്കിൽ ഖഡ്ഗം ശത്രുവിന്റേതാണെന്നും ഗ്രഹിക്കേണ്ടതാകുന്നു. (1) സമ്മുഖഗ്രഹം (പരസ്പരദൃഷ്ടിയുള്ള ഗ്രഹം) ഉദയാരൂഢരാശികളെ വീക്ഷിക്കുമെങ്കിൽ ഖഡ്ഗം സ്വന്തമായിരിക്കും. (2) തിര്യങ്മുഖഗ്രഹം (കുറുകെ നോക്കുന്ന ഗ്രഹം) നോക്കുന്നുവെങ്കിൽ ഖഡ്ഗം അന്യന്റേതാകുന്നു. (3) അധോമുഖഗ്രഹം (കീഴ്പോട്ടു നോക്കുന്ന ഗ്രഹം) നോക്കുന്നുവെങ്കിൽ യുദ്ധത്തിൽ ഖഡ്ഗം പ്രതിപക്ഷിയാൽ നിലംപതിപ്പിക്കപ്പെട്ടതാണെന്നു പറയണം. അതതുഗ്രഹത്തിന്റെ ചേഷ്ടാനുസരണം ഖഡ്ഗം തന്റേതോ അന്യന്റേതോ അപഹ

---

(1) (2) (3) സമ്മുഖഗ്രഹം തിര്യങ്മുഖഗ്രഹം അധോമുഖഗ്രഹം ഇവയെ ധാതുജ്ഞാനകാണ്ഡത്തിൽ നിന്നും ഗ്രഹിച്ചുകൊള്ളണം.

രിക്കപ്പെട്ടതോ മറക്കപ്പെട്ടതോ ഇത്യാദി വിവരങ്ങളും ഗ്രഹിച്ചുകൊള്ളണം.

ശല്യപ്രശ്നേ തു തൽകാലേ പാദഭാവസ്യ നേത്രയോഃ
അദ്ധ്യസ്ഥാ രൂപസംജ്ഞാദ്യാദിശേഷാണാം ഫലമുച്യതേ.

സാരം—ശല്യപ്രശ്നത്തിൽ തൽകാലഛായ അളന്ന് അതിനോട് ഇരുപത്തെട്ട് കൂട്ടി പന്ത്രണ്ടുകൊണ്ടു ഗുണിച്ച് പതിനാറുകൊണ്ട് ഹരിച്ചാൽ കിട്ടുന്ന ശിഷ്ടത്തിനു ഫലം പറയുന്നു.

പതിനാറുകൊണ്ടു ഹരിച്ചാൽ ശിഷ്ടമില്ലാതെ വന്നാൽ ശിഷ്ടം പതിനാറാണെന്നു ധരിച്ചുകൊള്ളണം.

കപാലാസ്ഥിതുഷാംഗാരാ കാഷ്ഠലോഹാശ്മശർക്കരാഃ
ശവാങ്ഗാരകധാന്യാനി ധനപാത്രാണ്യസ്ഥി ... ൽ
ഗോസ്ഥിശവാസ്ഥിപിശാചാഖ്യാ ക്രമാച്ഛല്യാനി ഷോഡശ.

സാരം—ശല്യങ്ങൾ (1) തലയോട് (2) അസ്ഥി (3) ചെങ്കൽ (4) കരി (5) വിറക് (6) ലോഹാദിദ്രവ്യം (7) ചരൽ (8) ശവം (9) കരി (10) ധാന്യം (11) ധനം (പൊൻ വെള്ളി ഇത്യാദികൾ) (12) കരിങ്കൽ (13) തവള (14) പശുവിന്റെ അസ്ഥി (15) കുട്ടിയുടെ അസ്ഥി (16) പിശാചം ഇങ്ങനെ യഥാക്രമം പതിനാറെണ്ണം.

ഏഷു ശല്യേഷു മണ്ഡൂകഗോപുത്രാസ്ഥി ച ധാന്യകം
ദൃഷ്ടമുത്തമം ഹ്യന്യ സർവാണ്യശുഭദാനിവൈ

സാരം—ശല്യങ്ങൾ പതിനാറിൽ തവള ധനം പശുവിന്റെ അസ്ഥി ധാന്യം ഈ ശല്യങ്ങൾ കാണപ്പെട്ടെങ്കിൽ അതു് ഉത്തമമായിട്ടുള്ളതാകുന്നു. മറ്റുള്ള ശല്യങ്ങളെല്ലാം അശുഭങ്ങളാണ്. ആദ്യത്തെ പദ്യത്തിൽ പറഞ്ഞതുപോലെ അളന്നുകിട്ടിയ ഛായയോട് ഇരുപത്തെട്ടുകൂട്ടി പന്ത്ര

ങ്ങളെക്കൊണ്ടു ഗുണിച്ച് പതിനാറുകൊണ്ടു ഹരിച്ചാൽ കിട്ടുന്ന ശിഷ്ടം ശല്യങ്ങളുടെ ക്രമസംഖ്യയെ കുറിക്കുന്നു. ഛായ അളന്നപ്പോൾ പന്ത്രണ്ട് അടി കണ്ടുവെന്നിരിക്കട്ടെ; അതിനോട് ഇരുപത്തെട്ടു കൂട്ടുമ്പോൾ നാല്പതു കിട്ടും. അതിനെ പന്ത്രണ്ടുകൊണ്ടു ഗുണിച്ചാൽ ഫലം നാനൂറ്റിഎൺപതാണ്. 480-നെ 16 കൊണ്ട് ഹരിച്ചാൽ ശിഷ്ടമില്ല. അങ്ങനെ വരുമ്പോൾ ശിഷ്ടം പതിനാറാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അതനുസരിച്ച് ഇവിടെ പിശാചശല്യം കാണപ്പെട്ടു പിശാചശല്യം അസ്ഥിമാണെന്നും അറിഞ്ഞുകൊള്ളണം.

അഹിചക്രം പ്രവക്ഷ്യാമി യഥാ സർവജ്ഞഭാഷിതം ൪൧

ദ്രവ്യം ശല്യം തഥാ ശൂന്യം യേന ജാനാതി സാധകഃ
ഊർദ്ധ്വം രേഖാഷ്ടകം ലേഖ്യം തിര്യക് പഞ്ചതഥൈവ ച ൪൨

അഹിചക്രം ഭവേദേവം ദ്വാത്രിംശതി കോഷ്ഠകം
അഷ്ടാവിംശതികോഷ്ഠേഷു സാഭിജിൽ കൃത്തികാം ന്യസേൽ

യത്ര ഭേ തിഷ്ഠതി ശശീ തത്ര ശല്യമുദാഹൃതം
ഉദയർക്ഷാദികം ന്യസ്യേദഷ്ടാവിംശതികോഷ്ഠകേ ൪൩

ഗണയേച്ചന്ദ്രനക്ഷത്രം തത്ര ശല്യം പ്രകീർത്തിതം

സാരം—സർവജ്ഞന്മാരാൽ പറയപ്പെട്ട അഹിചക്രത്തെ ഞാൻ പറയുന്നു. ഇതിൽനിന്നും ദ്രവ്യം, ശല്യം ശൂന്യം ഈ മൂന്നിനെയും സാധകൻ അറിയുന്നു. കീഴ്മേൽ എട്ടുവരയും കുറുകെ അഞ്ചു വരയും വരയ്ക്കുക. ഇരുപത്തെട്ടു ഖണ്ഡങ്ങൾ കിട്ടും. ഇതത്രേ അഹിചക്രമെന്നു പറയപ്പെടുന്നത്. ഈ ഇരുപത്തെട്ടു ഖണ്ഡങ്ങളിലും കാർത്തിക തുടങ്ങി ഇരുപത്തെട്ടു നക്ഷത്രങ്ങളെയും (അഭിജിത്ത് ഉൾപ്പെടെ) യഥാക്രമം അടയ്ക്കേണ്ടതാകുന്നു. അവയിൽ ഏതു നക്ഷത്രത്തിൽ ചന്ദ്രൻ നില്ക്കുന്നുവോ ആ സ്ഥാനത്തു ശല്യത്തെ

ഗ്രഹിച്ചുകൊള്ളണം. പ്രശ്നസമയത്തിൽ ഉദിച്ച നക്ഷത്രം തുടങ്ങി ഇരുപത്തെട്ടു നക്ഷത്രങ്ങളെയും ന്യസിച്ചു ചന്ദ്രൻ സ്ഥിതിചെയ്യുന്ന നക്ഷത്രംവരെ എണ്ണി അവിടെ ശല്യം നില്ക്കുന്നതായി ഗ്രഹിക്കുകയും ചെയ്യാം.

നദ്യനിവാസ്ഥാനെകസ്ഥലസ്സംഭ്രാന്തോ യത്ര ഭൂതലേ
തത്ര ചക്രമിദം സ്ഥാപ്യം സ്ഥാനഭാഗ്യവശാഹിതം

സാരം—നിധിയെടുക്കാനായി ഏതൊരിടത്തു ചുറ്റി അലിയുന്നുവോ ആ സ്ഥലത്തു് ഈ അഹിചക്രത്തെ നേരാകുംവണ്ണം സ്ഥാപിക്കണം.

തത്ര പൗഷ്ണാശ്വിയാമ്യർക്ഷം കൃത്തികാ പിതൃഭാഗ്യകം
ഉത്തരാ ഫൾഗുനീ ലേഖ്യം പൂർവ്വപങ്‌ക്ത്യാംഭേസർപ്പകം
അഹിർബുധ്ന്യാദിപാദർക്ഷം ശതഭം ബ്രഹ്മസാർപ്പഭം
പുഷ്യഹസ്തം സമാലേഖ്യം ദ്വിതീയാം പങ്‌ക്തിമാസ്ഥിതം
വിധിവിഷ്ണുധനിഷ്ഠാഖ്യം സൗമ്യം രൗദ്രപുനർവ്വസു
ചിത്രാഭം ച തൃതീയായാം പങ്‌ക്തൌ ധിഷ്ണ്യപ്രസർപ്പകം
വിശാഖർക്ഷം തോയഭം മൂലം ജ്യേഷ്ഠാമൈത്രവിശാഖകേ
സ്വാതീപങ്‌ക്തൌ ചതുർത്ഥ്യാം തു കൃതാ ചക്രം വിലേ
(ഖയേൽ
ഏവം പ്രജായതേ ചക്രം പ്രസ്താരോ പന്നഗാകൃതിഃ
ഭോഗരൂപേ മഖായാമ്യ ഭോഗസ്ഥാ കൃത്തികാ മതാ ൪൦

സാരം—അഹിചക്രത്തിന്റെ മേൽഭാഗം കിഴക്കും കീഴ്ഭാഗം പടിഞ്ഞാറും വലതുഭാഗം തെക്കും ഇടതുഭാഗം വടക്കുമാകുന്നു. കിഴക്കു് ആദ്യത്തെ വരിയിലുള്ള ഖണ്ഡികകളിൽ വടക്കേയറ്റത്തെ ഖണ്ഡികതുടങ്ങി (1) രേവതി (2) അശ്വതി (3) ഭരണി (4) കാർത്തിക (5) മകം (6) പൂരം (7) ഉത്രം ഈ ഏഴു നക്ഷത്രങ്ങളെയും സ്ഥാപിക്കണം. അനന്തരം അതിന്റെ താഴത്തെ വരിയിൽ (1) ഉത്രട്ടാതി (2) പൂരുരുട്ടാതി (3) ചതയം (4) രോഹിണി (5) ആയില്യം (6) പൂയം (7) അത്തം ഈ ഏഴു നക്ഷത്രങ്ങളെ സ്ഥാപിക്കേണ്ടതാകുന്നു. അതിന്റെ താഴത്തെ വരിയിൽ (1) അഭി

ജിത്ത് (2) തിരുവോണം (3) അവിട്ടം (4) മകയിരം (5) തിരുവാതിര (6) പുണർതം (7) ചിത്തിര ഈ ഏഴ് നക്ഷത്രങ്ങളെയും സ്ഥാപിക്കേണ്ടതാണ്. അതിന്റെ താഴത്തെ വരിയിൽ, അതായത് പടിഞ്ഞാറെ അറ്റത്തെ വരിയിൽ 1. ഉത്രാടം 2. പൂരാടം 3 മൂലം 4. കേട്ട 5. അനിഴം 6. വിശാഖം 7. ചോതി ഈ നക്ഷത്രങ്ങളെയും അടയ്ക്കണം. ഇത്രയുംകൊണ്ട് അഹിചക്രം രൂപവൽക്കരിക്കപ്പെട്ടു. ഇപ്രകാരം അഹിചക്രത്തിൽ നക്ഷത്രന്യാസം ചെയ്തുകഴിയുമ്പോൾ ദ്വാരത്തിന്റെ നേർക്കു കാർത്തികയും ദ്വാരത്തിന്റെ ഇടത്തും വലത്തുമുള്ള ശാഖകളിൽ യഥാക്രമം ഭരണിയും മകവും വരുന്നതാണ്.

അഹിചക്രം

കിഴക്ക്.

ദ്വാരശാഖ	ദ്വാരം	ദ്വാരശാഖ

വടക്ക്.

രേവതി ച	അശ്വതി ച	ഭരണി ച	കാർത്തിക ച	മകം ച	പൂരം ര	ഉത്രം ര
ഉത്തൃട്ടാതി ര	പൂരുരുട്ടാതി ച	ചതയം ര	രോഹിണി ര	ആയില്യം ച	പൂയം ച	അത്തം ര
അഭിജിത്ത് ര	തിരുവോണം ച	അവിട്ടം ച	മകയിരം ര	തിരുവാതിര ച	പുണർതം ച	ചിത്തിര ര
ഉത്രാടം ച	പൂരാടം ച	മൂലം ര	കേട്ട ര	അനിഴം ര	വിശാഖം ര	ചോതി ര

തെക്ക്.

പടിഞ്ഞാറ്.

അഹിചക്രത്തിൽ 'ര' എന്നും 'ച' എന്നും എഴുതിയിരിക്കുന്നിടത്തു രവിയുടേതെന്നും ചന്ദ്രന്റേതെന്നും മനസ്സിലാക്കിക്കൊള്ളണം

അശ്വതീപൂർവ്വാഷാഢാദിത്രികം പഞ്ചചതുഷ്ടയം ൪൧
രേവതീപൂർവ്വഭാർദ്രേന്ദോഃന്ത്യന്യാനി തു മധ്യമം

സാരം:— അശ്വതിതുടങ്ങി മൂന്നു നക്ഷത്രങ്ങളും തിരുവാതിരമുതൽ അഞ്ചു നക്ഷത്രങ്ങളും പൂരാടം തുടങ്ങി നാലു നക്ഷത്രങ്ങളും രേവതി, പൂരുരുട്ടാതി ഈ രണ്ടു നക്ഷത്രങ്ങളും ചന്ദ്രന്റേതും, ബാക്കിയുള്ള രോഹിണി, മകയിരം, പൂയം, ഉത്രം, അത്തം, ചിത്തിര, ചോതി, വിശാഖം, അനിഴം, കേട്ട, മൂലം, അഭിജിത്തു്, ചതയം, ഉത്രട്ടാതി ഇവ മദ്ധ്യമങ്ങളുമാകുന്നു.

ഉദയാദിഗതനാഡ്യോ ദശഘ്നാഃ ഷട്പ്രപൂർവ്വശേഷകേ ൪൨
ഭിന്നോദ്ഭുക്തതയാ [illegible] താൽകാലചന്ദ്രമാഃ
ഷഷ്ടിഘ്നം [illegible] ൪൩
[illegible]
ചന്ദ്രവൽസായകേൽ [illegible] ൪൪

സാരം— തൽക്കാലചന്ദ്രൻ നില്ക്കുന്ന നക്ഷത്രത്തിൽ കഴിഞ്ഞ നാഴിക (പ്രശ്നാരൂഢസമയംവരെ കഴിഞ്ഞ നാഴിക)യെ ഇരുപത്തെട്ടുകൊണ്ടു ഗുണിച്ചു ൬൦ കൊണ്ടു ഹരിച്ചാൽ ശിഷ്ടം എത്ര കിട്ടുന്നുവോ, ഇഷ്ടദിവസത്തെ നക്ഷത്രം തുടങ്ങി അത്രാമത്തെ നക്ഷത്രത്തിൽ തൽക്കാല ചന്ദ്രൻ ഭിന്നോദ്ഭുക്തനായി ഭവിക്കുന്നു. തൽക്കാലനക്ഷത്രത്തിലെ ഭുക്തനാഴികയെ (കഴിഞ്ഞ നാഴികയെ) ൬൦ കൊണ്ടു ഗുണിച്ചു ൨൭ കൊണ്ടു ഹരിച്ചാൽ കിട്ടുന്ന ഹരണഫലത്തെ വീണ്ടും നാലുകൊണ്ടു ഹരിക്കണം. ശിഷ്ടസംഖ്യ കിഴക്കുതുടങ്ങി ഏതു ദിക്കിനെ കുറിക്കുന്നുവോ ആ ദിക്കിൽ തൽക്കാലചന്ദ്രൻ സ്ഥിതിചെയ്യുന്നുവെന്നു മനസ്സിലാക്കണം. തൽക്കാലസൂര്യനെ അറിവാനും ഇതുതന്നെയാണു മാർഗ്ഗം.

ഈ ക്രിയയെ ഉദാഹരണത്താൽ വെളിപ്പെടുത്തുന്നു. (൧) തൽക്കാലനക്ഷത്രം വിശാഖവും അതിൽ ഇഷ്ടസമയം

വരെ കഴിഞ്ഞ നാഴിക ൫൭-൦ ആണെന്നിരിക്കട്ടെ. ആയു ക്തനാഴികയായ ൫൭-നെ ൬൦ കൊണ്ടു പെരുക്കണം. ഫലം ൩൪൨൦ വരും അതിനെ ൬൦ കൊണ്ടു ഹരിച്ചാൽ ശിഷ്ടം ൫൭ ആണല്ലൊ കിട്ടുക. തല്ക്കാലനക്ഷത്രമാകുന്ന വിശാഖം മുതൽ എണ്ണിയാൽ ൫൭-ാമത്തെ നക്ഷത്രം ചോതിയാകുന്നു തല്ക്കാലചന്ദ്രൻ ചോതിയിൽ നില്ക്കുന്നു വെന്നു ധരിക്കേണ്ടതാണ്. പ്രത്യേകിച്ചു ദിക്കറിവാനുള്ള ക്രിയ യ്ക്ക് ഉദാ: തല്ക്കാലചന്ദ്രന്റെ ഭുക്തനാഴിക (തല്ക്കാല ചന്ദ്രനിൽ കഴിഞ്ഞനാഴിക) ൫൭ ആണല്ലൊ. അതിനെ ൬൦ കൊണ്ടു ഗുണിച്ചാൽ ൩൪൨൦ ഗുണനഫലം കിട്ടും. അതിനെ ൮ കൊണ്ടു ഹരിക്കണം. ൪൨൭ ഹരണ ഫലം വരും. അതിനെ ൮ കൊണ്ടു ഹരിച്ചാൽ ശിഷ്ടം ൪ തന്നെയാണല്ലൊ. കിഴക്കുതുടങ്ങി ൪-ാമത്തെ ദിക്കായ വടക്കു തല്ക്കാലചന്ദ്രൻ വർത്തിക്കുന്നുവെന്നും മനസ്സിലാക്കാം.

പശ്ചാദ്വിലോകയേത്തത്ര സ്വർക്ഷേ വാഽന്യത്ര സംസ്ഥിതൗ ചന്ദ്രസൂര്യൗ യഥാശാസ്ത്രം നിർദ്ദിശേത് ന സംശയഃ ൪൮ ഭാനുക്ഷേത്രേ സ്ഥിതൗ തൗ ചേത് തദാ ശല്യം ച നാന്യഥാ

സാരം—മുമ്പെ പറഞ്ഞപ്രകാരം സൂര്യചന്ദ്രന്മാരുടെ സ്ഥിതി അറിഞ്ഞതിനുശേഷം അവർ സ്വഗൃഹത്തിലൊ അന്യഗൃഹത്തിലൊ സ്ഥിതിചെയ്യുന്നതെന്നു മനസ്സിലാക്കണം. ചന്ദ്രനും സൂര്യനും ചന്ദ്രന്റെ ഭവനത്തിൽ സ്ഥിതി ചെയ്യുന്നുവെങ്കിൽ അവിടെ വിധിയുണ്ടായിരിക്കും; സംശയ മില്ല. സൂര്യക്ഷേത്രത്തിൽ രണ്ടുപേരും സ്ഥിതിചെയ്യുന്ന തായാൽ മുമ്പെ പറഞ്ഞ ശല്യമുണ്ടായിരിക്കും; അന്യഥാ സംഭ വിക്കുകയില്ല.

സ്വസ്വക്ഷേത്രഗതൗ ജ്ഞേയം നാസ്തികിഞ്ചിദ്വിപര്യയേ ൪൯ സ്ഥിതൗ നൈകത്ര ദ്രവ്യം ചന്ദ്രേ ക്രൂരഗ്രഹാന്വിതേ

സാരം—സൂര്യനും ചന്ദ്രനും സ്വസ്വഗൃഹങ്ങളിൽ സ്ഥിതിചെയ്യുന്നതും രണ്ടാളും ഒരേ ഗൃഹത്തിൽ സ്ഥിതി

ചെയ്യുന്നതുംകണ്ട്, നിധി, ശല്യം ഇവയുടെ സ്ഥിതി മേൽ പ്രകാരം മനസ്സിലാക്കിയാൽ, ചന്ദ്രനെ ക്രൂരഗ്രഹം നോക്കുന്നുണ്ടെങ്കിൽ നിധിയുണ്ടെങ്കിലും അതു ലഭിക്കുകയില്ലെന്നു പറയണം.

പൂർണ്ണേ ചന്ദ്രേ ഭവേദ്വ്യാപ്താ ക്ഷീണേ ചന്ദ്രേഽല്പകോനിധിഃ

ഗ്രഹദൃഷ്ടിവശാൽ സോപി വിജ്ഞേയോ നവധാ ബുധൈഃ
ഹേമതാരം ച താമ്രാം രത്നം കാംസ്യായസം ത്രപു

നാഗം ചന്ദ്രേ വിജാനീയാത് ഭാസ്കരാദിഗ്രഹേക്ഷിതേ

സാരം — ചന്ദ്രൻ പൂർണ്ണനായിരുന്നാൽ നിധിയിൽ മുദ്രയുണ്ടായിരിക്കും. ക്ഷീണനായിരുന്നാൽ നിധി സ്വല്പമാത്രമായിരിക്കും. ചന്ദ്രനെ നോക്കുന്ന ഗ്രഹങ്ങളെ അനുസരിച്ച് ഒമ്പതു പ്രകാരത്തിലുള്ള നിധി ഉണ്ടാവാമെന്ന് അറിയപ്പെടേണ്ടതാകുന്നു. സൂര്യൻ ചന്ദ്രനെ നോക്കിയാൽ നിധി സ്വർണ്ണമയമാണെന്നും ചന്ദ്രൻ നോക്കിയാൽ (നാലാംഭാവത്തിലെ നക്ഷത്രസ്ഥിതികൊണ്ട് ഗ്രഹിക്കപ്പെട്ട ചന്ദ്രനെക്കൊണ്ടാണല്ലോ നിധിയിരിപ്പുണ്ടെന്നു മനസ്സിലാക്കുന്നതു്. ആ അവസ്ഥയിലുള്ള ചന്ദ്രനെ ദ്വിതീയചന്ദ്രൻ വീക്ഷിക്കുന്നതാണെങ്കിൽ) നിധി വെള്ളിയോ മുത്തോ ആയിരിക്കുമെന്നും കുജൻ നോക്കിയാൽ നിധി ചെമ്പായിരിക്കുമെന്നും ബുധൻ നോക്കിയാൽ പിച്ചളയാണെന്നും ഗുരു വീക്ഷിച്ചാൽ രത്നമാണെന്നും ശുക്രൻ നോക്കിയാൽ വെങ്കലമെന്നും ശനി വീക്ഷിച്ചാൽ ഇരുമ്പെന്നും രാഹുവാണെങ്കിൽ ഈയമെന്നും കേതു നോക്കിയാൽ നാകമെന്നും പറയേണ്ടതാകുന്നു. (മുദ്രയെന്ന പദത്തിനെ ചിലർ അധികമെന്ന അർത്ഥത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു. ആ വ്യാഖ്യാനത്തിനു സാധുത്വം കല്പിക്കേണ്ടതാണു്. മൂലത്തിൽ ക്ഷീണചന്ദ്രന് അല്പനിധി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ പൂർണ്ണചന്ദ്രന് അനല്പനിധിയെ കല്പിക്കുന്നതു യുക്തമാണല്ലോ.)

മിശ്രൈർമ്മിശ്രം ഭവേദ്ദ്രവ്യം ശൂന്യം ദൃഷ്ടിവിപര്യയേ.
സർവ്വഗ്രഹേക്ഷിതേ ചന്ദ്രേ നിർദ്ദിഷ്ടോഽസൗ മഹാനിധിഃ.

സാരം—പല ഗ്രഹങ്ങളും വീക്ഷിക്കുന്നുവെങ്കിൽ, നിധിയും പല രൂപത്തോടുകൂടിയതായിരിക്കും. യാതൊരു ഗ്രഹവും ചന്ദ്രനെ വീക്ഷിക്കാതിരുന്നാൽ നിധി ശൂന്യമാണെന്നു പറയണം. ചന്ദ്രൻ സർവ്വരാലും വീക്ഷിക്കപ്പെട്ടാൽ (ഇവിടെ രാഹുകേതുക്കളിൽ ഒന്നിന്റെ യോഗത്തെ ദൃഷ്ടിക്കു പകരം സ്വീകരിച്ചുകൊണ്ടാൽമതി) മഹാനിധിയെ നിർദ്ദേശിച്ചുകൊള്ളണം.

ശുഭക്ഷേത്രഗതേ ചന്ദ്രേ ലഭ്യസ്സ്യാന്നാത്ര സംശയഃ ൪൨൦
പാപക്ഷേത്രേ ന ലാഭോ ഹി വിജ്ഞേയശ്ച ഖഗാപാരമൈഃ

സാരം—ചന്ദ്രൻ ശുഭക്ഷേത്രത്തിൽ നിന്നാൽ, സംശയം വിനാ നിധിലാഭമുണ്ടാകും. പാപക്ഷേത്രത്തിൽ നിന്നാൽ നിധി ലഭിക്കയില്ലെന്നു ശാസ്ത്രജ്ഞന്മാർ അറിയേണ്ടതാകുന്നു.

ഹേമതാരം ച താമ്രം ച പാഷാണം മൃണ്മയായസം ൪൨൧
സൂര്യാദിഗ്രഹഗേ ചന്ദ്രേ ദ്രവ്യഭാണ്ഡം പ്രജായതേ.

സാരം—ചന്ദ്രൻ സൂര്യഗ്രഹത്തിൽ നിന്നാൽ നിധിയിരിക്കുന്ന പാത്രം തങ്കമയമാണെന്നും സ്വക്ഷേത്രത്തിൽ നിന്നാൽ പാത്രം മുത്തുപതിച്ചതോ രജതമയമോ ആണെന്നും കുജഗ്രഹത്തിൽ നിന്നാൽ ചെമ്പുകുടമെന്നും ബുധഗ്രഹത്തിൽ നിന്നാൽ പിച്ചളപ്പാത്രമെന്നും ഗുരുഭവനത്തിൽ നിന്നാൽ പാഷാണകുംഭമെന്നും ശുക്രഗ്രഹത്തിൽ നിന്നാൽ മൺകുടമെന്നും ശനിഗ്രഹത്തിൽ നിന്നാൽ ഇരിമ്പുപാത്രമെന്നും ഗ്രഹിക്കേണ്ടതാകുന്നു.

ഭുക്തരാശ്യംശമാനേന പ്രമാണം കോപിലൈഃ കരൈഃ ൪൨൨

നീചേ വിദ്ധ്വം പരം നീചേ ജലസ്ഥാനേ ശനൌ മഹേന്നിധിഃ
സ്വോച്ചസ്ഥേ ഊർദ്ധ്വഗം ദ്രവ്യം വദാംശകക്രമേണ ച

പരമോച്ചേ പരേ തുംഗേ ഭിത്തിസ്ഥം തൃക്ഷസംക്രമേ

സാരം — ചന്ദ്രൻ ദൃഷ്ട്യ രാശ്യംശകത്തിന്റെ കണക്കുകൊണ്ടും നാട്ടിലെ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങളുടെ ഏറ്റം കൊണ്ടും ഭൂഗർഭത്തിലിരിക്കുന്ന നിധിയുടെ സ്ഥാനം കാണേണ്ടതാകുന്നു. ചന്ദ്രൻ നീചാംശകത്തിൽ നിന്നാൽ നിധി ലോഹവിഷയത്തിൽ വിദ്ധ്വം നേരിട്ടെന്നും പരമനീചത്തിൽ നിന്നാൽ നിധി ജലത്തിൽ ഇരിക്കുന്നതാവണമെന്നും പറയണം. ചന്ദ്രൻ തന്റെ ഉച്ചരാശിയിൽ നില്ക്കുകയോ അംശകിക്കുകയോ ചെയ്താൽ നിധി മുകളിൽ ഇരിക്കുന്നതാവണമെന്നും പരമോച്ചത്തിൽ നില്ക്കുകയോ അംശകിക്കുകയോ ചെയ്താൽ നിധി ഏറ്റവും മുകളിൽ ഇരിക്കുന്നതാവണം. ചന്ദ്രൻ രാശിസന്ധിയിൽ നില്ക്കുകയോ അംശകിക്കുകയോ ചെയ്താൽ നിധി ഭിത്തിയിലിരിക്കുന്നതാവണമെന്നും ഗ്രഹിക്കേണ്ടതാകുന്നു.

ചന്ദ്രാംശേ ദ്രേക്കാണമാനേന ദ്രവ്യസംഖ്യാ വിധീയതേ ൪൨൭

തസ്യാ മരണനാഗ്രവൃദ്ധിഃ ഷഡ്വർഗ്ഗേറു ബലാക്രമാൽ
ഗ്രഹോമുഖം ഗ്രഹൈശ്ചൈവ ക്ഷേത്രപാലശ്ച മാതൃകാഃ

ദീപശം ഭീഷണം ഭദ്രം യക്ഷം നാഗം വിദുഃ ക്രമാൽ.
ഗ്രഹേ ഹോമഃ പ്രകർത്തവ്യോ മുഖേ നാരായണോ ബലിഃ

ക്ഷേത്രപാലേ സുരാം മാംസം മാതൃകായാം മഹാബലിഃ
ദീപശേ ദീപജാ പൂജാ ഭീഷണേ ഭീഷണാർച്ചനം

ഭദ്രേ ച ഭദ്രജോജാപ്യോ യക്ഷേ യക്ഷാദിശാന്തയഃ
നാഗേ നാഗഗ്രഹാഃ പൂജ്യാ ഗണനാഥേന സംയുതാഃ ൪൨൮

ലക്ഷ്മീധരാദിതത്വാനി സർവകാര്യേഷു പൂജയേൽ.

സാരം — ചന്ദ്രൻ എത്ര അംശകം ഭുജിച്ചുവോ അത്രയും നിധിയിരുപ്പുണ്ടെന്നു പറയണം. ഷഡ്വർഗ്ഗത്തിൽ ചന്ദ്രൻ ബലവാനായിരുന്നാൽ അതിന്റെ (ചന്ദ്രൻഭുജിച്ച അംശകത്തിന്റെ) പത്തുറ്റണ്ണം നിധിയുണ്ടെന്നു പറയണം. ഓരോ ദശാംശത്തിനും യഥാക്രമം ഗ്രഹം, മുഖം, ഗ്രഹം, ക്ഷേത്രപാലം, മാതൃകകൾ, ദീപേശം, ഭീഷണം, ഭദ്രം, യക്ഷം, നാഗം ഇങ്ങനെ നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഒന്നാമത്തെ ഗ്രഹമെന്ന വൃദ്ധിക്ക ഹോമവും രണ്ടാമത്തെ മുഖമെന്ന വൃദ്ധിക്ക നാരായണബലിയും മൂന്നാമത്തെ ഗ്രഹമെന്ന വൃദ്ധിക്ക ഹോമവും നടത്തണം. നാലാമത്തെ ക്ഷേത്രപാലമെന്ന വൃദ്ധിക്ക മദ്യമാംസം നല്കണം. അഞ്ചാമത്തേതായ മാതൃകാവൃദ്ധിക്ക മഹാബലി നടത്തേണ്ടതാകുന്നു. ആറാമത്തെ ദീപേശവൃദ്ധിക്ക ദീപാരാധനയും ഏഴാമത്തെ ഭീഷണമെന്ന വൃദ്ധിക്ക ഭീകരദേവതാപൂജയും നടത്തേണ്ടതാകുന്നു. എട്ടാമത്തേതായ ഭദ്രമെന്ന വൃദ്ധിക്ക ഭദ്രസൂക്തം ജപിക്കുകയും ഒമ്പതാമത്തെ യക്ഷവൃദ്ധിക്ക യക്ഷാദികളെ ശാന്തിപ്പെടുത്തുകയും ചെയ്യണം. പത്താമത്തേതായ നാഗമെന്ന വൃദ്ധിക്ക ഗണനായകനോടുകൂടിയ നാഗഗ്രഹങ്ങളെ പൂജിക്കേണ്ടതാകുന്നു. സർവകാര്യങ്ങളിലും ലക്ഷ്മീധരാദിതപങ്ങളെ വിശേഷിച്ചും പൂജിക്കേണ്ടതുമാണ്.

ഏവം കൃതേ വിധാനേ ഹി നിധിസാദ്ധ്യോഽപി സിദ്ധ്യതി
നിധിപ്രാപ്ത്യാ നരോ ലോകേ വന്ദനീയോ ന സംശയഃ

സാരം — ഇപ്രകാരം പൂജാവിധാനങ്ങൾ അനുഷ്ഠിക്കപ്പെട്ടുവെങ്കിൽ എത്രതന്നെ അസാദ്ധ്യമായിരുന്നാലും സാധിക്കുന്നതാണ്. നിധിയെടുത്ത മനുഷ്യൻ സംശയംവിനാ ലോകത്തിൽ വന്ദിക്കപ്പെടുവാൻ യോഗ്യനായി ഭവിക്കുന്നു.

ശങ്കാസ്ഥലസ്യ വിസ്താരായാമാവന്യോന്യതാഡിതൌ
വിംശത്യാപഹൃതം ശേഷമത്രേതി കീർത്തിതം
ത്രിംശദ്ഗുണിതാ നവഭിർന്നിധിസന്താനമുച്യതേ

തൽപ്രദേശം ഗുണിതം ചാംഗൈർ ഹൃതം വിംശതിഭിസ്ത്രിഭിഃ
ശിഷ്ടമംഗുലമേവോക്തം രത്നിപ്രാദേശമംഗുലം

ഏവം ക്രമേണ രത്ന്യാദ്യംഗാധം കഥയേദ്ബുധഃ

സാരം—നിധിയുണ്ടെന്നു ശങ്കിക്കപ്പെട്ട പ്രദേശത്തിന്റെ നീളവും വീതിയും പ്രത്യേകം പ്രത്യേകം അളന്ന് അവതമ്മിൽ പെരുക്കി ഇരുപതുകൊണ്ട് ഹരിച്ചാൽകിട്ടുന്ന ശിഷ്ടം അരത്നിയെന്നു പറയപ്പെടുന്നു. ഗുണനഫലമാകുന്ന രത്നിയെ ഒൻപതുകൊണ്ടു ഗുണിച്ചുകിട്ടുന്ന ഫലത്തിന് നിരിസന്താനമെന്നുപേരാണ്. അതിനെ വീണ്ടും ഒൻപതുകൊണ്ട് ഗുണിച്ച് ഇരുപതുകൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന ശിഷ്ടം അംഗുലമാകുന്നു. ഇതിനെ രത്നിപ്രാദേശമംഗുലമെന്ന് പറയപ്പെടുന്നു. ഇപ്രകാരം ക്രിയ ചെയ്ത്, ഭൂമിയ്ക്കുള്ളിൽ ഇത്രരത്നി ഇത്ര അംഗുലം താഴ്ചയിൽ നിധിയിരുപ്പുണ്ടെന്നു പറയണം.

കേന്ദ്രേഷു പാപയുക്തേഷു പൃഷ്ടം ശല്യം ന ദൃശ്യതേ
ശുഭഗ്രഹയുതേഷ്വേഷു ശല്യം തത്ര പ്രജായതേ
പാപസൗമ്യയുതേ കേന്ദ്രേ ശല്യമസ്തീതി നിർദ്ദിശേത് ര്.പ.ര്

സാരം—കേന്ദ്രങ്ങളിൽ പാപസ്ഥിതിഭവിച്ചാൽ ചോദിക്കപ്പെട്ട ശല്യം കാണപ്പെടുകയില്ല. കേന്ദ്രങ്ങൾ ശുഭഗ്രഹയുതമായിരുന്നാൽ ശല്യം കാണപ്പെടുന്നതാണ്. പാപന്മാരും ശുഭന്മാരുമുണ്ടായിരുന്നാൽ ശല്യമുണ്ടെന്നുമാത്രം പറയണം.

രവിഃ പശ്യതി ചേദ്ദേവം കുജശ്ചേദ് ബ്രഹ്മരാക്ഷസം
കേന്ദ്രേ ചന്ദ്രാരസഹിതേ കുജനക്ഷത്രകോപ്യകേ ര്.പ.ര്
പിപീലികാഃ കേന്ദ്രേ തു ജീവചന്ദ്രസമന്വിതേ
ജീവഗേഹാ സ്വഗതേ കോണ്ഠേ സപ്തം ഗോപുരസ്ഥാനഗിനീ.

സാരം—സൂര്യൻ കേന്ദ്രത്തെ നോക്കിയാൽ ദേവനെയും കുജൻ നോക്കിയാൽ ബ്രഹ്മരാക്ഷസനെയും പറയണം.

കേന്ദ്രത്തിൽ ചന്ദ്രനും ചൊവ്വയും നില്ക്കുകയും ആ രാശികളുടെ നക്ഷത്രങ്ങൾ കൊവ്വുമാറുകയും ചെയ്താൽ അടിയിൽ എറുമ്പുകൾ ഉണ്ടായിരിക്കും. ഗുരുവും ചന്ദ്രനും കേന്ദ്രത്തിൽ നില്ക്കുകയും ഗുരുവിന്റെ നക്ഷത്രത്തിൽ കൊവ്വു ഭവിക്കുകയും ചെയ്താൽ സ്വർണ്ണത്തെയോ, പശുവിന്റെയോ പുരുഷന്റെയോ അസ്ഥികളെയോ പറയേണ്ടതാകുന്നു.

ഉദയാസ്തമകേന്ദ്രേഷു സർപ്പാന്തർദ്ധിർവിതിഷ്ഠതി
രാഹുസ്ഥർക്ഷഗതേ കൊവ്വേ വല്മീകമുപലീപയുക്. ൪൪

സാരം — ഉദയാസ്തകേന്ദ്രങ്ങളിൽ രാഹുനില്ക്കുകയും രാഹുവിന്റെ നക്ഷത്രത്തിൽ കൊവ്വുഭവിക്കുകയുംചെയ്താൽ ദീപത്തോടുകൂടിയ ചിതൽപ്പുറ്റ് ഉണ്ടെന്നു പറയണം.

ശുഭാൻ കേന്ദ്രേ യുതാൻ പാപാഃ പശ്യന്തി ബലിനോ യദി
തൽക്ഷേത്രേ വിദ്യതേ ശല്യമേഷു പാപാ യദി സ്ഥിതാഃ
ദേവയക്ഷപിശാചാദ്യാസ്തത്ര തിഷ്ഠന്ത്യസംശയം
ഗ്രഹാംശസംഖ്യയാ തേഷാം ഖാതമാനം വദേൽ സുധീഃ

സാരം — കേന്ദ്രത്തിൽ നില്ക്കുന്ന ശുഭഗ്രഹങ്ങളെ ബലവാന്മാരായ പാപഗ്രഹങ്ങൾ നോക്കിയാൽ ശല്യമിരിപ്പുണ്ടെന്നു പറയണം. കേന്ദ്രങ്ങളിൽ പാപന്മാർ നിന്നാൽ ദേവയക്ഷപിശാചാദികൾ ആ സ്ഥലത്തുണ്ടെന്നുള്ളതിനു സംശയമില്ല. അവർ ഗ്രഹങ്ങളുടെ കിരണസംഖ്യയനുസരിച്ചുള്ള താഴ്ചയിൽ സ്ഥിതിചെയ്യുന്നുവെന്നു വിദ്വാന്മാർ പറയേണ്ടതാകുന്നു.

ചന്ദ്രേ ബുധേന സംയുക്തേ ബുധനക്ഷത്രകൊവ്വഗേ
സശല്യം വിദ്യതേ തത്ര കേന്ദ്രേ ശുക്രേന്ദുസംയുതേ. ൪൫
ശുക്രസ്ഥിതർക്ഷഗേ കൊവ്വേ രൗപ്യം ശോധശിലാപി വാ
പഞ്ചഷഡ്ഢസ്തമാത്രാണി സപാദൈകം തഥൈവ ച ൪൬
സപ്തഭ്രപാക്ഷിരവയഃ സൂര്യാദീനാം കരാ സ്മൃതാഃ
ശല്യാഗാധമനേനൈവ കരേണ കഥയേൽ സുധീഃ ൪൭

സാരം — ചന്ദ്രൻ ബുധനോട്കൂടി ബുധനക്ഷത്രകോഷ്ഠത്തിൽ നിന്നാൽ ധനിക്ക്, ചന്ദ്രന്ന പറയപ്പെട്ടിട്ടുള്ള മൂല്യം അവിടെയുണ്ടായിരിക്കും. കേന്ദ്രം ശുക്രചന്ദ്രന്മാരാൽ യുതമായിരിക്കുകയും ശുക്രനക്ഷത്രത്തിൽ കോഷ്ഠം ഭവിക്കുകയുംചെയ്താൽ വെള്ളിയോ വെള്ളക്കല്ലോ ഉണ്ടായിരിക്കുമെന്ന പറയണം. സൂര്യൻ തുടങ്ങിയുള്ള ഗ്രഹങ്ങൾക്ക് യഥാക്രമം അഞ്ച്, ആറ്, എട്ട്, അഞ്ച്, ഒന്നേകാൽ, ഒന്നു, രണ്ട്, പന്ത്രണ്ടുവീതം കിരണങ്ങളെ പറയപ്പെട്ടിരിക്കുന്നു. ഈ കിരണസംഖ്യയനുസരിച്ച് ഭൂമിയിൽ നിധിയിരിക്കുന്ന സ്ഥാനത്തിന്റെ താഴ്ചയെ നിശ്ചയിച്ചുകൊള്ളണം.

കൂപഖാനകാണ്ഡം

അഥ വക്ഷ്യേ വിശേഷേണ കൂപഖാതേ വിനിർണ്ണയം
ഭൂയാമേ താഷ്ടരേഖാഃ സൃഷ്ട്വോർദ്ധ്വാഗ്രേഖാസ്തു പഞ്ച ച
ഏവം കൃതേ ഭവേൽ കോഷ്ഠമഷ്ടാവിംശതി സംഖ്യകം
പ്രാഗാദേഃ പ്രാങ്മുഖം കൃത്വാ കോഷ്ഠേഷ്വേതേഷു ബുദ്ധിമാൻ
ഐശ്യേ കോഷ്ഠദ്വയം ത്യക്ത്വാ തൃതീയാദിഷു ച ക്രമാൽ
കൃത്തികാദിത്രയം ന്യസ്യ തദ്വച്ച തദധോന്യസേൽ. ൪൫

തദ്ദത്രേയമേവ പുനർവസ്വാദികം ത്രയം
തത് പശ്ചിമാദിയാമ്യാന്തം യഥാ ചിത്രാവസാനകം ൪൬

തത് കോഷ്ഠപൂർവയോഃ സ്വാതിവിശാഖേ ന്യസ്യ തത്പരം
പ്രദക്ഷിണക്രമാദഗ്നിനക്ഷത്രാന്താശ്ച താരകാഃ ൪൭

മദ്ധ്യാഹ്നാദക്ഷിണാശാസ്യം പശ്ചിമാസ്യം നിശാമുഖാൽ
ചക്രമാലോകയേദേവമാദൌ രാത്ര്യാർദ്ധാദുത്തരാനനം ൪൮

സാരം — ഇനി കിണർവെട്ടിനെസംബന്ധിച്ച നിർണ്ണയത്തെപറയുന്നു. കീഴ്മേൽ എട്ടുവരകളും കുറുകെ അഞ്ചു

വരകളും മുമ്പ് അഹിചക്രത്തിന്നു പറഞ്ഞതുപോലെ വരയ്ക്കേണ്ടതാകുന്നു. അതിൽ ഇരുപത്തെട്ടുകോഷ്ഠങ്ങളും ഉണ്ടായിരിക്കും. ആ ഇരുപത്തെട്ടു ഖണ്ഡങ്ങളിലും അതതുസമയത്തിന്നനുസരിച്ച് ഇഷ്ടനക്ഷത്രം തുടങ്ങി നക്ഷത്രന്യാസംചെയ്യണം. (രാത്രിയും പകലുംകൂടിയുള്ള സമയത്തെ, പ്രഭാതംമുതൽ മദ്ധ്യാഹ്നംവരെയും മദ്ധ്യാഹ്നംമുതൽ അസ്തമയംവരെയും അസ്തമയംമുതൽ അർദ്ധരാത്രിവരെയും അർദ്ധരാത്രിമുതൽ പ്രഭാതംവരെയും നാലായി ഭാഗിച്ച് ആ ഓരോഭാഗത്തിലും കിഴക്കുതുടങ്ങിയുള്ള ദിക്കുകളെ വ്യത്യാസപ്പെടുത്തി ചക്രംവരയ്ക്കേണ്ടതുകൊണ്ടാണ് സമയമനുസരിച്ച് നക്ഷത്രന്യാസം ചെയ്യണമെന്ന് ഇവിടെ പറഞ്ഞത്.) പ്രഭാതംമുതൽ മദ്ധ്യാഹ്നത്തിന്നുള്ളിൽ കൂപപ്രശ്നം നടത്തുന്നതായാൽ ചക്രത്തെ കിഴക്കുമുഖമാക്കിച്ചെയ്യു (ചക്രത്തിന്റെ മേൽഭാഗം കിഴക്കാണെന്നു സങ്കല്പിക്കണം.) ചക്രത്തിൽ ഒന്നാമത്തെയും രണ്ടാമത്തെയും കോഷ്ഠങ്ങൾ തള്ളി മൂന്നാമത്തെ കോഷ്ഠം തുടങ്ങി കാർത്തികമുതൽക്കുള്ള നക്ഷത്രങ്ങളെ ന്യസിക്കണം. ഈ ചക്രത്തിന്റെയും അടുത്ത മൂന്നുസമയങ്ങളിലെ ചക്രങ്ങളുടെ മാതൃക താഴെയിൽ ചേർക്കുന്നു.

1. പ്രഭാതംമുതൽ മദ്ധ്യാഹ്നംവരെയുള്ള സമയത്തിലെ

കൂപഖാതചക്രം.

കിഴക്ക്.

(ഇടത്ത്: വടക്ക്. — വലത്ത്: തെക്ക്.)

അശ്വതി	ഭരണി	കാർത്തിക	രോഹിണി	മകയിരം	വിശാഖം	അനിഴം
രേവതി	ആയില്യം	പൂയം	പുണർതം	തിരുവാതിര	ചോതി	കേട്ട
ഉത്രട്ടാതി	മകം	പൂരം	ഉത്രം	അത്തം	ചിത്തിര	മൂലം
പൂരുരുട്ടാതി	ചതയം	അവിട്ടം	തിരുവോണം	അഭിജിത്ത്	ഉത്രാടം	പൂരാടം

പടിഞ്ഞാറ്.

2. മദ്ധ്യാഹ്നംമുതൽ അസ്തമയംവരെയുള്ള സമയത്തിലെ ക്രൂപഘാതചക്രം.

തെക്ക്.

കിഴക്ക്. (left) — പടിഞ്ഞാറ്. (right)

പൂയം	ആയില്യം	മകം	പൂരം	ഉത്രം	തിരുവോണം	അവിട്ടം
പുണർതം	വിശാഖം	ചോതി	ചിത്തിര	അത്തം	അഭിജിത്ത്	ചതയം
തിരുവാതിര	അനിഴം	കേട്ട	മൂലം	പൂരാടം	ഉത്രാടം	പൂരുരുട്ടാതി
മകയിരം	രോഹിണി	കാർത്തിക	ഭരണി	അശ്വതി	രേവതി	ഉത്രട്ടാതി

വടക്ക്.

3 അസ്തമയംമുതൽ അർദ്ധരാത്രിവരെയുള്ള സമയത്തിലെ ക്രൂപഘാതചക്രം.

പടിഞ്ഞാറ്.

തെക്ക്. (left) — വടക്ക്. (right)

ചോതി	വിശാഖം	അനിഴം	കേട്ട	മൂലം	ഭരണി	കാർത്തിക
ചിത്തിര	തിരുവോണം	അഭിജിത്ത്	ഉത്രാടം	പൂരാടം	അശ്വതി	രോഹിണി
അത്തം	അവിട്ടം	ചതയം	പൂരുരുട്ടാതി	ഉത്രട്ടാതി	രേവതി	മകയിരം
ഉത്രം	പൂരം	മകം	ആയില്യം	പൂയം	പുണർതം	തിരുവാതിര

കിഴക്ക്.

൪. അർദ്ധരാത്രിമുതൽ പ്രഭാതംവരെയുള്ള സമയത്തിലെ കൂപഖാതചക്രം.

വടക്ക്.

പടിഞ്ഞാറ്. / കിഴക്ക്.

അഭിജിത്ത്	തിരുവോണം	അവിട്ടം	ചതയം	പൂരുരുട്ടാതി	ആയില്യം	മകം
ഉത്രാടം	ഭരണി	അശ്വതി	രേവതി	ഉത്രട്ടാതി	പൂയം	പൂരം
പൂരാടം	കാർത്തിക	രോഹിണി	മകയിരം	തിരുവാതിര	പുണർതം	ഉത്രം
മൂലം	കേട്ട	അനിഴം	വിശാഖം	ചോതി	ചിത്തിര	അത്തം

തെക്ക്.

മദ്ധ്യാഹ്നേ പൈത്രമാരഭ്യ മൈത്രമാദ്യം നിശാമുഖേ
അർദ്ധരാത്രേ ധനിഷ്ഠാദ്യം പൂർവ്വവദ് ഗണയേൽ ക്രമാൽ
ആഗ്നേയ്യാം ദിശി നൈരൃത്യാം വായവ്യാം കോഷ്ഠകദ്വയം
ത്യക്ത്വാ പ്രത്യേകമേവം ഹി തൃതീയാദ്യം വിലോകയേൽ.

സാരം—മദ്ധ്യാഹ്നത്തിൽ കൂപപ്രശ്നം തുടങ്ങിയാൽ ആദ്യത്തെ രണ്ടു ഖണ്ഡങ്ങൾ വിട്ടു മൂന്നാമത്തെ ഖണ്ഡം മുതൽ മകം നക്ഷത്രം തുടങ്ങി നക്ഷത്രന്യാസം ചെയ്യണം. അസ്തമയാനന്തരം പ്രശ്നം സംഭവിച്ചാൽ ആദ്യത്തെ രണ്ടു ഖണ്ഡങ്ങൾവിട്ടു മൂന്നാമത്തെ ഖണ്ഡം തുടങ്ങി അനിഴം മുതൽ നക്ഷത്രങ്ങളെ അടുക്കണം. അർദ്ധരാത്രിക്കുശേഷം പ്രശ്നം നടന്നാൽ മൂന്നാമത്തെ ഖണ്ഡം തുടങ്ങി അവിട്ടം മുതൽ ന്യസിക്കേണ്ടതാകുന്നു.

ദിനാർദ്ധം സപ്തഭിർഹൃത്വാ യല്ലബ്ധം നാഡികാദികം
ജ്ഞാത്വാ തത്തൽ പ്രമാണേന കൃത്തികാദീനി വിന്യസേൽ

ജന്മനക്ഷത്രം തദാ സിദ്ധം പ്രശ്നകാലേ വിശേഷതഃ
കൃത്തികാസ്ഥാനമാരഭ്യ പൂർവ്വവദ് ഗണയേൽ സുധീഃ ൪൨.

യൽ കോണ്ടേ ചന്ദ്രനക്ഷത്രം തത്രോദയക്രമാല്ലിഖേൽ
തദാ ദിനക്രമേണൈവ പൂർവ്വവർഗ്ഗണയേൽ സുധീഃ ൪൫ ॥

സാരം — ദിനമാനത്തിന്റെ പകുതിയെ ഏഴുകൊണ്ടു ഹരിച്ചുകിട്ടുന്ന നാഴിക വിനാഴികകളെ അറിഞ്ഞു പ്രഭാതം മുതൽ മദ്ധ്യാഹ്നംവരെ ആ നാഴികവിനാഴികയോളം സമയങ്ങൾക്ക്, ഒന്നാംപട്ടികയിൽ ആദ്യത്തെ വരിയിൽ കാർത്തികമുതൽ ന്യസിക്കപ്പെട്ടിരിക്കുന്ന ഏഴു നക്ഷത്രങ്ങളും യഥാക്രമം ആധിപത്യം വഹിക്കുന്നവയെന്നു മനസ്സിലാക്കേണ്ടതാകുന്നു. ഇതിനെ ഉദാഹരണത്താൽ വെളിപ്പെടുത്താം. ദിനമാനം ൩൧ നാഴിക ൪൦ വിനാഴികയാണെന്നിരിക്കട്ടെ; അതിന്റെ പകുതി ൧൫ നാഴിക ൫൦ വിനാഴികയാണല്ലോ. ഈ നാഴികവിനാഴികകളെ ൭ കൊണ്ടു ഹരിച്ചാൽ ഹരണഫലം ൨ നാഴിക ൧൫ വിനാഴിക കിട്ടുന്നതാണ്. ഒന്നാം പട്ടികയിൽ ഒന്നാമത്തെ വരിയിൽ മൂന്നാമത്തെ ഖണ്ഡംമുതൽ, പ്രഭാതം തുടങ്ങി ൨ നാഴിക ൧൫ വിനാഴികവീതം കല്പിച്ചു ഓരോ വിഭാഗത്തിനും അതതു ഖണ്ഡികയിലെ നക്ഷത്രങ്ങളുടെ ആധിപത്യത്തെ സ്വീകരിക്കേണ്ടതാകുന്നു. മദ്ധ്യാഹ്നത്തിനുശേഷം അസ്തമയംവരെയും അതിനുശേഷം അർദ്ധരാത്രിവരെയും തദനന്തരം സൂര്യോദയംവരെയുമുള്ള മൂന്നു വിഭാഗങ്ങൾക്കും ഇപ്രകാരംതന്നെ അതതു വിഭാഗത്തിലെ ആകെയുള്ള നാഴികവിനാഴികകളെ ക്രിയചെയ്തു നക്ഷത്രാധിപത്യം അറിയേണ്ടതാകുന്നു. ക്രമാത്ത പ്രശ്നകാലത്തിൽ ഏതൊരു നക്ഷത്രം ദ്യുഗണിതത്താൽ സിദ്ധിക്കുന്നുവോ ആ നക്ഷത്രത്തെ പ്രഭാതത്തിൽ കാർത്തികമുതലും മദ്ധ്യാഹ്നത്തിൽ മകം മുതലും അസ്തമയത്തിൽ അനിഴം മുതലും അർദ്ധരാത്രിയിൽ അവിട്ടം മുതലും എണ്ണുമ്പോൾ ആ നക്ഷത്രം ഏതു ഖണ്ഡത്തിൽ വരുന്നുവോ അതിൽ ചന്ദ്രനക്ഷത്രം എഴുതേണ്ടതാകുന്നു.

യത്രേന്ദുർദൃശ്യതേ തത്ര സമ്മേളകം ഭവേൽ
ശുക്രനക്ഷത്രകോണേ വാ ജലമസ്തീത്യുദാഹരേൽ ൪൬ ॥

ജീവനക്ഷത്രകോഷ്ഠേ തു തത്ര സ്വല്പമുദീരയേൽ
തുലോക്ഷകർക്കകുംഭാളിമീനനക്രാശ്ച രാശയഃ ൪൫

ജലരൂപാസ്സ്വദയേ ജലമസ്തീതി നിർദ്ദിശേൽ
തത്രാപ്യഥ ചന്ദ്രശുക്രൌ ചേൽസ്തി തത്ര ബഹൂദകം. ൪൬

സാരം — മേൽപ്രകാരം ക്രിയചെയ്തു നോക്കുമ്പോൾ ചന്ദ്രനക്ഷത്രം ഏതു കോഷ്ഠത്തിൽ വരുന്നുവോ അവിടെ ജലമധികമുണ്ടെന്നു പറയണം. ശുക്രനക്ഷത്രമുള്ള കോഷ്ഠത്തിൽ ജലമുണ്ടെന്നുമാത്രം പറയേണ്ടതാകുന്നു. തുലാം, ഇടവം, കർക്കടകം, കുംഭം, വൃശ്ചികം, മീനം, മകരം എന്നീ ജലരാശികൾ ഉദിക്കുന്നുവെങ്കിൽ ജലമുണ്ടെന്നു പറയാം. അവിടെ ചന്ദ്രനോ, ശുക്രനോ നിന്നാൽ ജലം അധികമുണ്ടെന്നു പറയേണ്ടതാണ്.

ബുധജീവോദയേ തത്ര കിഞ്ചിജ്ജലമുദീരയേൽ
ഏതാൻ രാശീൻ പ്രപശ്യന്തി യദി ശന്യർക്കഭൂമിജാഃ ൪൭
ജലം ന വിദ്യതേ തത്ര ഫണീന്ദ്രേ ദൃഷ്ടേ ബഹൂദകം

സാരം — ആ ഉദയരാശിയിൽ ബുധജീവന്മാർ നിന്നാൽ അല്പജലത്തെ പറയണം. ശനിസൂര്യകുജന്മാർ ആ രാശികളെ നോക്കിയാൽ ജലമുണ്ടായിരിക്കയില്ല. രാഹു നോക്കിയാൽ ബഹുജലത്തെ പറയണം

അധസ്സ്ഥാദുദയാച്ഛത്രാത് പൃഷ്ഠേ ത്വുപരി സംസ്ഥിതേ ൪൮
ജലഗ്രഹയുതേ ദൃഷ്ടേ ചാധശ്ചേൽ പ്രചുരോ ജലം
ഊർദ്ധ്വദൃഷ്ടിഗ്രഹോ ദൃഷ്ടാവൂർദ്ധ്വമേവോദകം ഭവേൽ.

സാരം — ഉദയാൽ ഛത്രരാശി താഴെയും ഛത്രരാശി മുകളിലുമായി വരികയും ആ ഛത്രരാശിയിൽ ജലഗ്രഹം വീക്ഷിക്കുകയോ നില്ക്കുകയോ ചെയ്യുകയും ചെയ്താൽ ജലം അടിയിൽ ഉണ്ടെന്നു പറയണം. ഊർദ്ധ്വദൃഷ്ടിയുള്ള ഗ്രഹം നോക്കുന്നതായാൽ ജലം മുകളിലുണ്ടെന്നു പറയണം.

ഊർദ്ധ്വാധഃ സ്ഥലയോഃ പാപാസ്തിഷ്ഠന്തി യദിനോദകം
അധോജലം ചതുസ്ഥാനാദസ്താനാദ്ധ്യാഗമോ ഭവേൽ. ൪൬

ദശമേ നവമേ വർഷേ കേചിദാഹുർമ്മനീഷിണഃ
ജലാജലഗ്രഹവശാജ്ജലനിർണ്ണയമീരയേൽ. ൪൭

സാരം — ഉദയാരൂഢരാശിയുടെ മുകളിലും താഴെയും പാപഗ്രഹങ്ങൾ നിന്നാൽ ജലമുണ്ടായിരിക്കയില്ല. ഉദയാരൂഢരാശിയുടെ നാലാമിടത്തിന്റെ താഴെ പാപഗ്രഹം നിന്നാൽ ജലം അടിയിൽ ഉണ്ടായിരിക്കും ഏഴാമിടത്തിന്റെ താഴെ നിന്നാൽ നദിയിൽനിന്നും ഊറവുണ്ടാകും. ചില വിദ്വാന്മാർ പത്താംവർഷത്തിലൊ ഏഴാംവർഷത്തിലൊ നദ്യാഗമനം ഭവിക്കുമെന്ന് അഭിപ്രായപ്പെടുന്നു. ജലഗ്രഹത്തെക്കൊണ്ടും ഇതരഗ്രഹങ്ങളെക്കൊണ്ടും ജലനിർണ്ണയം ചെയ്യേണ്ടതാകുന്നു.

കേന്ദ്രേഷു തിഷ്ഠതശ്ചന്ദ്രജീവൌ യദി ശുദ്ധോദകം
ചന്ദ്രേ ശുക്രയുതേ കേന്ദ്രേ പർവ്വതേഽപി ജലം വദേൽ

സാരം — കേന്ദ്രങ്ങളിൽ ചന്ദ്രജീവന്മാർ സ്ഥിതിചെയ്താൽ ശുദ്ധജലം ലഭിക്കും. കേന്ദ്രത്തിൽ ചന്ദ്രശുക്രന്മാർ നിന്നാൽ പർവ്വതമുകളിലായാലും ജലം ലഭിക്കുമെന്നു പറയണം

ചന്ദ്രസൌമ്യയുതേ കേന്ദ്രേ ജീർണ്ണമ്ബു ലവണോദകം
ആരൂഢാൽ കേന്ദ്രഗേ ചന്ദ്രേ പരിവേഷാദിവീക്ഷിതേ

അധോജലം തതോഽഗാധാ പൂർവ്വോക്തഗ്രഹദൃഷ്ടിഭിഃ
ശുക്രേണ സൌമ്യോ യുക്തശ്ചേൽ കഷായം ജലമാദിശേൽ.

സാരം — കേന്ദ്രത്തിൽ ചന്ദ്രബുധന്മാർ നിന്നാൽ ജീർണ്ണജലം ലഭിക്കും. അത് ഉപ്പുവെള്ളമായിരിക്കുകയും ചെയ്യും. ആരൂഢത്തിന്റെ കേന്ദ്രത്തിൽ ചന്ദ്രൻ നില്ക്കുകയും പരിവേഷാദികളാൽ വീക്ഷിക്കപ്പെടുകയും ചെയ്താൽ അടിബ്ഭാ

ഗത്തിൽ ജലമുണ്ടായിരിക്കും. മുമ്പൊന്ന ഗ്രഹങ്ങളുടെ കിരണങ്ങളെ അനുസരിച്ച് അഗാധതയെ നിർണ്ണയിക്കണം. ബുധനും ശുക്രനുംകൂടി കേന്ദ്രത്തിൽ നിന്നാൽ കഷായജലം ലഭിക്കുമെന്ന പറയേണ്ടതാകുന്നു.

കന്യാമിഥുനഗേ സൗമ്യേ ജലം സ്യാദന്തരാലഗം
ബൃഹസ്പതൌ രാഹുയുതേ പാഷാണോ ജായതേഽന്തരാ
ശുക്രചന്ദ്രയുതേ രാഹാവഗാധേ ജലമേധതേ
ഭാസ്കരേ ക്ഷാരസലിലം പരിവേഷേഽധനേ ത്വിതി. ർന്നു
രാഹുണാ സംയുതേ മന്ദേ ജലം സ്യാദന്തരാലഗം.

സാരം — ബുധൻ കന്നിയിലോ മിഥുനത്തിലോ നിന്നാൽ ജലം മുകൾപരപ്പിനോട് വളരെ സമീപിച്ചും അധികം താഴ്ത്തിലുമല്ലാതെ മദ്ധ്യഭാഗത്തിലുണ്ടായിരിക്കും. ഗുരു രാഹുവിനോടുചേർന്ന നിന്നാൽ മദ്ധ്യഭാഗത്ത് പാറകാണാനിടയാകും. രാഹു ശുക്രചന്ദ്രന്മാരോട് ചേർന്നുനിന്നാൽ അഗാധത്തിൽ ജലം ലഭിക്കും. ധനുവിൽ സൂര്യനോ പരിവേഷമോ നിന്നാൽ ഉപ്പുവെള്ളം കിട്ടും. ശനി രാഹുവിനോടുകൂടിനിന്നാൽ പകുതിയിൽവച്ചു ജലം കാണും.

അർക്കസ്യോഷരഭൂമിസ്സ്യാൽ പാപാനാം കണ്ടകസ്ഥലീ
നാരികേളാദിപുന്നാഗപൂഗയുക്താ ക്ഷമാ ഗുരോഃ ർന്നു
ശുക്രസ്യ കദളീവല്ലീ ബുധസ്യ പനസോ ഭവേൽ
വല്മീകം രാഹുകേത്വോശ്ച ചിതി ജ്ഞാത്വാ വദേദ്ബുധഃ

സാരം — സൂര്യന്റെ ഊഷരപ്രദേശവും, ചൊവ്വ ശനി ഈ പാപന്മാർക്ക് മുള്ളുള്ള മരങ്ങളും ചെടികളും വളരുന്ന ഭൂമിയും, ഗുരുവിന്ന തെങ്ങ്, കമുക്, പുന്ന മുതലായ വൃക്ഷങ്ങൾ വളരുന്ന സ്ഥലവും, ശുക്രന്റെ വാഴത്തോട്ടവും വള്ളികൾ പടരുന്ന പ്രദേശവും, ബുധന്ന പ്ലാവുള്ള ഭൂമിയും രാഹുകേതുക്കൾക്ക് ചിതൽപുറ്റുള്ള സ്ഥലവും ഗ്രഹിക്കേണ്ടതാകുന്നു.

ശനിരാഹൂദയേ കാഷ്ഠോരഗവല്മീകരന്ധ്രം. ൪൫൯
സ്വാമിദൃഷ്ടിയുതേ വാപി സ്വക്ഷേത്രമിതി കീർത്തയേൽ
അന്യൈർ്യുക്തേഥവാ ദൃഷ്ടേ പരകീയസ്ഥലം വദേൽ.

സാരം—ഉദയലഗ്നത്തിൽ ശനിരാഹുക്കൾ നിന്നാൽ തടി, പാമ്പു്, ചിതൽപ്പുറ്റു മുതലായവ കാണാനിടയാകും. ലഗ്നത്തിൽ ലഗ്നാധിപൻെറ ദൃഷ്ടിസംഭവിച്ചാൽ കണ്ണുകഴിക്കുന്നസ്ഥലം സ്വന്തമാണെന്നും അന്യന്മാരാൽ വീക്ഷിക്കപ്പെടുകയോ അന്യന്മാരുടെ യോഗം സംഭവിക്കുകയോ ചെയ്താൽ കണ്ണുകഴിക്കുന്നിടം അന്യന്മാരുടേതാണെന്നും പറയേണ്ടതാകുന്നു.

കേരള സാഹിത്യ
അക്കാദമി

സേനാകാണ്ഡം

സൈന്യസ്യാഗമനം വക്ഷ്യേ ശത്രോരാഗമനം തഥാ
ചരോദയേ ചരാംശസ്ഥേ പാപാഃ പഞ്ചമഗാ യദി

സേനാഗമനമസ്തീതി കഥയേദ്ബുദ്ധിസത്തമഃ
ചതുഷ്പാദുദയേ ജാതേ യുഗ്മരാശ്യുദയേ തഥാ. ൪൬൦

ലഗ്നസ്യാധിപതൌ വക്രേ സേനാ പഥി നിവർത്തതേ
ശത്രോരാഗമനം നാസ്തി ചതുർത്ഥേ പാപസംയുതേ. ൪൬൧

ഉഭയോദയക്ഷേത്രേഷു കേന്ദ്രേഷു ദ്വിജഗോ യദി
ദ്വിസ്ഥിതാ ച നായാതി സേനാ പഥി നിവർത്തതേ. ൪൬൨

സാരം—ഇനി സൈന്യത്തിൻെറ ആഗമനത്തെയും ശത്രുവിൻെറ ആഗമനത്തെയുംകുറിച്ചു പറയുന്നു ചരരാശി ഉദിക്കുകയും ചരാംശതന്നെ ആരൂഢമായി ഭവിക്കുകയും അഞ്ചാമിടത്തു പാപന്മാർ നില്ക്കുകയും ചെയ്താൽ സേനക

ളൂടെ വരവുണ്ടെന്നു ശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ചതുഷ്പാത്തുരാശിയോ ദ്വിപാത്തുരാശിയോ ഉദിക്കുകയും തദധിപൻ വക്രഗതിയെ അവലംബിക്കുകയുംചെയ്താൽ സേനകൾ മാർഗ്ഗമദ്ധ്യേ മടങ്ങിപ്പോകാനിടയാകും. നാലാമിടത്തു പാപൻ നിന്നാൽ ശത്രുവിന്റെ ആഗമനം സംഭവിക്കുകയില്ല. ഉദയം, ആരൂഢം, ഛത്രരാശി ഇവയിലോ കേന്ദ്രത്തിലോ രാഹു നിന്നാൽ സേനകൾ അകന്നു നില്ക്കും; അടുത്തുവരികയില്ല. മാർഗ്ഗത്തിൽവെച്ചു തിരിഞ്ഞു പോകുകയുംചെയ്യും.

ആരൂഢേഛത്രമിതാഃ കുംഭകുളീരാലിഝഷാ യദി
ചതുർത്ഥകേന്ദ്രേ ബലിനോ യദി സേനാ നിവർത്തതേ. ൪൭

ചരോദയേ ചരാരൂഢേ ഭൌമാർക്കിഗുരവസ്ഥിതാഃ
തിഷ്ഠന്തി യദി പശ്യന്തി സേനാ യാതി മഹത്തരാ. ൪൮

ആരൂഢേ സ്വാമിമിത്രോച്ചഗ്രഹയുക്തേഽഥ വീക്ഷിതേ
സ്ഥായിനോ വിജയം ബ്രൂയാദ്യായിനോ ഭംഗമാദിശേത്. ൪൯

സാരം—കുംഭം, കർക്കടകം, വൃശ്ചികം, മീനം ഇവയിലൊന്നു ആരൂഢമായിഭവിക്കുകയും നാലാംഭാവമാകുന്ന കേന്ദ്രത്തിൽ ബലവാനായ ഗ്രഹംനില്ക്കുകയും ചെയ്താൽ ശത്രുസൈന്യം മടങ്ങിപ്പോകുന്നതാണ്. ചരരാശി ഉദയമാകുകയോ ആരൂഢമാവുകയോ ചെയ്കയും അതിൽ കുജനും മന്ദനും ഗുരുവും നില്ക്കുകയുംചെയ്താൽ വലുതായ സൈന്യം വരുന്നുണ്ടെന്നു പറയണം. മേൽപറഞ്ഞ രാശിയെ മേൽപറഞ്ഞ ഗ്രഹങ്ങൾ നോക്കുന്നതായാലും ഇതു ഫലംതന്നെ പറയണം. ആരൂഢരാശിയിൽ തദധിപനോ അധിപന്റെ ബന്ധുവോ ഉച്ചഗ്രഹമോ നില്ക്കുകയോ നോക്കുകയോ ചെയ്താൽ സ്ഥായിക്കു വിജയത്തെയും യായിക്കു തോൽമയെയുംപറയേണ്ടതാകുന്നു. (യായി=പ്രതിപക്ഷി. സ്ഥായി=യായിയാൽ എതിർക്കപ്പെട്ടവൻ)

ഏവം ക്ഷേത്ര വിശേഷോഽസ്തി വിപരീതേ ജയോ ഭവേൽ
യായീ ബലാ സമായാതി ക്ഷേത്ര ബലസമന്വിതേ ത്ഥ്യ

ആരൂഢേ ബലസംയുക്തേ സ്ഥായീ വിജയമാപ്നുയാൽ

സാരം — ഇവിടെ ക്ഷേത്രരാശിക്ക് അല്പം വിശേഷമുണ്ട്. ഇച്ചൊന്നതിന്റെ വിപരീതമായലക്ഷണം ക്ഷേത്രരാശിക്ക സംഭവിച്ചാൽ ജയംലഭിക്കും. എങ്ങിനെയെന്നാൽ ക്ഷേത്രരാശിക്ക ബലമില്ലാതിരുന്നാൽ സ്ഥായിയും ബലമുണ്ടായിരുന്നാൽ യായിയും ജയിക്കുന്നതാണ്. ആരൂഢരാശിക്കാണ ബലമെങ്കിൽ ശത്രുവിനാൽ എതിക്കപ്പെട്ടവൻതന്നെ ജയിക്കുന്നതാണ്.

ആരൂഢേ നീചശത്രുഭിർഗ്രഹൈർയ്യുക്തേഽഥ വീക്ഷിതേ.
സ്ഥായീ പരഗൃഹീതസ്സ്യാൽ ക്ഷേത്രേഷ്വേവം വിപര്യയഃ

സാരം — ആരൂഢം നീചഗ്രഹത്താലോ ശത്രുഗ്രഹത്താലോ യുക്തമാവുകയോ വീക്ഷിക്കപ്പെടുകയോ ചെയ്താൽ സ്ഥായി ശത്രുവിനാൽ പീഡിക്കപ്പെടുന്നതാണ് ഇപ്പറഞ്ഞലക്ഷണം ക്ഷേത്രരാശിക്ക സംഭവിച്ചാൽ ഇതിന്റെ വിപരീതമായ ഫലത്തെ പറയേണ്ടതാകുന്നു. എന്നുവെച്ചാൽ സ്ഥായി ജയിക്കുമെന്നും യായി തോല്ക്കുമെന്നും താല്പര്യം.

ശുക്രോദയേ തു പൂർവ്വാഹ്നേ യായിനോ വിജയോ ഭവേൽ.
ശുക്രോദയേ തു സായാഹ്നേ സ്ഥായീ വിജയമാപ്നുയാൽ

ക്ഷേത്രാരൂഢോദയേ വാപി ക്രൂരാംശേ പാപസംയുതേ
തല്ക്കാലേ പൃച്ഛതാം സദ്യഃ കലഹോ ജായതേ മഹാൻ

പൃഷ്ഠോദയേ ത്വാരൂഢേ പാപൈര്യുക്തേഽഥ വീക്ഷിതേ
ദശമേ പാപസംയുക്തേ ചതുഷ്പാദുദയേഽപി വാ

കലഹോ ജായതേ ശീഘ്രം സന്ധിസ്സ്യാച്ഛുഭവീക്ഷിതേ.

സാരം — പൂർവ്വാഹ്നത്തിൽ ശുക്രൻ ഉദയരാശിയിൽ നിന്നാൽ ശത്രുജയിക്കും. സായാഹ്നത്തിൽ ശുക്രൻ ഉദയരാ

ശിയിൽ നിന്നാൽ സ്ഥായിജയിക്കും. ഛത്രത്തിനോ ആരൂഢത്തിനോ ഉദയത്തിനോ ക്രൂരാംശകംസംഭവിക്കുകയോ പാപന്റെയോഗം ഭവിക്കുകയോ ചെയ്താൽ സ്ഥായിക്കു ഉടനെ വലുതായിരിക്കുന്ന കലഹം നേരിടുമെന്നു പറയേണ്ടതാകുന്നു. പൃഷ്ഠോദയരാശി ആരൂഢമാവുകയും അതിൽ പാപൻ നില്ക്കുകയോ നോക്കുകയോ ചെയ്യുകയും പത്താമിടത്തിൽ പാപൻ നില്ക്കുകയുംചെയ്താൽ എളുപ്പത്തിൽ കലഹം നേരിടുന്നതാണ്, ഈ യോഗത്തിൽ പൃഷ്ഠോദയരാശി ആരൂഢമാകുന്നതിനുപകരം ചതുഷ്പാദരാശി ഉദയമായാലും മതിയാകുന്നതാണ്. ശുഭന്മാരുടെ നോട്ടം ഇവിടെ സംഭവിച്ചാൽ കലഹം സന്ധിയിൽ അവസാനിക്കും.

ഉദയാലിഷു ഷഡ്കേഷു ശുഭരാശിഷു ചേൽ സ്ഥിതാഃ
സ്ഥായിനോ വിജയം ബ്രൂയാദ്ദുഷ്ടം ചേദ്യായിനോ ജയഃ

പാപഗ്രഹയുതേ വ്യസ്തം കേന്ദ്രേ സന്ധിഃ പ്രജായതേ
ഉദയസ്ഥിതാഃ പാപാഃ ബലവന്തസ്സമോ ജയഃ. ൪൭

സാരം - ഉദയംമുതൽ ആറുരാശികളിലായി സകലശുഭഗ്രഹങ്ങളും നിന്നാൽ സ്ഥായിക്കു വിജയത്തെപ്പറയണം. ശുഭഗ്രഹങ്ങൾ ഏഴുമുതൽ പന്ത്രണ്ടുവരെ ഭാവങ്ങളിൽ നിന്നാൽ ജയം ശത്രുവിനുപറയേണ്ടതാകുന്നു. ഇപ്പറഞ്ഞ രണ്ടു യോഗങ്ങളിലും ശുഭന്മാരുടെ സ്ഥാനത്തു പാപന്മാർ നിന്നാൽ വിപരീതഫലത്തെ പറയേണ്ടതാകുന്നു. ശുഭന്മാരും പാപന്മാരുംനിന്നാൽ സന്ധിയുണ്ടാകുന്നതാണ്. പാപന്മാർ മേൽപറഞ്ഞ രണ്ടുസ്ഥാനങ്ങളിലുമായി നിന്നാൽ ഇരുകൂട്ടർക്കും തുല്യജയം നേരിടുമത്രെ.

ഇത്ഥാലിരാശിഭിഃ ഷഡ്ഭിർയ്യാഗതസ്യ ഫലം വദേൽ
തദന്യരാശിഭിഃ ഷഡ്ഭിഃ സ്ഥായിനഃ ഫലമാദിശേൽ.

ഏവം ഗ്രഹസ്ഥിതിവശാൽ പൂർവ്വവൽ കഥയേദ് ബുധഃ

സാരം — ഉദയരാശിയുടെ നാലാംഭാവംമുതൽ ആറുരാശികളെക്കൊണ്ടു ശത്രുവിനും ശേഷമുള്ള ആറുരാശികളെക്കൊണ്ടു സ്ഥായിക്കും ഫലംപറയേണ്ടതാണു്. ഇപ്രകാരം ഗ്രഹസ്ഥിതികൊണ്ടു മുൻചൊന്നപ്രകാരം ഫലനിർദ്ദേശം ചെയ്യേണ്ടതാകുന്നു.

ഗ്രഹോദയേ വിശേഷോഽസ്തി ശന്യർക്കാംഗാരകോദയേ.
ആഗതസ്യ ജയം ബ്രൂയാൽ സ്ഥായിനോ ഭൃഗുമാലിശൌ
ബുധശുക്രോദയേ യായീ ജയീ ചന്ദ്രഗുരൂദയേ. ൪൭൮

പഞ്ചഷഡ്ലാഭരിഃഫേഷു തിഗ്മാംശുഃ സംസ്ഥിതോ യദി
ആഗതഃ സ്ത്രീധനാദീനി ഹൃത്വാ വസ്തൂനി ഗച്ഛതി. ൪൭൯

സാരം—ഉദയരാശിയിൽ ഗ്രഹങ്ങൾ നിന്നാൽ വിശേഷാൽ ഫലം പറയേണ്ടിയിരിക്കുന്നു. ശനിയും സൂര്യനും ചൊവ്വയും ഉദയത്തിൽ ഒന്നിച്ചു നിന്നാൽ ആഗതനായ ശത്രുവിന്നു ജയത്തെപ്പറയണം. ബുധനും ശുക്രനും ഉദയത്തിൽ ചേൎന്നുനിന്നാൽ സ്ഥായിക്കു തോൽമയെപ്പറയണം. ഉദയത്തിൽ ചന്ദ്രനും ഗുരുവും ചേൎന്നു നിന്നാൽ യായിക്കു ജയത്തെ പറയേണ്ടതാകുന്നു. അഞ്ചു, ആറു, പതിനൊന്നു്, പന്ത്രണ്ടു് ഈ ഭാവങ്ങളിൽ സൂര്യൻ നിന്നാൽ ആഗതനായ ശത്രു സ്ത്രീകളെയും ധനത്തെയും അപഹരിച്ചുകൊണ്ടു പോകാനിടയാകും.

ചതുർത്ഥേ ദശമേ സൌരിർ യദി സേനാസമാഗമഃ
യദി ശുക്രഃ സ്ഥിതഃ ഷഷ്ഠേ യോജ്യം സന്ധിർഭവിഷ്യതി. ൪൮൦

ചതുർത്ഥേ പഞ്ചമേ ശുക്രോ യദി തിഷ്ഠതി തൽക്ഷണാൽ
സ്ത്രീധനാദീനി വസ്തൂനി യായീ ഭത്വാ പ്രയാസ്യതി ൪൮൧

സപ്തമേ ശുക്രസംയുക്തേ സ്ഥായീ ഭവതി ദുർബലാ
നവാഷ്ടസപ്തസഹജാദന്യത്ര ഹി കുജോ യദി ൪൮൨
സ്ഥായീ വിജയമാപ്നോതി പരസേനാസമാഗമേ

സാരം — രണ്ടാംഭാവത്തിലോ പത്താംഭാവത്തിലോ ശനിനിന്നാൽ സേനകളുമായി സമാഗമമുണ്ടാകും. ശുക്രൻ ആറാംഭാവത്തിൽ നിന്നാൽ സന്ധിസംഭവിക്കുമെന്നു പറയണം. നാലിലൊ അഞ്ചിലൊ ശുക്രൻ നിന്നാൽ പ്രതിപക്ഷി സ്ത്രീ, ധനം മുതലായവ കൊടുത്തുംവച്ചു പോകാനിടയാകും. ഏഴാമിടത്തു ശുക്രൻനിന്നാൽ സ്ഥായി ദുർബലനായി ഭവിക്കും. ഒൻപതു്, എട്ടു്, ഏഴു്, മൂന്നു് ഈ ഭാവങ്ങളൊഴിച്ചു മററു ഭാവങ്ങളിൽ ചൊവ്വനിന്നാൽ പരസൈന്യത്തോടു സംബന്ധിച്ചു ജയംപ്രാപിക്കാനിടയാകും.

ചതുർത്ഥേ പഞ്ചമേ ചന്ദ്രേ സ്ഥായീ ച വിജയീ ഭവേൽ

തൃതീയേ പഞ്ചമേ ഭാനൗ യദി സേനാസമാഗമഃ
മിത്രസ്ഥാനേ സ്ഥിതേ സന്ധിർന്നോചേൽസ്ഥായീജയീഭവേൽ

ചതുർത്ഥേ വിത്തദഃ സ്ഥായീ ഷഷ്ഠേ ചേൽസ്ഥായിനോമൃതിഃ
ഉദയാൽ സഹജേ സൗമ്യേ ദ്വിതീയേ യദി ഭാസ്കരഃ [illegible]

സ്ഥായിനോ വിജയം ബ്രൂയാദ്വ്യത്യയേ യായിനോ ജയഃ

സാരം — ചന്ദ്രൻ നാലിലൊ അഞ്ചിലൊ നിന്നാൽ സ്ഥായി ജയിക്കുന്നതാണു്. സൂര്യൻ മൂന്നിലൊ അഞ്ചിലൊ നിന്നാൽ സൈന്യത്തോടു സംബന്ധിക്കാനിടയാകും. സൂര്യൻ മിത്രഗൃഹത്തിൽനിന്നാൽ ശത്രുവുമായി സന്ധിയുണ്ടാകും. അങ്ങനെ സംഭവിച്ചില്ലെങ്കിൽ സ്ഥായി ജയിക്കാനിടയാകും. സൂര്യൻ നാലിൽ നിന്നാൽ സ്ഥായി ശത്രുവിനു ധനം കൊടുക്കാനിടയാകും. സൂര്യൻ ആറിൽ നിന്നാൽ സ്ഥായി മരിക്കുന്നതാണു്. ലഗ്നത്തിന്റെ മൂന്നിൽ ബുധനും രണ്ടിൽ സൂര്യനും നിന്നാൽ സ്ഥായിക്കു വിജയമെന്നു പറയണം. നേരെമറിച്ചു മൂന്നിൽ സൂര്യനും രണ്ടിൽ ബുധനും നിന്നാൽ ശത്രു ജയിക്കുന്നതാണു്.

സസൗമ്യേ ഭാസ്കരേ യാതേ സമയുദ്ധം വദേദ്ബുധഃ

ലഗ്നാൽ പഞ്ചമഗേ സൗമ്യേ യായീ ഭവതി ചാൎത്ഥദഃ
ചിത്രിസേഥ സോമജേ യായീ വിജയീ ഭവതി ധ്രുവം ൪൭
ഏകാദശേ വ്യയേ സൗമ്യേ സ്ഥായീ വിജയമേഷ്യതി
ഏകാദശേ ശ്രേയായീ ഇതസ്ത്രീബാന്ധവോ ഭവേൽ ൪൮
ശത്രുനീചസ്ഥിതേ സൂൎയ്യേ സ്ഥായിനോ ഭങ്ഗമാദിശേൽ

സാരം — സൂൎയ്യനും ബുധനും ഒന്നിച്ചു നിന്നാൽ തുല്യശക്തിയോടുകൂടി യുദ്ധം നടക്കുമെന്നു പറയേണ്ടതാകുന്നു. ബുധൻ ലഗ്നത്തിന്റെ അഞ്ചാംഭാവത്തിൽ നിന്നാൽ ശത്രുധനംകൊടുത്തവനായി ഭവിക്കും. ബുധൻ രണ്ടിലൊ മൂന്നിലൊ നിന്നാൽ നിശ്ചയമായും ശത്രു ജയിക്കുന്നതാണു്. ബുധൻ പതിനൊന്നിലൊ പന്ത്രണ്ടിലൊ നിന്നാൽ സ്ഥായി ജയിക്കുമത്രെ. സൂൎയ്യൻ പതിനൊന്നിൽ നിന്നാൽ യായി വധിക്കപ്പെട്ട സ്ത്രീകളോടും ബന്ധുക്കളോടും കൂടിയവനായി ഭവിക്കും. സൂൎയ്യൻ ശത്രുഗൃഹത്തിലൊ നീചത്തിലൊ നിന്നാൽ സ്ഥായി തോല്ക്കുന്നതാണു്.

ഉദയാൽ പഞ്ചമഭ്രാതൃവ്യയേഷു ധിഷണോ യദി ൪൯
യായീ ഭങ്ഗം സമായാതി ദ്വിതീയേ സന്ധിരുച്യതേ
ദശമൈകാദശേ ജീവോ യദി യായ്യൎത്ഥദോ ഭവേൽ ൫൦

സാ — ഉദയത്തിൽനിന്നു അഞ്ചു്, മൂന്നു്, പന്ത്രണ്ടു് ഇതിലേതെങ്കിലും ഒരു ഭാവത്തിൽ ഗുരു നിന്നാൽ ആശത്രുനായ ശത്രു തോല്ക്കുമത്രെ. ഗുരു രണ്ടാമിടത്തുനിന്നാൽ ശത്രുന്യമായി സന്ധിയുണ്ടാകും. പത്താംഭാവത്തിലൊ പതിനൊന്നാംഭാവത്തിലൊ ഗുരു നിന്നാൽ യായി ധനം നല്കാനിടയാകും

ചന്ദ്രാഭിത്യൎ സമസ്ഥാനേ സന്ധിസ്സ്യാൽ പ്രതിപ്പതോ യദി
വിപരീതേ തു യുദ്ധം സ്യാദ് ഭാനോൎഭാഃശഗേ വിധൗ
തത്ര യുദ്ധം ന ഭവതി ശാസ്ത്രേ ജ്ഞാനപ്രദീപകേ
ചരരാശിസ്ഥിതേ ചന്ദ്രേ ചരരാശ്യുദയേ പി വാ. ൫൧

ശത്രുരേത്യ സന്ധാതാ വിപരീതേ വിപര്യയഃ

സാ—ചന്ദ്രനും സൂര്യനും സമരാശിയിൽ സ്ഥിതിചെയ്താൽ സന്ധി സംഭവിക്കും. നേരേമറിച്ചായാൽ യുദ്ധമുണ്ടാകുകയും ചെയ്യും. സൂര്യന്റെ പന്ത്രണ്ടാമിടത്തു ചന്ദ്രൻ നിന്നാൽ യുദ്ധം സംഭവിക്കുകയില്ലെന്നു ജ്ഞാനപ്രദീപകമെന്ന ഈ ശാസ്ത്രത്തിൽ നിർദ്ദേശിക്കുന്നു. ചന്ദ്രൻ ചരരാശിയിൽ നിന്നാലും ചരരാശി ഉദയമായാലും ശത്രു തന്നെ വന്നു സന്ധിപറയുന്നതാണ്. ഇതിനു വിപരീതമായിട്ടാണെങ്കിൽ ഫലവും മറിച്ചായിരിക്കും.

യുഗ്മരാശിസ്ഥിതേ ചന്ദ്രേ സ്ഥിരരാശ്യുദയേ തഥാ ൧൦൩

അർദ്ധരാജ്യം സമാദത്യ സേനാനീർവിനിവർത്തതേ
സിംഹാദിരാശി ഷട്കേ തു സ്ഥായിനോ ജയദായകശ്ശശീ

കർക്കാദി പൃഷ്ഠക്രമാൽ ഷട്കേ യായിനശ്ചന്ദ്രമാസ്ഥിതഃ
സ്ഥായിയായി ക്രമേണൈവം ജ്ഞേയം ഗ്രഹവശാൽഫലം.

സാരം—ചന്ദ്രൻ യുഗ്മരാശിയിൽ നില്ക്കുകയോ സ്ഥിരരാശി ഉദയമാവുകയോ ചെയ്താൽ ശത്രുസൈന്യാധിപൻ രാജ്യത്തിന്റെ പകുതിഭാഗമെത്താളും കടന്നിട്ടു മടങ്ങിപ്പോകും. ചന്ദ്രൻ ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം ഇവയിൽ ഏതെങ്കിലും ഒരു രാശിയിൽ നിന്നാൽ സ്ഥായിക്കു തോൽമ ഭവിക്കും. ചന്ദ്രൻ മകരംമുതൽ കർക്കടകംവരെയുള്ള ഏതെങ്കിലും ഒരു രാശിയിൽനിന്നാൽ യായിക്കു തോൽമ പറയുന്നതാണ്. ഇപ്രകാരം സ്ഥായിക്കും യായിക്കും ക്രമേണ ഗ്രഹവശാൽ ഫലം പറയേണ്ടതാകുന്നു.

യാത്രാകാണ്ഡം

യാത്രാകാണ്ഡം പ്രവക്ഷ്യാമി സൎവ്വേഷാം ഹിതലിപ്സയാ
ഗമനാഗമനം ചൈവ ലാഭാലാഭൌ ശുഭാശുഭേ. ൧൦൩

സൎവ്വം വിചാൎയ്യ കഥയേൽ പ്രവ്രുത്തം ശാസ്ത്രവിത്തമഃ
മിത്രക്ഷേത്രാണി പശ്യന്തി യദി മിത്രഗ്രഹാസ്തദാ. ൧൦൪

മിത്രസ്യാഗമനം ബ്രൂയാന്നീചം നീചഗ്രഹാ യദി
നീചസ്യാഗമനം ബ്രൂയാദുച്ചസ്ഥഗ്രഹാ യദി ൧൦൫

സ്വാധികാരായ ഗമനം പുംരാശൌ പുംഗ്രഹാ യദി.
പുരുഷായേതി ഗമനം സ്ത്രീരാശൌ സ്ത്രീഗ്രഹായദി. ൧൦൬

സ്ത്രീയൈ ഗമനമിത്യുക്തമന്യച്ചൈവം വിചാരയേൽ

സാരം—എല്ലാവരുടെയും നന്മയ്ക്കായിക്കൊണ്ടു യാത്രാകാണ്ഡത്തെ പറയുന്നു. ഗമനം, ആഗമനം, ലാഭം, നഷ്ടം, ശുഭം, അശുഭം മുതലായ എല്ലാ വിഷയങ്ങളെയും നല്ലതുപോലെ വിചാരിച്ചു ശാസ്ത്രവിത്തായിട്ടുള്ളവൻ ഫലം പറയേണ്ടതാകുന്നു. മിത്രഗ്രഹങ്ങൾ മിത്രക്ഷേത്രത്തെ നോക്കിയാൽ മിത്രങ്ങളുടെ വരവിനെയും നീചഗ്രഹങ്ങൾ നീചരാശിയെ നോക്കിയാൽ നീചന്റെ (താഴ്ന്നവന്റെ) വരവിനെയും പറയേണ്ടതാണ്. ഉച്ചഗ്രഹങ്ങൾ ഉച്ചസ്ഥാനത്തെ നോക്കിയാൽ തന്റെ അധികാരത്തെ പുലൎത്താനായിട്ടു യാത്രപോകാനിടയാകും. പുരുഷരാശിയിൽ പുരുഷഗ്രഹം നിന്നാൽ പുരുഷനെ ഉദ്ദേശിച്ച യാത്രയും സ്ത്രീരാശിയിൽ സ്ത്രീഗ്രഹം നിന്നാൽ സ്ത്രീയെ ഉദ്ദേശിച്ച യാത്രയും പറയപ്പെട്ടിരിക്കുന്നു. ഇപ്രകാരം മററു സ്ഥാനങ്ങളിലും വിചാരിക്കേണ്ടതാകുന്നു.

ചരരാശ്യുദയാരൂഢേ തത്തദ്ഗ്രഹാവിലോകിതേ. ൩൰

തത്തദാശാസു ഗച്ഛന്തി പ്രഷ്ടാരഃ ശാസ്ത്രനിശ്ചയഃ
സ്ഥിരരാശ്യുദയാരൂഢേ ശന്യർക്കാങ്ഗാരകൈഃ സ്ഥിരൈഃ ൩൰൧

അഥവാ ദശമസ്ഥാനേഷ്വേഷു ഗമനാഗമനേന ച
ശുക്രസൗമ്യേന്ദുജീവേഷു തിഷ്ഠന്തി ചരരാശിഷു. ൩൰൨

വിദ്യതേ സോപീഷ്ടസിദ്ധ്യർത്ഥം ഗമനാഗമനം തഥാ

സാരം—ചരരാശി ഉദയമോ ആരൂഢമോ ആവുകയും അതത് അധിപഗ്രഹങ്ങളുടെ നോട്ടം ഭവിക്കുകയും ചെയ്താൽ അപ്രകാരം നോക്കുന്ന ഗ്രഹത്തിന്റെ ദിക്കിൽ പൃഷ്ടാവിന് ഗമനം സംഭവിക്കുമെന്നു പറയണം. സ്ഥിരരാശി ഉദയമോ ആരൂഢമോ ആവുകയും ശനി, സൂര്യൻ, ചൊവ്വ ഇവർ ആ രാശിയിലോ പത്താമിടത്തോ നില്ക്കുകയും ചെയ്താൽ ഗമനവും ആഗമനവും സംഭവിക്കുകയില്ല. ശുക്രൻ, ഗുരു, ചന്ദ്രൻ ഇവർ ചരരാശിയിൽ നിന്നാൽ തന്റെ ഇഷ്ടസിദ്ധിക്കായിട്ടു പോക്കും വരവും സംഭവിക്കും.

സ്ഥിതിപ്രശ്നേ സ്ഥിതിം ബ്രൂയാന്മസ്തകോദയരാശിഷു.
പൃഷ്ഠോദയേഷു ഗമനം ക്രമേണ ശുഭദം വദേത്
ദ്വിതീയേ ച തൃതീയേ ച തിഷ്ഠന്തി യദി പാപഗ്രഹാഃ ൩൰൩

ത്രിദിനാത് പത്രികാ യാതി ദൂതോ വാ പ്രേഷിതസ്യ ച
ലഗ്നാത്മസഹജവ്യോമലാഭേഷ്വിന്ദുഭാർഗ്ഗവൗ ൩൰൪

തിഷ്ഠന്തി യദി തല്ക്കാലേ ത്വാഗതിഃ പ്രേഷിതസ്യ ച
ചതുർത്ഥേ ദ്വാദശേ വാപി തിഷ്ഠന്ത്യശുഭഗ്രഹാഃ ൩൰൫

പത്രികാ പ്രേഷിതസ്യാശു സമായാതി ന സംശയഃ

സാരം—സ്ഥിതിയെസംബന്ധിച്ച പ്രശ്നം സംഭവിച്ചാൽ ശീർഷോദയരാശി ഉദിക്കുമെങ്കിൽ സ്ഥിതിയും (ഒരേ സ്ഥലത്തു വസിക്കുക) പൃഷ്ഠോദയരാശി ഉദിക്കുമെങ്കിൽ യാത്രയും നന്മയെചെയ്യുമെന്നു പറയണം. പ്രശ്നലഗ്നത്തി

ന്റെ രണ്ടും മൂന്നും ഭാവങ്ങളിൽ പുരുഷഗ്രഹങ്ങൾ നിന്നാൽ മൂന്നു ദിവസത്തിനുള്ളിൽ എഴുത്തുകിട്ടും. അല്ലെങ്കിൽ പുറപ്പെട്ടുപോയ ആളിന്റെ ദൂതൻ വരും. ഒന്ന്, രണ്ട്, മൂന്ന്, പത്ത്, പതിനൊന്ന് ഈ ഭാവങ്ങളിൽ ചന്ദ്ര ബുധ ശുക്രന്മാർ നിന്നാൽ പുറമേ പോയ ആൾ ആരും തിരികെ വരുമെന്നും. നാല്, പന്ത്രണ്ട് ഈ ഭാവങ്ങളിൽ ശുഭഗ്രഹങ്ങൾ നിന്നാൽ വെളിയിൽപോയ ആളിൽനിന്നും സംശയം വിനാ എഴുത്തുകിട്ടാനിടയാകും.

ഷഷ്ഠേ വാ പഞ്ചമേ വാപി യദി പാപഗ്രഹാഃ സ്ഥിതാഃ
പ്രേഷിതോ വ്യാധിപീഡാർത്തഃ സമായാതി ന സംശയഃ
ചാപോക്ഷമേഷസിംഹേഷു യദി തിഷ്ഠതി ചന്ദ്രമാഃ ധ്രുവ
ചിന്തിതഃ പുനരായാതി ചതുർത്ഥേ പ്രേതാഗമഃ
സ്വസ്വർക്ഷേഷു ച തിഷ്ഠന്തി ശുക്രജീവേന്ദുസോമജാഃ
പ്രയാണാഗമനേ ബ്രൂയാത്തത്തദാശാസു സർവ്വദാ

സാരം — ആറാംഭാവത്തിലോ അഞ്ചാംഭാവത്തിലോ പാപഗ്രഹങ്ങൾ നിന്നാൽ പ്രേഷിതൻ വ്യാധിയാൽ പീഡിക്കപ്പെട്ടു മടങ്ങിവരാനിടയാകും; ഇതിൽ സംശയിക്കാനില്ല. ധനു, ഇടവം, മേടം, ചിങ്ങം ഇവയിൽ ചന്ദ്രൻ നിന്നാൽ ഉദ്ദേശിക്കപ്പെട്ടവൻ മടങ്ങിവരുമത്രേ. നാലാമിടത്തു ചന്ദ്രൻ നിന്നാൽ വിചാരിക്കപ്പെട്ടവൻ തിരികെ വരും. ശുക്രൻ, ഗുരു, ചന്ദ്രൻ, ബുധൻ ഇവർ സ്വഗൃഹത്തിൽ നിന്നാൽ അതതു ഗ്രഹങ്ങളുടെ ദിക്കിൽ പ്രയാണവും ആഗമനവും സംഭവിക്കുമെന്നു പറയണം.

ഗ്രഹാഃ സ്വക്ഷേത്രമായാന്തി യാവത്തത്ര ഫലം വദേത്
ശുഭഗ്രഹാംശാൽ സൌഖ്യം പീഡാം പാപഗ്രഹൈർവദേത്
സപ്തമാഷ്ടമയോഃ പാപാസ്തിഷ്ഠന്തി ച യദി ഗ്രഹാഃ
പ്രേഷിതോ ഹതസർവ്വസ്വശ്ചൈവ മരണം വ്രജേത്
ഷഷ്ഠേ പാപയുതേ മാർഗ്ഗേ ഗാമിബന്ധോ ഭവിഷ്യതി

ജലരാശൌ സ്ഥിതേ പാപേ ചിരേണായാതി ചിന്തിതഃ
ബലാബലാനുരൂപേണ ശുഭാശുഭനിരൂപണം. ൫൨

സാരം — ഗ്രഹം എപ്പോൾ സ്വക്ഷേത്രത്തിൽ പ്രവേശിക്കുന്നു, അപ്പോൾ യാത്രാദികാര്യങ്ങൾക്കു ഫലസിദ്ധിയുണ്ടാകുമെന്നു പറയണം. ശുഭഗ്രഹങ്ങളെക്കൊണ്ടു സൌഖ്യത്തെയും അശുഭഗ്രഹങ്ങളെക്കൊണ്ടു ദുഃഖത്തെയും പറയേണ്ടതാകുന്നു. ഉദയലഗ്നത്തിന്റെ ഏഴിലോ എട്ടിലോ പാപന്മാർ നിന്നാൽ പ്രേഷിതൻ അപഹരിക്കപ്പെട്ട സർവ്വസ്വത്തോടുകൂടി അവിടെത്തന്നെ മരണം പ്രാപിക്കാനിടയാകും. (തന്റെ സ്വത്തു മുഴുവൻ അന്യന്മാരാൽ അപഹരിക്കപ്പെടുന്നതിനും അവിടെ മരണം സംഭവിക്കുന്നതിനും ഇടയാകുമെന്നു താല്പര്യം) ആറാമേടത്തിൽ പാപൻ നിന്നാൽ പ്രേഷിതൻ വഴിമദ്ധ്യേ ബന്ധനം അനുഭവിക്കാനിടയാകും. പാപൻ ജലരാശിയിൽ നിന്നാൽ വിപ്രവാസിക്കപ്പെട്ടവൻ വളരെക്കാലത്തിനുശേഷം വന്നുചേരാനിടയാകുന്നതാണു്. ഗ്രഹങ്ങളുടെ ബലാബലാനുസരിച്ചു ശുഭാശുഭഫലങ്ങളെ നിരൂപണം ചെയ്യേണ്ടതാകുന്നു

വൃഷ്ടികാണ്ഡം.

ജലരാശൌ തു ലഗ്നേ വാ ജലഗ്രഹനിരീക്ഷിതേ
കഥയേദ്വൃഷ്ടിരസ്തീതി വിപരീതേന വർഷതി. ൫൩

ജലരാശിഷു ശുക്രേന്ദു പാപദൃഷ്ടൌ വൃഷ്ടിരുത്തമാ
ഏകരാശൌ സ്വക്ഷേത്രമുള്ളം വാ പശ്യതോ യദി കേന്ദ്രഗൌ

ത്രിചതുർദ്ദിവസാനന്തർമ്മഹാവൃഷ്ടിർവിപശ്യതി
ലഗ്നാച്ചതുർത്ഥേ ശുക്രസ്യാത്തദ്ദിനേ വൃഷ്ടിരുത്തമാ. ൫൪

സാരം—ജലരാശി ലഗ്നമാവുകയോ, ഏതെങ്കിലും ലഗ്നമായാലും ജലഗ്രഹത്താൽ വീക്ഷിക്കപ്പെടുകയോ ചെയ്താൽ മഴ സംഭവിക്കുമെന്നു പറയുക. വിപരീതലക്ഷണം കണ്ടാൽ മഴയുണ്ടാകുകയില്ല. ജലരാശികളിൽ ശുക്രനും ചന്ദ്രനും നിന്നാൽ ഉത്തമമായ മഴയുണ്ടാകും. ശുക്രനും ചന്ദ്രനും സ്വക്ഷേത്രത്തെയോ ഉച്ചത്തെയോ നോക്കുകയോ കേന്ദ്രത്തിൽ നിൽക്കുകയോ ചെയ്താൽ മൂന്നു നാലു ദിവസത്തിനുള്ളിൽ മഴ സംഭവിക്കും. ലഗ്നത്തിന്റെ നാലാം ഭാവത്തിൽ ശുക്രൻ സ്ഥിതിചെയ്താൽ അന്നേദിവസം തന്നെ ഉത്തമമായ മഴയുണ്ടാകും.

ജലരാശിഷു തിഷ്ഠന്തി ശുക്രജീവസുധാകരാഃ
ആർദ്രോദയരാശിം ചേൽ പശ്യന്ത്യധികവൃഷ്ടയഃ
ഛത്രേ പൂർവ്വോദയേ ജാതേ പൂർവ്വോദയഗ്രഹേക്ഷിതേ
തൽകാലേ പരിവേഷാദൌ ദൃഷ്ടേ വൃഷ്ടിർമ്മഹത്തരാ
കേന്ദ്രേഷു മന്ദഭൌമജ്ഞതാരാഹവോ യദി സംസ്ഥിതാഃ
വൃഷ്ടിർന്നാസ്തീതി കഥയേദഥവാ ചണ്ഡമാരുതഃ ൫൨
പാപാസ്സൌമ്യവിമിശ്രാശ്ചേദല്പവൃഷ്ടിർഭവിഷ്യതി
ചാപസ്ഥൌ മന്ദരാഹൂ ചേദ്വൃഷ്ടിർന്നാസ്തീതി കീർത്തയേൽ.
ശുഭഃ കാർമ്മുകസംസ്ഥശ്ചേദ് ഘോരാ വൃഷ്ടിർഭവിഷ്യതി

സാരം—ജലരാശികളിൽ ശുക്രനും ഗുരുവും ചന്ദ്രനും നില്ക്കുകയോ ഇവർ ആർദ്രോദയരാശികളെ നോക്കുകയോ ചെയ്താൽ അധികമായ മഴയുണ്ടാകും. പൂർവ്വോദയരാശി ഛത്രരാശിയാവുകയും പൂർവ്വോദയഗ്രഹത്താൽ വീക്ഷിക്കപ്പെടുകയും തൽകാലം പരിവേഷാദികൾ കാണപ്പെടുകയും ചെയ്താൽ മഹത്തരമായ മഴയുണ്ടാകും. കേന്ദ്രങ്ങളിൽ ശനി, ചൊവ്വ, ബുധൻ, രാഹു ഇവർ സ്ഥിതിചെയ്യുന്നുവെങ്കിൽ മഴയുണ്ടാകുകയില്ലെന്നും, അഥവാ മഴ ആരംഭിച്ചാൽ കൊടുങ്കാറ്റുനിമിത്തം വർഷിക്കാനിടയാകയില്ലെന്നും പറയണം.

പാപന്മാരും ശുഭന്മാരും ഒന്നിച്ചു (കേന്ദ്രങ്ങളിൽ) നിന്നാൽ ചെറിയ മഴ സംഭവിക്കുന്നതാണ്. ശനിയും, രാഹുവും ധനുവിൽ നിന്നാൽ മഴയുണ്ടാകുകയില്ലെന്നു പറയണം ശുഭന്മാർ ധനുവിൽ നിന്നാൽ ഘോരവൃഷ്ടി സംഭവിക്കും.

ഉച്ചേന യുക്തേ ദൃഷ്ടേ വാ തൽഭാവവൃദ്ധിർഭവിഷ്യതി. ൩൮

നീചേന യുക്തേ ദൃഷ്ടേ വാ സ്യാദർഘക്ഷയ ഈരിതഃ
മിത്രസ്വാമിവശാൽ സാമ്യമേവം ജ്ഞാത്വാ വദേൽ സുധീഃ

ശുഭഗ്രഹയുതേ വൃദ്ധിരശുഭേഽസ്യ നാശനം

സാരം—ലഗ്നത്തിൽ ഉച്ചഗ്രഹം നില്ക്കുകയോ നോക്കുകയോ ചെയ്താൽ വിലയ്ക്കു വൃദ്ധിയുണ്ടാകും. നീചഗ്രഹം നില്ക്കുകയോ നോക്കുകയോ ചെയ്താൽ വിലയ്ക്കു ഇടിവുനേരിടും. മിത്രഗ്രഹമോ അധിപനോ നോക്കുകയോ നില്ക്കുകയോ ചെയ്താൽ വിലയ്ക്കു സാമ്യം പറയണം. ലഗ്നത്തിൽ ശുഭഗ്രഹം നിന്നാൽ വിലയ്ക്കു വൃദ്ധിയും പാപഗ്രഹം നിന്നാൽ നാശവും പറയേണ്ടതാകുന്നു.

നൌകാകാണ്ഡം.

ജലരാശിഷു ലഗ്നേഷു ജീവശുക്രേന്ദവോ യദി. ൩൧

പോതസ്യാഗമനം ബ്രൂയാച്ഛുഭാശ്ചേന്നവമീതി ച
ആത്മബുധമന്ത്രലഗ്നേഷു വീക്ഷിതേ പാപഗ്രഹൈഃ ൩൨

പോതഭംഗോ ഭവേന്നീചശത്രുഭിഃ തഥാ വദേൽ
അഷ്ടമേ ലഗ്നേ ദൃഷ്ടേ ശത്രുനാശ വ്രജേൽ. ൩൩

തദ്ഗ്രഹേ ദ്രു യദാ ദൃഷ്ടേ തദാ നൗ ദർശനം ഭവേൽ

സാരം—ജലരാശിലഗ്നത്തിൽ ഗുരുവും ശുക്രനും ചന്ദ്രനും നിന്നാൽ കപ്പലിന്റെ ആഗമനം സംഭവിക്കും. ലഗ്നത്തിൽ പാപന്മാർ നിന്നാൽ കപ്പൽ വരികയില്ലെന്നു പറയണം. ആരൂഢം, ഛത്രം, ലഗ്നം ഇവയെ അശുഭഗ്രഹങ്ങൾ നോക്കിയാൽ കപ്പൽ മുങ്ങിപ്പോകുമെന്നു പറയണം. ഛത്രാരൂഢലഗ്നങ്ങളെ നീചഗ്രഹമോ ശത്രുഗ്രഹമോ നോക്കിയാലും കപ്പൽനഷ്ടത്തെ പറയേണ്ടതാകുന്നു. പൃഷ്ഠോദയമല്ലാത്ത രാശി ലഗ്നമായാലും അതിന്റെ അധിപനാൽ വീക്ഷിക്കപ്പെട്ടാൽ കപ്പൽ ദേശത്തിൽനിന്നു പുറപ്പെടും. ലഗ്നാധിപൻ എപ്പോഴും അന്യഗ്രഹത്താൽ വീക്ഷിക്കപ്പെടുന്നുവോ അപ്പോഴും കപ്പലിനെ മടക്കാനിടയാകും.

ചരരാശൌ ചരമത്രേ ഗതമായാതി നൌസ്ഥിതാ. ഇന്ദുന്ന
ചതുർത്ഥേ പഞ്ചമേ ചന്ദ്രോ യദി നൌ ശീഘ്രമേഷ്യതി
ദ്വിതീയേ വാ തൃതീയേ വാ ശുക്രശ്ചേന്നൌ സമാഗമഃ
അനേനൈവ ക്രമേണൈവം സർവം വീക്ഷ്യ വദേൽ സ്ഫുടം

സാരം—ചരരാശി ലഗ്നമോ ഛത്രമോ ആയാൽ കപ്പൽ എളുപ്പത്തിൽ വന്നുചേരുമെന്നു പറയണം. നാലാമിടത്തോ അഞ്ചാമിടത്തോ ചന്ദ്രൻ നിന്നാലും ഫലം അതു തന്നെയാകുന്നു. രണ്ടിലോ മൂന്നിലോ ശുക്രൻ നിന്നാലും കപ്പൽ വഴിപോലെ വന്നുചേരും. ഇപ്രകാരം നല്ലതുപോലെ ചിന്തിച്ചിട്ടുവേണം സകല ഫലങ്ങളും പറയുവാൻ.

സിദ്ധിപ്രശ്നം.

ലഗ്നനാഥൌ കാര്യലഗ്നേശൌ കാര്യനാഥൌ ലഗ്നകാര്യപൌ
കാര്യസ്യ സിദ്ധിം കുരുതസ്തദാനീം നിശ്ചയാദപിമേൽ
ലഗ്നം ലഗ്നേശപോ വാ പശ്യേൽ കാര്യം പശ്യന്തു കാര്യപഃ

കാര്യേശപാരോ ലഗ്നസ്ഥൗ പ്രപശ്യേല്ലഗ്നപം തഥാ
വാ വിലഗ്നപതിഃ കാര്യസ്ഥാനഗഃ കാര്യപം തഥാ ൪൪

പശ്യേല്ലഗ്നാധിപഃ കാര്യ* ലഗ്നം കാര്യപതിസ്തഥാ.
കാര്യേശോ ലഗ്നപം പശ്യേല്ലഗ്നേശഃ കാര്യപം തഥാ ൪൫

ചന്ദ്രദൃഷ്ടിയുതാ ചേൽ സ്യാൽ കാര്യസിദ്ധിസ്തഥാ സ്മൃതാ.

സാരം—(൧) ലഗ്നാധിപൻ ദശമാധിപൻ ഇവർ ലഗ്നത്തിൽ നിന്നാലും (൨) ലഗ്നാധിപനും പത്താംഭാവാധിപനും പത്താംഭാവത്തിൽ നിന്നാലും (൩) ലഗ്നത്തെ ലഗ്നാധിപനും പത്താംഭാവത്തെ തദധിപനും വീക്ഷിച്ചാലും (൪) പത്താംഭാവാധിപൻ ലഗ്നത്തിൽനിന്ന ലഗ്നാധിപനെ നോക്കിയാലും (൫) ലഗ്നാധിപൻ പത്താംഭാവത്തിൽ നിന്ന പത്താംഭാവാധിപനെ നോക്കിയാലും (൬) ലഗ്നാധിപൻ പത്താംഭാവത്തെയും തദധിപൻ ലഗ്നത്തെയും വീക്ഷിച്ചാലും (൭) അവർ രണ്ടുപേരും പരസ്പരദൃഷ്ടന്മാരായി ഭവിച്ചാലും കാര്യസിദ്ധിയുണ്ടാകും. ഈ യോഗങ്ങളിൽ ചന്ദ്രന്റെ ദൃഷ്ടി എപ്പോഴും സംഭവിക്കുന്നുവോ അപ്പോഴാണ കാര്യസിദ്ധിയുണ്ടാകുന്നതെന്ന ധരിക്കേണ്ടതുമാകുന്നു.

അസത്സ്വപി ച യോഗേഷു കാര്യേശോ ലഗ്നരാശിഗഃ

ഭവിഷ്യതി തദാ കാലേ കാര്യം ജ്ഞാനപ്രദീപകേ
സമ്യഗ്വിചാര്യ പ്രവദേന്ന മിഥ്യാ വചഃ ഭവിഷ്യതി ൪൬

പ്രശ്നാദർശമിദം ശാസ്ത്രം പ്രസിദ്ധ്യം ലോകഭൂഷണം.

സാരം—മേൽപറഞ്ഞ കാര്യസിദ്ധിയോഗങ്ങളിൽ പാപന്മാർ സംബന്ധപ്പെട്ടിരുന്നാലും, പത്താംഭാവാധിപൻ ചാരവശാൽ ലഗ്നരാശിയിൽ കടക്കുമ്പോൾ കാര്യസിദ്ധിയുണ്ടാകുമെന്നുള്ളത് ഈ ജ്ഞാനപ്രദീപികാചാര്യന്റെ മതമാകുന്നു. വഴിപോലെ ആലോചിച്ചു ഫലംപറയുന്ന ദൈവജ്ഞൻ അസത്യവാക്കുകളോടുകൂടിയവനായി ഭവിക്ക

ന്നില്ല. (യോഗങ്ങളും, യോഗകർത്താക്കളുടെ ബലാബലങ്ങളും, ഭംഗയോഗങ്ങളും മുതലായവ നല്ലതുപോലെ നോക്കിയറിഞ്ഞു വഴിപോലെ ആലോചിച്ചു ഫലം പറയുന്ന ജ്യൌതിഷികന്റെ വാക്കുകൾ അസത്യങ്ങളായി ഭവിക്കുകയില്ലെന്നു താല്പര്യം.) പ്രശ്നഫലദർശനത്തിൽ കണ്ണാടിപോലെ ഉപകരിക്കുന്ന ഈ ശാസ്ത്രം ലോകഭൂഷണമായി ഭവിക്കുന്നു.

കാര്യസിദ്ധിപ്രശ്നത്തിൽ ഏററവും ഉപയുക്തമായിട്ടുള്ള ഒരു പദ്യം ഗ്രന്ഥാന്തരത്തിൽനിന്നും അടിയിൽ ഉദ്ധരിക്കുന്നു.

ആരൂഢം ച ശുഭാനാം മിഥുനഘടതുലാ-
കന്യകാവോദ്ഗമശ്ചേൽ
സൌമ്യാഃ കേന്ദ്രത്രികോണദ്രവിണഭവഗതാ
രിക്ഥലാഭാധിപത്യോഃ
യോഗശ്ചാന്യോന്യം സ്ഥിതിർവാ വപുഷി നിജനിജ
വ്യത്യയാദ്വാഥ താഭ്യാം
ലഗ്നേശോ യുക്തദൃഷ്ടോ ഗുരുരപി മതദേ-
ഭാഗ്യപാദ്യാത്ഫലം സ്യാൽ.

സാരം—ആരൂഢം ശുഭക്ഷേത്രമായിവരികയോ മിഥുനം, കന്നി, തുലാം, കുംഭം ഇവയിൽ ഒന്നു് ആരൂഢമായി വരികയോ ചെയ്യുകയും അതു് ഉദയമുഖരാശിയായിരിക്കുകയും ഒന്നു്, രണ്ടു്, നാലു്, അഞ്ചു്, ഏഴു്, ഒൻപതു്, പത്തു്, പതിനൊന്നു് ഈ ഭാവങ്ങളിൽ ശുഭഗ്രഹങ്ങൾ നില്ക്കുകയും ധനാധിപനും ലാഭാധിപനും ഒന്നിച്ചോ അവരവരുടെ ക്ഷേത്രങ്ങളിലോ സ്ഥിതിചെയ്യുകയും അഥവാ ധനാധിപൻ ലാഭസ്ഥാനത്തും ലാഭാധിപൻ ധനസ്ഥാനത്തും നില്ക്കുകയും ലഗ്നാധിപനു ധനലാഭാധിപന്മാരുടെ യോഗമോ ദൃഷ്ടിയോ ഭവിക്കുകയും വ്യാഴവും ഒൻപതാം ഭാവാധിപനും ലാഭം തുടങ്ങിയുള്ള ഇഷ്ടഭാവങ്ങളിൽ സ്ഥിതി

ചെയ്യുകയും ചെയ്താൽ കാര്യസിദ്ധിയുണ്ടാകുമെന്നു പറയണം.

ഈ ശ്ലോകത്തിൽ ആരൂഢം ശുഭക്ഷേത്രമായി വരികയോ എന്നു പറഞ്ഞതിന്നുശേഷം മിഥുനം, കന്നി, തുലാം, കുംഭം ഇവയിൽ ഒന്നു് ആരൂഢമായി വരികയോ ചെയ്യണം എന്നു കാണുന്നുവല്ലോ. മിഥുനം, കന്നി, തുലാം ഈ രാശികൾ ശുഭരാശികളാകയാൽ അവയെ പ്രത്യേകം എടുത്തു പറയാനുള്ള കാരണമെന്തെന്നു ഇവിടെ ഒരു സംശയം ജനിച്ചേക്കാം. പാപനോടു ചേർന്ന ബുധനും പാപിയാകുമെന്നുള്ളതിനാൽ ബുധനു പാപത്വം സംഭവിച്ചിരിക്കുന്ന കാലത്തു ബുധക്ഷേത്രമായ മിഥുനകന്യാരാശികളെ പാപക്ഷേത്രമായി തിരസ്കരിക്കരുതെന്നു് ഉപദേശിക്കുകയാണു ചെയ്തിരിക്കുന്നതു്. മുഹൂർത്തശാസ്ത്രത്തിൽ തുലാരാശിയ്ക്കു് ചിലെടത്തു പാപക്ഷേത്രത്തിന്റെ തുല്യം തരംതാഴ്ത്തൽ സംഭവിച്ചിട്ടുള്ളതിനാൽ ഈ ശ്ലോകത്തിൽ തുലാം രാശിയെ സ്വീകരിക്കാൻ മടിക്കരുതെന്നു പ്രത്യേകം ഓർമ്മപ്പെടുത്തുകയാണു ചെയ്തതെന്നും ധരിക്കണം.

ആദിത്യൻ നിൽക്കുന്ന രാശിയുടെ പന്ത്രണ്ടാംരാശി ഊർദ്ധ്വമുഖരാശിയാകുന്നു. ആദിത്യന്റെ കേന്ദ്രരാശികളുടെ പന്ത്രണ്ടാംരാശികളും ഊർദ്ധ്വമുഖരാശികളത്രെ.

“ഊർദ്ധ്വമുഖോ രവിമുക്തോ യുക്തോ
രാശിരധോമുഖോ ജ്ഞേയഃ
അഭിലഷിതസ്തിര്യഗ് സ്യാൽ തേഷാം
കേന്ദ്രാശ്ച തൽ സംജ്ഞാഃ”

എന്നു പ്രമാണം.

കർമ്മവിപാകകാണ്ഡം

സായണാചാര്യരാൽ നിർമ്മിതമായ കർമ്മവിപാകമെന്ന ഗ്രന്ഥത്തിൽ രോഗത്തിനുള്ള കാരണങ്ങളും അതിനുള്ള പ്രായശ്ചിത്തങ്ങളും ഉപദേശിച്ചിട്ടുള്ളതിനെ പ്രശ്നമാർഗ്ഗകാരൻെറ വാക്കുകളാൽ ഈ കാണ്ഡത്തിൽ ഉദ്ധരിക്കുന്നു.

ഹേതുർബ്രാഹ്മണഹിംസനം ഗുരുജന–
ദ്വേഷോന്യദോഷോ രണം
സ്ത്രീസംഗോ ഗ്രഹണാദിപുണ്യസമയേ
സ്യാദ്രാജയക്ഷ്മാത്മനേ
ജാപോ നാമ സഹസ്രകസ്യ വസന–
സ്ത്യാഗശ്ച രൗദ്രേണ ചൈ–
ന്ദ്രാഗ്നസ്സൂക്തിരനയോരപി ജപ–
സ്തച്ഛാന്തയേ സൂക്തയോഃ

സാരം — രാജയക്ഷ്മാവെന്ന വ്യാധിക്കു കാരണം ബ്രഹ്മഹത്യ, ഗുരുജനങ്ങളെ ദ്വേഷിക്കയും, അന്യന്മാരുടെ ദോഷങ്ങളെ പറയുക, ഗ്രഹണം മുതലായുള്ള പുണ്യകാലങ്ങളിൽ സ്ത്രീസേവ നടത്തുക ഇവയാകുന്നു. ഇതിനു പ്രായശ്ചിത്തമായി സഹസ്രനാമം ജപിക്കുക, വസ്ത്രദാനം ചെയ്യുകയും രുദ്രസൂക്തത്താലും ഐന്ദ്രാഗ്നസൂക്തത്താലും (ഇന്ദ്രാഗ്നികൾ ദേവതകളായിട്ടുള്ള സൂക്തം) ഹോമം ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

കാർശ്യഹേതുരിഹാന്നസ്യ ചൗര്യം ഹി സ്മൃതിചോദിതം
ശങ്കരപ്രതിമാ ദേയാ തസ്യശാന്ത്യൈ ഹിരണ്മയീ.

ദേഹകാർശ്യമെന്ന വ്യാധിക്കു (ദേഹംമെലിച്ചിൽ) കാരണം അന്നം മോഷ്ടിച്ചതാണെന്നു സ്മൃതികളിൽ പറഞ്ഞി

രിക്കുന്നു. അതിന്ന പ്രായശ്ചിത്തമായി സ്വർണ്ണംകൊണ്ടുണ്ടാക്കിയ ശിവപ്രതിമ ദാനംചെയ്യണം

ഹിംസാ വിപ്രസ്യ ഭാര്യാ ഗമനമപി ഗുരോർ-
    ദുശ്ചികിത്സാ പ്രയോഗോ
വിശ്വസ്തേ പുംസി ദൌഷ്ട്യാൽ ഗരളവിതരണം
    കുഷ്ഠരോഗസ്യ ഹേതുഃ
രൌദ്രായുസ്സൂക്തജാപോ ദിനകരവൃഷയോർ
    ഹൈമയോശ്ച പ്രദാനം
ഹോമൈഃ കൂശ്മാണ്ഡമന്ത്രൈരപി ബഹു വിധിവ-
    ത്തസ്യ ശാന്ത്യൈ വിധേയം

സാ—കുഷ്ഠരോഗത്തിന്ന ബ്രാഹ്മണഹിംസയും ഗുരുഭാര്യാഗമനവും ദുശ്ചികിത്സാപ്രയോഗവും വിശ്വസ്തനായ മനുഷ്യന്ന ദുഷ്ടത ഹേതുവാൽ വിഷംകൊടുക്കുകയും കാരണങ്ങളാകുന്നു. ഇതിന്ന പ്രായശ്ചിത്തമായി രൌദ്രസൂക്തവും ആയുഷ്യസൂക്തവും ജപിക്കയും, സ്വർണ്ണംകൊണ്ടുണ്ടാക്കിയ സൂര്യപ്രതിമയും ഒരു കാളയെ വിപ്രന്നു ദാനംചെയ്യുകയും കൂശ്മാണ്ഡമന്ത്രങ്ങളെക്കൊണ്ടു ഹോമംചെയ്യുകയും വേണ്ടതാകുന്നു. (കൂശ്മാണ്ഡമന്ത്രങ്ങൾ യജുർവ്വേദത്തിലുള്ള ചില ഋക്കുകളാകുന്നു.)

കുഷ്ഠവച്ഛ്വിത്രകേപ്യപി പ്രായശ്ചിത്തഞ്ച കാരണം
കാംസ്യകാർപ്പാസലവണാദ്യന്യോ ഹരണസംയുതം

സാ - വെൺകുഷ്ഠത്തിന്നകാരണം മുൻപു കുഷ്ഠവ്യാധിക്കു പറഞ്ഞതുപോലെ ബ്രാഹ്മണഹിംസ മുതലായവയും വെൺകലം, ഉപ്പ്, വസ്ത്രം ഇവയെ അപഹരിക്കുകയുമാകുന്നു. ഇതിന്നും പ്രായശ്ചിത്തം മുമ്പു പറഞ്ഞവതന്നെ.

വിസർപ്പഹേതും ബഹു സർപ്പഹിംസാം
സർപ്പീണ ഹിംസാം ച പരസ്യ വിദ്യാൽ
തച്ഛാന്തയേ സ്യാദിഹ നാഗദാനം
വിധിസ്തു തസ്യ സ്മൃതിഷൂപദിഷ്ടഃ.

സാ—വിസർപ്പവ്യാധിക്കു കാരണം സർപ്പത്തെ ഹിംസിക്കുകയും സർപ്പത്തെക്കൊണ്ടു് അന്യനെ ഹിംസിക്കുകയുമാകുന്നു. അതിനു പ്രായശ്ചിത്തമായി നാഗദാനം ചെയ്യണം. സർപ്പദാനവിധി സ്മൃതികളിൽ ഉപദേശിച്ചിട്ടുണ്ടു്.

ദേവാനാം ബ്രാഹ്മണാനാം ധനാഹരണമഭ-
ക്ഷ്യാശനം പാണ്ഡുഹേതുഃ
കാര്യഃ കൂശ്മാണ്ഡഹോമഃ കനകവിതരണം
ചാസ്യ രോഗസ്യ ശാന്ത്യൈ
വാപീ കൂപാദിഭേദോ ഹ്യതിസരണഗദേ
കാരണം തൽ പ്രശാന്ത്യൈ
രൗദ്രായുസ്സൂക്തജാപോ ഭവതി ബഹുഗുണാ-
മേവമാഹുർമ്മുനീന്ദ്രാഃ

സാ—പാണ്ഡുരോഗത്തിനു ദേവസ്വാപഹരണവും ബ്രഹ്മസ്വാപഹരണവും ഭക്ഷിക്കാൻ പാടില്ലാത്ത പദാർത്ഥങ്ങളുടെ ഭക്ഷണവും കാരണമാകുന്നു. ഈ രോഗത്തിന്റെ ശാന്തിക്കായി കൂശ്മാണ്ഡഹോമം കനകദാനം ഇവ നടത്തേണ്ടതാകുന്നു. അതിസാരരോഗത്തിന്റെ കാരണമാകട്ടെ, കുളം കിണറു മുതലായവയെ നശിപ്പിച്ചതാണു്. അതിനു പ്രായശ്ചിത്തമായി രൗദ്രസൂക്തവും ആയുസ്സൂക്തവും ജപിക്കണമെന്നു മുനീന്ദ്രന്മാർ പറഞ്ഞിട്ടുണ്ടു്.

ഹേതുർഗ്രഹണ്യാ അതിസാരഹേതുർ
ഭേത്തൃപത്യാപഹരണേന യുക്തഃ
സകൃഷ്ണഗോചാപവകദാനമാത്രാ-
ച്ഛാന്തിരിതം യത്ര ചാതിസാരശാന്ത്യൈ.

സാ—ഗ്രഹണീരോഗത്തിനു അതിസാരരോഗത്തിനു പറഞ്ഞ കാരണങ്ങൾക്കുപുറമേ അന്യന്റെ പുത്രനെ അപഹരിക്കുന്നതും ഹേതുവാകുന്നു. ഇതിനു പ്രായശ്ചിത്തമായി കറുത്ത പശുവിനേയും അഗ്നിദേവന്റെ വിഗ്രഹത്തെ

യും ദാനംചെയ്യുകയും അതിസാരത്തിന്ന പറഞ്ഞ പ്രായശ്ചിത്തം നടത്തുകയും വേണം.

ഓഷ്ഠച്ഛേദനദന്തഭംഗരസനാ-
ച്ഛേദാഃ പരേഷാം ഗുരൌ
വാണീ ച പരുഷാനൃതം ച വചനം
സ്യാൽ കൂടസാക്ഷിത്വയുക്
ഹേതുർവ്വക്ത്രഗദസ്യ തത്ര ഹവനം
കൂശ്മാണ്ഡമന്ത്രൈർജ്ജപഃ
ഗായത്ര്യാശ്ച വിധേയ ഔഷധഗജ-
സ്വർണ്ണം ച ധാന്യം സ്പൃശേൽ.

സാ— മുഖരോഗങ്ങൾക്കു ഹേതു അന്യന്മാരുടെ ചുണ്ടു മുറിക്കുക, പല്ലുടയ്ക്കുക, നാക്കറുക്കുക, ഗുരുക്കന്മാരോടു പരുഷവാക്കുപറയുക, കള്ളംപറയുക, കള്ളസ്സാക്ഷി പറയുക, (കള്ളസ്സാക്ഷിപറയുകയെന്നുള്ളത് കള്ളംപറയുകയെന്നുള്ളതിൽ ഉൾപ്പെട്ടതാണെങ്കിലും കള്ളസ്സാക്ഷി പറയുന്നതിന്റെ ദോഷാധിക്യത്തെ വെളിപ്പെടുത്താനായി എടുത്തുപറഞ്ഞതാണ്) ഇവയാകുന്നു. ഇതിന്ന പ്രായശ്ചിത്തം കൂശ്മാണ്ഡമന്ത്രങ്ങളെക്കൊണ്ടുള്ള ഹോമവും ഗായത്രീജപവും നടത്തുകയും ഔഷധങ്ങളേയും സ്വർണ്ണംകൊണ്ടുള്ള ഗജത്തേയും സ്വർണ്ണത്തെത്തന്നെയും ധാന്യങ്ങളേയും ദാനംചെയ്യുകയും ആകുന്നു.

ദ്വിജവിബുധാനാമന്ധനസ്വാപഹാരോ
ഗമനമഥ വധൂനാം ചോപരാഗാദികാലേ
ഹനനമപി പശൂനാമർശസോ ഹേതുരത്ര
പ്രശമനകൃദമുഷ്യസ്വർണ്ണധേനുപ്രദാനം.

സാ— അർശോരോഗത്തിന്റെ കാരണം, ദേവന്മാരുടേയും ബ്രാഹ്മണരുടേയും മുതൽ അപഹരിക്കുക, അന്നം അപഹരിക്കുക, ഗ്രഹണം മുതലായ പുണ്യസമയ

ത്തിൽ സ്ത്രീഗമനം നടത്തുക, പശുക്കളെ കൊല്ലുക ഇവയാകുന്നു. രോഗശമനത്തിന്നു പ്രായശ്ചിത്തമായി സ്വൎണ്ണംകൊണ്ടുണ്ടാക്കിയ പശുവിനെ ദാനംചെയ്യണം.

ദൃഗ്രോഗേ ത്വസ്സു കൃതഘ്നതാന്യവനിതാസന്ദൎശനം മത്തനാ
ചാന്യസ്യാക്ഷിവിനാശനം ചലുഷാം ഹേതുസ്സുതപ്ത്യൈതയേ
ശൂൎഗാന്നസ്യ ച പായസസ്യ കനകസ്യാജ്യസ്യ പ്രാക്ഷിശിട്ടുർ-
ദ്ദാനം വാംശകൎണ്ണകാൎഹവനം ജപോ വാഽസ്യ സൂതഃ

സാ—നേത്രരോഗത്തിന്നു കാരണം ഉപകാരം ചെയ്തുവന്നു പ്രത്യുപകാരം ചെയ്യാതിരിക്കുക, പരസ്ത്രീകളെ വ്യാജേന നോക്കുക, അന്യന്റെ കണ്ണു നശിപ്പിക്കുക ഇവയാകുന്നു. അതിന്നു പ്രായശ്ചിത്തമായി ചെറുപയറു ചേൎത്ത അന്നവും പഞ്ചസാരപ്പായസവും സ്വൎണ്ണവും നെയ്യും സ്വൎണ്ണംകൊണ്ടുണ്ടാക്കിയ ഗരുഡപ്രതിമയും ദാനംചെയ്യും നേത്രരക്ഷകമായി പറയപ്പെടുന്ന മൂന്നു ഋക്കുകളെക്കൊണ്ടു ഹോമം നടത്തുകയോ അല്ലെങ്കിൽ ആ മൂന്നു ഋക്കുകളെ ജപിക്കുകയോ ചെയ്കയും വേണം.

നക്താന്ധ്യസ്യ തു ഹേതുഃ സ്യാൽ ഗവാന്നയനനാശനം
ഗോപാലദാനമേതസ്യ പ്രായശ്ചിത്തമുദീരിതം.

സാ—രാത്രിയിൽ കണ്ണുകാണാൻ പാടില്ലാതെയാകുന്നതിന്നുകാരണം പശുക്കളുടെ കണ്ണിനെ നശിപ്പിക്കുന്നതാകുന്നു. സ്വൎണ്ണംകൊണ്ടു ഗോപാലപ്രതിമയുണ്ടാക്കി ദാനം ചെയ്യുക അതിന്നു പ്രായശ്ചിത്തമാണു്.

പൈശുന്യമന്യശ്രവണപ്ലീഹാ വാ
കാൎയ്യപ്ലീഹാ കൎണ്ണരോഗസ്യ ഹേതുഃ
സ്വൎണ്ണസ്യ ന്യക്ഷിതികംബളാനാം
ദാനം ജപഃ സൌരതൃചസ്യ ചാത്ര.

സാ—കൎണ്ണരോഗങ്ങൾക്കു കാരണം ഏഷണി പറയുകയും അന്യന്റെ കൎണ്ണത്തെ മുറിക്കുകയും അന്യന്റെ കാൎയ്യ

ങ്ങളെ നശിപ്പിക്കുകയുമാകുന്നു. അതിന്റെ പ്രായശ്ചിത്തമായി ഭൂമി, സ്വൎണ്ണം, ധാന്യം, കമ്പിളം ഇവയെ ദാനംചെയ്യുകയും സൂൎയ്യൻ ദേവതയായിട്ടുള്ള മൂന്നു ഋക്കുകളെ ജപിക്കുകയുംവേണം.

ജിഹ്വാദോഷസ്യ ഹേതുൎഗ്ഗുരുഷു പരുഷവാ-
ഗ്ദൂഷണം ചാന്യവാദഃ
ഉദ്വേഗാധാനം പരേഷാമപി ഖലു രസനാ-
ച്ഛേദനം തസ്യ ശാന്ത്യൈ
ദാനം ധാന്യൌഷധാനാം ഹവനമപി തഥൈ-
വാസ്തു കൂശ്മാണ്ഡമന്ത്രൈ-
രാഘോൎമ്മന്ത്രോ യദാദിൎജ്ജപതു തദൃഷിഭിഃ
പ്രോക്തമന്യച്ച സൂക്തം.

സാ—ജിഹ്വാരോഗത്തിന്റെ കാരണം ഗുരുക്കന്മാരോടു പരുഷവാക്ക പറയുകയും അസത്യം പറയുകയും അന്യന്മാരെ ഉദ്വേഗിപ്പിക്കയും അന്യന്മാരുടെ നാക്കറുക്കുകയുമാകുന്നു. അതിന്റെ പ്രായശ്ചിത്തമായി ധാന്യങ്ങളേയും ഔഷധങ്ങളേയും ദാനംചെയ്യുകയും കൂശ്മാണ്ഡമന്ത്രങ്ങളെക്കൊണ്ടു ഹോമംനടത്തുകയും രാഘമന്ത്രം ഏതൊരു സൂക്തത്തിന്റെ ആദ്യമാകുന്നതോ ആ സൂക്തത്തെയും ഋഷിപ്രോക്തങ്ങളായ അന്യസൂക്തങ്ങളേയും ജപിക്കുകയുംവേണം.

നിന്ദാ സഭ്യജനേഷു താതജനനീദ്വേഷോപി ഗുരുദ്വേഷണം
ചാന്യസ്വാപഹൃതിഃ പ്രഭഞ്ജനഭവോ ഹേതുശ്ച തച്ഛാന്തയേ
ദേയാതാമ്രമൃഗം തഥൈവ വസനം പഠ്യന്നമസ്സ്വാപകം
സൂക്തം മാരുതദൈവതം പ്രശമനീം വായോൎയ്യതൃചം വാ ജപേൽ

സാ—വാതരോഗത്തിന്റെ ഹേതു സഭ്യന്മാരായ ജനങ്ങളെ നിന്ദിക്കുക, അച്ഛൻ, അമ്മ, ഗുരുക്കന്മാർ ഇവരെ ദ്വേഷിക്കുക, അന്യം അപഹരിക്കുക ഇവയാകുന്നു. അതു ശമിപ്പാൻ പ്രായശ്ചിത്തമായി ചെമ്പുകൊണ്ടുള്ള മൃഗപ്രതി

ശയ്യയേയും വസ്ത്രത്തേയും പഥ്യമായ അന്നത്തേയും സ്വൎണ്ണത്തേയും ദാനം ചെയ്തു, വായുസൂക്തത്തേയും വായുവിനെ ശമിപ്പിക്കുന്ന ഋക്കിനേയും ജപിക്കുക ഇവയാകുന്നു.

കന്യായാം ഗമനം പരദാരാശ്ച വിധവാ ദാസ്യാദ്യഭക്ഷ്യാശനം
ചാചാരേണവിഹീനതാ പിശുനതാ ചാപഥ്യവിശ്രാണനം
വിശ്വസ്തസ്യ വിഷാൎപ്പണം ച ഹനനം ശൂലേന തദ്ദോഷവൽ
തച്ഛാന്ത്യൈ തിലപാത്രദാനമുദിതം ശക്ത്യാ ച ശൂലാൎപ്പണം

സാ—ശൂലരോഗത്തിന്റെ കാരണം കന്യകാഗമനം, പരസ്ത്രീഗമനം, വിധവാഗമനം, ദാസീഗമനം, അഭക്ഷ്യവസ്തുക്കളെ ഭക്ഷിക്കുക, വിധിക്കപ്പെട്ട ആചാരങ്ങളെ ഉപേക്ഷിക്കുക, ഏഷണി പറക, അപഥ്യം കൊടുക്കുക, വിശ്വസ്തന്ന വിഷംകൊടുക്കുക, ശൂലംകൊണ്ട് അന്യനെ ഹനിക്കുക ഇവയാകുന്നു. അതിന്റെ പ്രായശ്ചിത്തമായി യഥാശക്തി സ്വൎണ്ണംകൊണ്ടോ വെള്ളികൊണ്ടോ ഇരുമ്പുകൊണ്ടോ ശൂലമുണ്ടാക്കി ദാനംചെയ്കയും തിലദാനം നടത്തുകയും സ്വൎണ്ണംകൊണ്ടുണ്ടാക്കിയ താമരപ്പൂ ദാനംചെയ്കയും വേണം.

ഹേതുൎഗ്ഗുല്മഗദസ്യ വൈരമധികം നിൎബ്ബന്ധനം വാ ഗുരൗ
ചാസൂയാന്നാപഹൃതിശ്ച തത്ര ഹവനം ചൈന്ദ്രാഗ്നസൂക്തേന വാ
ജാപഃ സൂക്തയുഗസ്യ രുദ്രമരുതോൎന്നാമത്രയസ്യാപി വാ
ഗായത്ര്യാശ്ച വിധീയതാം ഗണപതേൎദ്ദാനം ച തല്പ്രീതയേ

സാ—ഗുന്മരോഗത്തിന്റെ ഹേതു ഗുരുവിനോട് അധികം വൈരം പ്രകടിപ്പിക്കുക, ഗുരുവിനെ നിൎബ്ബന്ധിക്കുക, അന്യനിൽ അസൂയ തോന്നുക, അന്യന്റെ അന്നത്തെ അപഹരിക്കുക ഇവയാകുന്നു. അതിന്ന പ്രായശ്ചിത്തമായി ഐന്ദ്രാഗ്നസൂക്തംകൊണ്ടു ഹോമം ചെയ്യുകയും രൗദ്രസൂക്തത്തേയും വായുസൂക്തത്തേയും നാമത്രയത്തെയും ഗായത്രിയേയും ജപിക്കുകയും സ്വൎണ്ണംകൊണ്ടുള്ള ഗണപതിപ്രതിമ ദാനം ചെയ്യുകയും വേണം.

താപസ്യാം പുത്രകന്യകാഗുരുജനസ്ത്രീ നിൎവ്വാണാം രതിർ-
വിപ്രേന്ദ്രസ്വ ഗുരുഷു ച ദ്വിജസ്വഹരണം ചോൽക്കണ്ഠ്യമുൽപീ
ഡ്യ തസ്യ സ്വാമിനപ്ര ദേഹകൃതിർമ്മാ മാതൃസപത്നീഭ്രാതൃസ്വ [ധനം
ഭൂസംയോഗയുതം സ്വരക്ഷുമധുമേഹാനാം ക്രമാൽ കാരണം

സാ — പ്രമേഹങ്ങൾക്കെല്ലാം കാരണം താപസസ്ത്രീഗമനവും പുത്രഗമനവും കന്യകാഗമനവും ഗുരുജനങ്ങളെ ഗമനവും വിധവാഗമനവും ഗുരുക്കന്മാരിൽ ദ്വേഷവും ബ്രാഹ്മണദ്രവ്യത്തിന്റെ അപഹരണവും അന്യന്റെ മനസ്സിനെ ദുഃഖിപ്പിക്കയുമാകുന്നു. സുരാമേഹത്തിന്നു കാരണം മേൽപറഞ്ഞവയും മാതൃഗമനവുമാകുന്നു. ഇക്ഷുമേഹത്തിന്റെ കാരണമാകട്ടെ ഇപ്പറഞ്ഞവയും സോദരീഗമനവുമാണു. മധുമേഹത്തിന്റെ കാരണം മേൽപറഞ്ഞവയും ഭ്രാതൃസ്ത്രീഗമനവുമത്രേ.

സൎവ്വമേഹേഷു ഹോമം വിധേയം
സ്വൎണ്ണധേനോഃ പയോ ജലാന്നദാനം
പുസ്തകദാനം ച ഭൂമേഹശാന്ത്യൈ
ജപസ്സൂക്തസ്യ വാരുണീനാം

സാ — എല്ലാ പ്രമേഹങ്ങൾക്കും പ്രായശ്ചിത്തമായി സൎവ്വസാധാരണമായിരിക്കുന്ന ഹോമവും സ്വൎണ്ണദാനവും പുസ്തകദാനവും ജലദാനവും അന്നദാനവും വരുണൻ ദേവതയായിട്ടുള്ള ഋക്കുകളുടെ ജപവുമാകുന്നു.

ഹേതുഃ ശോഷരോഗസ്യ ഗുരുതല്പയാനം
സ്ത്രീഗൎഭപാതനമപി പ്രജപേച്ച സൂക്തം
ദൈവ്യം ച വാരുണമപീഹ ജലാന്നദാനം
കാൎയ്യം തഥാ മകരദാനമപി പ്രശാന്ത്യൈ.

സാ — ക്ഷയരോഗമെന്ന രോഗത്തിന്നു കാരണം ഗുരുഭാൎയ്യാഗമനവും സ്ത്രീകളുടെ ഗൎഭത്തെ അലസിക്കുകയുമാകുന്നു. അതിന്നു പ്രായശ്ചിത്തമായി ദേവസൂക്തത്തെയും വാരുണ

സൂക്തത്തെയും ജപിക്കുകയും നക്ഷത്രത്തിന്റെ പ്രതിമയുണ്ടാക്കി ദാനം ചെയ്യുകയും വെള്ളംകൊഴിപ്പു നടത്തുകയും വേണം.

കന്യാപശുവിധവാദിനാം ഗമനാൽ സ്യാത് ശർക്കരാ ചാശ്മരീ
ദ്രോഹൈശ്ച ദ്വിജപീഡനാദ് വമതിഃ സദാ മൂത്രകൃച്ഛ്റം [ഗ്ദാനം
കർത്തവ്യം തിലപാത്രദാനമഥ ഹോമോഽഗ്നാവിനിർവേകഃ ശമാ-
ത്വഗ്നേർമാന്ദ്യമമുഷ്യശാന്തിരുദിതാ ചാഗ്ന്യൃഗ്വരാണാം ജപഃ

സാ — ശർക്കരയെന്നും അശ്മരിയെന്നും പറയപ്പെടുന്ന മൂത്രരോഗങ്ങൾക്കു കാരണം കന്യകാഗമനം, പശുഗമനം, വിധവാഗമനം മുതലായവയാകുന്നു. മൂത്രകൃച്ഛ്റമെന്ന വ്യാധിക്ക് ഇപ്പറഞ്ഞവയും ബ്രാഹ്മണരെ നിന്ദിക്കുകയും ദ്വേഷിപ്പിക്കുകയുമാകുന്നു. ഈ മൂന്നു വ്യാധികളുടെ ശമനത്തിനായി തിലദാനവും പാത്രദാനവും പ്രായശ്ചിത്തമാകുന്നു. പാത്രദാനമെന്നതു സ്വർണ്ണനിർമ്മിതമായ പാത്രത്തിന്റെ ദാനമാണ്. അഗ്നിമാന്ദ്യത്തിനു കാരണം ജ്വലിക്കാത്ത അഗ്നിയിൽ ഹോമം ചെയ്യുകയത്രേ. അതിനു പ്രായശ്ചിത്തമായി അഗ്നിദേവതയായിട്ടുള്ള ഋക്കിനെ ജപിക്കുകയാകുന്നു.

അജ്ഞാലംഘനമാത്മദേശികജനസ്വാമ്യാദികാനാം ഗുരു-
സ്ത്രീസംഗശ്ച ഭഗന്ദരായ ശമനായൈതസ്യ ദേയം പുനഃ
രത്നം വാ രജതം ച കാഞ്ചനമയോ ദന്തീ തഥാ കാഞ്ചനം
ഗായത്രീം ച ജപം ച സൗരമപി വാ രുദ്രം ച സൂക്തം ജപേൽ

സാ - ഭഗന്ദരവ്യാധിക്കു കാരണം ഗുരുവിന്റെയും സ്വാമിയുടെയും മറ്റും കല്പനകളെ ലംഘിക്കുക, ഗുരുഭാര്യയെ ഗമിക്കുക ഇവയാകുന്നു. തച്ഛമനത്തിനായുള്ള പ്രായശ്ചിത്തമാകട്ടെ, രത്നം, വെള്ളി, സ്വർണ്ണം, സ്വർണ്ണംകൊണ്ടുള്ള ഗജപ്രതിമ ഇവയെ ദാനം ചെയ്യുകയും സൂര്യനും അഗ്നിയും ദേവതയായിട്ടുള്ള ഋക്കിനെ ജപിക്കുകയുമാകുന്നു.

ഫലാപഹരണം നൄണാം കുഷ്ഠരോഗസ്യ കാരണം
ഗ്രഹശാന്തിം പ്രകുർവീത രത്നദാനം ച ശാന്തയേ

സാ—കണ്ഠരോഗത്തിന്റെ കാരണം ഫലങ്ങൾ (ചക്കപ്പഴം, മാമ്പഴം മുതലായവ) അപഹരിച്ചതാകുന്നു. അതിന്റെ ശമനത്തിനായിട്ടു ചെയ്യേണ്ട പ്രായശ്ചിത്തം, ഗ്രഹശാന്തിയും രത്നദാനവും ആണ്.

ബ്രഹ്മദ്വേഷഃ ശിരോരോഗഹേതുർമുനിഭിരീരിതഃ
ദാനം തസ്യോപവീതസ്യ പ്രായശ്ചിത്തം ച കീർത്തിതം

സാ—ശിരോരോഗങ്ങൾക്കു കാരണം ബ്രാഹ്മണരെ ദ്വേഷിക്കുകയാകുന്നു. പൂണൂലിനെ ദാനംചെയ്യുകയാണ് അതിന്റെ പ്രായശ്ചിത്തം.

അശ്വത്ഥപൂർവ്വോത്തരഭൂരുഹാണാം
ഛേദോ ഗവാം വാ ഹനനം വൃഷൈർവാ
ഉദാഹൃതോ ഹേതുരസൃഗ്ദരസ്യ
പ്രദീയതാമത്ര തു രക്തധേനുഃ

സാ—അരയാൽ തുടങ്ങിയുള്ള ഉത്തമവൃക്ഷങ്ങളെ വെട്ടിമുറിക്കുകയും പശുക്കളെ കൊല്ലുകയും ആണ്, അസൃഗ്ദരരോഗത്തിന്റെ കാരണം. ഇതിന്റെ പ്രായശ്ചിത്തമാകട്ടെ. ചുവന്ന പശുവിനെ ദാനംചെയ്യുകയാകുന്നു.

ഗുരോർവധഃ സ്വാമിവധം തു നൄണാം
ഭവേദപസ്മാരകൃതേത്ര കാര്യാഃ
സർവ്വാമയഘ്നാ ജപദാനഹോമാ
ഗണൈരൃഷീണാം സ്മൃതിഷു പ്രദിഷ്ടാഃ

സാ—ഗുരുവിനെ വധിക്കുകയും യജമാനനെ വധിക്കുകയുമാണ് അപസ്മാരരോഗത്തിന്റെ കാരണം. സ്മൃതികളിൽ മഹർഷിമാരാൽ പറയപ്പെട്ടിട്ടുള്ള സർവ്വരോഗഹരങ്ങളായ ജപങ്ങളും ഹോമങ്ങളും അതിന്റെ പ്രായശ്ചിത്തമാകുന്നു.

ദ്വിജാദേശ്യാമതാഹേതുർഗ്ഗുരുജനഹസനം
ചോരത്വഞ്ചാവിധാനം
ദൗർന്നാസ്ത്യം പരേഷാം ന വിദിതമിതി വാ-
ഗോത്രിണാമപ്യചക്ഷ്യും

പ്രായശ്ചിത്തം ച ശംഭോരഭ്യ വിഹിതമിഹ ഗജ-
സ്യാപ്പണം ജൂത്തിഹേതു-
ർഹിംസാഹേർദ്ദോഷണം സ്ത്രീഗമനമപി ഗുരോ-
ർഗ്ഗുർവ്വാ ചാപ്രഭാവഃ

സാ—ബുദ്ധിമാന്ദ്യത്തിനും ഉന്മാദത്തിനും ഹേതു ഗുരുക്കന്മാരെ പരിഹസിക്കുകയും അനർഹകളായ സ്ത്രീകളെ പ്രാപിപ്പാനുള്ള തൃഷ്ണയും അന്യന്മാരുടെ കുരുവിനെ അറിഞ്ഞിരുന്നുകൊണ്ട് അറിഞ്ഞിട്ടില്ലെന്നു പറയുകയുമാകുന്നു. അതിന്റെ പ്രായശ്ചിത്തം ഗജത്തെ ദാനംചെയ്യുകയാണ്. സർപ്പത്തിനെ ഹിംസിക്കുക, ഗുരുവിനെ ദ്വേഷിക്കുക, ഗുരുപത്നിയെ പ്രാപിക്കുക ഇവ ജ്വരരോഗത്തിന്ന ഹേതുക്കളാകുന്നു. അതിന്ന പ്രായശ്ചിത്തം പഞ്ചദുർഗ്ഗം എന്ന മന്ത്രം കൊണ്ടു മാതളിയിനെ ഹോമിക്കുകയാണ്.

ശീതോഷ്ണചാതുർത്ഥികജൂർത്തിഹേതുഃ
ഭീതിർഭയാധാനമശേഷജന്തോഃ
ശീതോഷ്ണയോർവ്വിഷ്ണു ശിവാഭിഷേകൌ
മന്ത്രശ്ച ദുർഗ്ഗാ മനവശ്ച ജപ്യാഃ

സാ—ശീതജ്വരം, ഉഷ്ണജ്വരം, ചാതുർത്ഥികജ്വരം (നാലാംപക്കം മുടങ്ങാതെയുണ്ടാകുന്ന പനി) ഇവയ്ക്കു കാരണം, എല്ലാതരം ജന്തുവിനെയും ഭയപ്പെടുത്തുകയാകുന്നു. അതിന്റെ ശമനത്തിന്ന പ്രായശ്ചിത്തമായി, പഞ്ചദുർഗ്ഗാമന്ത്രത്തെയും അഗ്നിസൂക്തത്തെയും ആദിത്യമന്ത്രങ്ങളെയും ജപിക്കുകയും വിശേഷിച്ചും ശീതജ്വരത്തിന്ന വിഷ്ണുവിന്നും ഉഷ്ണജ്വരത്തിന്ന ശിവന്നും അഭിഷേകം ചെയ്യുകയും വേണം.

മേഹസ്യഹേതുരുദിതം ഗുരുസ്ത്രീഗമനാദികം
പ്രായശ്ചിത്തം ച തച്ഛാന്ത്യൈ തോയദാനമുദീരിതം

സാ—ചുട്ടനീരൽ എന്ന രോഗത്തിന്ന കാരണം ഗുരുപത്നീഗമനം മുതലായവയാകുന്നു. അതിന്റെ ശമനത്തിന്ന പ്രായശ്ചിത്തം വെള്ളമൊഴിപ്പു നടത്തുകയാണ്.

ശാകാദിചൗര്യം പരവാഗ്നിരോധോ
വധഃ പരസ്യാനുചിതാംഗനാപ്തിഃ
വ്രണേ ഛിദാ ഭൂമിരുഹസ്യ നാഡീ-
വ്രണേ തു ഹേതുർമ്മണിരത്ര ദേയഃ.

സാ — കറിക്കീര മുതലായവ മോഷ്ടിക്കുകയും അന്യന്മാരുടെ വാക്കുകളെ തടയുകയും പരന്മാരെ വധിക്കുകയും അനുചിതകളായ സ്ത്രീകളെ പ്രാപിക്കുകയും അത്രെ വ്രണരോഗഹേതുക്കൾ. നാഡീവ്രണത്തിന്ന കാരണം വൃക്ഷത്തെ മുറിക്കുകയാണ്. ഇവറ്റക്കു പ്രായശ്ചിത്തം രത്നദാനമാകുന്നു.

ഹസ്തോത്ഥാനാം ഭ്രൂണഹത്യാ വ്രണാനാം
പാദോത്ഥാനാം സ്യാൽ ഗുരുസ്ത്രീഗമാദിഃ
ഹേതുസ്തേഷാം ചോഭയേഷാം പ്രശാന്ത്യൈ
കാര്യം ശക്ത്യാ രത്നദാനം ദ്വിജേഭ്യഃ

സാ — കൈയിലെ വ്രണങ്ങൾക്കു കാരണം ഗർഭം അലസിപ്പിക്കുന്നതും കാലിലെ വ്രണങ്ങൾക്കു ഹേതു ഗുരുഭാര്യാപ്രാപ്തി മുതലായതും ആണ്. ഈ രണ്ടു രോഗങ്ങളുടെയും ശമനത്തിന്ന പ്രായശ്ചിത്തം, ബ്രാഹ്മണൎക്കു രത്നം ദാനംചെയ്യുകയാകുന്നു.

ഹേതുർബ്ബാലവധാണ്ഡഭക്ഷണഗുരുദ്വേഷാന്യഭാര്യ മുഷി-
ദ്വേഷപ്രാണിഗണാർദ്ദനാദിജനനീവിദ്വേഷണം വാ ശിശോഃ
ഹിംസാ ബാലമൃഗസ്യ പാർവ്വണമുഖശ്രാദ്ധക്രിയാലോപനം
സന്തത്യാ അഭാവസ്യ കാഞ്ചനമയീം ധേനും പ്രദദ്യാദ്ദ്വിജേ.

സാ — സന്തതി ഇല്ലാതിരിക്കുവാൻ കാരണം ബാലഹത്യ, അണ്ഡഭക്ഷണം (കോഴിമുട്ടയോ മറ്റോ ഭക്ഷിക്കുക), ഗുരുക്കന്മാരെ ദ്വേഷിക്കുക, അന്യന്മാരുടെ സ്വത്തുക്കളെ മോഷ്ടിക്കുക, പ്രാണികളെ ഭേദിക്കുക, കുട്ടികൾക്കു മാതാവിന്റെ പേരിൽ ദ്വേഷത്തെ ഉണ്ടാക്കുക, ചെറിയ മൃഗങ്ങളെ കൊല്ലുക, പാർവ്വണശ്രാദ്ധങ്ങളും മറ്റും നടത്താതിരിക്കുക,

ഉണ്ടാകുന്നു. ഇതിനു പ്രായശ്ചിത്തം സ്വർണ്ണംകൊണ്ടു പു-
ത്രന്റെ രൂപമുണ്ടാക്കി ദാനം ചെയ്യുകയാണ്.

ഹേമ്നാ ഗുരുഭ്യോന്ന ദാനമരോചച്ഛർദ്ദികാരണം
വിശ്വാസഘാതനം തജ്ജ്ഞൈഃ പ്രായശ്ചിത്തമിദം സ്മൃതം.

സാ — ഗുരുഭാര്യയോടുകൂടിയ ദാനം അരോചകത്തിനു കാരണമാകുന്നു. വിശ്വസിക്കുന്നവനെ വഞ്ചിക്കുക ഛർദ്ദിക്കു കാരണമാകുന്നു. ഗുരുക്കന്മാരോടുകൂടി കഞ്ഞിവീഴ്ത്തു നടത്തുകയാണ് അരോചകത്തിനും ഛർദ്ദിക്കും പ്രായശ്ചിത്തമെന്നു അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

വാക്ചൗര്യം കാരണം പ്രോക്തം മൂകത്വോച്ചസ്വരാക്ഷമയോഃ
വാഗ്ദേവ്യാഃ പ്രതിമാ രൂപ്യമയീ തത്ര പ്രദീയതാം.

സാ — മൂകത്വം, ഉറക്കെപ്പറവാൻ വഹിയാതാവുക ഈ രോഗങ്ങൾക്കു കാരണം വാക്ചൗര്യം (അന്യന്റെ വാക്കുകളെ മോഷ്ടിക്കുക) ആകുന്നു. വെള്ളികൊണ്ടുണ്ടാക്കിയ സരസ്വതിപ്രതിമ ദാനംചെയ്യുകയാണ് ഇതിനു പ്രായശ്ചിത്തം.

അപ്രക്ഷാള്യാശനം പാദൗ പത്രേ ച ക്ഷാളിതേതരസ്സ
അതസ്സ്യാത് കാമിലാ ഹേമ്നസ്താർക്ഷ്യസ്തത്ര പ്രദീയതാം.

സാ — കാൽകഴുകാതെ ഭക്ഷണംകഴിക്കുക, ഇലകഴുകാതെ ഭക്ഷിക്കുക ഇവ കാമിലരോഗത്തിനു കാരണമാകുന്നു. ഇതിനു പ്രായശ്ചിത്തം സ്വർണ്ണംകൊണ്ടു ഗരുഡപ്രതിമയുണ്ടാക്കി ദാനംചെയ്യുകയാണ്.

പരൈരാരബ്ധമാനസ്യ യാഗസ്യ വിഘ്നതേർഭവേത്
അന്ത്രവൃദ്ധിഃ പ്രദേയാത്ര പ്രതിമാ മുരവൈരിണഃ

സാ — അന്യന്മാർ ചെയ്യുന്ന യാഗത്തെ മുടക്കുന്നത് അന്ത്രവൃദ്ധി എന്ന രോഗത്തിനു കാരണമാകുന്നു. വിഷ്ണു

പ്രതിമ ഉണ്ടാക്കി ദാനം ചെയ്യുകയാണ് ഇതിന്റെ പ്രായശ്ചിത്തം.

ഗുന്മസ്യായഃ പ്രദാനം രജതവിതരണം
കുഷ്ഠരോഗസ്യ ശാന്ത്യൈ
വാതേ താമ്രം പയഃ സ്യാന്നയനരുജി ഘൃതേ
ഹേമ നിക്ഷിപ്യ ദേയം.
ശയ്യാ ഖട്വാദികാനാം വിതരണമുദിതം
സർവ്വഗാത്രോത്ഥദോഷേ
ഭൂമേർദ്ദാനം വിദധ്യാദുദരഭവഗദേ
രോഗവാൻ രോഗശാന്ത്യൈ.

സാ — ഗുന്മരോഗത്തിന്ന ഇരിമ്പും കുഷ്ഠരോഗത്തിന്ന വെള്ളിയും വാതരോഗത്തിന്ന പാലും ദാനം ചെയ്യണം. നേത്രരോഗത്തിന്ന സ്വർണ്ണം നെയ്യിലിട്ടു ദാനം ചെയ്യേണ്ടതാകുന്നു. ശരീരത്തിലാകപ്പാടെ ഉണ്ടാകുന്ന കുത്തിനോവു ശമിക്കുന്നതിന്നായി കട്ടിൽ, കിടക്ക മുതലായ ശയ്യോപകരണങ്ങളും ദാനം ചെയ്യേണ്ടതാണ്. ഉദരരോഗശമനത്തിന്നായി ഭൂമി ദാനം ചെയ്യണം.

അന്യാരോഗഗദരാശിഷു മണിർദ്ദേയോത്ര ഹേമാർപ്പിതം
ജാപോ നാമസഹസ്രകസ്യ ശതരുദ്രീയസ്യ രൌദ്രസ്യ വാ
സൂക്തസ്യാഖിലരോഗശാന്തികൃതഃ കാര്യോധികം തജ്ജപഃ
പ്രത്യേകം വിഹിതം ച തൽകൃതാദാരോഗ്യസമ്പത്തയേ

സാ — അർശസ്സിന്നും ഭഗന്ദരത്തിന്നുമറ്റും രത്നദാനം ചെയ്യണം. സ്വർണ്ണദാനം, സഹസ്രനാമജപം, ശതരുദ്രീയജപം, രുദ്രസൂക്തജപം ഇവ എല്ലാ രോഗങ്ങളെയും ശമിപ്പിക്കുന്നവയാകുന്നു. അതുകൊണ്ടു സകല രോഗങ്ങൾക്കും സഹസ്രനാമജപം മുതലായവ നടത്തുകയും അതതു വ്യാധികൾക്കു പ്രത്യേകം പറഞ്ഞിട്ടുള്ള പ്രായശ്ചിത്തത്തെ നടത്തുകയും വേണ്ടതാണ്. അപ്രകാരം ചെയ്താൽ രോഗശമനമുണ്ടാകുമെന്നു അറിഞ്ഞുകൊൾക.

ആരോഗ്യശാലാം ധനിനോ ദ്യുപായൈഃ
സംസ്ഥാപ്യ കുർയ്യുഃ രുഗാർത്താൻ നിരാമയാൻ
സമാനൗഷധാദ്യൈരപി കല്യമാനതഃ
കൃതാപി യത്നം മഹദേവ തത്ഫലം

സാ — രാജാക്കന്മാർ, പ്രഭുക്കന്മാർ മുതലായ ധനികന്മാർ ആതുരശാലകൾ സ്ഥാപിച്ചു രോഗികളെ ചികിത്സിപ്പിച്ചു നിരാമയന്മാരാക്കേണ്ടതാകുന്നു. ധനികന്മാരല്ലാത്തവർ പ്രയത്നംചെയ്തു ഔഷധാദികളെക്കൊണ്ടു രോഗികളെ സഹായിക്കേണ്ടതാണ്. അതിന്റെ ഫലം വളരെ മഹത്തായിട്ടുള്ളതത്രെ.

ആരോഗ്യദാനം സർവ്വേഷാം ദാനാനാമുത്തമം സ്മൃതം
പ്രയത്നേനാപി തൽ കാർയ്യം മാനവൈഃ സുഖമിച്ഛുഭിഃ.

സാ — ആരോഗ്യദാനം സർവ്വദാനങ്ങളിലുംവെച്ച് ഉത്തമമായിട്ടുള്ളതാണെന്നു പറയപ്പെട്ടിരിക്കുന്നു. ആത്മാവിനു സുഖം വേണമെന്നാഗ്രഹിക്കുന്നവൻ പ്രയത്നേനയെങ്കിലും ആരോഗ്യത്തെ ദാനംചെയ്യേണ്ടതാണ്.

ചാരഫലകഥനം

പ്രഷ്ടാവിന്റെ ചാരഫലംകൂടി പ്രശ്നത്തിങ്കൽ ആവശ്യം ചിന്തനീയമാകയാൽ പ്രശ്നമാർഗ്ഗകാരന്റെ വാക്കുകളാൽ ഗ്രഹങ്ങളുടെ ചാരഫലത്തെ ഇവിടെപ്പറയുന്നു.

ആയാസോ വിത്തക്ഷയോഽദ്ധ്വഗമനം
രോഗശ്ച ജന്മസ്ഥിതേ
വിത്തഭ്രംശനവഞ്ചനാംബകരുജഃ
സൂര്യേ ദ്വിതീയസ്ഥിതേ

സ്ഥാനപ്രാപ്തി രിപുക്ഷയാർത്ഥനിചയാ-
രോഗ്യം തൃതീയസ്ഥിതേ
നാരീഭോഗവിഘാത ആമയഭയമുൽ-
ശ്രുതിശ്ചതുർത്ഥസ്ഥിതേ ൭

സൂര്യേ പഞ്ചമഗേ നൃണാമരിഗണൈ
രോഗൈശ്ച പീഡാഭവേ-
ദ്രോഗാണാം ഛിന്നതാം ശുചാമപി തഥാ
ഷഷ്ഠസ്ഥതേ സംക്ഷയഃ
ദൈന്യം ചാദ്ധ്വഗമശ്ച സപ്തമഗതേ
കൃച്ഛ്രൽഭവാബാ ഭയാ
വൈമുഖ്യം വനിതാജനസ്യ നൃപതേ-
ർദ്ദീർഘാഷ്ടമസ്ഥേ രുജഃ ൮

ശുപദൈന്യമഹാരുജോ നവമഗേ
വൃത്തസ്യ ഭംഗസ്തഥാ
സംസിദ്ധിഃ ഖലു കർമ്മണാം ദശമഗേ
സൂര്യേ ജയഃ സർവ്വതഃ
സ്ഥാനാപ്തിർവ്വിഭവോ വിനഷ്ടഗദതാ-
ച്ചൈകാദശസ്ഥേ ഭവേ-
ദ്വ്യാപാരശ്ച ശുഭപ്രദേഷു സഫലഃ
സ്യാദ്ദ്വാദശസ്ഥേ ഫലഃ ൯

സാ—സൂര്യൻ ജന്മത്തിൽ (ജാതകത്തിൽ ചന്ദ്രൻ നില്ക്കുന്ന രാശിക്കു ജന്മം എന്നു പേർ) ചാരവശാൽ നില്ക്കുമ്പോൾ ശരീരപീഡയും ഐശ്വര്യഹാനിയും വഴിയാത്രയും രോഗവുംസംഭവിക്കും. ജന്മത്തിന്റെ രണ്ടാംഭാവത്തിൽ സൂര്യൻ നില്ക്കുമ്പോൾ ധനനാശവും അന്യന്മാരിൽനിന്നു ചതിയും നേത്രരോഗവും നേരിടും. മൂന്നാംഭാവത്തിൽ സൂര്യൻ നില്ക്കുമ്പോൾ സ്ഥാനപ്രാപ്തിയും ശത്രുനാശവും ധനവൃദ്ധിയും ആരോഗ്യവും സംഭവിക്കും. നാലാമിടത്തു നില്ക്കു

ബോൾ സ്ത്രീസംഭോഗത്തിന്ന വിഘാതവും രോഗാനുഭൂതിയും ഫലം. അഞ്ചാമേടത്തു നില്ക്കുമ്പോൾ ശത്രുക്കളാൽ ദുഃഖമനുഭവിക്കുന്നതിന്നും രോഗമുണ്ടാകുന്നതിന്നും ഇടയാകും. ആറാംഭാവത്തിൽ നിന്നാൽ രോഗങ്ങളും ദുഃഖങ്ങളും ശത്രുക്കളും നശിക്കുന്നതാണ്. ഏഴിൽ ആദിത്യൻ നിന്നാൽ ഉദരരോഗവും വഴിയാത്രയും ഫലം. എട്ടാംഭാവത്തിൽ സൂര്യൻ നിന്നാൽ സ്ത്രീകൾക്ക വൈമുഖ്യമൊന്നാമവാദവും രാജഭയത്തിന്നും സംഗതിയാകും. ഒൻപതാമേടത്തു നിന്നാൽ ആപത്തുകളും ദീനതയും മഹാരോഗവും ചാരിത്രഭംഗവും നേരിടും. പത്താംഭാവത്തിൽ നിന്നാൽ എല്ലാ സ്ഥലത്തും വിജയവും കർമ്മങ്ങൾക്ക സിദ്ധിയും ഉണ്ടാകും. പതിനൊന്നാംഭാവത്തിൽ നിന്നാൽ സ്ഥാനപ്രാപ്തിയും ഐശ്വര്യവും രോഗശമനവും ശുഭകർമ്മങ്ങൾക്ക ഫലപ്രാപ്തിയും ഉണ്ടാകും. പന്ത്രണ്ടാംഭാവത്തിൽ ചാരവശാൽ സൂര്യൻ നില്ക്കുമ്പോൾ നല്ലകർമ്മങ്ങൾ ഫലിക്കാതെ പോകുന്നതാണ്.

മൃഷ്ടാന്നം ശയനാംബരാദികമപി
സ്ത്രീവിസ്ഥിതേ ജന്മനി
ന്ത്യാപ്തിസ്സകലക്രിയാസു വിഹതി-
ർമ്മാനാർത്ഥയോരത്ര ഗ
നാരീവസ്ത്രസുഖാർത്ഥലാഭവിജയാഃ
സ്തോത്രേ ചതുർത്ഥേ ഭയം
പ്രാപ്തേ പഞ്ചമരാമയാ ബഹൂദ്രുചോ
വിദ്വേഷാൽദ്ദവശോകമാപനി.

സാ— ചന്ദ്രൻ ചാരവശാൽ ജന്മത്തിൽ നില്ക്കുമ്പോൾ മൃഷ്ടാന്നലാഭവും ശയനസുഖവും വസ്ത്രലാഭവും ഫലം. രണ്ടാംഭാവത്തിൽ നില്ക്കുമ്പോൾ സർവ്വകർമ്മങ്ങൾക്കും വിഘ്നവും മാനഹാനിയും ധനനാശവും സംഭവിക്കും. മൂന്നാമേടത്തു നില്ക്കുമ്പോൾ ഭാര്യാലാഭം, വസ്ത്രലാഭം, സൗഖ്യം, ധനലാഭം വിജയം ഇവ ഫലം. നാലിൽനില്ക്കുമ്പോൾ ഭയം നേരിടും.

ആയിൽ നിൽക്കുമ്പോൾ രോഗങ്ങളും നാനാവിധ ദുഃഖ ങ്ങ ളും വഴിയാത്രയിൽ വിഘ്നങ്ങളും സംഭവിക്കും.

ഷഡ്ഗ്രഗേ സുഖവിത്തലബ്ധിരരിതോ നാശഃ പുനഃ സപ്തമേ
സമ്യഗ്ഭോജനമാനവിത്തശയനാന്യുഗ്രാ ച ഭീതിരഷ്ടമേ
ധർമ്മേ ബന്ധനാധിർ ദ്വികഷ്ടിജരുജോ രാജപ്രവൃത്തിർ ദശേ
ലാഭേ ബന്ധുസമാഗമത്ഥനിചയാ മോക്ഷവ്യയൌ ച വ്യയേ.

സാരം — ചന്ദ്രൻ ആറിൽ നില്ക്കുമ്പോൾ സുഖവും ദ്രവ്യലാഭവും ശത്രുക്കൾക്കു രോഗത്തിനും നാശവും സംഭവിക്കും. ഏഴാമേടത്തിൽ നില്ക്കുമ്പോൾ മൃഷ്ടാന്നലാഭവും സമ്മാനലബ്ധിയും ധനലാഭവും സുഖവും ശയനലാഭവും ഉണ്ടാകും. എട്ടാമെടത്തു നില്ക്കുമ്പോൾ അഗ്നി മുതലായ വയിൽനിന്നു ഭയം നേരിടും. ഒൻപതാമേടത്തിൽ നില്ക്കുമ്പോൾ വയററിൽ വേദന, ബന്ധനം, ഭയം ഇവ ഫലം. പത്താമെടത്തു നില്ക്കുമ്പോൾ രാജസംബന്ധമായ പ്രവൃത്തി ലഭിക്കാൻ ഇടയാകും. പതിനൊന്നാമേടത്തിൽ നില്ക്കുമ്പോൾ ധനലാഭം ഫലം. പന്ത്രണ്ടിൽനില്ക്കുമ്പോൾ പലവിധ മോക്ഷങ്ങളും ചെലവുകളും നേരിടും.

ഭൌമേ ജന്മഗതേഽഗ്നിഭീതിരസൃഗ്രുക്സ്ഥാനേ ദ്വിതീയസ്ഥിതേ
പീഡാസ്യാന്നൃപചോരവഹ്നിരിപുഭിഃ കാർശ്യം ച
(ചിന്താഭയൈഃ
ധാതുപ്രാപ്തിസുഖപ്രസാദരിപുസമ്മർദ്ദാദികം വിക്രമേ
ദുസ്സംഗോദരരുഗ്ജ്വരാംഗരുധിരസ്രാവാശ്ചതുർത്ഥസ്ഥിതേ.

സാരം — ചൊവ്വ ചാരവശാൽ ജന്മത്തിൽ നില്ക്കുമ്പോൾ എല്ലാവിധത്തിലും കേടുകൾ സംഭവിക്കും. രണ്ടാമേടത്തിൽ നിൽക്കുമ്പോൾ രാജാവ്, ചോരൻ, ശത്രു ഇവ രെക്കൊണ്ടുള്ള ദുഃഖവും അഗ്നിഭയവും വിചാരംകൊണ്ടും ദുഃഖംകൊണ്ടും ശരീരത്തിനു കൃശതയും സംഭവിക്കും. മൂന്നാമെടത്തു നില്ക്കുമ്പോൾ ധാതുദ്രവ്യങ്ങൾലഭിക്കുകയും സുഖ

മനുഷ്യന്റെ പ്രസാദവും ശത്രുക്കളുടെ നാശവും സംഭവിക്കുകയും ചെയ്യും. നാലാമേടത്തു നില്ക്കുമ്പോൾ ദുഃഖങ്ങളുമായുള്ള സംസർഗ്ഗം ഉദരരോഗവും ജ്വരവും രക്തസ്രാവവും സംഭവിക്കും.

ശത്രുവ്യാധിഭയാനി പഞ്ചമഗതേ ശോകശ്ച പുത്രോത്ഭവ—
സ്ത്വജ്ഞാതിസപത്നസമാഗമഃ കലഹഭീർവിച്ഛിദ്ധിരോഗാരിഭേ
കുക്ഷ്യക്ഷ്ണോർഭവതഃ കളത്രകലഹശ്ചാപ്യൂ പുനസ്സപ്തമേ
രക്തോത്ഥപൂതിരോഗഭംഗജനിതൈർഗ്ഗോമനോ—
(മാനക്ഷയഃ

സാരം—ചൊവ്വാ അഞ്ചാംഭാവത്തിൽ നിൽക്കുമ്പോൾ ശത്രുഭയവും വ്യാധിയും പുത്രദുഃഖവും അനുഭവിക്കും. ആറാം ഭാവത്തിൽ നിന്നാൽ ജ്ഞാതിലാഭവും സപത്നലാഭവും കലഹഭയവും ശത്രുക്കളുടെ വേർപാടും സംഭവിക്കും. ഏഴാംഭാവത്തിൽ നില്ക്കുമ്പോൾ കളത്രകലഹത്തിനും വയററിലും കണ്ണിലും രോഗത്തിനും ഇടയാകും. എട്ടിൽ നില്ക്കുമ്പോൾ രക്തസംബന്ധമായ രോഗങ്ങളും വ്രണാദികളെക്കൊണ്ടുള്ള ഉപദ്രവങ്ങളും മാനഹാനിയും മനോരോഗവും സംഭവിക്കും

ധർമ്മസ്ഥേർത്ഥപരിക്ഷയഃ പരിഭവോ വ്യാധിശ്ച ഭൂനന്ദനേ
നാനാർത്ഥായതിരംബരേ ജനപദസാമ്രാജ്യാദികം ലാഭഗേ
നാനാനർത്ഥസമുൽഭവോ വ്യയഗതേ നാനാവിധാ ദുർവ്യയഃ
പിത്താസൃഗാമയപീഡനം ദൃഗാർത്തതാ നേത്രോത്ഭവാശ്ചാമയാഃ

സാരം—ചൊവ്വാ ഒമ്പതാംഭാവത്തിൽനിന്നാൽ ധനക്ഷയം, പരാജയം, വ്യാധി ഇവയും, പത്താംഭാവത്തിൽ നിന്നാൽ പലപ്രകാരത്തിലുള്ള ദ്രവ്യലാഭവും പതിനൊന്നാംഭാവത്തിൽ നിന്നാൽ ജനാധികാരലബ്ധി മുതലായവയും പന്ത്രണ്ടാംഭാവത്തിൽ നില്ക്കുമ്പോൾ നാനാപ്രകാരത്തിലുള്ള അനർത്ഥങ്ങളും, ദുർവ്യയം, പിത്തംകൊണ്ടും രക്തംകൊണ്ടുമുള്ള രോഗങ്ങൾ, അക്ഷിരോഗം ഇവയും ഫലം.

ജന്മന്യേവ ശശിജേ സബന്ധുകലഹോ ദുർവ്വാക്യതസ്സ്വാടനഃ
ശ്രീമാനർത്ഥഗതേ സഹോദരഗതേ ഭീതിർന്നൃപാരാതിതഃ
ബന്ധുസ്ഥേത്ര ധനാഗമഃ സ്വസുഹൃദാംവൃദ്ധിഃ കുടുംബേഷ്വപി
പുത്രസ്ഥേ ഖലു യോഷിതാ ച തനയൈഃ സ്യാദ്വിഗ്രഹഃ
(സർവ്വാ.

സാരം—ബുധൻ ജന്മത്തിൽ നില്ക്കുമ്പോൾ ബന്ധുകലഹവും ദുർവാക്കുനിമിത്തം രാജാവിനാൽ അപഹരിക്കപ്പെട്ട സ്വത്തും സഞ്ചാരവും ഫലം. രണ്ടാംഭാവത്തിൽ നില്ക്കുമ്പോൾ ഐശ്വര്യവും മൂന്നാംഭാവത്തിൽനില്ക്കുമ്പോൾ ശത്രുഭയം, രാജഭീതി ഇവയും നാലാംഭാവത്തിൽ നില്ക്കുമ്പോൾ ധനലാഭവും കുടുംബത്തിനും ബന്ധുക്കൾക്കും അഭിവൃദ്ധിയും അഞ്ചാംഭാവത്തിൽ നില്ക്കുമ്പോൾ ഭാര്യാപുത്രാദികളുമായുള്ള കലഹവും ഫലം.

ഷഷ്ഠസ്ഥേ വിജയോന്നതിസ്സുഭഗതാ ഹ്യസ്തസ്ഥിതേ വിഗ്രഹഃ
മൃത്യുസ്ഥേ ജയപുത്രവസ്ത്രധനകൈഃ പുണ്യാത്മഹർഷോദയാഃ
വ്യാധിം ധർമ്മഗതഃ കരോതി ഖഗതഃ ശത്രുക്ഷയാർത്ഥാഗമം
സ്ത്രീഭോഗാന്വ ഭാരതീസ്സുമധുരാം ബാഹ്യാർത്ഥസൌഖ്യേ ജയഃ

ഭാര്യാപുത്രസുഹൃദ്ഭൃതിശ്ച സതതം
    ഇഷ്ടിശ്ച ലാഭസ്ഥിതേ
രിഃഫസ്ഥേ പരിഭൂതിരത്ര രിപുഭിഃ
    പീഡാ ച രോഗൈർഭവേൽ
സ്ഥാനഭ്രംശധനക്ഷയൌ കലഹധീ-
    ജാഡ്യേ ഗുരൌ ജന്മഗേ
ലാഭോർത്ഥസ്യ രിപുക്ഷയശ്ച സുഭഗതാം-
    ഭോഗൌ ദ്വിതീയസ്ഥിതേ.

സാരം—ബുധൻ ആറാംഭാവത്തിൽ നില്ക്കുമ്പോൾ കാര്യജയം, സൌഭാഗ്യം, സ്ഥാനോന്നതി ഇവ ഫലം. ഏഴാമെടത്തു നില്ക്കുമ്പോൾ കലഹം സംഭവിക്കും. എട്ടിൽ

നില്ക്കുമ്പോൾ കാൎയ്യജയം, പുത്രസുഖം, വസ്ത്രലാഭം, ധനപുഷ്ടി, മനസ്സന്തോഷം, നൈപുണ്യം ഇവയും ഒൻപതാംഭാവത്തിൽ നില്ക്കുമ്പോൾ വ്യാധിയും പത്തിൽ നില്ക്കുമ്പോൾ ശത്രുക്ഷയം, ധനലാഭം, സ്ത്രീസംഭോഗം ഇവയും പതിനൊന്നാമെടത്തു നില്ക്കുമ്പോൾ മധുരമായ വാക്ക്, ബഹുധനപ്രാപ്തി, സൌഖ്യം, കാൎയ്യജയം, മനസ്സന്തോഷം, ഭാൎയ്യാപുത്രന്മാരിലും ബന്ധുക്കളിലും എല്ലായ്പോഴും സന്തുഷ്ടി ഇവയും പന്ത്രണ്ടിൽ നില്ക്കുമ്പോൾ ശത്രുക്കളെക്കൊണ്ടുള്ള ഉപദ്രവം, രോഗപീഡ ഇവയും ഫലം. വ്യാഴം ജന്മത്തിൽ നില്ക്കുമ്പോൾ സ്ഥാനഭ്രംശം, ധനക്ഷയം, കലഹം, ബുദ്ധിമാന്ദ്യം ഇവയും രണ്ടാംഭാവത്തിൽ നില്ക്കുമ്പോൾ ലാഭക്ഷയം, ധനനഷ്ടം, ശത്രുനാശം, സ്ത്രീസംഭോഗം ഇവയും ഫലം.

ഭ്രംശഃ സ്ഥാനപദസ്യ കാൎയ്യവിഹതിർ-
ന്നൄണാം തൃതീയസ്ഥിതേ
ക്ലേശോ ബന്ധുജനോത്ഥിതോ ന ച സുഖം
കുത്രാപി ബന്ധുസ്ഥിതേ
അശ്വോക്ഷാത്മജഹേമരത്നതരുണീവാ-
സോ ഗൃഹാപ്തിഃ സുതേ
ജീവേ ചാരിവൃദ്ധിഃ ഷഷ്ഠഗേ നഹി സുഖം
തത്സാധനേ സത്യപി.

സാ — വ്യാഴം മൂന്നാമെടത്തു നില്ക്കുമ്പോൾ സ്ഥാനഭ്രംശവും കാൎയ്യവിനാശവും സംഭവിക്കും. നാലാംഭാവത്തിൽ നിന്നാൽ ബന്ധുക്കളാൽ ദുഃഖവും ഒരിടത്തും സുഖമില്ലായ്മയും അഞ്ചാമെടത്തു നില്ക്കുമ്പോൾ അശ്വലാഭം, വൃഷലാഭം, പുത്രലാഭം, സ്വൎണ്ണലാഭം, സ്ത്രീലാഭം, വസ്ത്രലാഭം, ഗൃഹലാഭം ഇവയും ആറാമെടത്തു നില്ക്കുമ്പോൾ സുഖസാധനങ്ങളുണ്ടായാലും സുഖാനുഭവത്തിനിടയില്ലായ്കയും ഫലം.

ധീവാൿനൈപുണമർത്ഥസിദ്ധിരതുലാ ഭോഗാദികംസപ്തമേ
തീവ്രാദുഃഖഗദാനി ബന്ധനമജസ്രാടനം ചാഷ്ടമേ
ഭാഗ്യാപുത്രധനാഗമോ നിപുണതാസിദ്ധിശ്ച കർമ്മാജ്ഞയോ-
ധർമ്മേസ്ഥേശമസംസ്ഥിതേതുധിഷണേസ്ഥാനാർത്ഥനാശാദികം.

സാ—വ്യാഴം ഏഴാംഭാവത്തിൽനിന്നാൽ ബുദ്ധിക്കും വാക്കിനും സാമർത്ഥ്യവും ധനലാഭവും സ്ത്രീസംഭോഗവും ഫലം. എട്ടാംഭാവത്തിൽ നില്ക്കുമ്പോൾ കഠിനദുഃഖങ്ങളും കഠിനരോഗങ്ങളും ബന്ധനവും സർവ്വദാസഞ്ചാരവും ഒൻപതാംഭാവത്തിൽ നില്ക്കുമ്പോൾ ഭാഗ്യസുഖം, പുത്രലാഭം, ധനാഗമം, സാമർത്ഥ്യം, കാര്യസിദ്ധി, ആജ്ഞാശക്തി ഇവയും പത്താംഭാവത്തിൽ നില്ക്കുമ്പോൾ സ്ഥാനഭ്രംശം, അർത്ഥനാശം ഇവയും ഫലം.

ലാഭസ്ഥേഭിമതാർത്ഥലബ്ധിരിതരസ്ഥാനാപ്തിരിത്യാദികം
ദീർഘാദ്ധ്വാടനമുഗ്രദുഃഖജനനം ചാന്ത്യസ്ഥിതേ സംഭവേൽ
ജന്മസ്ഥേ ഭൃഗുജേ സുമൃഷ്ടാശനം സ്യാൽ പ്രേയസീസംഗമഃ
കസ്തൂര്യാദിസുഗന്ധവസ്തുശയനാലങ്കാരമാദിഭോഗാദയഃ

സാ—വ്യാഴം പതിനൊന്നാംഭാവത്തിൽ നില്ക്കുമ്പോൾ അഭീഷ്ടലാഭം, സ്ഥാനാന്തരപ്രാപ്തി ഇവയും പന്ത്രണ്ടാമെടത്തു നില്ക്കുമ്പോൾ ദീർഘസഞ്ചാരവും കഠിനദുഃഖങ്ങളും ഫലം. ശുക്രൻ ചാരവശാൽ ജന്മത്തിൽ നില്ക്കുമ്പോൾ മൃഷ്ടാന്നലാഭവും ഭാര്യാസംഗമവും കസ്തൂരിതുടങ്ങിയ സുഗന്ധവസ്തുക്കളാലും ഇഷ്ടശയനത്താലും വിശിഷ്ടവസ്ത്രങ്ങളാലും സുഖാനുഭൂതിയും ഫലം.

അർത്ഥേസ്ഥേ ധനധാന്യയുക്തസുമതാലംകൃതോ മാനിതോ
രാജ്ഞാ ഹൃഷ്ടകുടുംബകശ്ച സതതം സേവേത കാമാൻസുഖം
ആജ്ഞാർത്ഥാപ്ത്യഭിഭൂതമാനവസനച്ഛിൻനാശകൃദ് ഭ്രാതൃഗഃ
ശുക്രേബന്ധുഗതേ സുബാന്ധവയുതിഃശക്തിശ്ച ശക്രോപമാ.

സാ—ശുക്രൻ രണ്ടാമെടത്തു നില്ക്കുമ്പോൾ ധനധാന്യങ്ങളോടുകൂടിയവനായും പുഷ്പം, രത്നം ഇവയാൽ അലംകൃ

തനായും രാജാവിനാൽ മാനിക്കപ്പെട്ടവനായും സന്തോഷമുള്ള കുടുംബത്തോടുകൂടിയവനായും സുഖത്തെ അനുഭവിക്കുവാനിടയാകും. ശുക്രൻ മൂന്നിൽനിൽക്കുമ്പോൾ ആജ്ഞാസിദ്ധി, ധനലാഭം, സ്ഥാനാന്തരപ്രാപ്തിയിൽ ബഹുമാനസിദ്ധി, വസ്ത്രലാഭം, ശത്രുനാശം ഇവയും നാലിൽ നിൽക്കുമ്പോൾ ബന്ധുക്കളുമായുള്ള സഹവാസവും ദേവേന്ദ്രതുല്യമായ ശക്തിയും ഫലം.

പുത്രസ്ഥേ ധനപുത്രമിത്രഗുരുസന്തോഷാധികം സംഭവേൽ
ഷഷ്ഠസ്ഥേ പരിഭൂതിരത്രമദഗേ സ്ത്രീഹേതുകോപദ്രവാഃ
രന്ധ്രസ്ഥേ ബഹു മന്ദിരോപകരണേ സ്ത്രീരത്നഭോഗാദയോ
ധർമ്മസ്ഥേ ധനധർമ്മയോഗവനിതാസംഭോഗസൌഖ്യാദയഃ

സാ—ശുക്രൻ അഞ്ചിൽ നിൽക്കുമ്പോൾ ധനലാഭം, പുത്രലാഭം, ബന്ധുസൌഖ്യം ഗുരുജനസന്തോഷം മുതലായവ സംഭവിക്കും. ആറാമേടത്തു നിൽക്കുമ്പോൾ ശത്രുക്കളിൽ നിന്നുമുള്ള ഉപദ്രവം, രോഗം ഇവ ഫലം. ഏഴാംഭാവത്തിൽ നിൽക്കുമ്പോൾ സ്ത്രീകാരണനിമിത്തമുള്ള ഉപദ്രവവും എട്ടിൽ നിൽക്കുമ്പോൾ ഗൃഹോപകരണങ്ങളും സ്ത്രീസുഖവും രത്നലാഭവും, ഒൻപതാംഭാവത്തിൽ നിൽക്കുമ്പോൾ ധനലാഭം, ധർമ്മകാര്യസിദ്ധി, സ്ത്രീഭോഗം, സൌഖ്യം ഇവയും ഫലം.

കർമ്മസ്ഥഃ കലഹാവമാനകൃദസൌ
        മൃഷ്ടാന്നസദ്ഗന്ധബ—
ന്ധാപത്സ്വാദൈപ്പ്രഭവശൌര്യയസ്ഥ ഉഭവി—
        ത്തായാനാവസ്ത്രാദികൃൽ
ജന്മസ്ഥേ രവിജേ വിഷാനലഭയം
        ബന്ധോർവ്വധഃ പ്രോഷണം
പുത്രാർത്ത്യഃ സ്വജനൈർന്നൈസ്സ്വ വിഗമോ
        ദ്ദൂരാടനം വാ ഭവേൽ.

സാ— ശുക്രൻ പത്താമെടത്തുനിൽക്കുമ്പോൾ കലഹം, അപമാനം ഇവയും പതിനൊന്നിൽ നിൽക്കുമ്പോൾ മൃഷ്ടാന്നലാഭം, സുഗന്ധദ്രവ്യലബ്ധി, ബന്ധുലാഭം ഇവയും പന്ത്രണ്ടിൽ നിൽക്കുമ്പോൾ വലുതായ ധനവ്യയവും വസ്ത്രാദിസമൃദ്ധിയും ഫലം. ശനി ചാരവശാൽ ജന്മത്തിൽ നിൽക്കുമ്പോൾ വിഷഭയവും അഗ്നിഭയവും ബന്ധുവധവും പുറപ്പെട്ടുപോകലും പുത്രന്മാർതുടങ്ങിയ സ്വജനങ്ങളുമായുള്ള വേർപാടും ധനനാശവും ദൂരയാത്രയും ഫലം.

അർത്ഥേഽർത്ഥസുഖാംഗകാന്തിവിഗമഃ
കാമസ്യ വാ മന്ദതാ
ഭ്രാതൃസ്ഥേ മഹിഷാദിലാഭികധനാ-
രോഗ്യാഭീഷ്ടാഗമാഃ
ബന്ധുസ്ഥേ കുടിലാത്മതാ ച വിരഹോ
ഭാര്യാധനാദ്യൈസ്സ്വകൈഃ
സർവൈഃ സ്യാൽ കലഹോ നിജാത്മജവിയോ-
ഗോഽർക്കാത്മജേ പുത്രഗേ.

സാ— ശനി രണ്ടിൽ നിൽക്കുമ്പോൾ ധനം, സുഖം, ദേഹകാന്തി ഇവയ്ക്കു നാശവും കാമത്തിന്റെ മന്ദതയും ഫലം. മൂന്നാംഭാവത്തിൽ നിൽക്കുമ്പോൾ മഹിഷം മുതലായവയുടെ ലാഭവും ധനാഗമവും ആരോഗ്യവർദ്ധനവും അഭീഷ്ടസിദ്ധിയും ഫലം. നാലാമെടത്തു നിൽക്കുമ്പോൾ കുടിലചിത്തതയും ഭാര്യാവിരഹവും ധനം മുതലായ തന്റെ സ്വത്തുക്കളുമായുള്ള വേർപാടും സകലരോടും കലഹവും ഫലം. അഞ്ചിൽ നിൽക്കുമ്പോൾ പുത്രന്മാരോടുള്ള വിരഹം ഫലം.

രോഗാണാം ഉപശമം ച ഹാനിരരിഗേ പ്രേഷ്യാംഗനാ
[സംഗമോ
മാർഗ്ഗാടനമസ്തഗേഽസ്തമഗതേ ദൈന്യം വിയോഗസ്സ്വകൈഃ
വൈരം ബന്ധനമാത്മധർമ്മവിഹതിർധർമ്മസ്ഥിതേ ഹൃദ്രുജാ
വിത്താകീർത്തിധനക്ഷയോ ദശമഗേ കർമ്മാപ്തിരപ്യർക്കജേ.

സാ — ശനി ആറാംഭാവത്തിൽ നിൽക്കുമ്പോൾ ശത്രുനാശം, രോഗശാന്തി ഇവയും ഏഴാമെടത്തു നിൽക്കുമ്പോൾ ദുഃസ്ത്രീസംസർഗ്ഗം, ദുർയാത്ര ഇവയും എട്ടിൽ നിൽക്കുമ്പോൾ സ്വജനക്ലേശമായുള്ള വിരോധം, ദീനത ഇവയും ഒൻപതാമെടത്തുനിന്നാൽ വൈരം ബന്ധനം, സ്വധർമ്മച്യുതി ഇവയും പത്താംഭാവത്തിൽനിന്നാൽ ഏതുരോഗവും വിത്ത, കീർത്തി, ധനം ഇവയ്ക്കു ക്ഷയവും എങ്കിലും കാര്യസിദ്ധിയും ഫലം.

ലാഭേ സ്ഥാന്യവധൂ സമാഗമധനായാസപ്രതാപോദയാ
മര്ത്യേ ദുഃഖപരം പരാംബുനി മഗ്നഃ സ്യാദ്ഗജാനാം ദിവഫലേ
ഏവം ഖേചരചാര ഏവ കഥയേന്നൃണാം ശുഭം ചാശുഭം
പൂജാദൈന്യമുദീരഃ കരോതി ശുഭമേവാനിഷ്ടഗോപി ഗ്രഹഃ

സാ — ശനി പതിനൊന്നാംഭാവത്തിൽ നിൽക്കുമ്പോൾ അന്യസ്ത്രീപ്രാപ്തിയും ധനലാഭവും പ്രതാപവും ഫലം. പന്ത്രണ്ടാമെടത്തുനിന്നാൽ ഇടയ്ക്കിടെ വലിയ ദുഃഖങ്ങളിൽ മുഴുകി നട്ടംതിരിയാനിടയാകും. ഇപ്രകാരം ഗ്രഹങ്ങളുടെ ചാരസ്ഥിതിതന്നെ മനുഷ്യർക്ക് ശുഭഫലത്തെയും അശുഭഫലത്തെയും ചെയ്യുന്നുണ്ട്. അനിഷ്ടസ്ഥിതിയുള്ള ഗ്രഹവും പൂജാദികളെക്കൊണ്ട് സന്തോഷിച്ച് ശുഭഫലത്തെതന്നെ ചെയ്യുന്നു.

രാശേ രാശിഗതഃ ശുഭാശുഭഫലം ഭൃക്കാസ്സുജാ യച്ഛതോ
മധ്യസ്ഥൌ ഗുരുഭാർഗ്ഗവൌ ശശിശനീ പ്രാന്തേ ബുധഃ സര്വദാ
ഭാസ്ഥഃ സൌമ്യനിരീക്ഷിതോ ശുഭഫലം സ്വസ്ഥശ്ച പാപേ-
[ക്ഷിതോ
നോഹ്യുഷ്ണവിഫലഃ കരോതി ശുഭകൃത്പ്രാന്തോദിതം ഖേചരാണാം

സാ — ആദിത്യനും ചൊവ്വയും തങ്ങളുടെ (ചാരവശാലുള്ള) ശുഭാശുഭഫലങ്ങൾ അതതു രാശികളുടെ ആദ്യദ്രേക്കാണത്തിൽ നില്ക്കുമ്പോൾ ചെയ്യുന്നു. ഗുരുവും ശുക്രനും

ങ്ങളുടെ ചാരഫലങ്ങളെ മദ്ധ്യത്രികോണത്തിൽ നില്ക്കുമ്പോൾ ചെയ്യുന്നു. ചന്ദ്രനും ശനിയും അന്ത്യത്രികോണത്തിൽ നില്ക്കുമ്പോൾ ചാരഫലം നൽകുന്നു. ബുധൻ എല്ലായ്പോഴും ഫലത്തെ ചെയ്യുന്നു. അനിഷ്ടസ്ഥാനത്തിൽ സ്ഥിതിചെയ്യുന്ന ഗ്രഹത്തിന്, ശുഭദൃഷ്ടിയുണ്ടായിരുന്നാൽ തനിക്കു വിധിച്ചിട്ടുള്ള അശുഭഫലത്തെ തികച്ചും ചെയ്യുകയില്ല. അപ്രകാരംതന്നെ ഇഷ്ടസ്ഥനായ ഗ്രഹത്തിന് അശുഭദൃഷ്ടിയുണ്ടായിരുന്നാൽ ആ ഗ്രഹം തന്റെ ശുഭഫലത്തെയും പൂർണ്ണമായി ചെയ്യുകയില്ല.

അർക്കാരാവരുണാത്മജൈഃ ശശി ീരതൗ
ശുക്രേജ്യൗ ശനിമേചകൈഃ
പീതൈർവാക്പതിരിന്ദുജസ്തു ഹരിതൈ-
രാരാധനാദ്ധാരണാത്
രത്നസ്യാപി നിജോദിതസ്യ നിജവ-
ർണ്ണാച്ഛാദനാച്ഛാദനാത്
സ്തുത്യാ വാ നമനാത്സ്വകീയമന്ത്രി-
ന്ത്രോക്താച്ച തുഷ്യന്ത്യമീ.

സാ—പൂജാദികളെക്കൊണ്ടു അനിഷ്ടഗ്രഹങ്ങൾ മുദിതന്മാരായി ശുഭഫലത്തെനൽകുമെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഓരോ ഗ്രഹത്തെയും പൂജിക്കുവാനുള്ള പുഷ്പങ്ങൾ ഇവിടെ ഉപദേശിക്കപ്പെടുന്നു. ആദിത്യനെയും കുജനെയും ചുവന്ന പുഷ്പങ്ങൾകൊണ്ടും ചന്ദ്രനെയും ശുക്രനെയും വെളുത്ത പുഷ്പങ്ങൾകൊണ്ടും ശനിയെ കറുത്ത പുഷ്പങ്ങൾകൊണ്ടും വ്യാഴത്തിനെ മഞ്ഞപ്പൂക്കൾകൊണ്ടും ബുധനെ കറുകയുടെ നിറമുള്ള പൂക്കളെക്കൊണ്ടും ആരാധിക്കണം. അതുപോലെതന്നെ അതതു ഗ്രഹങ്ങൾക്കു പറഞ്ഞിട്ടുള്ള രത്നങ്ങൾ ധരിക്കുകയും അതതു ഗ്രഹങ്ങൾക്കുള്ള വസ്ത്രങ്ങൾ ഉടുക്കുകയും അതതുഗ്രഹങ്ങളുടെ സ്തോത്രങ്ങൾ ഉച്ചരിക്കുകയും നമിക്കുകയും ഓരോ ഗ്രഹത്തിനുമുള്ള പ്രത്യേകമ

ന്നുകളെ ജപിക്കുകയും ഓരോ ഗ്രഹത്തിനും വിധിച്ചിട്ടുള്ള പ്രകാരം ഹോമം ചെയ്യുകയും വേണം. അപ്രകാരം പ്രവർത്തിച്ചാൽ ഗ്രഹങ്ങൾ സന്തുഷ്ടന്മാരായിത്തീരുന്നതാണ്.

മാണിക്യം ദിനനായകസ്യ ശശിനോ
മുക്താഭൂജോ വിദ്രുമം
പ്രോക്തം ഗാരുഡമിന്ദുജസ്യ തു ഗുരോഃ
സ്യാൽ പുഷ്യരാഗാഹ്വയം
വജ്രം നാമഭൃഗോശ്ശനേർദ്ദിനാധിപതിപു-
ത്രസ്യേന്ദ്രനീലം പുനഃ
ർഗ്ഗോമേദാഖ്യ മഹീശപസ്യ ശിഖിനോ
വൈഡൂര്യരത്നം സ്മൃതം.

സാ— ആദിത്യന മാണിക്യവും ചന്ദ്രന മുത്തുമണിയും കുജന പവിഴവും ബുധന മരതകവും ഗുരുവിന പുഷ്യരാഗവും ശുക്രന വജ്രവും ശനിക്ക് ഇന്ദ്രനീലവും രാഹുവിന ഗോമേദകവും കേതുവിന വൈഡൂര്യവും ആണെന്ന് അറിയപ്പെട്ടിരിക്കുന്നു

ധേനുഃ സ്യാൽ കപിലാ രവേഃ ശശഭൃതഃ
ശംഖോ വൃഷോ ലോഹിതോ
ഭൂപുത്രസ്യ ബുധസ്യ ഹേമ വിബുധാ-
ചാര്യസ്യ പീതാംബരം
ശ്വേതാശ്വോ രജതം ച ദാനവഗുരോർ-
മന്ദസ്യ ഗൌർമ്മേചകാ
മേഷോയശ്ച ഫണാളുതോജകരിണൌ
ദേയൌ ഹി കേതോർമ്മുദേ.

സാ— ആദിത്യന്റെ പ്രീതിക്കായി കപിലനിറമുള്ള പശുവിനെ ദാനംചെയ്യണം. ചന്ദ്രന്റെ പ്രീതിക്ക് ശംഖം ദാനംചെയ്യണം. ചൊവ്വയുടെ പ്രീതിക്ക ചുവന്ന കാളയും ബുധന്റെ പ്രീതിക്ക സ്വർണ്ണവും വ്യാഴത്തിന്റെ പ്രീതിക്ക

പീതാംബരവും ശുക്രന്റെ പ്രീതിക്കു വെള്ളിയും വെളുത്ത കുതിരയും ശനിയുടെ പ്രീതിക്കു കറുത്ത പശുവും രാഹുവിന്റെ പ്രീതിക്കു കാരിരിമ്പും ആട്ടും കേതുവിന്റെ പ്രീതിക്കു് ആനയും ആട്ടും ദാനംചെയ്യേണ്ടതാകുന്നു.

ഇതുകൂടാതെ അനിഷ്ടസ്ഥന്മാരായ ഗ്രഹങ്ങളുടെ പ്രീതിക്കായി ആചരിക്കേണ്ട പല കർമ്മങ്ങൾ ഗ്രന്ഥാന്തരങ്ങളിൽ വിധിച്ചിട്ടുണ്ടു്. അവയിൽ മുഹൂർത്തരത്നം എന്ന ഗ്രന്ഥത്തിനു പ്രാധാന്യമുള്ളതിനാൽ അതിൽ വിധിച്ചിട്ടുള്ള ചില ആചാരങ്ങളെ ഇവിടെ ഉദ്ധരിക്കുന്നു.

ദേവബ്രാഹ്മണവന്ദനാൽ ഗുരുവചഃ-
സ്സമ്പാദനാൽ പ്രത്യഹം
സാധൂനാമഭിഭാഷണാൽ ശ്രുതിരവഃ-
ശ്രേയഃ കഥാകർണ്ണനാൽ
ഹോമാദധ്വരദർശനാച്ഛുചിമനോ-
ഭാവാജ്ജപാദ്ദാനതോ
നോ കുർവ്വന്തി കദാചിദേവ പുരുഷ-
സ്യൈവം ഗ്രഹാഃ പീഡനം.

സാ—പ്രതിദിനം ദേവന്മാരെയും ബ്രാഹ്മണരെയും വന്ദിക്കുകകൊണ്ടും ഗുരുക്കന്മാർ പറയുന്നതിനെ കേട്ടു നടക്കുകകൊണ്ടും സജ്ജനങ്ങളുമായിട്ടുള്ള സംഭാഷണം ഹേതുവാലും വേദോച്ചാരണങ്ങളും പുരാണാദിസൽകഥകളും കേൾക്കുകനിമിത്തവും ഹോമം നടത്തുകയും യാഗം കാണുകയും ചെയ്യുന്നതിനാലും മനശ്ശുദ്ധിയോടുകൂടി കഴിയുന്നതുകൊണ്ടും ഗായത്ര്യാദിമന്ത്രങ്ങളെ ജപിക്കുക ഹേതുവായിട്ടും അതതു ഗ്രഹങ്ങൾക്കു വിധിച്ചിട്ടുള്ള ദാനങ്ങൾ ചെയ്യുക കൊണ്ടും ദുഃസ്ഥന്മാരായ ഗ്രഹങ്ങൾ മനുഷ്യനു പീഡയെ ചെയ്യാത്തവരായി ഭവിക്കും.

നിത്യസ്നാനേനാപി ബൌധായനീയ-
സ്നാനാൽ ഖേടോക്തൌഷധസ്നാനതശ്ച

തീർത്ഥസ്നാനാച്ഛാപരാഗവ്യതീപാ-
താദ്യേഷു സ്യാൽ പീഡനം ന ഗ്രഹാണാം.

സാ — നിത്യം കുളിക്കകൊണ്ടും ഗ്രഹണം, വ്യതീപാതം മുതലായ കാലങ്ങളിൽ വൈരായണീയസ്നാനം (മന്ത്രതന്ത്രവിധികളോടുകൂടിയ സ്നാനവിശേഷം) ചെയ്യുക കൊണ്ടും അതതു ഗ്രഹങ്ങൾക്കു വിധിച്ചിട്ടുള്ള ഔഷധസ്നാനം ഹേതുവായിട്ടും ഗംഗാദിതീർത്ഥസ്നാനങ്ങളെക്കൊണ്ടും ഗ്രഹങ്ങളുടെ പീഡയുണ്ടാകുന്നതല്ല

അകാലചര്യാം മൃഗയാം ച സാഹസം
സുദൂരയാനം ഗജവാജിവാഹനം
ഗ്രഹോപരോഹാം ഗമനഞ്ച വർജ്ജയേത് -
ഗ്രഹേഷു രാജാ വിഷമസ്ഥിതേഷു ച.

സാ — ഗ്രഹങ്ങൾ വിഷമസ്ഥിതന്മാരായിരുന്നാൽ, അകാലങ്ങളിൽ സഞ്ചരിക്കുക, മൃഗയാവിനോദം നടത്തുക, സാഹസം പ്രവർത്തിക്കുക, ദൂരയാത്ര ചെയ്യുക, ആനകളെയും കുതിരകളെയും വാഹനങ്ങളാക്കുക, അന്യഗൃഹങ്ങളിൽ പോകുക ഇവയെല്ലാം വർജ്ജിക്കേണ്ടതാകുന്നു; രാജാക്കന്മാർ പ്രത്യേകിച്ചും വർജ്ജിക്കണം.

മുഹൂർത്തവിധി ഇവിടെ അവസാനിച്ചു.

ഇഷ്ടസ്ഥാനം ശിശിരകിരണാൽ ഗോചരഃ സ്പഷ്ടവർഗ്ഗേ
വിദ്ധോത്രസ്ഥാ ന ഖലു ശുഭകൃദ്വേധസംസ്ഥാന്യഖേടേ
വേധർക്ഷസ്ഥാ വിതരതി ശുഭം ഗോചരേ വേധ്യരാശൗ
ഖേടോന്യശ്ചേദിതി നിഗദിതൗ വേധവാമാഖ്യയോഗൗ.

സാ — അതതു ഗ്രഹങ്ങളുടെ അഷ്ടവർഗ്ഗത്തിൽ ചന്ദ്രനിൽനിന്നുള്ള ഇഷ്ടസ്ഥാനത്തിന് (അക്ഷം വീഴുന്ന സ്ഥാനത്തിന്) ഗോചരമെന്നു പറയുന്നു ഗോചരത്തിന്റെ വേധ്യരാശിയെന്നും പേരുണ്ട്. ഈ രാശിയിൽ ഗ്രഹം നിന്നാലും

നതിന്റെ വേധരാശിയിൽ ഗ്രഹമുണ്ടെങ്കിൽ, ആ ഗ്രഹം (വേധ്യരാശിയിൽ നില്ക്കുന്ന ഗ്രഹം) വേധിക്കപ്പെട്ടുപോകുകയാൽ ശുഭഫലത്തെ ചെയ്യുകയില്ല. അതുപോലെതന്നെ വേധരാശിയിൽ ഗ്രഹം നില്ക്കുമ്പോൾ വേധ്യരാശിയിൽ മറ്റൊരു ഗ്രഹംകൂടി നിന്നാൽ വേധരാശിയിൽ നില്ക്കുന്ന ഗ്രഹം ശുഭഫലത്തെ ചെയ്യുന്നതാണു്. (ഗോചരത്തിൽ ചാരവശാൽ സ്ഥിതിചെയ്യുന്ന ഇഷ്ടഗ്രഹം ചെയ്യുന്ന ശുഭഫലത്തെ വേധത്താൽ തടയുകയില്ലെന്നുള്ളതു മാത്രമാണു്, വിപരീതവേധത്താൽ വേധിക്കപ്പെട്ടുപോയ ഗ്രഹം ചെയ്യുന്ന ശുഭഫലമെന്നു് അറിയേണ്ടതാകുന്നു) ഇപ്രകാരം വേധവും വിപരീതവേധവും പറയപ്പെട്ടു.

ചാരഫലവിചാരത്തിൽ ശ്രീപതിയുടെ അഭിപ്രായം ഗണനീയമാകുന്നു തദഭിപ്രായമാവിതു്:—

സർവ്വേ ലാഭഗ്രഹസ്ഥിതാ സ്സുചരിപു-
ഷട്കേർക്കഃ കുജാർക്കീ ത്രിഷഷ്ഠേ
പ്രാപ്തേ ത്ര്യാദ്യഖമന്മഥാരിഷു ശശീ
ഖാസ്താരിവർജ്ജം ഭൃഗുഃ
ധീധർമ്മാസ്തധനേഷു വാക്പതിരരി-
സ്വാഷ്ടാംബുഖസ്ഥോ ബുധഃ
ശ്രേഷ്ഠോ ജന്മഗൃഹാദിഗോചരവിധൗ
വിദ്ധോ ന ചേൽ സ്യാൽ ഗ്രഹൈഃ

സാ—ചാരവശാൽ എല്ലാ ഗ്രഹങ്ങളും പതിനൊന്നിൽ നില്ക്കുമ്പോൾ ശുഭഫലപ്രദന്മാരാകുന്നു. വിശേഷിച്ചും ആദിത്യൻ മൂന്നിലും ആറിലും പത്തിലും, ചൊവ്വയും ശനിയും മൂന്നിലും ആറിലും, ചന്ദ്രൻ ഒന്നു്, മൂന്നു്, ആറു്, ഏഴു്, പത്തു് ഈ സ്ഥാനങ്ങളിലും ശുക്രൻ ആറു്, ഏഴു്, പത്തു് ഈ ഭാവങ്ങളൊഴിച്ചുള്ള സ്ഥാനങ്ങളിലും വ്യാഴം രണ്ടു്, അഞ്ചു്, ഏഴു്, ഒൻപതു് ഈ സ്ഥാനങ്ങളിലും ബുധൻ രണ്ടു്, നാലു്, ആറു്, എട്ടു്, പത്തു് ഈ ഭാവങ്ങളിലും നിൽ

കരണ്ടോടം ത്രിദോഷപ്രദമായാകുന്നു. എന്നാൽ ഓരോരോ ഗ്രഹവും വേധിക്കപ്പെടാതിരുന്നാൽ മാത്രമേ, ശുഭഫലം ചെയ്യുകയുള്ളൂ.

ഇനി വേധവേധ്യരാശികളെപ്പറയുന്നു:—

ഭ്രാതൃസുതാര്യാന്ത്യപാന്ത്യേ ഖലാര്യേ ലാഭാത്മജൗ ച ജന്മർക്ഷാൽ
അർക്കസ്യ വേധ്യവേധകരാശിഭേദാനി കഥിതാനി.

സാ—സൂര്യന്, ജന്മരാശിയുടെ (കൂറിന്റെ) മൂന്നാം ഭാവത്തിന് ഒൻപതാംഭാവവും ആറാംഭാവത്തിന് പന്ത്രണ്ടാംഭാവവും പത്താംഭാവത്തിന് നാലാംഭാവവും പതിനൊന്നാംഭാവത്തിന് അഞ്ചാംഭാവവും വേധരാശികളാകുന്നു. ഇവയിൽ മൂന്ന്, ആറ്, പത്ത്, പതിനൊന്ന് ഇവ വേധ്യരാശികളുമാകുന്നു.

അക്കാദമി

ജന്മസുതൗ ഭ്രാതൃത്രേഷൗ രിപുവ്യയൗ സപ്തമകടഭൌ
ദശമാന്ത്യൗ വേദ്യേന്ദ്വോ പ്രാഗപദ്ധാവേധാനി ശീതാംശോഃ

സാ—ചന്ദ്രന് കൂറിന്റെ ഒന്ന്, അഞ്ച് ഈ ഭാവങ്ങളും മൂന്ന്, ഒൻപത് ഈ ഭാവങ്ങളും ആറ്, പന്ത്രണ്ട് ഈ ഭാവങ്ങളും ഏഴ്, രണ്ട് ഈ ഭാവങ്ങളും പത്ത്, നാല് ഈ ഭാവങ്ങളും പതിനൊന്ന് എട്ട് ഈ ഭാവങ്ങളും യഥാക്രമം വേധ്യവേധരാശികളാകുന്നു.

ഭ്രാതൃന്ത്യഷഡ്ഗുരൂ ഭോതജൗ ഭൗമമന്ദയോഃ കഥിതൗ

സാ—കുജനും ശനിക്കും കൂറിന്റെ മൂന്ന്, പന്ത്രണ്ട് ഈ ഭാവങ്ങളും, ആറ്, ഒൻപത് ഈ ഭാവങ്ങളും പതിനൊന്ന്, അഞ്ച് ഈ ഭാവങ്ങളും യഥാക്രമം വേധ്യവേധരാശികളാകുന്നു

സപ്തസുതൗ ബന്ധ്യതൃതീയൗ രിപുധർമ്മാവഷ്ടമാന്തമാന്ത്യൗ
ആജ്ഞാമൂർത്തി ഭവാന്ത്യൗ പ്രാഗപദ്ധാവേധാനി സൗമ്യസ്യ

സാ—ബുധന് രണ്ട്, അഞ്ച് ഈ ഭാവങ്ങളും നാല്, മൂന്ന് ഈ ഭാവങ്ങളും ആറ്, ഒൻപത് ഈ ഭാവങ്ങളും എട്ട്, ഒന്ന് ഈ ഭാവങ്ങളും പത്ത്, എട്ട് ഈ ഭാവങ്ങളും പതിനൊന്ന്, പന്ത്രണ്ട് ഈ ഭാവങ്ങളും യഥാക്രമം വേധ്യവേധരാശികളാകുന്നു.

സപാന്ത്യൗ സ്വത സ്വഹളൗ ഗുരു–
ഖൗ മദസഹജൗ ഭവാഷ്ടമൗ ച ഗുരോഃ

സാ—ഗുരുവിന് രണ്ട്, പന്ത്രണ്ട് ഈ ഭാവങ്ങളും അഞ്ച്, നാല് ഈ ഭാവങ്ങളും ഒൻപത്, പത്ത് ഈ ഭാവങ്ങളും ഏഴ്, മൂന്ന് ഈ ഭാവങ്ങളും പതിനൊന്ന്, എട്ട് ഈ ഭാവങ്ങളും യഥാക്രമം വേധ്യവേധരാശികളാകുന്നു.

ആദ്യാഷ്ടസ്വപി സപ്തകാമൗ
ത്ര്യഗ്ര്യൗ ബന്ധപാസ്തൗ തനയധർമ്മൗ
ഖേ ഷ്ണസ്യൗ ധർമ്മായൗ
ഭവത്രികൗ വ്യയരിപൂ ഭൃഗുസുതസ്യ.

സാ—ശുക്രന് ഒന്ന്, എട്ട് ഈ ഭാവങ്ങളും രണ്ട്, ഏഴ് ഈ ഭാവങ്ങളും മൂന്ന്, ഒന്ന് ഈ ഭാവങ്ങളും നാല്, പത്ത് ഈ ഭാവങ്ങളും അഞ്ച്, ഒൻപത് ഈ ഭാവങ്ങളും എട്ട്, അഞ്ച് ഈ ഭാവങ്ങളും ഒൻപത്, പതിനൊന്ന് ഈ ഭാവങ്ങളും പതിനൊന്ന്, മൂന്ന് ഈ ഭാവങ്ങളും പന്ത്രണ്ട്, ആറ് ഈ ഭാവങ്ങളും വേധ്യവേധരാശികളാകുന്നു.

ഫണികേതോരപി വിദ്യാ–
ദ്വേധത്രിതയം ശനൈശ്ചരവൽ
ന ഭവതി ഗോചരഫലം
ശുഭരാശിസ്ഥോപി യോഗ്യൈർവിദ്ധഃ.

സാ—രാഹുകേതുക്കൾക്കു ശനിക്കു പറഞ്ഞിട്ടുള്ള മൂന്നു വേധ്യവേധരാശികളെ അറിഞ്ഞുകൊള്ളണം. ഗ്രഹങ്ങൾ

ശുഭസ്ഥാനത്തു നിന്നാലും വേധിക്കപ്പെടുന്നുവെങ്കിൽ ഗോചരഫലത്തെ ചെയ്യുന്നതല്ല.

ന ശനൈശ്ചരോ ദിനകരം
ദിവാകരോ വാ ന വിധ്യതേ സൗരിം
ഏവം ചന്ദ്ര ബുധാവപി
നിർദ്ദിഷ്ടൗ വേധതത്വജ്ഞൈഃ

സാ—ശനി സൂര്യനെയും സൂര്യൻ ശനിയെയും വേധിക്കുന്നതല്ല. അപ്രകാരം ചന്ദ്രബുധന്മാരും പരസ്പരം വേധിക്കുകയില്ലെന്നു വേധതത്വജ്ഞന്മാർ നിർദ്ദേശിക്കുന്നു.

ഏഭിർവേധൈർവിദ്ധാ വിഫലാഃ സ്യുർഗോചരേ ഗ്രഹാഃ സർവ്വേ
വിപരീതവേധവിദ്ധാഃ പാപാ അപി സൗമ്യതാം യാന്തി.

സാ—എല്ലാ ഗ്രഹങ്ങളും ഇഷ്ടസ്ഥാനത്തിൽ നിന്നാലും ഏതെങ്കിലും ഒരു ഗ്രഹത്താൽ വേധിക്കപ്പെട്ടാൽ അവരെക്കൊണ്ടു് യാതൊരു ഫലവുമുണ്ടാകുന്നതല്ല. അതുപോലെതന്നെ പാപഗ്രഹമായിരുന്നാലും വിപരീതവേധത്താൽ വേധിക്കപ്പെട്ടാൽ ശുഭഫലത്തെ പ്രദാനംചെയ്യുന്നതാണു്.

സമാപ്തം.

കേരള സാഹിത്യ
അക്കാദമി